/samakalikajanapadham/ /prd.kerala.gov.in/publications
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് | കേരള സർക്കാർ
₹12

# സമകാലിക ജനപഥം

2025 ഏപ്രിൽ പുസ്തകം 11 ലക്കം 9



## വളരുന്ന കേരളം തുടരുന്ന മുന്നേറ്റം



# നാം മുന്നോട്ട്

| ടി വി ചാനൽ | സംപ്രേഷണ സമയം |
|---|---|
| ഏഷ്യാനെറ്റ് ന്യൂസ് | ഞായർ 6.30 PM |
| മാതൃഭൂമി ന്യൂസ് | ഞായർ 8.30 PM 9.00 |
| കൈരളി | ശനി 12.30 AM repeat ശനി 6.30 AM |
| കൈരളി ന്യൂസ് | ഞായർ 9.30 AM repeat ബുധൻ 3.30 AM |
| മീഡിയ വൺ | ഞായർ 7.30 PM 8.00 |
| കൗമുദി ടിവി | ശനി 8.00 PM 8.24 |
| 24 ന്യൂസ് | ഞായർ 5.30 PM 6.00 repeat 1 AM-1.30 AM |
| ജീവൻ | ഞായർ 7.00 PM 7.24 PM |
| ജയ്ഹിന്ദ് | ബുധൻ 8.00 8.30 PM |
| റിപ്പോർട്ടർ | ഞായർ 6.30 PM 7.00 PM |
| ദൂരദർശൻ | ഞായർ 7.30 PM repeat തിങ്കൾ 9.30 PM |
| ന്യൂസ് 18 | ഞായർ 8.30 PM 9.00 PM |
| കേരള വിഷൻ | തിങ്കൾ 6.30 PM 7.00 PM |

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

സമകാലിക
ജനപഥം

2025 ഏപ്രിൽ 1 • പുസ്തകം 11 • ലക്കം 9

**എഡിറ്റർ** ടി.വി. സുഭാഷ് ഐ.എ.എസ് **അഡീഷണൽ എഡിറ്റർ** സലിൻ മാങ്കുഴി
**ഡെപ്യൂട്ടി എഡിറ്റർ** കെ.പി. സരിത **എഡിറ്റർ-ഇൻ-ചാർജ്** കെ.എസ്. ഇന്ദുശേഖർ
**അസിസ്റ്റന്റ് എഡിറ്റർ** ദസ്നി എം.എച്ച് **സർക്കുലേഷൻ ഓഫീസർ** സി.എഫ്.ദിലീപ് കുമാർ
**കവർ & ലേഔട്ട്** രതീഷ് കുമാർ (ഡിജിക്രോ) **ചിത്രങ്ങൾ** ഐപിആർഡി ഫോട്ടോഗ്രഫി **ടൈപ്പ് സെറ്റിങ്ങ്** വിനിത വി.എസ്

എഡിറ്റോറിയൽ >>



# മുന്നേറ്റത്തിന്റെ ഒൻപത് വർഷം

കേരളത്തിന്റെ സമഗ്രവികസനത്തിൽ വലിയ മുന്നേറ്റം സൃഷ്ടിച്ചുകൊണ്ട് രണ്ടാം പിണറായി വിജയൻ സർക്കാർ അഞ്ചാം വർഷത്തിലേക്ക് കടക്കുകയാണ്. മന്ത്രിസഭയുടെ നാലാം വാർഷികം 2025 ഏപ്രിൽ 21 മുതൽ മെയ് 30 വരെ സംസ്ഥാനമെങ്ങും വിപുലമായ പരിപാടികളോടെ ആഘോഷിക്കാനൊരുങ്ങുകയാണ്. 2016ൽ അധികാരത്തിൽ വന്ന ഒന്നാം പിണറായി വിജയൻ സർക്കാറിന്റെ ഭരണത്തുടർച്ച എന്ന നിലയിൽ കണക്കാക്കുമ്പോൾ ഒൻപത് വർഷത്തെ വികസനനേട്ടങ്ങളുടെ ആഘോഷമായി അത് മാറുന്നു. 2016 മുതൽ സർക്കാർ വിഭാവനം ചെയ്യുന്നത് എല്ലാവരെയും ചേർത്തുപിടിക്കുന്ന, സർവതലസ്പർശിയായ വികസനക്ഷേമപ്രവർത്തനങ്ങളുടെ ഒരു നവകേരളസൃഷ്ടിയാണ്. ആ ലക്ഷ്യത്തിൽ എടുത്തുപറയാവുന്ന ഒട്ടേറെ നേട്ടങ്ങൾ നമുക്കുണ്ടായി. നടപ്പിലാക്കുക അസാധ്യമെന്നു കരുതിയ വിഴിഞ്ഞം പോലുള്ള സ്വപ്നപദ്ധതികൾ യാഥാർഥ്യമായി. ഗെയിൽ പൈപ്പ് ലൈനും കൊച്ചി മെട്രോയും വാട്ടർ മെട്രോയുമൊക്കെ ഈ വികസനസാക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു. മുൻവിധികളെ ഇല്ലാതാക്കി വ്യവസായ, സംരംഭകരംഗങ്ങളിൽ കേരളം ദേശീയമാതൃക സൃഷ്ടിച്ചു. കെ സ്മാർട്ട് പോലെ ഇ സേവനങ്ങളിൽ തരംഗം സൃഷ്ടിക്കുന്ന പദ്ധതികൾ നടപ്പാക്കി. മാലിന്യമുക്തകേരളം സൃഷ്ടിക്കുന്നതിലും അതിദാരിദ്ര്യനിർമ്മാർജനത്തിലും വ്യക്തമായ സമയപരിധി കണക്കാക്കി മുന്നേറ്റം ഉറപ്പാക്കി. പ്രകൃതിദുരന്തങ്ങളും മഹാമാരികളും ഒറ്റക്കെട്ടായി തരണം ചെയ്താണ് സംസ്ഥാനം ഈ നേട്ടങ്ങൾ കൈവരിച്ചതെന്നത് തിളക്കം കൂട്ടുന്നു. കേരളത്തിന്റെ വളർച്ചയുടെ അംഗീകാരമായി നിരവധി ദേശീയ അന്തർദേശീയ അംഗീകാരങ്ങളും ഇക്കാലയളവിൽ ലഭിക്കുകയുണ്ടായി. വിവിധ മേഖലകളിലായി സംസ്ഥാന സർക്കാർ കൈവരിച്ച വികസനപ്രവർത്തനങ്ങൾ അടയാളപ്പെടുത്തുന്ന പ്രത്യേക ലക്കമാണ് ഈ ലക്കം സമകാലിക ജനപഥം.

ടി.വി. സുഭാഷ് ഐ.എ.എസ്
എഡിറ്റർ

2025 APRIL 1 VOLUME 11 ISSUE 9 E-MAIL : prdmalayalam@gmail.com WEBSITE : www.prd.kerala.gov.in

**പ്രതികരണങ്ങൾ അയക്കേണ്ട വിലാസം**
എഡിറ്റർ, സമകാലിക ജനപഥം,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,
തിരുവനന്തപുരം-695001
ഇമെയിൽ prdmalayalam@gmail.com
ഫോൺ 0471 2518171

**വരിക്കാരാകാൻ 120 രൂപയുടെ മണി ഓർഡർ**
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ്
വകുപ്പ്, എഡിറ്റോറിയൽ വിഭാഗം, ഒന്നാം നില,
സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-1
ഫോൺ 0471 2517036
ഇമെയിൽ iocirculation@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും

/samakalikajanapadham/ /prd.kerala.gov.in/publications

5 വളരുന്ന കേരളം തുടരുന്ന മുന്നേറ്റം
പിണറായി വിജയൻ

10 ജനകീയം പോലീസ് രാജ്യത്ത് ഒന്നാമത്

12 ഐ ടിയിൽ ചരിത്രമുന്നേറ്റം

14 കടലിനക്കരെ ഒരു കൈത്താങ്ങ്

18 ലഹരിവിപത്ത് വിട്ടുവീഴ്ചയില്ലാത്ത പോരാട്ടവുമായി കേരളം

20 സ്മാർട്ടായി ജനകീയമായി റവന്യു
കെ രാജൻ

24 എല്ലാവർക്കും എല്ലായിടവും ശുദ്ധജലം
റോഷി അഗസ്റ്റിൻ

28 ഇരുളറിയാത്ത കാലം
കെ.കൃഷ്ണൻകുട്ടി

32 മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് ജാഗ്രതയോടെ
എ. കെ. ശശീന്ദ്രൻ

36 ചരിത്രത്തിലേക്ക് വെളിച്ചം വീശി
രാമചന്ദ്രൻ കടന്നപ്പള്ളി

40 കാലത്തിനൊപ്പം വേഗത്തിലോടുക ലക്ഷ്യം
കെ ബി ഗണേഷ്കുമാർ

44 കുതിപ്പൂ കായികകേരളം
വി. അബ്ദുറഹിമാൻ

48 ഭക്ഷ്യഭദ്രതയിൽ നിന്ന് പോഷകഭദ്രതയിലേക്ക്
ജി ആർ അനിൽ

52 പ്രതിസന്ധികളിൽ മുട്ടുമടക്കാതെ കേരളം
കെ എൻ ബാലഗോപാൽ

56 സമഭാവനയിൽ പുലരുന്ന നവവൈജ്ഞാനിക കേരളം
ഡോ. ആർ ബിന്ദു

60 ക്ഷീരമേഖലയിൽ സ്വയംപര്യാപ്തം
ജെ ചിഞ്ചുറാണി

64 വൃത്തിയുള്ള കേരളം വിരൽത്തുമ്പിൽ രേഖകൾ
എം ബി രാജേഷ്

68 വിജയപാതകൾ വിനോദസഞ്ചാരത്തിൽ പുതുമകൾ
പി എ മുഹമ്മദ് റിയാസ്

72 ഹരിതപാതയിൽ കേരളം
പി. പ്രസാദ്

76 ഉന്നതിയുടെ വർഷങ്ങൾ
ഒ. ആർ. കേളു

80 മാറുന്ന കേരളത്തിന്റെ വ്യവസായ സാക്ഷ്യം
പി. രാജീവ്

84 കടലോരജനതയ്ക്ക് കരുതൽ സാംസ്കാരികലോകത്തിന് കരുത്ത്
സജി ചെറിയാൻ

88 ഉയരെ പൊതുവിദ്യാഭ്യാസം ഉയർന്നു തൊഴിൽസംസ്കാരം
വി. ശിവൻകുട്ടി

92 ബദൽശക്തിയായി ആധുനികമായി സഹകരണമേഖല
വി. എൻ. വാസവൻ

96 മുന്നേറുന്ന കേരളമാതൃക
വീണാ ജോർജ്




ഫോട്ടോ: അജയകുമാർ ആർ ഐപിആർഡി

>> പിണറായി വിജയൻ
മുഖ്യമന്ത്രി

4

**കേരളത്തിൽ ഒരു കാരണവശാലും നടക്കില്ലായെന്ന് കരുതിയ പല പദ്ധതികളും യാഥാർഥ്യമാക്കാൻ 2016 മുതൽ നടത്തിയ പരിശ്രമങ്ങൾക്ക് സാധിച്ചുവെന്നത് അനിഷേധ്യമാണ്. ഭരണത്തുടർച്ച പത്താം വർഷത്തിലേക്ക് എത്തുമ്പോൾ വികസനത്തിന്റെ പുതിയ കുതിപ്പുകളിലേക്ക് കടക്കുകയാണ് കേരളം**

# വളരുന്ന കേരളം തുടരുന്ന മുന്നേറ്റം



ലോകമെമ്പാടുമുള്ള കേരളീയർക്ക് അഭിമാന ദീപ്തമായ ഒരു വികാരമാണ് കേരളം. ചരിത്രപരവും സാംസ്കാരികവുമായ സവിശേഷതകൾ കൊണ്ടും ദശകങ്ങളായി നാം ആർജിച്ച ലോകനിലവാരത്തിലുള്ള നേട്ടങ്ങൾ കൊണ്ടുമൊക്കെ കേരളം വേറിട്ടുനിൽക്കുന്നു. സമ്പൂർണ്ണ സാക്ഷരത, ഉയർന്ന ജീവിതനിലവാരം, പൊതുജനാരോഗ്യരംഗത്തെ മികവ്, ആയുർദൈർഘ്യം, മാതൃ-ശിശു മരണനിരക്കിലെ കുറവ്, ക്ഷേമ പദ്ധതികൾ, ലിംഗസമത്വത്തിലെ മുന്നേറ്റം, അധികാരവികേന്ദ്രീകരണം, ആസൂത്രണത്തിലെ ജനപങ്കാളിത്തം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ നമ്മുടേതായുണ്ട്. ഇതിനോടൊപ്പം ഭേദചിന്തകൾക്കതീതമായ സാമൂഹികാവബോധം, മതനിരപേക്ഷത, വർഗീയ കലാപങ്ങളില്ലാത്ത സാമൂഹികാന്തരീക്ഷം എന്നിവയും നമ്മുടെ പ്രത്യേകതകളാണ്. കേരളത്തിന്റെ ഈ വേറിട്ടുനിൽക്കൽ ലോകശ്രദ്ധയാകർഷിച്ച ഒന്നാണെന്നു നമുക്കറിയാം.

എന്നാൽ, 2016 ൽ അധികാരത്തിൽ വരുമ്പോൾ നമ്മുടെ സർക്കാർ ആശുപത്രികളിൽ വേണ്ടത്ര സൗകര്യങ്ങളില്ലാത്ത, പൊതുവിദ്യാലയങ്ങൾ ഇടിച്ചുനിരത്തപ്പെടുന്ന, വികസന പദ്ധതികളെല്ലാം തന്നെ മുടങ്ങിപ്പോകുന്ന ഒരവസ്ഥയാണ് ഉണ്ടായിരുന്നത്. ദേശീയപാത അതോറിറ്റിയും ഗെയിലുമെല്ലാം ഇവിടുത്തെ പ്രവർത്തനങ്ങൾ തന്നെ നിർത്തിവച്ച് മടങ്ങിപ്പോയ അവസ്ഥ. അത്തരമൊരു സാഹചര്യത്തിൽ ജനങ്ങൾക്കുണ്ടായ നൈരാശ്യത്തെ മറികടക്കാനുതകുന്ന നടപടികളാണ് കഴിഞ്ഞ സർക്കാർ കൈക്കൊണ്ടത്. കേരളത്തിൽ ഒരു കാരണവശാലും നടക്കില്ലായെന്ന് കരുതിയ പല പദ്ധതികളും യാഥാർഥ്യമാക്കാൻ 2016 മുതൽ നടത്തിയ പരിശ്രമങ്ങൾക്കായെന്നത് അനിഷേധ്യ വസ്തുതയാണ്. ഗെയ്ൽ പൈപ്പ്ലൈൻ, ദേശീയ

പാതാ വികസനം, കൊച്ചി - ഇടമൺ പവർ ഹൈവേ, പുതുവൈപ്പിൻ എൽ പി ജി ടെർമിനൽ എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

നമ്മുടെ പൊതുവിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേക്കുയർത്തി. പൊതുജനാരോഗ്യസംവിധാനങ്ങളെ രോഗീസൗഹൃദമാക്കി. മുടങ്ങിക്കിടന്ന വികസനപദ്ധതികളെല്ലാം പൂർത്തിയാക്കി. നമ്മുടെ ജലാശയങ്ങളെയും കൃഷിയിടങ്ങളെയും ഒക്കെ വീണ്ടെടുത്തു. അതിന്റെയൊക്കെ ഫലമായി ജനങ്ങളുടെ വിശ്വാസമാർജിക്കാൻ കഴിഞ്ഞ സർക്കാരിനു കഴിഞ്ഞു. അതുകൊണ്ടു തന്നെയാണ് സർക്കാരിന് തുടർഭരണം നൽകാൻ കേരളത്തിലെ ജനങ്ങൾ തയ്യാറായത്. ജനങ്ങൾ അർപ്പിച്ച വിശ്വാസം കാത്തുസൂക്ഷിച്ച് മുന്നോട്ടു പോവുകയാണ് ഈ സർക്കാർ.

ഭരണത്തിന്റെ നാനാതലങ്ങളിൽ മാതൃകാപരമായ മാറ്റങ്ങൾ കൊണ്ടുവന്ന സർക്കാരാണിത്. പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ ഏതെല്ലാം, അവയിൽ നടപ്പാക്കിയവ ഏതൊക്കെ, നടപ്പാക്കാനുള്ളവ ഏതൊക്കെ എന്ന് ജനങ്ങളെ അറിയിക്കുന്ന പ്രോഗ്രസ് റിപ്പോർട്ടുകൾ പുറത്തിറക്കി ഒരു പുതിയ ജനാധിപത്യ മാതൃക തീർത്തു. വാതിൽപ്പടി സേവനങ്ങൾ ലഭ്യമാക്കി. ആയിരത്തോളം സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കി. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ നൽകുന്നതിന് കെ-സ്മാർട്ട് പോർട്ടലിനു രൂപം നൽകി. ഇ-ഓഫീസ് സംവിധാനങ്ങളെ കാര്യക്ഷമമാക്കി.

പി എസ് സിയിലൂടെ രണ്ടേമുക്കാൽ ലക്ഷത്തിലധികം നിയമനങ്ങൾ നടത്തി. 30,000 ത്തോളം തസ്തികകൾ സൃഷ്ടിച്ചു. ഇന്ത്യയിൽ ഏറ്റവുമധികം നിയമനങ്ങൾ നടത്തുന്ന പബ്ലിക് സർവീസ് കമ്മീഷനാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ. കേന്ദ്ര സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി ലക്ഷക്കണക്കിന് തസ്തികകൾ ഒഴിഞ്ഞു കിടക്കുമ്പോഴാണ് ഇന്ത്യയിലെ മറ്റൊരു സിവിൽ സർവീസിനും അവകാശപ്പെടാനില്ലാത്ത ഈ നേട്ടം കേരളം കൈവരിച്ചത്.

കേരളം ഇതുവരെ കൈവരിച്ച നേട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഈ ഘട്ടത്തിൽ കൂടുതൽ ഉയരങ്ങളിലേക്ക് മുന്നേറാൻ തയ്യാറെടുക്കുകയാണ് നാം. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനും മെഷീൻ ലേണിങ്ങിനും എല്ലാം മേൽക്കൈവരുന്ന കാലമാണിത്. 2050 ഓടെ ലോകത്തുണ്ടാകുന്ന 75 ശതമാനം തൊഴിലുകളും സ്റ്റെം അഥവാ സയൻസ് ടെക്നോളജി എഞ്ചിനീയറിങ് മാത്തമാറ്റിക്സ് മേഖലകളിൽ നിന്നായിരിക്കും





2016ലും 2021 ലും ഗവർണർമാർ മുൻപാകെ മുഖ്യമന്ത്രി പിണറായി വിജയൻ സത്യപ്രതിജ്ഞ ചൊല്ലി ചുമതലയേൽക്കുന്നു

എന്നാണ് വിദഗ്ധ അഭിപ്രായം. അതു മുന്നിൽ കണ്ടുകൊണ്ടുള്ള ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. രാജ്യത്തെ ആദ്യത്തെ ജെൻ-എ ഐ കോൺക്ലേവിന് കേരളം വേദിയായി. അന്തർദേശീയ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ് കേരളത്തിൽ നടക്കുകയുണ്ടായി.

2025 ൽ ആഗോള നിക്ഷേപക സംഗമം സംഘടിപ്പിക്കാനായി. നിക്ഷേപങ്ങൾ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ വ്യാവസായിക രംഗത്ത് മികച്ച രീതിയിലുള്ള ഇടപെടലുകൾ നടത്തുകയാണ്. വ്യവസായ സൗഹൃദ സൂചികയിൽ ടോപ് അച്ചീവർ പദവി നേടി കേരളം ഒന്നാമത് എത്തിയിരിക്കുകയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിൽ ഏകദേശം 92,000 കോടി രൂപയുടെ നിക്ഷേപം വന്നതായാണ് എം എസ് എം ഇ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നത്. അതിൽ 33,815 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. അതിലൂടെ അഞ്ച് ലക്ഷത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. മുടങ്ങിക്കിടന്ന 12,240 കോടി രൂപയുടെ പദ്ധതികൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ സാമ്പത്തിക വർഷം കേരളം 17.3 ശതമാനം വ്യാവസായിക വളർച്ച കൈവരിച്ചതായും ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു.

നമ്മുടെ സംരംഭക വർഷം പദ്ധതിയെ വ്യവസായ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസായാണ് വിലയിരുത്തിയത്. അതിലൂടെ ഇതുവരെ മൂന്നര ലക്ഷത്തിലേറെ സംരംഭങ്ങൾ ആരംഭിക്കാനും 22,500 കോടിയിൽപ്പരം രൂപയുടെ നിക്ഷേപങ്ങൾ ആകർഷിക്കാനും ഏഴരലക്ഷത്തിലധികം തൊഴിലുകൾ സൃഷ്ടിക്കാനും കഴിഞ്ഞു. സ്റ്റാർട്ടപ്പ് മേഖലയിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. പുതുതായി ആരംഭിച്ച സ്റ്റാർട്ടപ്പുകളിലൂടെ 62,000 തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടത്. കഴിഞ്ഞ ഒൻപത് വർഷം കൊണ്ട് നമ്മുടെ ഐ ടി കയറ്റുമതി 34,000 കോടി രൂപയിൽ നിന്ന് 90,000 കോടി രൂപയായി ഉയർന്നിട്ടുണ്ട്.

അടിസ്ഥാന സൗകര്യവികസന മേഖലയിൽ കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. വിഴിഞ്ഞം തുറമുഖം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാവുകയാണ്. ദേശീയപാതാ വികസനം പൂർത്തീകരണത്തോട് അടുക്കുന്നു. തീരദേശ ഹൈവേയുടെയും മലയോര ഹൈവേയുടെയും പ്രവൃത്തികൾ പുരോ

ഗമിക്കുകയാണ്. ഇടമൺ-കൊച്ചി പവർ ഹൈവേ പൂർത്തിയാക്കി. കാസർഗോട്ടെ ബേക്കലിനെയും തിരുവനന്തപുരത്തെ കോവളത്തെയും ബന്ധിപ്പിക്കുന്നതാണ് 616 കിലോമീറ്റർ ദൈർഘ്യമുള്ള വെസ്റ്റ് കോസ്റ്റ് കനാൽ. ജലപാതയുടെ വശങ്ങളിലായി സാമ്പത്തിക വികസന സാധ്യതകളുള്ള ഭൂമി ഏറ്റെടുക്കലിനായി 300 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഇടുക്കി, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഡി പി ആർ പ്രവർത്തനങ്ങൾആരംഭിച്ചിട്ടുണ്ട്. ഓരോ എയർസ്ട്രിപ്പിനും 125 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

വ്യവസായ രംഗത്ത് നാം നടത്തുന്ന സുപ്രധാനമായ ഒരു ചുവടുവെപ്പാണ് കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി. അതിന് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി പാലക്കാട് 1,710 ഏക്കർ ഭൂമിയിൽ 3,806 കോടി രൂപയുടെ ഒരു വ്യവസായ സ്മാർട്ട് സിറ്റി വിഭാവനം ചെയ്തിട്ടുണ്ട്. ഫാർമസ്യൂട്ടിക്കൽസ്, ഹൈടെക് വ്യവസായങ്ങൾ, ടെക്സ്റ്റൈൽസ്, ഫുഡ് പ്രോസസ്സിങ് തുടങ്ങിയ മേഖലകൾക്ക് പ്രാധാന്യം കൊടുക്കുന്നതാകും ഈ ഇൻഡസ്ട്രിയൽ പാർക്ക്. കേരളത്തെ കാർബൺ ന്യൂട്രലാക്കാൻ ഉപകരിക്കുന്നതും 200 കോടി മുതൽമുടക്ക് പ്രതീക്ഷിക്കുന്നതുമായ ഗ്രീൻ ഹൈഡ്രജൻ ഹബ്ബുകൾ കൊച്ചിയിലും തിരുവനന്തപുരത്തും ആരംഭിക്കുകയാണ്. അവയവ മാറ്റിവയ്ക്കലിൽ കേരളത്തിന്റെ ശേഷികളെ മെച്ചപ്പെടുത്താനായി കോഴിക്കോട്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ സ്ഥാപിക്കുകയാണ്. തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോംസ് സ്ഥാപിക്കുകയാണ്. ആരോഗ്യരംഗത്തെ പുതിയ സാധ്യതകൾ കണ്ടെത്തുന്ന ഈ കേന്ദ്രത്തിനായി 10 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്.

മെഡിക്കൽ ഉപകരണങ്ങളുടെ ഉൽപാദനം, മെഡിക്കൽ സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട ഗവേഷണം എന്നിവ




ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഉദ്ഘാടന വേദിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ

> **കേരളം ഇതുവരെ കൈവരിച്ച നേട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി നാലാം വ്യാവസായിക വിപ്ലവത്തിന്റെ ഈ ഘട്ടത്തിൽ കൂടുതൽ ഉയരങ്ങളിലേക്ക് മുന്നേറാൻ തയ്യാറെടുക്കുകയാണ് നാം.**

യുടെ കേന്ദ്രമായി കേരളത്തെ മാറ്റാൻ കഴിയുന്ന കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം യാഥാർഥ്യമാവുകയാണ്. തിരുവനന്തപുരത്തെ ലൈഫ് സയൻസസ് പാർക്കിൽ ന്യൂട്രാസ്യൂട്ടിക്കൽസിലെ മികവിന്റെ കേന്ദ്രം സ്ഥാപിക്കുകയാണ്. ആദ്യ ഘട്ടത്തിനായി അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വൈദ്യുതവാഹനങ്ങളിലെ ഘടകങ്ങളുടെ വികസനത്തിനും നിർമ്മാണത്തിനുമായി ഒരു ഇ വി കൺസോർഷ്യം രൂപീകരിക്കുകയാണ്. ഇതിനായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എയ്റോസ്പേസ് ഉൽപന്നങ്ങളുടെയും സേവനങ്ങളുടെയും പ്രധാന കേന്ദ്രമായി കേരളത്തെ മാറ്റുന്നതിന് കേരള സ്പേസ് പാർക്ക് ആരംഭിക്കുകയാണ്.

ശാസ്ത്രസാങ്കേതിക മേഖലയിലെ മുന്നേറ്റങ്ങളെ വ്യവസായ മേഖലയുടെ വളർച്ചക്കായി ഉപയോഗിക്കാൻ കഴിയുന്ന നാല് സയൻസ് പാർക്കുകൾ 1,000 കോടി രൂപാ മുതൽമുടക്കിൽ സ്ഥാപിക്കുന്നു. ഡിജിറ്റൽ സയൻസ് പാർക്കിന്റെ പ്രവർത്തനങ്ങൾ തിരുവനന്തപുരത്ത് ആരംഭിച്ചു കഴിഞ്ഞു. റിന്യൂവബിൾ എനർജി, നെറ്റ് സീറോ എമിഷൻ, നാനോ ടെക്നോളജി, ബയോമെഡിക്കൽ എഞ്ചിനീയറിങ്, ജീനോമിക് സ്റ്റഡീസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിങ്, ബിഗ് ഡേറ്റാ സയൻസസ്, മൈക്രോബയോം, ന്യൂട്രാസ്യൂട്ടിക്കൽസ് എന്നിങ്ങനെ അതിനൂതന മേഖലകളിലെ 30 മികവിന്റെ കേന്ദ്രങ്ങളാണ് സംസ്ഥാനത്തെമ്പാടും ഒരുങ്ങുന്നത്.

ക്ഷേമമേഖലയിലും കാര്യക്ഷമമായ ഇടപെടലുകൾ നടത്തുകയാണ്. ക്ഷേമ പെൻഷനുകൾ ലഭ്യമാക്കാനായി പ്രതിവർഷം 11,000 കോടി രൂപയോളം സംസ്ഥാന സർക്കാർ ചെലവഴിക്കു



## ജോലിയിൽ പൂർണ്ണ തൃപ്തയാണ്

**നിഷ** ആശാപ്രവർത്തക, പി എച്ച് സി, തോന്നയ്ക്കൽ

2012 ഫെബ്രുവരി മാസത്തിൽ ഞാൻ ആശാവർക്കറായി ജോലിയിൽ പ്രവേശിക്കുമ്പോൾ കാര്യമായ പ്രതിഫലം ഇല്ലായിരുന്നു. സേവന മേഖലയിൽ താല്പര്യമുള്ളതിനാലാണ് ഈ രംഗത്തേക്ക് കടന്നുവന്നത്. പൊതുജനമധ്യത്തിലേക്ക് ആദ്യമായി കടന്നുചെല്ലുമ്പോൾ ചെറിയ സങ്കോചം ഉണ്ടായിരുന്നുവെങ്കിലും പിന്നീട് ജനങ്ങൾ ഒരു കുടുംബാംഗമെന്ന പോലെ സ്വീകരിച്ചു. ആദ്യ കാലങ്ങളിൽ 1000 രൂപ മാത്രമായിരുന്ന ഓണറേറിയം പലപ്പോഴും മുടങ്ങിയിരുന്നു. പിന്നീട് ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ എത്തിയശേഷം ആശമാരുടെ ഓണറേറിയം ഘട്ടംഘട്ടമായി ഉയർത്തിയത്. ആദ്യം 2000 ആയി പിന്നീടത് 4000, 5000, 6000 എന്നിങ്ങനെ വർധിച്ചു. ആ കാലഘട്ടത്തിലാണ് കോവിഡ് പടർന്നുപിടിച്ച് ജനജീവിതം സ്തംഭിച്ചത്. അപ്പോൾ കോവിഡ് പ്രതിരോധ പ്രവർത്തനകളിൽ ഏർപ്പെട്ട ഞങ്ങൾക്ക് അധികം ഇൻസെന്റീവും ലഭിച്ചിരുന്നു. രണ്ടാം പിണറായി സർക്കാർ വന്നതിനുശേഷം ഓണറേറിയം 7000 രൂപയാവുകയും ഇൻസെന്റീവിൽ പുതിയ ഘടകങ്ങൾ ചേർക്കുകയും ചെയ്തു. അത് നമ്മുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തി. 10,000 മുതൽ 13,000 വരെ എനിക്ക് പ്രതിമാസം ലഭിക്കുന്നുണ്ട്. ഞാൻ ഈ ജോലിയിൽ പൂർണ്ണ തൃപ്തയാണ്.



കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മൂന്നാമത് ഹഡിൽ ഗ്ലോബൽ സ്റ്റാർട്ടപ്പ് ഫെസ്റ്റിവലിൽ മുഖ്യമന്ത്രി പിണറായി വിജയൻ

ന്നുണ്ട്. ക്ഷേമ പെൻഷനുകൾക്കായി 2011 മുതൽ 2016 വരെ ചെലവഴിച്ചത് 9,000 കോടി രൂപയാണെങ്കിൽ കഴിഞ്ഞ ഒൻപത് വർഷം കൊണ്ട് 72,000 കോടിയോളം രൂപയാണ് സർക്കാർ ചെലവഴിച്ചത്. ഭവനരഹിതരില്ലാത്ത, ഭൂരഹിതരില്ലാത്ത ആദ്യത്തെ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ.

2016 മുതൽക്കിങ്ങോട്ട് ആകെ 3,57,898 പട്ടയങ്ങളാണ് വിതരണം ചെയ്തിരിക്കുന്നത്. മുത്തങ്ങയിൽ സമരം ചെയ്ത ആദിവാസികൾക്ക് ഈ സർക്കാർ പട്ടയം നൽകി. തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചലിൽ ഭൂമിക്കായി നടന്ന സമരം അവസാനിച്ചിരിക്കുകയാണ്. അതോടെ ഭൂരഹിതരായ പട്ടികവർഗക്കാരില്ലാത്ത ആദ്യജില്ലയായി തിരുവനന്തപുരം മാറിയിരിക്കുകയാണ്. 2,730 പട്ടികവർഗ കുടുംബങ്ങൾക്കായി 3,937 ഏക്കർ ഭൂമിയാണ് വിവിധ പദ്ധതികളിലായി ഈ സർക്കാരിന്റെ കാലയളവിൽ മാത്രം നൽകിയിട്ടുള്ളത്. പട്ടികജാതി - പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ബജറ്റ് വിഹിതം ജനസംഖ്യാനുപാതത്തേക്കാൾ കൂടിയ തോതിൽ അനുവദിക്കുകയാണ്.

ഭവനരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആവിഷ്ക്കരിച്ച 'ലൈഫ് മിഷൻ' മുഖേന 2016 ന ശേഷം 5,46,327 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

> ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ വഴി പട്ടികജാതി വിഭാഗക്കാരുടെ 50,830 വീടുകളുടെയും പട്ടികവർഗ വിഭാഗക്കാരുടെ 19,739 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

അവയിൽ 1,41,000 ത്തിലധികം വീടുകൾ ഈ സർക്കാരിന്റെ കാലത്താണ് പൂർത്തീകരിച്ചത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പുനർഗേഹം പദ്ധതി മുഖേന 5,300 ഓളം കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമാക്കിയിട്ടുണ്ട്. 468 ഫ്ളാറ്റുകളും കൈമാറി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ വഴി പട്ടികജാതി വിഭാഗക്കാരുടെ 50,830 വീടുകളുടെയും പട്ടികവർഗ വിഭാഗക്കാരുടെ 19,739 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കഴിഞ്ഞ എട്ടര വർഷം കൊണ്ട് ലൈഫ് മിഷനിലൂടെ മാത്രം പട്ടിക ജാതി വിഭാഗക്കാരുടെ 1,12,383 ഭവനങ്ങളുടെയും പട്ടികവർഗ വിഭാഗക്കാരുടെ 42,591 ഭവനങ്ങളുടെയും നിർമ്മാണമാണ് പൂർത്തീകരിച്ചിട്ടുള്ളത്. എല്ലാ പൊതു ഇടങ്ങളും ഭിന്നശേഷി സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഭിന്നശേഷിക്കാർക്ക് സർക്കാർ സർവീസിൽ നാല് ശതമാനം സംവരണം ഉറപ്പാക്കി.

2025 നവംബർ ഒന്നോടുകൂടി അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറും. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണ്. കഴിഞ്ഞ ഒൻപത് വർഷത്തെ കണക്കെടുത്താൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനുള്ള വിപണി ഇടപെടലിനു മാത്രമായി 14,000 കോടിയോളം രൂപയാണ് വിവിധ മാർഗങ്ങളിലൂടെ സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളത്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ട 886 സ്ഥാപനങ്ങളിൽ 683 എണ്ണവും പൂർത്തീകരിച്ചു. 42 ലക്ഷം കുടുംബങ്ങൾക്ക് കാരുണ്യ ആരോഗ്യ

## ഒത്തിരി അഭിമാനം



**രജിത വി.പി** ആശാപ്രവർത്തക , വെട്ടം ഗ്രാമപഞ്ചായത്ത്

ആശാവർക്കർ എന്നത് എന്നെ സംബന്ധിച്ച് ഏറെ ആത്മാഭിമാനം നൽകുന്ന സ്ഥാനമാണ്. ആതുര സേവന മേഖലയിൽ പ്രവർത്തിക്കാനുള്ള താൽപര്യമാണ് എന്നെ ഇതിലെത്തിച്ചത്. തുടക്കത്തിൽ തുച്ഛമായ വേതനമാണ് ലഭിച്ചിരുന്നത്. എന്നാൽ പിണറായി സർക്കാർ വന്ന ശേഷം ആശമാരുടെ വേതനം പടിപടിയായി ഉയർത്തിയതിലൂടെ, ഇൻസെന്റീവും മറ്റും ചേർത്ത് ഇന്നിപ്പോൾ മാന്യമായ വേതനം ലഭിക്കുന്നതിലൂടെ ജീവിത സാഹചര്യവും മെച്ചപ്പെട്ടു. വീട്ടു പ്രസവവും കുത്തിവയ്പ്പെടുക്കാത്ത ഒരുപാട് കുട്ടികളും ഉണ്ടായിരുന്ന ഒരു ഗ്രാമ പ്രദേശത്തു ബോധവൽക്കരണത്തിലൂടെ ഇതിനു മാറ്റം വരുത്തി മാതൃശിശു പരിപാലനത്തിൽ സേവനം ചെയ്യാൻ സാധിച്ചതും ആത്മ സംതൃപ്തി നല്കുന്നു. കൂടാതെ നമ്മുടെ ഇടപെടലിലൂടെ എൻ സി ഡി (NCD) ക്ലിനിക്കിൽ ആളുകളെ എത്തിച്ചു ജീവിതശൈലി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്താനും ക്യാൻസർ സ്ക്രീനിങ്ങിനും, 100ദിന ക്ഷയരോഗ പരിപാടിക്കും ജനങ്ങളെ പങ്കാളികളാക്കാൻ സാധിച്ചതും ആശാവർക്കർ എന്ന നിലയിൽ ഒത്തിരി അഭിമാനം നൽകുന്നു



വയനാട് മാതൃകാ ടൗൺഷിപ് ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഫലങ്ങൾ ലഭ്യമാക്കുന്നുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ സംസ്ഥാന സർക്കാരിന്റെ ഇടപെടലുകൾ ഫലം കാണുന്നുവെന്നാണ് പുറത്തുവന്ന വിവരങ്ങൾ സൂചിപ്പിക്കുന്നത്. നാക് റാങ്കിങ്ങിൽ എം ജി, കേരള സർവകലാശാലകൾക്ക് എ പ്ലസ് പ്ലസ് ഗ്രേഡും കാലിക്കറ്റ്, കുസാറ്റ്, കാലടി സർവകലാശാലകൾക്ക് എ പ്ലസ് ഗ്രേഡും ലഭിക്കുകയുണ്ടായി. കേരളത്തിലെ 18 കോളേജുകൾക്ക് എ പ്ലസ് പ്ലസ് ഗ്രേഡും 31 കോളേജുകൾക്ക് എ പ്ലസ് ഗ്രേഡും 53 കോളേജുകൾക്ക് എ ഗ്രേഡും ലഭിച്ചു. എൻ ഐ ആർ എഫ് റാങ്കിങ്ങിലെ രാജ്യത്തെ മികച്ച 200 കോളേജുകളിൽ 42 എണ്ണവും കേരളത്തിലുള്ളവയാണ്.

ഭദ്രമായ ക്രമസമാധാന നിലയും വർഗീയകലാപങ്ങൾ ഇല്ലാത്ത സമാധാനപൂർണ്ണമായ സാമൂഹികജീവിതവും ഉറപ്പാക്കാനായി. സംസ്ഥാനത്തിന്റെ വികസന പ്രതീക്ഷകൾ നല്ല രീതിയിൽ പുരോഗമിക്കുമ്പോൾ തന്നെ രണ്ട് സർക്കാരുകളുടെ ഇതുവരെയുള്ള കാലയളവിലായി പല പ്രകൃതിദുരന്തങ്ങളും മഹാമാരികളും നമുക്ക് നേരിടേണ്ടിവന്നു. 2018ലെ പ്രളയവും 2019 ലെ ഉരുൾപൊട്ടലും നിപയും കോവിഡും ഏറ്റവുമൊടുവിൽ വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടലുമൊക്കെ കേരളത്തെ വിറങ്ങലിപ്പിക്കുകയും തീരാനോവ് നൽകുകയും ചെയ്തു. പക്ഷെ ഈ ദുരന്തങ്ങളിൽ പകച്ചുനിൽക്കാതെ ഒരുമയോടെ പൊരുതിക്കയറാൻ നമുക്കു കഴിഞ്ഞു. മുണ്ടക്കൈ ചൂരൽമല ഉരുൾപൊട്ടലിൽ അതിവേഗം ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനായി. എട്ടുമാസമിപ്പുറം അതിജീവിതർക്കായി മാതൃക ടൗൺഷിപ്പിനു തറക്കല്ലിട്ട് പ്രവൃത്തി ആരംഭിക്കാനായി.

സമൂഹത്തെയാകെ ഉത്കണ്ഠപ്പെടുത്തുന്ന ഗൗരവതരമായ രണ്ടു വിഷയങ്ങളാണ് കുട്ടികളിലെ വർധിച്ചുവരുന്ന അക്രമണോത്സുകതയും മാരകമായ മയക്കുമരുന്നുകളുടെ ഉപയോഗവും. ഭൗതിക കാരണങ്ങൾ മാത്രമല്ല, സാമൂഹിക - മാനസിക കാരണങ്ങൾ കൂടി ലഹരിവ്യാപനത്തിന് പിന്നിലുണ്ട്. ലഹരിവിപത്തിനെ ചെറുക്കാൻ എല്ലാ വിഭാഗം ജനങ്ങളെയും വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് അതിശക്തമായ ക്യാമ്പയിനാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്നത്. നിലവിലുള്ള എല്ലാ ക്യാമ്പയിനുകളും സംയോജിപ്പിച്ച് 2025 ഏപ്രിലിൽ സമഗ്രമായ കർമപദ്ധതി രൂപീകരിച്ചു.

നേട്ടങ്ങൾ പലതും കൈവരിച്ചെങ്കിലും ഇനിയും പല മേഖലകളിലും മുന്നേറാനുണ്ടെന്ന ഉത്തമ ബോധ്യത്തോടെ നവകേരള നിർമ്മിതിക്കായുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയാണ്. വ്യവസായ വികസനം ത്വരിതപ്പെടുത്തുക, കാർഷിക നവീകരണം സാധ്യമാക്കുക, തദ്ദേശീയമായി തൊഴിലുകൾ സൃഷ്ടിക്കുക, മാലിന്യ നിർമ്മാർജനം കാര്യക്ഷമമാക്കുക, ജീവിതശൈലീ രോഗങ്ങൾ തടയുക, അതിവേഗ യാത്രാസംവിധാനങ്ങളൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കേണ്ടതുണ്ട്. ഭരണത്തുടർച്ച പത്താം വർഷത്തിലേക്ക് എത്തുമ്പോൾ വികസനത്തിന്റെ പുതിയ കുതിപ്പുകളിലേക്ക് കടക്കുകയാണ് കേരളം. ആ ലക്ഷ്യത്തിൽ നമുക്ക് ഒരേ മനസ്സോടെ നീങ്ങാം. ■



## ഞങ്ങൾ സംതൃപ്തരാണ്

**വത്സല**

**ചൂരൽമല ഉരുൾപൊട്ടൽ അതിജീവിത**

**പെട്ടെന്നൊരു ദിവസം എല്ലാം നഷ്ടപ്പെട്ടവരാണ് ഞങ്ങൾ. ഒരിക്കലും പ്രതീക്ഷിച്ചതല്ല ജീവിതത്തിൽ സംഭവിച്ചത്. അന്നുമുതൽ ഇന്നുവരെയും സർക്കാരാണ് ഒപ്പം നിന്നത്. ഇപ്പോൾ താമസിക്കുന്നത് സർക്കാർ നൽകിയ വാടക വീട്ടിലാണ്. ഭാവിയിൽ ഒരു പ്രശ്നം നേരിടേണ്ടിവന്നാലും സർക്കാർ മാത്രമേ കൂടെയുണ്ടാവൂ. അതുകൊണ്ട് സർക്കാർ നൽകുന്ന ടൗൺഷിപ്പിലേക്ക് പോകാൻ കാത്തിരിക്കുകയാണ് ഞങ്ങൾ. തോട്ടം തൊഴിലാളിയാണ് ഞാൻ. പാടിയിലായിരുന്നു താമസം. ഇനി സ്വന്തമായി ഒരു വീടുണ്ടാവാൻ പോകുന്നു, അതൊരുക്കി തരുന്നത് സർക്കാരാണ്. സർക്കാരിന്റെ ടൗൺഷിപ്പിന്റെ വീഡിയോ കണ്ടു. ചൂരൽമലയിൽ കഴിഞ്ഞതുപോലെ ഞങ്ങൾക്ക് ഒരുമിച്ച് നിൽക്കാനാകണം. ഞങ്ങൾ സംതൃപ്തരാണ്.**

**4**

**കുറ്റാന്വേഷണ മികവിൽ എന്നും മുന്നിലുള്ള കേരളാപോലീസ് അതിസൂക്ഷ്മമായ അന്വേഷണ മികവുമായി രാജ്യത്തിന് തന്നെ മാതൃകയാണ്.**


# ജനകീയം പോലീസ് രാജ്യത്ത് ഒന്നാമത



ആധുനികവത്ക്കരണത്തിന്റെ പാതയിലാണ് പോലീസ് സേന. കുറ്റാന്വേഷണ മികവിൽ എന്നും മുന്നിലുള്ള കേരളാ പോലീസ് അതിസൂക്ഷ്മമായ അന്വേഷണ മികവുമായി രാജ്യത്തിന് തന്നെ മാതൃകയാണ്. ഇന്ത്യൻ പോലീസ് ഫെഡറേഷന്റെ 2021 ലെ സർവെ പ്രകാരം അഴിമതിരഹിത പോലീസ് വിഭാഗത്തിൽ കേരളാ പോലീസ് ഒന്നാംസ്ഥാനത്താണ്. ഓവറോൾ വിഭാഗത്തിൽ നാലാം സ്ഥാനത്തുമാണ് സംസ്ഥാന പോലീസ്.

പോലീസിന്റെ നവീകരിച്ച സിറ്റിസൺ സർവീസ് പോർട്ടൽ, സിറ്റിസൺ സർവീസ് ഉൾപ്പെടുത്തിയ മൊബൈൽ ആപ്ലിക്കേഷൻ എന്നിവ നിലവിൽ വന്നു. ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനുമായി ഹാക്ക് പി സമ്മിറ്റ് എന്ന ഹാക്കത്തോണിലൂടെ കേരളാ പോലീസ് GRAPNEL1.0 എന്ന സോഫ്റ്റ് വെയർ വികസിപ്പിച്ചെടുത്തു. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാൻ കോട്ടയം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുമായി കേരളാ പോലീസ് സൈബർ ഡോം ധാരണാപത്രത്തിൽ ഒപ്പിട്ടു. സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഇക്കണോമിക് ഒഫൻസസ് വിങ്ങിന് രൂപം നൽകി.

ഡീപ് ഫേക്ക് എന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഫെയ്ക്ക് വീഡിയോ നിർമ്മിച്ച് പണം തട്ടിയെടുത്ത രാജ്യത്തെ ആദ്യ കേസ് റിപ്പോർട്ട് ചെയ്തത് കോഴിക്കോടാണ്.




ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും തട്ടിപ്പ് സംഘത്തെ പിടികൂടി. നഷ്ടപ്പെട്ട തുക മുഴുവൻ വീണ്ടെടുക്കാനമായി. സൈബർ തട്ടിപ്പുകൾക്ക് പിന്നിൽ പ്രവർത്തിക്കുന്ന വിദേശ സംഘങ്ങളെയും ഇക്കാലയളവിൽ പിടികൂടി. ഓൺലൈനിലൂടെ ഉപഭോക്താക്കളെ കബളിപ്പിച്ച് പണം തട്ടിയെടുക്കുന്നതിനെതിരെ പരാതിനൽകുന്നതിനുള്ള കോൾ സെന്റർ സംവിധാനം നിലവിൽവന്നു. സൈബർ സാമ്പത്തിക തട്ടിപ്പുകൾക്ക് ഇരയാകുന്നവർക്ക് 155260 എന്ന ടോൾഫ്രീ നമ്പറിൽ പരാതികൾ അറിയിക്കാം. ഓൺലൈനിലൂടെയുള്ള സാമ്പത്തിക തട്ടിപ്പുകൾ ചെറുക്കാൻ 1930 എന്ന സൈബർ ക്രൈം ഹെൽപ് ലൈൻ പോലീസ് ആരംഭിച്ചു.

എല്ലാ ജില്ലകളിലും ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിതമായി. സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ സൈബർ വിഭാഗത്തെ ഇലക്ട്രോണിക് തെളിവുകൾ പരിശോധിക്കുന്ന അംഗീകൃത സ്ഥാപനമായി കേന്ദ്ര ഇലക്ട്രോണിക് ഐ.റ്റി മന്ത്രാലയം വിജ്ഞാപനം ചെയ്തു. കമ്പ്യൂട്ടറുകളുടെയും ഫോണുകളുടെയും പരിശോധനയ്ക്കാണ് അംഗീകാരം ലഭിച്ചത്. രാജ്യത്തെ അഞ്ച് ഫോറൻസിക് ലാബുകൾക്ക് മാത്രമാണ് ഇതിനുമുമ്പ് ഈ അംഗീകാരം ലഭിച്ചത്.

2021 ൽ പോലീസിന്റെ ഔദ്യോഗിക ഇൻസ്റ്റഗ്രാം അക്കൗണ്ട് ഒരു മില്ല്യൻ ഫോളോവേഴ്സ് എന്ന അസാധാരണ നേട്ടത്തിന് അർഹമായി. ന്യൂയോർക്ക് പോലീസിന്റെയും ഇന്റർപോളിന്റെയും റെക്കോർഡുകൾ ഭേദിച്ചാണ് കേരളാ പോലീസ് നേട്ടം കൈവരിച്ചത്.

കേരളാ പോലീസിന്റെ ഡ്രോൺ ഫോറൻസിക് ലാബ്, ഗവേഷണകേന്ദ്രം എന്നിവ നിലവിൽ വന്നു. രാജ്യത്ത് ഇത്തരം സംവിധാനം സ്വന്തമാക്കിയ ആദ്യത്തെ പോലീസ് ഏജൻസിയാണ് കേരളാ പോലീസ്. കേരളാ പോലീസ് സൈബർഡോം വികസിപ്പിച്ച രാജ്യത്തെ ആദ്യത്തെ മൊബൈൽ ആന്റി ഡ്രോൺ വെഹിക്കിളാണ് 'ഈഗിൾ ഐ'. ഡ്രോൺ ആക്രമണങ്ങളും അനുമതിയില്ലാത്ത പ്രവർത്തനങ്ങളും കണ്ടെത്തി നിർവീര്യമാക്കുകയാണ് രീതി.

ആലത്തൂർ പൊലീസ് സ്റ്റേഷൻ: സംസ്ഥാനത്തെ ഏറ്റവും മികച്ചതും രാജ്യത്തെ മികച്ച അഞ്ചാമത്തെയും പോലീസ് സ്റ്റേഷനായി അംഗീകാരം.

തലശ്ശേരി പൊലീസ് സ്റ്റേഷൻ: 2023 വർഷത്തെ സംസ്ഥാനത്തെ ഏറ്റവും മികച്ച പൊലീസ് സ്റ്റേഷനുള്ള മുഖ്യമന്ത്രിയുടെ പുരസ്കാരം.

കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലാബിന് ഐ.എസ്.ഒ അംഗീകാരം.

ആലപ്പുഴ ജില്ലയിലെ മുഹമ്മ, പട്ടണക്കാട് പൊലീസ് സ്റ്റേഷനുകൾക്ക് ഐ.എസ്.ഒ അംഗീകാരം.

എ.ഐ അധിഷ്ഠിത സൈബർ സുരക്ഷയ്ക്ക് തുടക്കം - കേരള പോലീസിന്റെ സൈബർ ഡിവിഷന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന നിർമ്മിതബുദ്ധിയിൽ അധിഷ്ഠിതമായ സെക്യൂരിറ്റി ഓപ്പറേഷൻ സെന്ററിന് (SOC) തുടക്കം കുറിച്ചു. സൈബർസുരക്ഷ പ്രതിരോധത്തിനുവേണ്ടി നിർമ്മിതബുദ്ധിയിൽ അധിഷ്ഠിതമായ സെക്യൂരിറ്റി ഓപ്പറേറ്റിങ് സെന്റർ നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ പോലീസ് സേനയാണ് കേരള പോലീസ്.

പൊലീസിന്റെ പരാതി പരിഹാര സംവിധാനം - പോലീസിന്റെ സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും നിർദേശങ്ങളും പരാതികളും ബോധിപ്പിക്കാനായി പരാതിപരിഹാരസംവിധാനംനിലവിൽവന്നു. കേരള പോലീസിന്റെ ഓൺലൈൻ പോർട്ടലായ തുണയിലൂടെയോ പോൽ ആപ്പിലൂടെയോ പരാതി നൽകുകയോ മറ്റ് സേവനങ്ങൾക്കായി അപേക്ഷിക്കുകയോ ചെയ്യുന്ന വ്യക്തിക്ക് അപേക്ഷ പൂർത്തിയായശേഷം പോലീസ് സേവനത്തെക്കുറിച്ച് വിലയിരുത്താനും പരാതിപ്പെടാനുമായി ഒരു ലിങ്ക് അടങ്ങിയ SMS ഫോണിൽ ലഭിക്കുന്നതാണ്. ഈ ലിങ്കിലൂടെ തുണ പോർട്ടലിലേക്ക് പോയി അവിടെ ലഭിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമായി പ്രതികരണങ്ങൾ അറിയിക്കാം, നിർദേശങ്ങൾ നൽകാനും കഴിയും. ■



## ട്രാൻസ് പോളിസിയിലും കേരളം മാതൃക

**ശീതൾ ശ്യാം**
**ട്രാൻസ് ജെൻഡർ ജസ്റ്റിസ് ബോർഡ് മുൻ അംഗം**

ലിംഗവ്യത്യാസമില്ലാതെ എല്ലാവരെയും ഒരേമനസ്സോടെ പിന്തുണയ്ക്കുന്ന നിയമങ്ങളും പദ്ധതികളും ഈ സർക്കാരിന്റെ മുന്നേറ്റമാണ്. 2016 ലാണ് ട്രാൻസ് പോളിസി കേരളത്തിൽ ഉദ്ഘാടനം ചെയ്യുന്നത്. 2015 മുതൽ തുടങ്ങിയ സർവേയുടെ അനന്തരഫലമായി ഈ പോളിസി ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കിയത് കേരളത്തിലാണ്. ട്രാൻസ് ജെൻഡർ ജസ്റ്റിസ് ബോർഡ്, ട്രാൻസ് ജെൻഡർ സെൽ എന്നിവ ആദ്യം രൂപീകരിച്ചത് കേരളത്തിലാണ്. എല്ലാജില്ലകളിലും ട്രാൻസ് ജെൻഡർ ജസ്റ്റിസ് ബോർഡ് രൂപീകരിച്ചുകൊണ്ട് ഈ വിഭാഗത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കാനും സമത്വവും ക്ഷേമവും ഉറപ്പുവരുത്താനും ഈ സർക്കാരിന് സാധിച്ചു. പ്രത്യേകിച്ച് സാമൂഹ്യനീതി വകുപ്പിന്റെ പങ്ക് ഇതിൽ വളരെ വലുതാണ്. 2018 ലാണ്, ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഉന്നമനവും തൊഴിൽ,വിദ്യാഭ്യാസം , ആരോഗ്യം, നിയമം, കുടുംബം എന്നീ മേഖലകളുടെ ക്ഷേമവും ലക്ഷ്യമിട്ടു കൊണ്ട് 'റെയിൻബോ ' എന്ന പദ്ധതി സർക്കാർ കൊണ്ടുവന്നത്. കല, വ്യവസായം,ആരോഗ്യം, തൊഴിൽ,നൈപുണ്യ വികസനം തുടങ്ങിയ മേഖലകളിലെല്ലാം വ്യക്തിമുദ്ര പതിപ്പിക്കാൻ അവർക്ക് സാധിച്ചുവെന്നത് തന്നെയാണ് ഈ പദ്ധതിയുടെ വിജയം. കമ്മ്യൂണിറ്റിക്കുള്ളിൽ ഒരു വികസന മുന്നേറ്റം ഉണ്ടാക്കിയെടുക്കാൻ സർക്കാരിന്റെ വിവിധ പദ്ധതികളിലൂടെയും നയങ്ങളിലൂടെയും നിയമങ്ങളിലൂടെയും സാധിച്ചതു മികച്ച നേട്ടമാണ്.



4

**2016-17 സാമ്പത്തിക വർഷത്തിൽ 98.50 കോടി രൂപ വാടകയിനത്തിൽ വരുമാനം ഉണ്ടായിരുന്നിടത്ത് ഇന്നത് 150 കോടി രൂപയാണ്**

# ഐ ടിയിൽ ചരിത്രമുന്നേറ്റം

2016-17 വർഷം കേരളത്തിലെ പ്രധാന ഐ.ടി പാർക്കുകളായ ടെക്നോപാർക്ക് തിരുവനന്തപുരം, ഇൻഫോ പാർക്ക് കൊച്ചി, സൈബർ പാർക്ക് കോഴിക്കോട് എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന 155.85 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പേസ് എന്നത് നിലവിൽ 223 ലക്ഷം ചതുരശ്ര അടി ആണ്.

2016-17 വർഷം 702 കമ്പനികളും 84,728 ജീവനക്കാരും ഉണ്ടായിരുന്നിടത്ത് നിലവിൽ 1,156 കമ്പനികളും 1,47,200 ജീവനക്കാരുമുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ 98.50 കോടി രൂപ വാടകയിനത്തിൽ വരുമാനം ഉണ്ടായിരുന്നിടത്ത് ഇന്നത് 150 കോടി രൂപയാണ്.

2016-17 സാമ്പത്തിക വർഷത്തിൽ 8,003 കോടി രൂപയുടെ ഐ.ടി കയറ്റുമതി ഉണ്ടായിരുന്നിടത്ത് ഇന്ന് ആകെ ഐ.ടി കയറ്റുമതി 24,793 കോടി രൂപയാണ്.

## ടെക്നോപാർക്ക് തിരുവനന്തപുരം

ഒന്നാം പിണറായി സർക്കാർ അധികാരത്തിലേറിയ 2016-17 വർഷം 85 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പേസ് ഉണ്ടായിരുന്ന ടെക്നോപാർക്ക് തിരുവനന്തപുരത്തിന് നിലവിൽ 127.20 ലക്ഷം ചതുരശ്ര അടിയാണുള്ളത്. 370 കമ്പനികളും 51,860 ജീവനക്കാരും ഉണ്ടായിരുന്നിടത്ത് നിലവിൽ 490 കമ്പനികളും 75,000 ജീവനക്കാരുമുണ്ട്. 2016-17 സാമ്പത്തിക വർ



> ക്രെഡിറ്റ് റേറ്റിങ് ഇൻഫർമേഷൻ സർവീസ് ഓഫ് ഇന്ത്യ ലിമിറ്റഡ് (CRISIL) ടെക്നോപാർക്കിന് ശരിയായ സാമ്പത്തിക പുരോഗതി നിലനിർത്തുന്നതിനും ശക്തമായ സാമ്പത്തിക സ്ഥിതി സുഗമമാക്കിയതിനുമുള്ള അംഗീകാരമായി തുടർച്ചയായ മൂന്നാം വർഷവും A+ Stable റേറ്റിങ് നൽകുകയുണ്ടായി.

ഷത്തിൽ 5,000 കോടി രൂപയുടെ ഐ.ടി കയറ്റുമതിയും 69 കോടി രൂപ വാടകയിനത്തിൽ വരുമാനവും ഉണ്ടായിരുന്നിടത്ത് ഇന്നത് യഥാക്രമം 13,255 കോടി രൂപയും 97 കോടി രൂപയുമാണ്.

ക്രെഡിറ്റ് റേറ്റിങ് ഇൻഫർമേഷൻ സർവീസ് ഓഫ് ഇന്ത്യ ലിമിറ്റഡ് (CRISIL) ടെക്നോപാർക്കിന് ശരിയായ സാമ്പത്തിക പുരോഗതി നിലനിർത്തുന്നതിനും ശക്തമായ സാമ്പത്തിക സ്ഥിതി സുഗമമാക്കിയതിനുമുള്ള അംഗീകാരമായി തുടർച്ചയായ മൂന്നാം വർഷവും A+ Stable റേറ്റിങ് നൽകുകയുണ്ടായി.

## ഇൻഫോ പാർക്ക് കൊച്ചി

2016-17 വർഷം 70 ലക്ഷം ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പേസ് ഉണ്ടായിരുന്ന ഇൻഫോ പാർക്ക് കൊച്ചിക്ക് നിലവിലത് 92.62 ലക്ഷം ചതുരശ്ര അടിയാണ്. 2016-17 വർഷം 328 കമ്പനികളും 32,800 ജീവനക്കാരും ഉണ്ടായിരുന്നിടത്ത് നിലവിൽ 582 കമ്പനികളും 70,000 ജീവനക്കാരുമുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 3,000 കോടി രൂപയുടെ ഐ.ടി കയറ്റുമതിയും 29.27 കോടി രൂപ വാടകയിനത്തിൽ വരുമാനവും ഉണ്ടായിരുന്നിടത്ത് യഥാക്രമം 11,417 കോടി രൂപയും 53.27 കോടി രൂപയുമാണ് നിലവിൽ.

## സൈബർ പാർക്ക് കോഴിക്കോട്

2016-17 വർഷം 12,000 ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പേസ് ഉണ്ടായിരുന്ന സൈബർ പാർക്ക് കോഴിക്കോടിന് നിലവിൽ 3,00,000 ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പേസ് ഉണ്ട്. 2016-17 വർഷം നാല് കമ്പനികളും 68 ജീവനക്കാരും ഉണ്ടായിരുന്നിടത്ത് നിലവിൽ 84 കമ്പനികളും 2,200 ജീവനക്കാരുമുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 2.97 കോടി രൂപയുടെ ഐ.ടി കയറ്റുമതിയും 22.52 ലക്ഷം രൂപ വാടകയിനത്തിൽ വരുമാനവും ഉണ്ടായിരുന്നിടത്ത് അത് യഥാക്രമം 121 കോടി രൂപയും 9.67 കോടി രൂപയുമായി മാറി.

## കേരള സ്റ്റാർട്ടപ്പ് മിഷൻ

2016-17 വർഷം 46,725 ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പേസ് ഉണ്ടായിരുന്ന കേരള സ്റ്റാർട്ടപ്പ് മിഷന് നിലവിൽ 2,94,174 ചതുരശ്ര അടി ബിൽറ്റ്-അപ്പ് സ്പേസ് ആണുള്ളത്. 2016-17 വർഷം 300 കമ്പനികളും 3000 ജീവനക്കാരും ഉണ്ടായിരുന്നിടത്ത് നിലവിൽ 6,100 കമ്പനികളും 65,000 ജീവനക്കാരുമുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 68 ലക്ഷം രൂപ വാടകയിനത്തിൽ വരുമാനം ഉണ്ടായിരുന്നിടത്ത് ഇന്ന് 7.40 കോടി രൂപയാണ്. 2022-23 വർഷം ദുബായ്, ബെൽജിയം എന്നീ രാജ്യങ്ങളിലും 2023-24 വർഷം യു.എസ്.എ, ജർമ്മനി, ഫിൻലാൻഡ് എന്നീ രാജ്യങ്ങളിലും പ്രവൃത്തികൾ വ്യാപിപ്പിക്കാനായി. ■



## ലോക ശ്രദ്ധയിൽ കേരളം

**സോഹൻ റോയ്**
**സ്ഥാപക ചെയർമാൻ & സി.ഇ.ഒ, ഏരീസ് ഗ്രൂപ്പ് ഓഫ് കമ്പനീസ്**

**വ്യാവസായിക സംരംഭക കേന്ദ്രമായും വിനോദ സഞ്ചാരികളുടെ ഇഷ്ടയിടമായും കേരളം ഉയർന്നു വരുന്നതിൽ അതിയായ സന്തോഷവും അഭിമാനവുമുണ്ട്. സമ്പന്നമായ സാംസ്കാരിക പൈതൃകവും പ്രകൃതിസൗന്ദര്യവും മികച്ച അടിസ്ഥാനസൗകര്യങ്ങളും നമ്മുടെ ടൂറിസം രംഗത്തിന് കരുത്തുപകരുന്നു. ഇതോടൊപ്പം ശാസ്ത്ര സാങ്കേതിക മികവും യുവത്വത്തിന്റെ കരുത്തും വൈഭവവും കൂടിച്ചേർന്ന് വ്യവസായിക രംഗത്തും കേരളം തനത് മുദ്ര പതിപ്പിക്കുകയാണ്. മികവിന്റെ കേന്ദ്രമായി കേരളം ലോക ശ്രദ്ധ പിടിച്ചു പറ്റുന്നത് മലയാളിയെന്ന നിലയിൽ ഏറെ അഭിമാനകരമാണ്.**

**4** പ്രവാസത്തിനു മുൻപ്, പ്രവാസകാലം, പ്രവാസത്തിന് ശേഷം എന്നിങ്ങനെയുള്ള മൂന്ന് ഘട്ടങ്ങളിലും വ്യക്തികൾക്കാവശ്യമായ സേവന, ക്ഷേമ കാര്യങ്ങളിൽ വ്യവസ്ഥാപിതവും കാര്യക്ഷമവുമായ ഇടപെടലുകളാണ് നോർക്ക നടത്തിവരുന്നത്

# കടലിനക്കരെ ഒരു കൈത്താങ്ങ്



നിയമപരവും, വ്യവസ്ഥാപിതവുമായി പ്രവാസത്തിന് യുവജനങ്ങളെ പ്രാപ്തരാക്കുന്നതു മുതൽ ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന പ്രവാസി മലയാളികളെ ഒരുമിപ്പിക്കുകയും, തിരിച്ചെത്തിയവർക്കായി സാന്ത്വനവും പുനരധിവാസവും ഒരുക്കുന്നത് അടക്കമുള്ള അർഥപൂർണമായ പ്രവർത്തനങ്ങൾക്കാണ് നോർക്ക നേതൃത്വം നൽകുന്നത്. പ്രവാസത്തിനു മുൻപ്, പ്രവാസകാലം, പ്രവാസത്തിന് ശേഷം എന്നിങ്ങനെയുള്ള മൂന്ന് ഘട്ടങ്ങളിലും വ്യക്തികൾക്കാവശ്യമായ സേവന, ക്ഷേമ കാര്യങ്ങളിൽ വ്യവസ്ഥാപിതവും കാര്യക്ഷമവുമായ ഇടപെടലുകളാണ് നോർക്ക നടത്തിവരുന്നത്.

ഗൾഫ് രാജ്യങ്ങളിലേയ്ക്കും, യു.കെ, ജർമ്മനി, കാനഡ എന്നിവിടങ്ങളിലേക്കും ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ ടെക്നീഷ്യന്മാർ, ഇലക്ട്രീഷ്യൻ, ഗാർഹിക ജോലിക്കാർ എന്നി വിഭാഗത്തിൽപ്പെട്ടവരെ നോർക്ക റൂട്ട്സ് തിരഞ്ഞെടുത്ത് അയച്ചുവരുന്നു . ഇതിനോടകം 3833 റിക്രൂട്ട്മെന്റ് നടത്തി. 2021 ഏപ്രിൽ മുതൽ ഇതുവരെ 2378 യുവ പ്രൊഫഷണലുകൾക്കാണ് വിദേശജോലി ലഭ്യമാക്കിയത്. ഇക്കാലയളവിൽ തിരഞ്ഞെടുത്ത 1176 ഉദ്യോഗാർഥികളുടെ നിയമനനടപടികൾ പുരോഗമിക്കുന്നു.

യു.കെ.യിലെ ദേശീയ ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് കെയർ പാർട്ട്ണർഷിപ്പുകളിൽ ഒന്നായ 'ഹംബർ & നോർത്ത് യോക്ക് ഷെയർ ഹെൽത്ത് & കെയർ പാർട്ണർഷിപ്പ്', നോർത്ത് ഈസ്റ്റ് ലിങ്കൺ ഷെയറിലെ ഹെൽത്ത് സർവീസിന്റെ മാനസികാരോഗ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്ന 'നാവിഗോ' എന്നിവരുമായി മുഖ്യമന്ത്രി പിണറായി വിജയന്റെ സാന്നിധ്യത്തിൽ ലണ്ടനിൽ ധാരണാപത്രം ഒപ്പിട്ടു. യു.കെയിലെ വെയിൽസിലേക്ക് ആരോഗ്യ മേഖലയിലെ പ്രൊഫഷണലുകളെ റിക്രൂട്ട് ചെയ്യുന്നതിനുള്ള ധാരണാപത്രം 2024 മാർച്ച് ഒന്നിന് മുഖ്യമന്ത്രി പിണറായി വിജയന്റെയും വെയിൽസ് ആരോഗ്യമന്ത്രിയുടേയും സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് ഒപ്പിട്ടു. 2021 ഏപ്രിൽ മുതൽ ഇതുവരെ




> പ്രവാസി കേരളീയരുടെ കൂട്ടായ്മയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനും കേരളീയ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക വികസനത്തിനായി പ്രവാസികളെ സംസ്ഥാനവുമായി സമന്വയിപ്പിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കേരളത്തിലെ ജനപ്രതിനിധികളോട് ഒപ്പമുള്ള ഒരു പൊതുവേദിയാണ് ലോക കേരള സഭ. ഇതുവരെ ലോക കേരള സഭയുടെ നാലു സമ്മേളനങ്ങളും മൂന്ന് മേഖലാസമ്മേളനങ്ങളുമാണ് സംഘടിപ്പിച്ചിട്ടുള്ളത്.

യു.കെയിലെ ഇംഗ്ലണ്ടിലേയും വെയിൽസിലേയും എൻ.എച്ച്.എസിലേയ്ക്ക് നഴ്സ്, ഡോക്ടർ തസ്തികകളിലേക്ക് 639 ആരോഗ്യപ്രവർത്തകർ ജോലിയിൽ പ്രവേശിച്ചു.

## ജർമ്മനിയിലേക്കുള്ള നഴ്സിങ് റിക്രൂട്ട്മെന്റ്

കേരളത്തിൽ നിന്നും ജർമനിയിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിനായി നടപ്പാക്കുന്ന പദ്ധതിയാണ് ട്രിപ്പിൾ വിൻ കേരള. ഇതുവഴി 625 നഴ്സിങ് പ്രൊഫഷണലുകൾ ജർമ്മനിയിലെത്തി. 881 ഉദ്യോഗാർഥികൾക്ക് ഗോയ്ഥേ സെന്ററിൽ ജർമ്മൻ ഭാഷാപഠനം പൂർത്തിയാകുന്നതോടെ നിയമനം ലഭിക്കും.

പ്ലസ്ടുവിനുശേഷം ജർമ്മനിയിൽ പ്രതിമാസ സ്റ്റൈപന്റോടെ സൗജന്യ നഴ്സിങ് പഠനത്തിനും തുടർന്ന് രജിസ്ട്രേഡ് നഴ്സായി നിയമനം ലഭിക്കുന്നതിനും അവസരമൊരുക്കുന്നതാണ് പദ്ധതി. അഭിമുഖങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 42 പേരിൽ എട്ട് പേരാണ് ആദ്യ ബാച്ചിൽ ജർമ്മനിയിലെത്തിയത്. ആദ്യ ബാച്ചിലെ 34 വിദ്യാർഥികളുടെ ജർമ്മൻ ഭാഷാപഠനം തിരുവനന്തപുരം ഗോയ്ഥേ സെന്ററിൽ പുരോഗമിക്കുകയാണ്. അടുത്ത ബാച്ചിൽ 16 പേരെ തിരഞ്ഞെടുത്തു.

## കാനഡ/ഐജിസിസി/ സൗദി റിക്രൂട്ട് മെന്റ്

കാനഡയിലെ ന്യൂ ഫോണ്ട്ലൻഡ് & ലാബ്രഡോർ പ്രവിശ്യയിലേയ്ക്കുള്ള നഴ്സിങ് റിക്രൂട്ടുമെന്റ്വഴി ഇതുവരെ 65 പേർ ജോലിയിൽ പ്രവേശിച്ചു. ജർമ്മനിയിലേക്ക് ടെക്നീഷ്യന്മാരെ നിയമിക്കുന്നതിനും ധാരണയായി. സൗദി അറേബ്യയിലെ ആരോഗ്യമന്ത്രാലയത്തിലേക്ക് 2021 ഏപ്രിൽ മുതൽ ഇതുവരെ കേരളത്തിൽ നിന്നുള്ള 420 ആരോഗ്യപ്രവർത്തകർക്കാണ് നിയമനം ലഭിച്ചത്.

ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹ്റൈൻ എന്നി ഗൾഫ് രാജ്യങ്ങളിലേക്കും മാലിദ്വീപിലേക്കും റിക്രൂട്ട്മെന്റുകൾ വഴി 21 പേർക്കാണ് നിയമനം ലഭിച്ചു. നിലവിൽ യു.എ.ഇയിലേക്ക് 100 പുരുഷ നഴ്സുമാരെ നിയമിക്കുന്നതിനുള്ള നടപടികളും യു.കെയിലേയ്ക്ക് മിഡ് വൈഫറി നഴ്സുമാരുടെ പ്രത്യേക റിക്രൂട്ട്മെന്റിനു സ്കോപ്പിങ് രജിസ്ട്രേഷൻ സർവേ നടപടികളും പുരോഗമിക്കുന്നു.

## പുതിയ സാധ്യതകൾ

യൂറോപ്യൻ രാജ്യങ്ങളിലേക്കും ഓസ്ട്രിയ, ഗ്രീസ്, പോർച്ചുഗൽ, ഇറ്റലി, ഡെന്മാർക്ക്, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിലേക്കും റിക്രൂട്ട്മെന്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഓസ്ട്രേലിയയിലെ ന്യൂ സൗത്ത് വെയിൽസിൽ വയോജനപരിചരണം, നഴ്സിങ് മേഖല



## പ്രവാസ സ്വപ്നങ്ങൾക്ക് ചിറകേകി

**സെബാ സൂസൺ വർഗീസ്**
പ്രവാസി, യു.കെ

**നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജിലുള്ള എന്റെ അനുഭവം അത്യധികം മികച്ചതായിരുന്നു എന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ സ്ഥാപനം ഉയർന്ന തലത്തിലുള്ള പ്രൊഫഷണലിസം പുലർത്തുന്നതായും, കാര്യങ്ങൾ വ്യക്തവും കൃത്യനിഷ്ഠവുമായ രീതിയിൽ നിർവഹിക്കുന്നതായുമാണ് എന്റെ അനുഭവം. 2023 ൽ നോർക്ക ഇൻസ്റ്റിറ്റ്യൂട്ടിൽ ഒ ഇ റ്റി ബാച്ചിൽ പഠിച്ച് നോർക്കയുടെ തന്നെ റിക്രൂട്ട്മെന്റിലൂടെ ജോലി ലഭിച്ചത് എന്റെ കരിയറിൽ വലിയ നേട്ടമാണ് ഉണ്ടാക്കിയത്. പഠനത്തിനായി എത്തുന്നവരുടെ സമയത്തിനും സാമ്പത്തിക വിഭവങ്ങൾക്കും ഇൻസ്റ്റിറ്റ്യൂഷൻ മതിയായ പ്രാധാന്യം നൽകുന്നുണ്ട്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഭാഷാ പരിശീലന സ്ഥാപനം സ്ഥാപിച്ചത് പ്രശംസനീയമാണ്. വിദേശത്തേക്ക് കുടിയേറാൻ ആഗ്രഹിക്കുന്ന എന്നെപ്പോലുള്ളവർക്ക് പ്രയോജനകരമാകുന്ന ഈ മികച്ച സംരംഭത്തിന് സംസ്ഥാന സർക്കാരിനോട് നന്ദിപറയുന്നു.**



കോവിഡ് വ്യാപന കാലത്ത് നോർക്ക സഹായത്തോടെ യുക്രൈനിൽനിന്ന് നാട്ടിലെത്തിയവർ

കളിലേയ്ക്ക് റിക്രൂട്ട്മെന്റ് സാധ്യത ഒരുക്കുന്ന ത്രികക്ഷി (നോർക്ക റൂട്ട്സ്, കെ-ഡിസ്ക്, ദ മൈഗ്രേഷൻ ഏജൻസി) ധാരണാപത്രം ഒപ്പിട്ടു.

## നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ്

വിദേശ ഭാഷാപ്രാവീണ്യവും തൊഴിൽ നൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. വിദേശഭാഷാപഠനത്തിനൊപ്പം മൈഗ്രേഷൻ ഫെസിലിറ്റേഷൻ സെന്റർ എന്ന നിലയിലാണ് എൻ.ഐ-.എഫ്.എൽ വിഭാവനം ചെയ്തിരിക്കുന്നത്.

ഇതുവരെ 1087 പേർ പഠനം പൂർത്തിയാക്കി. എൻ.ഐ.എഫ്.എൽ സാറ്റലൈറ്റ് സെന്ററുകളും ഉടൻ പ്രവർത്തനമാരംഭിക്കും.

ഇതുവരെ 1087 പേർ പഠനം പൂർത്തിയാക്കി. നിലവിൽ തിരുവനന്തപുരം, കോഴിക്കോട് സെന്ററുകളിലുമായി 352 വിദ്യാർഥികളാണ് വിവിധ കോഴ്സുകൾ പഠിക്കുന്നത്.

## റിക്രൂട്ട്മെന്റ്-പ്രധാന നേട്ടങ്ങൾ

നോർക്ക ട്രിപ്പിൾ വിൻ കേരള പദ്ധതിവഴി മാത്രം 625 ലധികം നഴ്സിങ് പ്രൊഫഷണലുകൾ ജർമ്മനിയിലെത്തി.

ജർമ്മനിയിൽ സ്റ്റൈപ്പന്റോടെ നഴ്സിംങ് പഠനം സാധ്യമാക്കുന്ന നോർക്ക ട്രിപ്പിൾ വിൻ ട്രെയിനി പ്രോഗ്രാമിന് തുടക്കമായി

ട്രിപ്പിൾ വിൻ പദ്ധതിയിൽ ഉൾപ്പെട്ട നഴ്സുമാർക്കായി കെൽട്രോണുമായി സഹകരിച്ച് ഐ.ടി. ട്രെയിനിങ് ആരംഭിച്ചു.

**കെ-ഡിസ്ക്കുമായി വിദേശ റിക്രൂട്ട്മെന്റിന് ധാരണാപത്രം ഒപ്പുവച്ചു.**

യു.എ.ഇ അബുദാബിയിലുള്ള ആർ.പി.എം ഗ്രൂപ്പുമായി നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് ധാരണാപത്രം ഒപ്പുവയ്ക്കുകയും റിക്രൂട്ട്മെന്റ് നടപടികൾ ആരംഭിക്കുകയും ചെയ്തു.

ബിസിനസ്സ് ഫിൻലാൻഡ് മുഖേന



“

## യുജിസിക്കും മാതൃകയായി ഉന്നത വിദ്യാഭ്യാസം

**പ്രൊഫ. കെ. എസ് അനിൽകുമാർ**
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി

ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പരിഷ്കാരമാണ് ഇക്കഴിഞ്ഞ കാലഘട്ടങ്ങളിൽ കേരളത്തിൽ ഉണ്ടായിരിക്കുന്നത്. 4 വർഷ ബിരുദ കോഴ്സുകൾ കേരളത്തിൽ ആരംഭിക്കാനും അതിന്റെ യുജിസി മാതൃകയേക്കാൾ മികച്ച രീതിയിൽ നടപ്പിലാക്കാനും സാധിച്ചു. യുജിസി തന്നെ അഡ്വാൻസ്ഡ് ക്രെഡിറ്റ് ലേണേഴ്സ് അടക്കമുള്ള മാതൃകകൾ കേരളത്തിൽ നിന്നും സ്വാംശീകരിച്ചിട്ടുണ്ടെന്നതും നമുക്ക് അഭിമാനകരമാണ്. കൂടാതെ പിജി കരിക്കുലവും പരിഷ്കരിക്കാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചു കഴിഞ്ഞു.

സർവകലാശാലയിൽ നിന്നുള്ള സേവനങ്ങൾ ഏറ്റവും വേഗത്തിൽ വിദ്യാർഥികൾക്ക് ലഭ്യമാകുന്ന ഈസ് ഓഫ് ഡൂയിങ്ങിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ലഭ്യമാക്കിയതും ഈ കാലഘട്ടത്തിൽ ആണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമഗ്രമാറ്റത്തിനുതകുന്ന നയങ്ങൾ രൂപീകരിക്കാനും തടസ്സമായ എല്ലാ നിയമങ്ങളും പരിഷ്കരിക്കാനും സർക്കാർ മൂന്ന് കമ്മീഷനുകളെ നിയോഗിച്ച് ഈ മേഖലയിൽ മികച്ച പരിഷ്കാരങ്ങൾ നടപ്പാക്കിയത് രാജ്യത്തിനു തന്നെ മാതൃകയാണ്.

## പ്രതിസന്ധി ഘട്ടങ്ങളിലെ ഇടപെടലുകൾ

ഓപ്പറേഷൻ ഗംഗ: യുക്രൈനിൽ നിന്ന് 3385 വിദ്യാർഥികളെ നാട്ടിൽ എത്തിച്ചു. ഖത്തറിൽ തടവിലാക്കപ്പെട്ട ആറു മത്സ്യത്തൊഴിലാളികളെ നാട്ടിലെത്തിച്ചു. മ്യാൻമറിലെ വ്യാജ ഏജന്റുമാരുടെ ചതിയിൽ പെട്ട മൂന്ന് മലയാളികളെ നാട്ടിൽ എത്തിച്ചു. മ്യാൻമാർ തായ്‌ലൻഡ് അതിർത്തിയിലെ കുപ്രസിദ്ധമായ ഗോൾഡൻ ട്രയാങ്കിൽ മേഖലയിൽ തൊഴിൽതട്ടിപ്പിനിരയായി തടവിലാക്കപ്പെട്ട 11 മലയാളികളെ നാട്ടിലെത്തിച്ചു.

- യുക്രൈൻ അതിർത്തി കടന്ന് മാൾഡോവ, പോളണ്ട്, റൊമാനിയ എന്നീ രാജ്യങ്ങളിൽ എത്തിയ വിദ്യാർഥികൾക്ക് ആവശ്യമായ സഹായസഹകരണങ്ങൾ ലഭ്യമാക്കി. ആകെ 3379 മലയാളികൾ യുക്രൈനിൽ നിന്നും ഇക്കാലയളവിൽ തിരിച്ചെത്തി.
- 2023 ഏപ്രിലിൽ സുഡാനിൽ ആഭ്യന്തര കലാപം ഉണ്ടായതിനെ തുടർന്ന് ഓപ്പറേഷൻ കാവേരിയുടെ ഭാഗമായി 183 മലയാളികളെ സുരക്ഷിതരായി നാട്ടിലെത്തിച്ചു.
- 2023 മേയിൽ മണിപ്പൂർ സംഘർഷ കാലത്തു 63 വിദ്യാർഥികളെ നോർക്ക റൂട്സ് ഇടപെടലിൽ നാട്ടിൽ തിരിച്ചെത്തിച്ചു.
- മോഖ ചുഴലിക്കാറ്റിനെ തുടർന്ന് 2023 മേയിൽ ആൻഡമാൻ നിക്കോബറിൽ കുടുങ്ങിയ മലയാളി വിനോദയാത്രാസംഘത്തെ നോർക്ക റൂട്സ് ഇടപെട്ട് നാട്ടിൽ തിരിച്ചെത്തിച്ചു.
- ഒഡീഷയിൽ 2023 ൽ ഉണ്ടായ ട്രെയിൻ അപകടത്തിൽ പെട്ട കേരളീയരെ നാട്ടിൽ തിരിച്ചെത്തിച്ചു
- ഇസ്രായേൽ ഹമാസ് സംഘർഷത്തിൽ നോർക്കയുടെ ഇടപെടലിലൂടെ നിരവധി കേരളീയരെ നാട്ടിലെത്തിച്ചു. കേന്ദ്രവിദേശകാര്യ മന്ത്രാലയത്തിന്റെ ഓപ്പറേഷൻ അജയ്യയുടെ ഭാഗമായി ഇന്ത്യയിലെ വിവിധ വിമാനത്താവളങ്ങളിലെത്തിയ കേരളീയരെ നാട്ടിലെത്തിച്ചു.
- കുവൈറ്റിലെ മാംഗെഫിൽ ഫ്ളാറ്റ് സമുച്ചയത്തിൽ തീപിടുത്തമുണ്ടായ ഉടൻതന്നെ കുവൈറ്റിൽ നോർക്ക ഹെൽപ്പ് ഡെസ്ക് ആരംഭിക്കുകയും പരിക്കേറ്റവർക്ക് ചികിത്സ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. 24 കേരളീയ പ്രവാസികൾക്കാണ് ജീവൻ നഷ്ടമായത്. മരണപ്പെട്ടവരുടെ ഭൗതികശരീരം വേഗത്തിൽ നാട്ടിലെത്തിക്കാനുമായി.

### കോവിഡ് കാല പ്രവർത്തനങ്ങൾ

നോർക്കാ റൂട്സിൽ കോവിഡ് റെസ്പോൺസ് സെൽ രൂപീകരിച്ചു. പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതുമായിബന്ധപ്പെട്ട് ആരംഭിച്ച നോർക്ക രജിസ്ട്രേഷനിൽ 561,302 രജിസ്റ്റർ ചെയ്തു. പ്രവാസികൾക്ക് നാട്ടിലെ ഡോക്ടർമാരുടെ ഓൺലൈൻ സേവനം, ടെലികൗൺസിലിങ് സേവനം എന്നിവ ഏർപ്പെടുത്തി.

ലോക്ക് ഡൗൺ കാലയളവിൽ വിദേശത്ത് മരുന്ന് എത്തിക്കുവാൻ നോർക്ക കൊറിയർ, കാർഗോ സംവിധാനങ്ങൾ ഏർപ്പെടുത്തി. തിരികെ പോകാൻ സാധിക്കാത്ത പ്രവാസികൾക്ക് 5000 രൂപ വീതം അടിയന്തിര ധനസഹായം അനുവദിച്ചു. അപേക്ഷിച്ച 133800 പ്രവാസികൾക്കായി ആകെ 66.9 കോടി രൂപ നൽകി. കോവിഡ് ബാധിച്ച പ്രവാസികൾക്ക് 10000 രൂപ ധനസഹായവും അനുവദിച്ചു .

ബറോണ, സിറ്റി ഓഫ് എസ്പോ തുടങ്ങിയവരുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ആരോഗ്യമേഖല, അക്കൗണ്ടിങ്, കിന്റർ ഗാർഡൻ, ഹോസ്പിറ്റാലിറ്റി മേഖലകളിലേയ്ക്ക് കേരളത്തിൽ നിന്നും റിക്രൂട്ട്മെന്റ് നടത്താനുള്ള സാധ്യതകൾ സജീവമായി പരിശോധിച്ച് വരുന്നു.

### ലോകകേരളം ഓൺലൈൻ പോർട്ടൽ

ലോകമെമ്പാടുമുള്ള മലയാളികളെ ഒരുമിപ്പിക്കുന്നതിനായി രൂപകൽപന ചെയ്ത ഡിജിറ്റൽ ഇടം.■



## മാന്യമായി ജോലിചെയ്യാൻ സാധിക്കുന്നു

**പ്രജിത**
ഹരിതകർമസേനാംഗം, കൊടുമ്പ് ഗ്രാമപഞ്ചായത്ത്

കൊടുമ്പ് ഗ്രാമപഞ്ചായത്ത് 2019ൽ ആണ് ഹരിതകർമ്മസേന ആരംഭിച്ചത്. 15 വാർഡുകളാണ് ഇവിടെ ഉള്ളത്. തുടക്കത്തിൽ ആരും ഈ ജോലിയിൽ കയറുവാൻ തയ്യാറായിരുന്നില്ല. വീടുകൾ കയറിയിറങ്ങി പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചപ്പോൾ പരിഹസിച്ചവരും മോശമായി പെരുമാറിയവരും ഉണ്ട്. പിന്നെ കുടുംബശ്രീ, തൊഴിലുറപ്പ്, ഗ്രാമസഭകൾ എന്നിങ്ങനെ ജനങ്ങൾ കൂടുന്ന സ്ഥലത്ത് ബോധവൽക്കരണം നടത്തി. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെയും വലിച്ചെറിയുന്നതിന്റെയും ദോഷവശം ബോധ്യപ്പെടുത്തി. നിരന്തരമുള്ള ഇടപെടലുകളിലൂടെ സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വന്നു തുടങ്ങി. ഇന്ന് ഏതൊരു സേവനത്തിനും പഞ്ചായത്തിൽ പോകണമെങ്കിൽ ഹരിത കർമ്മ സേനയുടെ യൂസർ ഫീകാർഡ് നിർബന്ധമാക്കി. ക്യു ആർ കോഡ് ഓരോ വീട്ടിലും ഒട്ടിച്ച് ഹരിതകർമ്മസേനയുടെ പ്രവർത്തനം സ്മാർട്ടാക്കി. ഇന്നിപ്പോൾ എവിടെ കണ്ടാലും ജനങ്ങൾ തിരിച്ചറിയുന്നു, സ്നേഹത്തോടെ പെരുമാറുന്നു. മാന്യമായി ജോലിചെയ്യാൻ സാധിക്കുന്നു.

4

കുട്ടികളിലെ അക്രമണോത്സുകത, മാരകമായ മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവയ്ക്കെതിരെ കർമ്മപദ്ധതിയുമായി സർക്കാർ

# ലഹരിവിപത്ത് വിട്ടുവീഴ്ചയില്ലാത്ത പോരാട്ടവുമായി കേരളം



ലഹരിവിപത്തിനെതിരെ കർമപദ്ധതി രൂപീകരണ യോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു

സമൂഹത്തെയാകെ ഉത്കണ്ഠപ്പെടുത്തുന്ന ഗൗരവതരമായ രണ്ടു വിഷയങ്ങളാണ് കുട്ടികളിലെ വർധിച്ചുവരുന്ന അക്രമണോത്സുകതയും മാരകമായ മയക്കുമരുന്നുകളുടെ ഉപയോഗവും. ഭൗതിക കാരണങ്ങൾ മാത്രമല്ല, സാമൂഹിക - മാനസിക കാരണങ്ങൾ കൂടി ലഹരിവ്യാപനത്തിന് പിന്നിലുണ്ട്. ലഹരിവിപത്തിനെ ചെറുക്കാൻ എല്ലാ വിഭാഗം ജനങ്ങളെയും വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് അതിശക്തമായ ക്യാമ്പയിനാണ് സംസ്ഥാന സർക്കാർ നേതൃത്വം നൽകുന്നത്. നിലവിലുള്ള എല്ലാ ക്യാമ്പയിനുകളും സംയോജിപ്പിച്ച് 2025 ഏപ്രിൽ മധ്യത്തോടെ സർക്കാർ അതിവിപുലമായ ലഹരി വിരുദ്ധ കർമപദ്ധതിക്കാണ് രൂപം കൊടുത്തത്.

വിദഗ്ധരുടെയും വിദ്യാർഥി-യുവജന സംഘടനകളുടെയും സിനിമ-സാംസ്കാരിക-മാധ്യമ മേഖലകളിലെ സംഘടനകളുടെയും അധ്യാപക-രക്ഷാകർതൃ സംഘടനകളുടെയും യോഗം മാർച്ച് 30 ന് മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന് നിർദേശങ്ങൾ സമാഹരിച്ചു. യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗവും വർധിച്ചുവരുന്ന അക്രമവാസനയും സൂക്ഷ്മമായി നിരീക്ഷിക്കാൻ 'തിങ്ക് ടാങ്ക്' രൂപീകരിച്ചു.

രാജ്യത്തിന്റെ പല ഭാഗങ്ങളിലായി വിമാനങ്ങളിലൂടെയും കപ്പലുകളിലൂടെയും കൊണ്ടിറക്കുന്ന മയക്കുമരുന്നുകൾ നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തി കടന്ന് ഇവിടേക്ക് വരുന്നത് തടയാൻ ഭരണ

നടപടി ഉണ്ടാവും. ഒരു വർഷം പിടിക്കപ്പെടുന്ന മയക്കുമരുന്നിന്റെ കണക്കിൽ ദേശീയ തലത്തിൽ 55 ശതമാനം (25,000 കോടിരൂപയുടെ) വർധനയാണ് ഉണ്ടായിരിക്കുന്നത്. കേരളത്തിൽ പിടിച്ചെടുത്ത മയക്കുമരുന്നിന്റെ മൂല്യം 100 കോടിക്ക് താഴെമാത്രമാണ്. എങ്കിലും സർക്കാർ തികഞ്ഞ ഗൗരവത്തോടെയാണ് ലഹരി വ്യാപനത്തെ കാണുന്നത്.

ലഹരിവസ്തുക്കളുടെ വിൽപന, ഉപയോഗം തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ ജനങ്ങൾക്ക് രഹസ്യമായി അധികൃതരെ അറിയിക്കാൻ സഹായിക്കുന്ന വെബ് പോർട്ടൽ സജ്ജീകരിക്കും. വിവരങ്ങൾ നൽകുന്ന വ്യക്തിയുടെ ഐഡന്റിറ്റി ഒരുതരത്തിലും വെളിപ്പെടുത്തേണ്ടതില്ല. നിലവിൽ ഇതിനായി വാട്സ്ആപ്പ് നമ്പർ ഉണ്ട് (9497979794, 9497927797).

ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തി ജൂണിൽ അക്കാദമിക വർഷം ആരംഭിക്കുമ്പോൾ വിപുലമായ തോതിൽ അക്കാദമിക് സ്ഥാപനങ്ങളിലും എല്ലാ വിദ്യാലയങ്ങളിലും കർമപദ്ധതി തയ്യാറാക്കും.



> **ലഹരിവസ്തുക്കളുടെ വിൽപന, ഉപയോഗം തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ ജനങ്ങൾക്ക് രഹസ്യമായി അധികൃതരെ അറിയിക്കാൻ സഹായിക്കുന്ന വെബ് പോർട്ടൽ സജ്ജീകരിക്കും.**

ഇതിനായുള്ള പ്രധാന നിർദേശങ്ങൾ:

1. എല്ലാ വിദ്യാലയങ്ങളിലും അധ്യാപക -വിദ്യാർഥി ജാഗ്രതാ സമിതി. കോളേജുകളിലും വിദ്യാലയങ്ങളിലും സ്റ്റുഡന്റ് ഗൈഡൻസ് സപ്പോർട്ട് പ്രോഗ്രാം.

2. വിദ്യാർഥികളിൽ കായികക്ഷമത വികസിപ്പിക്കാൻ പദ്ധതികൾ.

3. എൻ.എസ്.എസ്, സ്കൗട്ട്, എസ്.പി.സി തുടങ്ങിയ വോളന്റിയർമാരെ ഉൾപ്പെടുത്തി മെന്ററിങ് ശൃംഖല ഉണ്ടാക്കുക.

4. ട്യൂഷൻ സെന്ററുകളും കോച്ചിങ് സെന്ററുകളും നിരീക്ഷണത്തിൽ കൊണ്ടുവരിക.

5. വിദ്യാർഥികളിൽ നിന്നു വരുന്ന പരാതികൾ പരിശോധിക്കാൻ സ്പെഷ്യൽ മോണിറ്ററിങ് ടീം എല്ലാ കലാലയങ്ങളിലും.

6. വിദ്യാർഥി സംഘടനകളുടെ നേതൃത്വത്തിൽ ശക്തമായ ലഹരിവിരുദ്ധ ക്യാമ്പയിൻ.

7. ആറു മാസത്തിലൊരിക്കൽ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനുള്ള മെഡിക്കൽ ചെക്കപ്പ്.

8. ലഹരിക്ക് അടിമയായവരെ പുനരധിവസിപ്പിച്ചശേഷം അവരെ പൊതുസമൂഹത്തോടൊപ്പം ഇണക്കിച്ചേർക്കുന്നതിന് വേണ്ട പിന്തുണാസംവിധാനം ഒരുക്കുക.

9. ലഹരിക്കച്ചവടക്കാർ ക്യാരിയേഴ്സ് ആക്കുന്ന 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് കൗൺസിലിങ്ങും മാനസികാരോഗ്യം മെച്ചപ്പെടുത്താനുള്ള മറ്റു സംവിധാനങ്ങളും ഉറപ്പുവരുത്തുക.

10. ടൂറിസം മേഖലയിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, മോണിറ്ററിങ് ശക്തിപ്പെടുത്തുക.

യോഗത്തിൽ ഉയർന്നു വന്ന നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തിയാകും കർമ്മപദ്ധതി തയ്യാറാക്കുക. എൽ.പി ക്ലാസുകൾ മുതൽ തന്നെ ലഹരിവിരുദ്ധ ബോധവത്ക്കരണം ആരംഭിക്കും. കുട്ടികളെ കായിക രംഗത്ത് ആകർഷിക്കാൻ കൂടുതൽ പരിപാടികൾ സംഘടിപ്പിക്കും. ഹോസ്റ്റലുകളും പൊതുവിടങ്ങളും ലഹരിമുക്തമാണെന്ന് ഉറപ്പാക്കാൻ നടപടികൾ കൈക്കൊള്ളും.

പോലീസിന്റെയും എക്സൈസിന്റെയും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കും. ലഹരിവിൽപന നടത്തുന്ന കടകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി തദ്ദേശസ്വയംഭരണ വകുപ്പ് കൈക്കൊള്ളും. മയക്കുമരുന്ന് സാന്നിധ്യം കണ്ടെത്താനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങും. സ്നിഫർ ഡോഗ് സാന്നിധ്യം വർധിപ്പിക്കും. ഓൺലൈൻ ലഹരിവ്യാപാരം തടയാനുള്ള നടപടികൾ ശക്തമാക്കും. എയർപോർട്ട്, റെയിൽവേ, തുറമുഖം എന്നിവ കേന്ദ്രീകരിച്ച് പരിശോധന ശക്തമാക്കും. അതിർത്തികളിലെ പോലീസ് പരിശോധന ശക്തമാക്കും. കൊറിയറുകൾ, പാഴ്സലുകൾ, ടൂറിസ്റ്റ് വാഹനങ്ങൾ തുടങ്ങി കേരളത്തിന്റെ അതിർത്തിയിലേക്ക് കടന്നുവരുന്ന വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കും. ■



## പാഠപുസ്തകങ്ങൾ നേരത്തെ കിട്ടിയതിൽ സന്തോഷം

**ശാരിമ**
**വിദ്യാർത്ഥിനി, കോട്ടൺഹിൽ ഗവ.സ്കൂൾ, തിരുവനന്തപുരം**

ഞാൻ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയാണ്. ഞങ്ങൾക്ക് ഈ വാർഷിക പരീക്ഷ കഴിഞ്ഞപ്പോൾ തന്നെ പത്താം ക്ലാസിലേക്കുള്ള പാഠപുസ്തകങ്ങൾ ലഭിച്ചു. അടുത്ത വർഷത്തെ പഠനം സംബന്ധിച്ച ആകാംക്ഷയും ആകുലതയും കുറയ്ക്കാനും പുസ്തകങ്ങൾ പരിചയമാകുന്നതിനും നേരത്തെ പുസ്തകം ലഭിച്ചതിലൂടെ സാധിച്ചു. മാനസിക സമ്മർദ്ദങ്ങൾ ഒഴിവാക്കി പുതിയ അധ്യയന വർഷത്തെ സ്വീകരിക്കാൻ ഇത് ഞങ്ങളെ സഹായിക്കും. ക്ലാസുകൾ തുടങ്ങുമ്പോൾ തന്നെ പാഠഭാഗങ്ങൾ കൂടി ചേർത്തു വച്ച് പഠിക്കാനാകും. അവധിക്കാല ആഘോഷങ്ങൾക്കൊപ്പം ഓരോ വിഷയങ്ങളുടെയും പാഠപുസ്തകങ്ങൾ കൂടി മറിച്ചു നോക്കിയാൽ, റഗുലർ ക്ലാസുകൾ ആരംഭിക്കുമ്പോൾ അപരിചിത്വം തീരെയില്ലാതെ കൂളായി പഠിച്ചുപോയി നല്ല മാർക്ക് വാങ്ങാനാകുമെന്ന സന്തോഷത്തിലാണ് ഞാനും കൂട്ടുകാരും.

**കെ രാജൻ**
റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി



4

**അതിദരിദ്രരിൽ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി കണ്ടെത്തുക എന്നത് മുൻഗണനാടിസ്ഥാനത്തിലാക്കി വേഗത്തിൽ പൂർത്തിയാക്കാനാണ് ഊർജിത ശ്രമം. ഇതിന്റെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 1,80,887 കുടുംബങ്ങൾക്കാണ് പട്ടയം നൽകിയത്. ഇത് ചരിത്ര നേട്ടമാണ്**

# സ്മാർട്ടായി ജനകീയമായി റവന്യു

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്നതാണ് റവന്യൂ വകുപ്പിന്റെ ആപ്തവാക്യം. അതിദാരിദ്ര്യ നിർമ്മാർജനം, ഭൂരഹിതർ ഇല്ലാത്ത സംസ്ഥാനം, ഭവനരഹിതർക്ക് സുരക്ഷിതമായ ഭവനം എന്നീ വാഗ്ദാനങ്ങളുടെ പൂർത്തീകരണത്തിനരികെയാണ് സർക്കാർ. അതിദരിദ്രരായ മുഴുവൻ പേരെയും ദാരി{Zyത്തിൽ നിന്ന് മോചിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ 2025 നവംബർ ഒന്നിന് പൂർത്തീകരിക്കാനാണ് സർക്കാരിന്റെ പദ്ധതി. അതിദരിദ്രരിൽ ഭൂരഹിതരായ മുഴുവൻ പേർക്കും ഭൂമി കണ്ടെത്തുക എന്നത് മുൻഗണനാടിസ്ഥാനത്തിലാക്കി വേഗത്തിൽ പൂർത്തിയാക്കാനാണ് ഊർജിത ശ്രമം. ഇതിന്റെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 1,80,887 കുടുംബങ്ങൾക്കാണ് പട്ടയം നൽകിയത്. ഇത് ചരിത്ര നേട്ടമാണ്.

മൂന്ന് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ പട്ടയ മിഷൻ, പട്ടയ അസംബ്ലി, പട്ടയ ഡാഷ് ബോർഡ്, അദാലത്തുകൾ എന്നിവ സംഘടിപ്പിച്ചു.

മഞ്ചേരിയിലെ സത്രം ഭൂമി, കണ്ണൂർ ജില്ലയിലെ മൊറാഴ, മലപ്പുറം ജില്ലയിലെ കൊടയ്ക്കൽ ടൈൽസ് ഫാക്ടറി, തൃശ്ശൂർ ജില്ലയിലെ തെലുങ്കർ നഗർ, തൃശ്ശൂരിലെ തന്നെ ഒളകര ആദിവാസി ഉന്നതി എന്നിങ്ങനെ വിവിധ ഇടങ്ങളിലെ അനേകർ പതിറ്റാണ്ടുകളായി കണ്ട പട്ടയം എന്ന സ്വപ്നം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സാക്ഷാത്കരിക്കാനായി.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്ത 1,77,011 പട്ടയങ്ങൾ ഉൾപ്പെടെ കഴിഞ്ഞ എട്ട് വർഷം കൊണ്ട് 3,57,898 പട്ടയങ്ങൾ വിതരണം ചെയ്തു. 1,42,102 പട്ടയങ്ങൾ കൂടി വിതരണം ചെയ്താൽ, രണ്ട് സർക്കാരുകളും ചേർന്ന് അഞ്ച് ലക്ഷം കുടുംബങ്ങളെ ഭൂമിയുടെ അവകാശികളാക്കി മാറ്റും.

## മലയോര പട്ടയ വിതരണം

നിലവിൽ റവന്യൂ വകുപ്പ് ഏറ്റെടുത്ത ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു ദൗത്യമാണ് മലയോര പട്ടയ വിതരണം. ഇതുമായി ബന്ധപ്പെട്ട് മൂന്ന് പതിറ്റാണ്ടായുള്ള കേരളത്തിന്റെ ആവശ്യമാണ് പുതിയ സംയുക്ത പരിശോധന, പുതിയ അപേക്ഷ എന്നത്. കേന്ദ്ര വനം മന്ത്രിയും സഹമന്ത്രിയുമായും സംസ്ഥാന റവന്യൂ, വനം മന്ത്രിമാർ 2024 ഫെബ്രുവരി ഏഴിന് നടത്തിയ കൂടിക്കാഴ്ച അനുകൂലമായ തീരുമാനമെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ അതിവേഗ ഇടപെടലുകളാണ് നടക്കുന്നത്.

വിവിധ വകുപ്പുകളുടെ അധീനതയിലുള്ള ഭൂമിയിൽ സ്ഥിരതാമസം നടത്തുന്ന അർഹരായവർക്ക് പട്ടയം അനുവദിക്കാനുള്ള നടപടികൾ അതത് വകുപ്പുകളുടെ അനുമതിയോടെ നടക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ, റവന്യൂവകുപ്പ് മന്ത്രിമാർ പങ്കെടുത്ത യോഗത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തീരാജ് ആക്ട് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ശ്മശാനങ്ങൾ, മേച്ചിൽപ്പുറങ്ങൾ, കളിസ്ഥലങ്ങൾ തുടങ്ങിയവ ആക്ടിന്റെ 279-ാം വകുപ്പ് പ്രകാരം റവന്യൂ വകുപ്പിലേക്ക് വിട്ടൊഴിയാനുള്ള അധികാരം ജില്ലാ കളക്ടർക്ക് നൽകി ഇതിനകം ഉത്തരവായിക്കഴിഞ്ഞു. വനം, ഇറിഗേഷൻ വകുപ്പുകളും സമാനമായ നടപടികളിലേക്ക് കടക്കുകയാണ്. ഇതെല്ലാം അർഹർക്ക് ഭൂമി അനുവദിക്കുവാൻ സഹായകരമാകും.

## പട്ടയ മിഷൻ

സംസ്ഥാനത്തെ എല്ലാ ഭൂരഹിതരേയും ഭൂമിയുടെ ഉടമകളാക്കുക എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചു. വില്ലേജ് തലം മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള ഉദ്യോഗസ്ഥരും പഞ്ചായത്ത് അംഗം മുതൽ നിയമസഭാ സാമാജികർ വരെയുള്ള ജനപ്രതിനിധികളും ഉൾപ്പെടുന്ന പട്ടയ മിഷൻ കേരളത്തിലെ പട്ടയ വിതരണത്തിന് പുതിയ ദിശാസൂചികയാണ്.

എംഎൽഎമാരുടെ അധ്യക്ഷതയിൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ മുഴുവൻ ജനപ്രതിനിധികളെയും പങ്കെടുപ്പിച്ച് നടത്തിയ പട്ടയ അസംബ്ലികൾ വഴി പട്ടയപ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് പട്ടയ മിഷനിലൂടെ പരിഹാരം കണ്ടുവരികയാണ്. ഇതിനായി മന്ത്രി പങ്കെടുത്ത് ഓൺലൈനായി പട്ടയ അദാലത്തുകളും ജില്ലാ അടിസ്ഥാനത്തിൽ നടത്തിവരുന്നു.



**എല്ലാ ഭൂരേഖകളും ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി 89 വില്ലേജുകൾ ഡിജിറ്റലായി സർവേ ചെയ്തു. 27 വില്ലേജുകളിൽ നിലവിൽ ഡിജിറ്റൽ സർവെ പുരോഗമിക്കുന്നു.**

## സ്മാർട്ട് വില്ലേജ്

സംസ്ഥാനത്ത് 540 വില്ലേജുകൾ സ്മാർട്ട് ആയി. 830 വില്ലേജുകൾ സ്മാർട്ട് ആക്കുന്നതിന് ഭരണാനുമതിയായി. 91 വില്ലേജുകളിൽ നിർമ്മാണവും 199 ഇടങ്ങളിൽ നടപടികളും പുരോഗമിക്കുന്നു.

## രാജ്യത്തിന് മാതൃകയായി ഡിജിറ്റൽ റീസർവെ

ഐക്യകേരളത്തിൽ 1966-ൽ റീസർവെ നടപടികൾ ആരംഭിച്ചെങ്കിലും 57 വർഷം






പിന്നിട്ടും 911 വില്ലേജുകളിൽ മാത്രമാണ് റീസർവെ നടപടികൾ പൂർത്തീകരിച്ചത്. എല്ലാ ഭൂരേഖകളും ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി 89 വില്ലേജുകൾ ഡിജിറ്റലായി സർവേ ചെയ്തു. 27 വില്ലേജുകളിൽ നിലവിൽ ഡിജിറ്റൽ സർവെ പുരോഗമിക്കുന്നു. ശേഷിക്കുന്ന 1550 വില്ലേജുകൾ ഡിജിറ്റൽ സർവെ ചെയ്യുന്നതിനായി റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 858.42 കോടി രൂപയുടെ ബൃഹത് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സിഒആർഎസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ആർടികെ, റോവർ, ഇടിഎസ് ഡ്രോൺ, ലിഡാർ എന്നിവ ഉപയോഗിച്ച് 2026-നുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഡിജിറ്റൽ റീസർവെ പൂർത്തിയായ വില്ലേജുകളിൽ സർവെ വകുപ്പിന്റെ ഇ-മാപ്, റവന്യൂ വകുപ്പിന്റെ റെലിസ്, രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ എന്നീ സോഫ്റ്റ് വെയറുകൾ സംയോജിപ്പിച്ച് ഒരു ഇന്റഗ്രേറ്റഡ് പോർട്ടൽ (ഐഎൽഐഎംഎസ്) നിലവിൽ വന്നു. ആദ്യഘട്ടത്തിലെ 200 വില്ലേജുകളുടെയും രണ്ടാംഘട്ടത്തിലെ 239 വില്ലേജുകളുടെയും ഡിജിറ്റൽ റീസർവെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മൂന്നാം ഘട്ടം 200 വില്ലേജുകളിൽ ഫെബ്രുവരി 14ന് ആരംഭിച്ചു.

ഈ പദ്ധതിയുടെ മാതൃക മനസ്സിലാക്കാനായി ആന്ധ്രാപ്രദേശ്, പുതുച്ചേരി, തമിഴ്നാട്, അസം, ഒറിസ, ലക്ഷദ്വീപ് എന്നീ സംസ്ഥാനങ്ങളെല്ലാം കേരളത്തിലെ റവന്യൂ വകുപ്പിനെ സമീപിച്ചിട്ടുണ്ട്. ഒരാഴ്ചക്കാലം നീളുന്ന തിരുവനന്തപുരത്ത് ഏപ്രിലിൽ നടക്കുന്ന എല്ലാ സംസ്ഥാനങ്ങളിലെയും റവന്യൂ, സർവെ വകുപ്പ് മന്ത്രിമാരും ഉദ്യോഗസ്ഥരും വിദഗ്ധരും പങ്കെടുക്കുന്ന നാഷണൽ ഡിജിറ്റൽ സർവെ കോൺക്ലേവ് ഈ രംഗത്ത് കേരളം സൃഷ്ടിച്ച അഭിമാനമാതൃകയുടെ സാക്ഷ്യമാണ്.

## പ്രോപ്പർട്ടി കാർഡ്

എല്ലാ ഭൂവുടമകൾക്കും മുഴുവൻ രേഖകളും ഉൾക്കൊള്ളുന്ന ഭൂ-കാർഡ് (പ്രോപ്പർട്ടി കാർഡ്) വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനായി സംസ്ഥാന ബജറ്റിൽ രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഡിജിറ്റൽ റീ സർവെ പൂർത്തിയായ വില്ലേജുകളിൽ 2025 നവംബർ മുതൽ കാർഡ് വിതരണം ആരംഭിക്കുവാനാണ് പദ്ധതിയിടുന്നത്.

**എല്ലാ റവന്യൂ സേവനങ്ങളും വിരൽത്തുമ്പിൽ ലഭ്യമാകത്തക്ക വിധത്തിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉടൻ തന്നെ സജ്ജമാകും.**

## 'നക്ഷ' പദ്ധതി

സർവെ ഓഫ് ഇന്ത്യയുമായി ചേർന്ന് റവന്യൂ വകുപ്പ് 'നക്ഷ' (നാഷണൽ ജില്ലാ സ്പേഷ്യൽ നോളജ് ബേസ്ഡ് ലാൻഡ് സർവെ ഓഫ് അർബൻ ഹാബിറ്റേഷൻ) പദ്ധതി ആരംഭിച്ചു. കേരളത്തിലെ 10 നഗരങ്ങളെയാണ് അതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നെയ്യാറ്റിൻകര നഗര

# അഴിമതി രഹിത റവന്യൂ വകുപ്പിനായി

**അഴിമതി പൂർണ്ണമായും നിർമ്മാർജനം ചെയ്യുക എന്ന ലക്ഷ്യത്തിൽ, 'സീറോ കറപ്ഷൻ ക്യാമ്പയിൻ' റവന്യൂ വകുപ്പിൽ നടപ്പിലാക്കി. അഴിമതി ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിന് പൊതുജനങ്ങൾക്കായി 1800-425-5255 എന്ന ടോൾ ഫ്രീ നമ്പർ നൽകി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പിൽ 71 ജീവനക്കാർക്കെതിരെ കഠിന ശിക്ഷയ്ക്കുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൂന്നുപേരെ സർവീസിൽനിന്ന് പിരിച്ചുവിട്ടു. മൂന്നുപേരുടെ പെൻഷൻ പൂർണ്ണമായും പിൻവലിച്ചു. ഒരാളുടെ പെൻഷൻ 50 ശതമാനം കുറച്ചു. ഒരാളെ ഇതിനകം തരംതാഴ്ത്തി. അന്വേഷണവും അച്ചടക്ക നടപടികളും വൈകാതിരിക്കാൻ ഇടപെടലുണ്ട്. ആഭ്യന്തര അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാൻ വൈകുന്നവർക്കെതിരെയും നടപടി സ്വീകരിക്കും.**

സഭയിൽ പദ്ധതി ആരംഭിച്ചു. വൈക്കം, പുനലൂർ, കാസർകോട് നഗരസഭയിൽ നേരത്തേ റവന്യൂ വകുപ്പ് ആരംഭിച്ച ഡിജിറ്റൽ റീസർവെ പൂർത്തിയാക്കി, 9(2) വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള തയ്യാറെടുപ്പിലാണ്.


## യൂണിക് തണ്ടപ്പേർ

സംസ്ഥാനത്തെ ഒരു പൗരന് ഒരു തണ്ടപ്പേർ എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന യൂണിക് തണ്ടപ്പേർ സംവിധാനം നിലവിൽ വന്നു. ഭൂപരിഷ്ക്കരണം കഴിഞ്ഞാൽ കേരളചരിത്രത്തിൽ വലിയ മാറ്റങ്ങൾക്ക് കാരണമായേക്കാവുന്ന മഹത്തായ പദ്ധതിയാണ് യൂണിക് തണ്ടപ്പേർ സംവിധാനം.

## എല്ലാ സേവനങ്ങളും ഡിജിറ്റൽ

റവന്യൂ, സർവേ, രജിസ്ട്രേഷൻ വകുപ്പുകളുടെ ഭൂസംബന്ധമായ സേവനങ്ങൾ സംയോജിപ്പിച്ച് എന്റെ ഭൂമി ഇന്റഗ്രേറ്റഡ് പോർട്ടൽ മറ്റൊരു നാഴികക്കല്ലാണ്. എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന പ്രഖ്യാപിത ലക്ഷ്യ സാക്ഷാത്കാരത്തിനായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ പ്രയോജനം എല്ലാ മേഖലകളിലും വ്യാപിപ്പിക്കാൻ തീരുമാനിച്ചു. വകുപ്പ് മുഖേന നൽകി വരുന്ന സാക്ഷ്യപത്രങ്ങൾക്ക് പുറമേ റവന്യൂ വകുപ്പിലേക്ക് സ്വീകരിക്കപ്പെടുന്ന എല്ലാ പേമെന്റുകളും ഡിജിറ്റലാക്കി. 23 തരം സർട്ടിഫിക്കറ്റുകളാണ് ഇന്ന് റവന്യൂ വകുപ്പ് ഓൺലൈനായി നൽകിവരുന്നത്. 10 കോടിയിലധികം സർട്ടിഫിക്കറ്റുകൾ ഇത്തരത്തിൽ നൽകിക്കഴിഞ്ഞു.

ലോകത്തെവിടെനിന്നും തങ്ങൾക്ക് ആവശ്യമായ സാക്ഷ്യപത്രങ്ങൾ ഓൺലൈനായി അപേക്ഷിക്കാനും ലഭ്യമാക്കാനും സാധിക്കും. യുകെ, യുഎസ്എ, കനഡ, സിങ്കപ്പൂർ, സൗദി അറേബ്യ, ഒമാൻ, ഖത്തർ, കുവൈത്ത്, ബഹറിൻ തുടങ്ങിയ വിദേശരാജ്യങ്ങളിൽ ഉള്ള കേരളത്തിലെ ഭൂവുടമകൾക്ക് സൗകര്യം ലഭ്യമാണ്. എല്ലാ റവന്യൂ സേവനങ്ങളും വിരൽത്തുമ്പിൽ ലഭ്യമാകത്തക്ക വിധത്തിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉടൻ തന്നെ സജ്ജമാകും.




## വികസനത്തിന് ഭൂമി

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വികസന പ്രവർത്തനങ്ങൾക്കായി 7282.98ഏക്കർ ഭൂമി ഏറ്റെടുത്ത് ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറി. ഇതിലൂടെ നഷ്ടപരിഹാരമായി 31,264.712കോടി രൂപനൽകി. ദേശീയ പാതയ്ക്ക് വേണ്ടി മാത്രം 3503 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകുകയും 25120.81കോടി രൂപ നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തു.

ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് വേഗവും സുതാര്യതയും കൈവരുത്തുന്നതിന് ഓൺലൈൻ സംവിധാനം ആരംഭിച്ചു. LAMS (Land Acquisition Management System) എന്ന സോഫ്റ്റ് വെയർ ഇതിനായി വികസിപ്പിച്ചു.

## നിയമഭേദഗതികൾ

നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള തരംമാറ്റ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള അധികാരം ഡെപ്യൂട്ടി കളക്ടർമാർക്കു കൂടി നൽകി നിയമ ഭേദഗതി നിയമസഭ പാസാക്കി.

പതിച്ചു നൽകിയ ഭൂമി പതിച്ചു നൽകിയ ആവശ്യങ്ങൾക്കല്ലാതെ വിനിയോഗിച്ച കേസുകളിൽ അവ ക്രമീകരിച്ച് നൽകുന്നതിനു ഭൂപതിവ് നിയമത്തിൽ നിയമ ഭേദഗതി പാസാക്കി.

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിന് നൽകി വരുന്ന അന്വിറ്റി വർധിപ്പിക്കുന്നതിനായി ശ്രീ പണ്ടാരവക ഭൂമികൾ (നിക്ഷിപ്തമാക്കലും ബന്ധവിമോചനവും) ആക്ടിൽ ഭേദഗതി കൊണ്ടു വന്നു.

കെട്ടിട നികുതി നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിന് ഏഴ് ഭേദഗതികൾ കൊണ്ടു വന്നു. കേരള കെട്ടിട നികുതി നിയമം ഭേദഗതി നിയമസഭ പാസാക്കി.

2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ കൊണ്ടുവന്നു. 2022ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിൽ 20-ാം വകുപ്പിലും 23-ാം വകുപ്പിലും ഭേദഗതികൾ കൊണ്ടുവന്നു.

ജനോപകാരപ്രദമായ നിരവധി നിർദേശങ്ങളോടെ കേരള റവന്യൂ റിക്കവറി ഭേദഗതി നിയമം നടപ്പിലാക്കി.■

**റോഷി അഗസ്റ്റിൻ**
ജലവിഭവ വകുപ്പ് മന്ത്രി



4

എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യത്തിലൂന്നി, പരിസ്ഥിതി സൗഹൃദപരമായ മികവാർന്ന പദ്ധതികളാണ് സംസ്ഥാന ജലവിഭവ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്

# എല്ലാവർക്കും എല്ലായിടവും ശുദ്ധജലം

ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനം തുടങ്ങി നാല് വർഷം കടക്കുമ്പോൾ പകുതിയിലധികം കുടിവെള്ള കണക്ഷൻ നൽകാനായി. 70 ലക്ഷം (69,92,537) നൽകേണ്ട കണക്ഷനിൽ 38 ലക്ഷത്തോളം (38,37,858 2025 മാർച്ച് വരെ) ഗ്രാമീണ വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി.

2020 ഏപ്രിൽ1-ലെ കണക്കനുസരിച്ച് 69.92 ലക്ഷം ഗ്രാമീണ വീടുകളിൽ 17.49 ലക്ഷം വീടുകളിൽ മാത്രമാണ് കുടിവെള്ള കണക്ഷനുകൾ ഉണ്ടായിരുന്നത്. 2025 ജനുവരിയിലെ കണക്കനുസരിച്ച് 38 ലക്ഷം വീടുകളിൽ കണക്ഷൻ ലഭ്യമാക്കി. 115 പഞ്ചായത്തുകളും ഒൻപത് നിയമസഭാ മണ്ഡലങ്ങളിലും 100 ശതമാനം കുടിവെള്ള ലഭ്യത കൈവരിച്ചു.

## കുടിവെള്ള വിതരണം നഗര പ്രദേശം

ഒൻപത് നഗരങ്ങൾക്കായി അമൃത് 1.0 പദ്ധതിയിൽ 1376.62 കോടിരൂപയുടെ 206 കുടിവെള്ള വിതരണ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചു. ഇതിൽ 1081 കോടി രൂപയുടെ 184 ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചു. അമൃത് 2.0 പദ്ധതിയുടെ ഭാഗമായി രണ്ടു ഘട്ടങ്ങളിലായി 1674.80 കോടി രൂപയുടെ 157 കുടിവെള്ള വിതരണ പ്രവൃത്തികൾക്കും 457.80 കോടി രൂപയുടെ 14 സീവറേജ് പ്രവൃത്തികൾക്കും ഭരണാനുമതി ലഭ്യമായി. ഇതിൽ 38 പ്രവൃത്തികൾ പൂർത്തീകരിച്ചു. മൂന്നാം ഘട്ടത്തിൽ 446.68 കോടി രൂപയുടെ 61 ജലവിതരണ പ്രവൃത്തികൾക്കുകൂടി ഭരണാനുമതി ലഭ്യമായി.

നഗരങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ കിഫ്ബി ധനസഹായത്തോടെ നാളിതു വരെ 5399.608 കോടി രൂപയുടെ 77 പദ്ധതികൾക്ക് അനുമതി നൽകി. അവയിൽ 4969.375 കോടി രൂപയുടെ 66 കുടിവെള്ള പദ്ധതികളും 430.233 കോടി രൂപയുടെ 11 സർക്കിളുകളുടെ കീഴിലായി പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികളും ഉൾപ്പെടുന്നു. 894.45 കോടി രൂപയുടെ 26 പദ്ധതികൾ പൂർത്തിയാക്കി. ഇതുവഴി 228.5 എംഎൽഡി അധികമായി ഉൽപാദിപ്പിച്ച് ഏകദേശം 30.65 ലക്ഷത്തോളം ജനങ്ങൾക്ക് കുടിവെള്ളം സാധ്യമാക്കി. പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്ന 121 പ്രവൃത്തികളിൽ 214.86 കോടി രൂപയുടെ 51 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2021 മുതൽ നഗരപ്രദേശങ്ങളിലെ വിതരണം മെച്ചപ്പെടുത്തുന്നതിനായി 140.87 കോടി രൂപയുടെ 102 പ്രവർത്തികളിൽ 12.77 കോടി രൂപയുടെ 25 പ്രവൃത്തികൾ പൂർത്തീകരിച്ചു.

## ജലബജറ്റ്

ജല ബജറ്റ് നടപ്പിലാക്കിയ ആദ്യ സംസ്ഥാനമായി കേരളം. 1013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കി. 15 ബ്ലോക്കുകളുടെയും 94 ഗ്രാമപഞ്ചായത്തുകളുടെയും ജല ബജറ്റിങ് നവകേരളം കർമ്മ പദ്ധതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കി.

## കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ

പാലക്കാട് കരടിപ്പാറയിൽ 3.10 കോടി രൂപയുടെ പദ്ധതിയും കമ്മ്യൂണിറ്റി ഇറിഗേഷൻ സ്കീമുകൾ പ്രകാരം പാലക്കാട് മൂങ്കിൽമട (6.79 കോടി രൂപ), വലിയേരി (3.88 കോടി രൂപ), നാവിതൻകുളം (3.00 കോടി രൂപ), കന്നംകാട്ടുപതി (5.21 കോടി രൂപ) എന്നീ പ്രദേശങ്ങളിലും വയനാട് ജില്ലയിലെ അത്തിച്ചാൽ - മുണ്ടൻകൊല്ലി (2.65 കോടി രൂപ) പദ്ധതിയും കെ.ഐ.ഐ.ഡി.സി. പൂർത്തീകരിച്ചു. കെ.എം. മാണി കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ എന്ന പേരിൽ നടപ്പിലാക്കാൻ തീരുമാനിച്ച തൃശ്ശൂർ പഴയന്നൂർ, എറണാകുളം കുട്ടിത്താനാൽ, പത്തനംതിട്ട സീതത്തോട്, ഇടുക്കി വണ്ടൻമേട്, കാമാക്ഷി -പാറക്കടവ്, കോഴിക്കോട് കാഞ്ഞിരമുഴി തുടങ്ങിയ 21.53 കോടി രൂപയുടെ ആറ് പദ്ധതികൾ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്നു.

ഇടുക്കി കൽവരി മൗണ്ടിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി - ഒന്നാം ഘട്ടം 498 ലക്ഷം രൂപ, കാമാക്ഷി പഞ്ചായത്തിലെ നെല്ലിപ്പാറയിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ തുടർപ്രവർത്തനം -രണ്ട് കോടി രൂപ എന്നീ രണ്ട് പ്രവൃത്തികളും നിർവഹിക്കുന്നതിനായി കെ.ഐ.ഐ.ഡി.സി.യെ ചുമതലപ്പെടുത്തി.

## വിതരണ നഷ്ടത്തിന് പരിഹാരം

കേരള വാട്ടർ അതോറിറ്റി ഒരു കിലോലിറ്ററിന് (1000 ലിറ്റർ) വെള്ളം ശുദ്ധീകരിച്ച് വിതരണം നടത്തുമ്പോൾ 24.82 രൂപ ചെലവാകുന്നു. എന്നാൽ ഒരു കിലോലിറ്ററിന് ലഭിക്കുന്ന ശരാശരി വരുമാനം 19.80 രൂപയാണ്, നഷ്ടം 5.02 രൂപയായി കുറഞ്ഞു.

ദീർഘകാല കുടിശികകൾ പിരിച്ചെടുക്കുന്നതിന് 2022-23 ൽ ആംനെസ്റ്റി പദ്ധതി നടപ്പിലാക്കി. ലഭിച്ച 95,012 അപേക്ഷകൾ തീർപ്പാക്കി. 103.56 കോടി രൂപ പിരിച്ചെടുക്കുകയും, 452.09 കോടി രൂപ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തനരഹിതമായ മീറ്ററുകൾ അതോറിറ്റി ആവശ്യപ്പെട്ടിട്ടും മാറ്റി വെക്കാത്ത കണക്ഷനുകളിൽ അതോറിറ്റി നേരിട്ട് മീറ്ററുകൾ മാറ്റിവച്ച് വരുമാനനഷ്ടം കുറച്ചു. വിതരണ നഷ്ടം കുറയ്ക്കുന്നതിനായി കാലപ്പഴക്കം ചെന്ന 268 പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് 47 കോടി രൂപ 2025-26 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## 'സുസ്ഥിരത' പദ്ധതി

മുടങ്ങിക്കിടക്കുന്ന സാമൂഹ്യ കുടിവെള്ള പദ്ധതികളെ പുനരുജ്ജീവിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് 'സുസ്ഥിരത'. ഓരോ വർഷവും സ്കീമുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

## ജലനിധി

ജലനിധി പദ്ധതി ഒന്നും രണ്ടും ഘട്ടങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട 227 ഗ്രാമപഞ്ചായത്തുകളിൽ 5884 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

## മഴവെള്ളക്കൊയ്ത്തും ഭൂഗർഭ ജല റീചാർജും

കിണറുകളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ച 'മഴവെള്ള കൊയ്ത്ത് (RWH) & ഭൂഗർഭ ജല റീചാർജ്ജ്', പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിരിക്കുന്ന എല്ലാ പ്രവൃത്തികളും 2026 മാർച്ച് 31 നകം പൂർത്തിയാക്കുകയാണ് ലക്ഷ്യം.

## ആഴം കൂട്ടലും നീരൊഴുക്ക സുഗമമാക്കലും

വേമ്പനാട്ട് കായലിന്റെ ആഴം കൂട്ടി



## ജലസേചന പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ

- പിറവം ബ്രാഞ്ച് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള 1.60 കോടി രൂപയുടെ വിശദ റിപ്പോർട്ട് തയ്യാറാക്കി.
- കാരിക്കോട് ഡിസ്ട്രിബ്യൂട്ടറിയുടെ 2nd,3rd, 5th & 6th റീച്ചുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള 34.9 കോടി രൂപയുടെ വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി.
- വാഴത്തോപ്പ് പഞ്ചായത്ത് പാൽകുളം തോടിന് കുറുകെ ചെക്ക്ഡാം കം ബ്രിഡ്ജ് നിർമ്മാണം
- ചിന്നാർ നദിക്ക് കുറുകെ ചെക്ക്ഡാം ബ്രിഡ്ജ് നിർമ്മാണം
- ചെറുതോണി പഴയപാലത്തിന് സമീപം പെരിയാർ നദിക്ക് കുറുകെ വെന്റഡ് ക്രോസ്ബാർ കം കോസ്‌വേയുടെ നിർമ്മാണം
- മേലാറ്റൂർ വെള്ളിയാർ പുഴക്ക് കുറുകെ മണിയനിർ കടവിൽ ചെക്ക് ഡാമിന്റെ നിർമ്മാണം, പൊന്നാനി താലൂക്കിലെ വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം, കൂട്ടായി ആർ സി ബി യുടെ പുനരുദ്ധാരണം പുരോഗമിക്കുന്നു.
- ദാസനക്കര മൈക്രോ ഇറിഗേഷൻ പദ്ധതി ടെൻഡർ നടപടിയിലാണുള്ളത്.
- മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ പുതിയ പൊക്കാളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് നടപടികൾ സ്വീകരിച്ചു.
- കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർകോട് എന്നി ജില്ലകളിലായി 66 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ
- പാലക്കാട് ജില്ലയിലെ മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതിക്ക് കിഫ്ബിയിൽ നിന്ന് അനുമതി ലഭിച്ചു. കോരയാർ മുതൽ വരട്ടയാർ വരെ നിലവിലുള്ള കനാലാണ് ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത് ഇതിലൂടെ പാലക്കാട് ജില്ലയിലെ 20,440 ഹെക്ടർ മഴനിഴൽ പ്രദേശങ്ങളിലെ ജലക്ഷാമത്തിന് പരിഹാരമാകും. നിലവിൽ 66% പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സംരക്ഷിക്കുന്നതിനായുള്ള ബൃഹത് പദ്ധതി ആവശ്യമാണ്. അരൂർ മണ്ഡലത്തിലെ വേലിയേറ്റവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിനായി 875.70 ലക്ഷം രൂപയുടെ പ്രവൃത്തികൾ സമർപ്പിച്ചിട്ടുണ്ട്. പമ്പ, അച്ചൻകോവിൽ എന്നീ നദികളിലെ നീരൊഴുക്ക് സുഗമമാക്കുന്നതിനും ബണ്ട് ബലപ്പെടുത്തുന്നതിനുമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നാല് പ്രവൃത്തികളിലായി 36 കോടി രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പുറക്കാട് പഞ്ചായത്തിൽ കുറിച്ചിക്കൽ മുതൽ തോട്ടപ്പള്ളി സ്പിൽവേ വരെയുള്ള ഭാഗത്ത് പമ്പ നദിയുടെ ഇരുകരകളുടെയും സംരക്ഷണത്തിനായി 37 കോടി രൂപയുടെ പ്രവൃത്തി പുരോഗമിക്കുന്നു. വീയപുരം, ചെറുതന, കരുവാറ്റ പഞ്ചായത്തുകളിലെ വീയപുരം മുതൽ കുറിച്ചിക്കൽ വരെയുള്ള തോട്ടപ്പള്ളിപൊഴിയുടെ ഭാഗത്ത് 33 കോടി രൂപയുടെ സംരക്ഷണ പ്രവൃത്തികൾ നടന്നു വരുന്നു.

കുട്ടനാട് നിയോജക മണ്ഡലത്തിൽ വീയപുരം ബ്രിഡ്ജ് മുതൽ പ്രയത്തേരി പാടശേഖരം വരെയുള്ള ഭാഗത്ത് പമ്പാനദിയുടെ തീര സംരക്ഷണത്തിന് 2.50 കോടിരൂപയുടെ രണ്ട് പ്രവൃത്തികൾ നടന്നു വരുന്നു. തോട്ടപ്പള്ളിയിൽ പുതിയ സ്പിൽവേ നിർമ്മാണത്തിനായി മണ്ണ് പരിശോധനയും സർവേയും നടത്തി. തുടർനടപടികൾ പുരോഗമിക്കുന്നു.

തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകളുടെ പുനരുദ്ധാരണത്തിന് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന് 16.112 കോടി രൂപയുടെ ഭരണാനുമതി.

കുട്ടനാട് വെള്ളപ്പൊക്ക ലഘൂകരണത്തിനായി എ.സി.കനാൽ മനക്കച്ചിറ മുതൽ പള്ളാത്തുരുത്തി വരെ തുറന്ന് ജലനിർഗമനം സാധ്യമാക്കുന്നതിനായി മനക്കച്ചിറ മുതൽ ഒന്നാംകര വരെ (11.078 കി.മീ).14,36,74,606/ രൂപയ്ക്ക് ആദ്യഘട്ടത്തിൽ നവീകരിച്ചു. ഒന്നാംകര മുതൽ നെടുമുടി വരെ 3.42 കി.മീറ്റർ 170 കോടി രൂപ വരുന്ന രണ്ടാം ഘട്ടം തുറക്കുന്നതിനായിട്ടുള്ള ഡി.പി.ആർ സമർപ്പിച്ചു.

## കുട്ടനാട് കുടിവെള്ള പദ്ധതി

ഒന്നാം ഘട്ടമായി 70 കോടി രൂപയുടെ കുടിവെള്ള പദ്ധതിയാണ് ഉൾപ്പെടുത്തിയത്. ഇതിലെ മൂന്ന് പാക്കേജിൽ രണ്ടെണ്ണം പൂർത്തീകരിക്കുകയും പാക്കേജ് 3-ൽ ഉൾപ്പെടുത്തിയിട്ടുള്ള തകഴിയിലെ ഉന്നതല ജലസംഭരണിയും, 46 കിമീ. പൈപ്പ് ഇടുന്ന പ്രവൃത്തിയിൽ 38 കി.മീ പൂർത്തീകരിച്ചിട്ടുമുണ്ട്. കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം കിഫ്ബിയിൽ ഉൾപ്പെടുത്തി 385.01 കോടി രൂപയുടെ പുതുക്കിയ ഫണ്ടിങ് അനുമതി ലഭിച്ചു. ഒൻപത് പാക്കേജുകളിലായി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പാക്കേജ്-1ന്റെ 10% പൂർത്തീകരിച്ചു. ആലപ്പുഴ ചങ്ങനാശേരി ഹൈവേയിലെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി 67% പൂർത്തീകരിച്ചിട്ടുണ്ട്.

## സ്വീവേജ് സംസ്കരണ പദ്ധതികൾ

ഗുരുവായൂർ അഴുക്ക് ചാൽ പദ്ധതി 2021-ൽ പൂർത്തീകരിച്ചു. കൊല്ലം കുരീപുഴയിലെ മലിന ജല സംസ്കരണശാലയുടെ നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസ്സിനു മാത്രമായി ഒരു 5 എം എൽ ഡി പൂർത്തീകരിച്ചു പ്രവർത്തനം ആരംഭിച്ചു. കൊച്ചി കോർപ്പറേഷനിൽ നിർമ്മാണം പൂർത്തീകരിച്ചു. കോഴിക്കോട് കോർപ്പറേഷന് അമൃതിൽ 27 എംഎൽഡി എസ്.ടി.പി ക്കും സീവർ നെറ്റ് വർക്കിനുമായി ഭരണാനുമതി ലഭിച്ചു.

> **കിണറുകളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ച 'മഴവെള്ള കൊയ്ത്ത് (RWH)&ഭൂഗർഭ ജല റീചാർജ്ജ്',പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിരിക്കുന്ന എല്ലാ പ്രവൃത്തികളും 2026 മാർച്ച് 31 നകം പൂർത്തിയാക്കുകയാണ് ലക്ഷ്യം**

## ആലപ്പുഴ കനാലിന്റെ സൗന്ദര്യവൽക്കരണം

ഒന്നാം ഘട്ടം - ആലപ്പുഴ ടൗൺ കനാലുകളിലെ ജലഗതാഗത നവീകരണം, രണ്ടാം



# ഹിറ്റാണ് ഹില്ലി അക്വ

കുപ്പിവെള്ളത്തിന്റെ വില നിയന്ത്രിക്കുന്നതിനു വേണ്ടി വാട്ടർ അതോറിറ്റിയുടെ പാക്കേജ്ഡ് കുടിവെള്ളം ഹില്ലി അക്വ വാണിജ്യാടിസ്ഥാനത്തിൽ പുറത്തിറക്കിയത് ഏറെ ജനപ്രിയമായി. ഹില്ലി അക്വ ജിസിസി രാജ്യങ്ങളായ യുഎഇ, സൗദി അറേബ്യ, ഒമാൻ, ബഹ്റൈൻ, ഖത്തർ എന്നിവിടങ്ങളിലേക്ക് കയറ്റുമതി ആരംഭിച്ചിട്ടുമുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി ഹില്ലി അക്വ ബയോഡീഗ്രേഡബിൾ കുപ്പികളിൽ വിതരണം ഉടൻ തുടങ്ങും. ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴിയിൽ ഹില്ലി അക്വ യൂണിറ്റ് ഉടൻ ആരംഭിക്കും. ദക്ഷിണ റെയിൽവേയുടെ സഹകരണത്തോടെ റെയിൽവേ സ്റ്റേഷനുകളിലും കുപ്പിവെള്ള വിതരണം നടത്താൻ സാധിക്കുന്നു.

ജലവിഭവ വകുപ്പിനു കീഴിലുള്ള പൊതുമേഖലാസ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് (കിഡ്ക്) 'ഹില്ലി അക്വ'യുടെ ഉൽപാദനവും വിതരണവും നടത്തുന്നത്. ഒരു ലിറ്റർ കുപ്പിവെള്ളത്തിന് സ്വകാര്യ കമ്പനികൾ 20 രൂപ ഈടാക്കുമ്പോൾ 'ഹില്ലി അക്വ'യ്ക്ക് പതിനഞ്ചു രൂപയാണ് പരമാവധി വിൽപന വില. ഫാക്ടറി ഔട്ട്ലെറ്റുകൾ, റേഷൻ കടകൾ, കൺസ്യൂമർ ഫെഡ് സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ത്രിവേണി, ജയിൽ ഔട്ട്ലെറ്റുകൾ ഉൾപ്പെടെ തെരഞ്ഞെടുത്ത കൗണ്ടറുകളിൽ നിന്ന് 10 രൂപയ്ക്ക് ഒരു ലിറ്റർ കുപ്പിവെള്ളം ലഭിക്കും. അര ലിറ്റർ, രണ്ടു ലിറ്റർ കുപ്പിവെള്ളവും കുറഞ്ഞ നിരക്കിൽ ഫാക്ടറി ഔട്ട്ലെറ്റുകളിൽ ലഭ്യമാണ്. അഞ്ച് ലിറ്ററിന്റെയും 20 ലിറ്ററിന്റെയും ജാറുകളിൽ തൊടുപുഴയിലെ പ്ലാന്റിൽ നിന്നും കുടിവെള്ളം ലഭ്യമാകും.

വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി സോഡയും ശീതളപാനീയങ്ങളും ഉൽപാദിപ്പിച്ച് വിതരണം ചെയ്യാൻ സർക്കാർ അനുമതി നൽകിക്കഴിഞ്ഞു. ഒക്ടോബറോടെ വിതരണം ആരംഭിക്കാനാകും.






ഘട്ടം എന്നീ രണ്ട് പദ്ധതികൾക്കായി 108 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. പദ്ധതിയ്ക്കായി 96.509 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്ന് ലഭിച്ചു. ആലപ്പുഴ നഗരത്തിലെ ഒൻപത് പ്രധാന കനാലുകളുടെയും രണ്ട് ഉപകനാലുകളുടെയും ശുചീകരണവും ആഴം കൂട്ടലും കൂടാതെ ആലപ്പുഴ-ചേർത്തല കനാലിലെ ഒൻപത് കലുങ്കുകളുടെ നിർമ്മാണം എന്നിവയാണ് ഒന്നാം ഘട്ട പദ്ധതി ഘടകങ്ങൾ. ഇതിൽ ആലപ്പുഴ കനാൽ നവീകരണത്തിന്റെ ഒന്നാം ഘട്ട പദ്ധതി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതി പ്രവൃത്തികളിൽ ഉൾപ്പെടുത്തി 55 ഉപകനാലുകൾ, കാപ്പിത്തോട്, മടയാൻതോട് എന്നിവയുടെ ശുചീകരണവും, ആലപ്പുഴ-ചേർത്തല കനാലിലെ മൂന്ന് കോൺക്രീറ്റ് കലുങ്കുകളുടെ നിർമ്മാണം എന്നിവ നിലവിൽ 80% പ്രവൃത്തികൾ പൂർത്തീകരിച്ചു.

## ഗുണനിലവാര പരിശോധന ശക്തമാക്കി

കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എറണാകുളത്ത് എസ്.ആർ.ഐ സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും ഉൾപ്പടെ ആകെ 86 ലാബുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. മൈക്രോബയോളജി മാനദണ്ഡങ്ങൾ പരിശോധനയ്ക്ക് ഒരു സബ് ജില്ലാ ലാബും (റാന്നി) പ്രവർത്തിച്ചുവരുന്നു.


സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രാഥമിക ജലഗുണ നിലവാര പരിശോധനകൾക്കായുള്ള സംവിധാനങ്ങൾക്ക് 87 സ്കൂളുകളിലായി 510.22 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. നവകേരളം കർമ്മ പദ്ധതി -2 ൽ ഉൾപ്പെടുത്തി 5.19 കോടി രൂപ വിനിയോഗിച്ചു. 313 സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി ലഭിച്ചു. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി എന്നിവിടങ്ങളിലെ 130 സ്കൂളുകളിൽ പദ്ധതി പൂർത്തീകരിച്ചു. 157 സ്കൂളുകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിക്കുന്നു. ■



4

പവർകട്ടും ലോഡ്ഷെഡ്ഡിങ്ങുമില്ലാത്ത കേരളം എന്നത് കൺമുമ്പിലെ യാഥാർഥ്യമാണ്. ഒൻപത് വർഷങ്ങളായി പവർകട്ട് എന്ത് എന്ന് നാമറിഞ്ഞിട്ടില്ല.

പവർകട്ടും ലോഡ്ഷെഡ്ഡിങ്ങുമില്ലാത്ത കേരളം എന്നത് കൺമുമ്പിലെ യാഥാർഥ്യമാണ്. ഒൻപത് വർഷങ്ങളായി പവർകട്ട് എന്ത് എന്ന് നാമറിഞ്ഞിട്ടില്ല. ആഭ്യന്തര ഉൽപാദനത്തിന് പുറമേ സ്വതന്ത്ര ഉൽപാദകരിൽ നിന്നും കേന്ദ്ര വൈദ്യുതനിലയങ്ങളിൽ നിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് ദീർഘകാല കരാറുകളിൽ ഏർപ്പെട്ടു.



# ഇരുളറിയാത്ത കാലം

# ഈ വർഷം പൂർത്തിയാക്കുന്ന ജലവൈദ്യുത പദ്ധതികൾ

1. 60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ വിപുലീകരണ പദ്ധതി (വാർഷിക വൈദ്യുതി ഉൽപാദനം - 153.9 ദശലക്ഷം യൂണിറ്റ്). ജലവൈദ്യുത പദ്ധതിയായ പള്ളിവാസൽ വിപുലീകരണ പദ്ധതി പൂർത്തിയാക്കി പരീക്ഷണാടിസ്ഥാനത്തിൽ വൈദ്യുതി ഉൽപാദനം ആരംഭിച്ചുകഴിഞ്ഞു. വേനൽക്കാലത്ത് ഉൾപ്പെടെ വൈദ്യുതോൽപാദനം സാധ്യമാകും എന്നതാണ് പദ്ധതിയുടെ പ്രത്യേകത.

2. 24 മെഗാവാട്ട് ശേഷിയുള്ള ചിന്നാർ (വാർഷിക വൈദ്യുതി ഉൽപാദനം 76.45 ദശലക്ഷം യൂണിറ്റ്). ഈ സർക്കാരിന്റെ കാലത്ത് തന്നെ പൂർത്തീകരിക്കും.

3. ഒന്നര ദശാബ്ദത്തിലധികമായി നിർമ്മാണം ഇഴഞ്ഞുനീങ്ങുകയായിരുന്ന 40 മെഗാവാട്ട് ശേഷിയുള്ള തൊട്ടിയാർ ജലവൈദ്യുത പദ്ധതി പൂർത്തീകരിച്ചു.

4. ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണോദ്ഘാടനം നിർവഹിക്കപ്പെട്ട 40 മെഗാവാട്ട് ശേഷിയുള്ള മാങ്കുളം ജലവൈദ്യുത പദ്ധതിയും ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിക്കും.



നിലവിൽ സംസ്ഥാനത്തിന്റെ പരമാവധി വൈദ്യുതി ആവശ്യകത ഏകദേശം 6000 മെഗാവാട്ട് ആണ്. വാർഷിക വൈദ്യുതി ആവശ്യകതയുടെ ശരാശരി 30 ശതമാനം മാത്രമാണ് ആഭ്യന്തരമായി ഉൽപാദിപ്പിക്കപ്പെടുന്നത്. ആഭ്യന്തര ഉൽപാദന ശേഷി 4347.8 മെഗാവാട്ട് ഉണ്ടെങ്കിലും ഇതിൽ 1516 മെഗാവാട്ട് വൈദ്യുതി സോളാർ നിലയങ്ങളിൽ നിന്നുമാണ്. അവ ആവശ്യകത ഏറ്റവും കൂടുതലുള്ള സമയം ലഭ്യമാകുന്നില്ല.

## ഭാവി ആവശ്യങ്ങൾക്ക് സുസജ്ജം

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പുറത്തിറക്കിയ 20-ാമത് ഇലക്ട്രിക് പവർ സർവേ ഓഫ് ഇന്ത്യ റിപ്പോർട്ട് പ്രകാരം 2030-31 വർഷം കേരളത്തിലെ പരമാവധി വൈദ്യുതി ആവശ്യകത 6707 മെഗാവാട്ട് ആയിരിക്കും. കഴിഞ്ഞ രണ്ടുവർഷങ്ങളിൽ സംസ്ഥാനത്തെ വൈദ്യുതി ആവശ്യകതയിൽ അനിതരസാധാരണമായ വർധന ഉണ്ടായത് കണക്കിലെടുത്ത്, സംസ്ഥാനത്തെ വൈദ്യുതി ആവശ്യകത 2030 ഓടുകൂടി 10,000 മെഗാവാട്ട് എത്തിയാലും, അത് നിറവേറ്റാൻ സാധിക്കുന്നതരത്തിൽ സജ്ജമാകുകയാണ് കെഎസ്ഇബി ലക്ഷ്യമിടുന്നത്. ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുക, സ്റ്റോറേജ് സംവിധാനം ഉറപ്പുവരുത്തുക, സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർധിപ്പിക്കുക, അതോടൊപ്പംതന്നെ അത്രയും വൈദ്യുതി

> **സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പുറത്തിറക്കിയ 20-ാമത് ഇലക്ട്രിക് പവർ സർവേ ഓഫ് ഇന്ത്യ റിപ്പോർട്ട് പ്രകാരം 2030-31 വർഷം കേരളത്തിലെ പരമാവധി വൈദ്യുതി ആവശ്യകത 6707 മെഗാവാട്ട് ആയിരിക്കും.**







സംസ്ഥാനത്തുടനീളം തടസ്സരഹിതമായി എത്തിക്കാനാകും വിധം പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തുക എന്നിവയാണ് ഏറ്റെടുത്തിരിക്കുന്നത്.

വരുംവർഷങ്ങളിൽ ഏകദേശം 1500 മെഗാവാട്ട് വൈദ്യുതി വൻകിട ജലവൈദ്യുതി പദ്ധതികളിൽ നിന്നും കണ്ടെത്തും. 800 മെഗാവാട്ട് സ്ഥാപിതശേഷിയുമായി ഇടുക്കി പദ്ധതിയുടെ രണ്ടാം ഘട്ടം, 240 മെഗാവാട്ട് ശേഷിയിൽ ലക്ഷ്മി പദ്ധതി, 450 മെഗാവാട്ട് ശേഷിയുള്ള ശബരിഗിരി എക്സ്റ്റെൻഷൻ പദ്ധതി എന്നിവ ഇതിൽപെടും.

നിലവിൽ 187.536 മെഗാവാട്ട് ശേഷിയുള്ള 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. കൂടാതെ 92 മെഗാവാട്ട് ശേഷിയുള്ള ചെറുകിട പദ്ധതികളും 2030 നുള്ളിൽ പൂർത്തീകരിക്കും.

സംസ്ഥാനത്തെ ആഭ്യന്തര വൈദ്യുതി ഉൽപാദനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നേടിയത് 1360.75 മെഗാവാട്ടിന്റെ വർധനവാണ്. ജലവൈദ്യുത പദ്ധതികൾ വഴി 148.5 മെഗാവാട്ടും, സൗരോർജ നിലയങ്ങൾ വഴി 1211 മെഗാവാട്ടും 1.25 മെഗാവാട്ട് കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദന നിലയങ്ങൾ വഴിയുമാണ്.

## സൗരോർജ നിലയങ്ങൾ

പുരപ്പുറ നിലയങ്ങളുടെ വ്യാപനത്തിൽ രാജ്യത്തിനുതന്നെ മാതൃകയായ കേരളത്തിൽ ശരാശരി 30 മെഗാവാട്ട് ഓരോ മാസവും കൂട്ടിച്ചേർക്കപ്പെടുന്നുണ്ട്. ഈ വർഷം അവസാനത്തോടെ പുരപ്പുറ സോളാർ നിലയങ്ങളിൽ നിന്നും, ഫ്ളോട്ടിങ്ങ് സോളാർ നിലയങ്ങളിൽ നിന്നും സോളാർ പാർക്കുകളിൽ നിന്നുമായി 500 മെഗാവാട്ട് കണ്ടെത്താൻ സാധിക്കും. 2030 ഓടുകൂടി സോളാർ സ്ഥാപിതശേഷി 3000-3500 മെഗാവാട്ട് ആകും.

## ബാറ്ററി സ്റ്റോറേജ് പദ്ധതികൾ

ബാറ്ററി സ്റ്റോറേജ് പദ്ധതികൾ കാലതാമസം കൂടാതെ സ്ഥാപിക്കാൻ കഴിയും എന്നതും അവയുടെ ചെലവ് ഗണ്യമായി കുറഞ്ഞുവരുന്നു എന്നതും കണക്കിലെടുത്ത് വരും വർഷങ്ങളിൽ 2000 MW/5000 MWh ശേഷിയുള്ള ബാറ്ററി സ്റ്റോറേജ് പദ്ധതികൾ കേരളത്തിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ 250 MW/ 1000 MWh BESS ഉടൻ നടപ്പിലാക്കും. ■

എ. കെ. ശശീന്ദ്രൻ
വനം-വന്യജീവി വകുപ്പ് മന്ത്രി



ഏറ്റവും പുതിയ സാങ്കേതിക വിദ്യകളുപയോഗിച്ചും മറ്റ് വകുപ്പുകളുമായി സഹകരിച്ചും പൊതുജന പങ്കാളിത്തത്തോടും മനുഷ്യ വന്യജീവി സംഘർഷം നേരിടാൻ ബഹുമുഖമായ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്

# മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് ജാഗ്രതയോടെ

വനപരിപാലനം, വന്യജീവി സുരക്ഷ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വേണ്ടുന്ന പദ്ധതികൾ തുടങ്ങി വിവിധ മേഖലകളിൽ അർത്ഥപൂർണ്ണമായ നടപടികൾ സ്വീകരിച്ചുവരികയാണ് വനം വന്യജീവി വകുപ്പ്. ഏറ്റവും പുതിയ സാങ്കേതികവിദ്യകളുപയോഗിച്ചും മറ്റ് വകുപ്പുകളുമായി സഹകരിച്ചും പൊതുജനപങ്കാളിത്തത്തോടും മനുഷ്യ വന്യജീവി സംഘർഷം നേരിടാൻ ബഹുമുഖമായ നടപടികളാണ് വകുപ്പ് സ്വീകരിച്ചുവരുന്നത്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി കൂടുതൽ കർമ്മപദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്.

- വന്യജീവി പ്രതിരോധത്തിനായി 1051.53 കി.മീ സോളാർ വേലി, 120.37 കി.മീ സോളാർ ഹാങ്ങിങ് ഫെൻസിങ്ങും 10 കി.മീ റെയിൽ ഫെൻസിങ്ങും വിവിധ ഇടങ്ങളിൽ നിർമ്മിച്ചു. കൂടാതെ 69.07 കി.മീ. ആനക്കിടങ്ങ്, 1.92 കി.മീ. ആന പ്രതിരോധ മതിൽ, 1.58 കി.മീ. കരിങ്കൽ ഭിത്തി, 2.09 കി.മീ. കയ്യാല എന്നിവയും നിർമ്മിച്ചു.
- വന്യജീവി ആക്രമണ പ്രതിരോധത്തിന് 10 മിഷനുകൾ. വന്യമൃഗങ്ങളുടെ നീക്കം മുൻകൂട്ടി അറിയുന്നതിനായി മിഷൻ റിയൽ ടൈം മോണിറ്ററിങ്, വന്യജീവി ആക്രമണ പ്രദേശത്ത് സമയബന്ധിത ഇടപെടൽ ഉറപ്പ് വരുത്തുന്നതിനായി മിഷൻ പ്രൈമറി റെസ്പോൺസ് ടീം ഗോത്രസമൂഹങ്ങൾ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിന് സ്വീകരിച്ചുപോന്ന പരമ്പരാഗത അറിവുകൾ ശേഖരിക്കുന്നതിന് മിഷൻ ട്രൈബൽ നോളജ് വന്യജീവികൾക്ക് വനത്തിനുള്ളിൽ ജല-ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിന് മിഷൻ ഫുഡ്-ഫോഡർ-വാട്ടർ നാടൻ കുരങ്ങുകളുടെ ശല്യം നിയന്ത്രിക്കുന്നതിന് Mission Bonnet Macaque
- കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കുന്നതിന് Mission Wild Pig പാമ്പ് കടിയേറ്റുള്ള മരണനിരക്ക് പൂർണ്ണമായി ഇല്ലാതാക്കാൻ മിഷൻ സർപ്പക വന്യജീവി സംഘർഷത്തിന്റെ കാരണം സംബന്ധിച്ച പഠന-ഗവേഷണങ്ങൾക്കായുള്ള മിഷൻ നോളജ് സൗരോർജ വേലികൾ പരമാവധി പ്രവർത്തനക്ഷമമാക്കാൻ മിഷൻ സോളാർ ഫെൻസിങ് പദ്ധതിയിലൂടെ 2024-25 വർഷത്തിൽ 848 കി.മീ. സോളാർ ഫെൻസിങ് പ്രവർത്തനയോഗ്യമാക്കി.
- മനുഷ്യ-വന്യജീവി സംഘർഷം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുക -Mission Sensitization to Public

# 'സർപ്പ' മൊബൈൽ ആപ്ലിക്കേഷൻ

പാമ്പുകളുടെ സംരക്ഷണത്തിനും വിഷപ്പാമ്പുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും ആവിഷ്കരിച്ച സർപ്പ മൊബൈൽ ആപ്പിൽ മറ്റു വന്യജീവികൾ മൂലമുള്ള സംഘർഷങ്ങൾ കൂടി റിപ്പോർട്ട് ചെയ്യാനും പരിഹരിക്കാനുമാവുന്ന പരിഷ്കാരങ്ങൾ വരുത്തി. ആന്റിവെനം ഉൽപാദന -വിതരണത്തോടൊപ്പം ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നു. പാമ്പ് വിഷബാധ ജീവഹാനിരഹിത കേരളം എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.




## മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ

സംസ്ഥാനത്തുടനീളം 28 ആർ.ആർ.ടികളെ വിന്യസിച്ചു. മനുഷ്യ-വന്യജീവി സംഘർഷത്തെ "സംസ്ഥാന സവിശേഷ ദുരന്തമായി"പ്രഖ്യാപിച്ചുകൊണ്ട്, വനം വകുപ്പ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്റ്റേറ്റ് എമർജൻസി ഓപ്പറേറ്റിങ് സെന്ററും ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ എമർജൻസി ഓപ്പറേറ്റിങ് സെന്ററുകളും ആരംഭിച്ചു കാട്ടുപന്നികളെ കൊല്ലുന്നതിന് ഉത്തരവ് നൽകാനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും നൽകി. അവരെ ഹോണററി വൈൽഡ് ലൈഫ് വാർഡന്മാരായി നിയമിച്ച് ഉത്തരവിട്ടു.

- എ ഐ ക്യാമറകൾ, പെരിമീറ്റർ ഇൻട്രൂഷൻ ഡിറ്റക്ഷൻ സിസ്റ്റം, ഏർളി വാർണിങ് സിസ്റ്റം ഡിജിറ്റൽ (സെൻസർ) വാളുകൾ എന്നീ സാങ്കേതിക വിദ്യകൾ സംയോജിപ്പിച്ച് കൊണ്ട് സ്മാർട്ട് ഫെൻസുകൾ അതിപ്രധാന സംഘർഷ മേഖലകളിൽ നിർമ്മിച്ചുവരുന്നു. വന്യജീവികളുടെ സാന്നിധ്യം മുൻകൂട്ടി അറിയുന്നതിന് Animal Intrusion Detection and Repellent System (ANIDERS) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി. വന്യജീവി നിരീക്ഷണത്തിനു ഡ്രോൺ ക്യാമറകൾ വാങ്ങാൻ തീരുമാനിച്ചു.
- ജനവാസമേഖലയിലേക്ക് പ്രവേശിക്കുന്ന കാട്ടാനകളെ ശബ്ദവും വെളിച്ചവും ഉണ്ടാക്കി കാട്ടിലേക്ക് തിരികെ വിടുന്നതിന് ആധുനിക അലാറം സിസ്റ്റം പ്രയോജനപ്പെടുത്തിവരുന്നു M-StriPES മൊബൈൽ ആപ്പിലൂടെ ജീവനക്കാരുടെ പട്രോളിങ്, ഫീൽഡ് പരിശോധന, വന്യജീവികളുടെ കണക്കെടുപ്പ് സഞ്ചാരങ്ങൾ റിയൽ ടൈമായി രേഖപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.
- HAWK എന്ന മോഡ്യൂൾ മുഖേന വന്യജീവി മരണങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാനും വിശകലനം ചെയ്യാനും ഡാഷ്ബോർഡ് തയ്യാറാക്കി ഡേറ്റ എൻട്രി നടത്തിവരുന്നു.
- വയനാട് ഇരുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ 70 മീറ്റർ സ്മാർട്ട് ഫെൻസിങ് പരീക്ഷണാടിസ്ഥാനത്തിൽ സ്ഥാപിച്ചു. വിവിധ സർക്കിളുകളിലായി 891 താല്ക്കാലിക വാച്ചർമാരെ നിയോഗിച്ചു.
- സെറ്റിൽമെന്റുകളിൽ 1000 സോളാർ ലൈറ്റുകളും 60 ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കാനും പദ്ധതി ആരംഭിച്ചു. വനാശ്രിതരായ ആദിവാസി വിഭാഗത്തിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പി.എസ്.സി മുഖാന്തരം നിയമിച്ചു.
- സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയായ 'നവകിരണം' പദ്ധതി പ്രകാരം വനത്തിനകത്ത് വന്യജീവി ആക്രമണം നേരിട്ടുകൊണ്ടിരിക്കുന്ന 818 കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകി 160.5904 ഹെക്ടർ ഭൂമിയിൽ നിന്നും ആളുകളെ മാറ്റി താമസിപ്പിച്ചു.
- മനുഷ്യ-വന്യജീവി സംഘർഷം മൂലം ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും സ്വത്തിനും കൃഷിക്കും നാശം സംഭവിച്ചവർക്കുമുള്ള





ഡിവിഷനു കീഴിൽ 98.7 ലക്ഷം രൂപയും സൗത്ത് വയനാട് ഡിവിഷനു കീഴിൽ 115.7 ലക്ഷം രൂപയും, വയനാട് വന്യജീവി സങ്കേതത്തിൽ 200 ലക്ഷം രൂപയും ചെലവഴിച്ച് സൗരോർജ തൂക്കുവേലി നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു.

- കാമ്പ് വനമേഖലയിൽ (core area) യാതൊരുവിധ ബാഹ്യ ഇടപെടലുകളും നടത്താതെ സ്വാഭാവിക അസ്പർശിത ഉൾവനങ്ങളായി നിലനിർത്തുന്നതിന്റെ ഭാഗമായി 1,583.85ഹെക്ടർ വന പ്രദേശം പുനസ്ഥാപിച്ചു
- കാർഷിക വനവത്കരണം നടപ്പിലാക്കുന്നതിന് നല്ലയിനം തൈകൾ ഉൽപാദിപ്പിച്ച് വനേതര പ്രദേശങ്ങളിൽ വച്ചു പിടിപ്പിക്കുന്നതിനും പരിപാലനത്തിനുമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 'വൃക്ഷ സമൃദ്ധി' നടപ്പിലാക്കി. 21.31 ലക്ഷം തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തു.
- മധ്യവർത്തികളുടെ ഇടപെടലില്ലാതെ വനവിഭവങ്ങൾ ആദിവാസി സമൂഹത്തിന് വിപണനം ചെയ്യുന്നതിനായി 'വനശ്രീ'പദ്ധതി.
- കണ്ടൽക്കാടുകൾ, കാവുകൾ എന്നിവയുടെ സംരക്ഷണ-പരിപാലനത്തിന് ധനസഹായം നൽകുന്നു.

**തേനീച്ച/കടന്നൽ കുത്തേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് രണ്ട് മുതൽ 10 ലക്ഷം വരെ നഷ്ടപരിഹാരത്തിന് അനുമതി നൽകിയത് ഈ സർക്കാരാണ്**

നഷ്ടപരിഹാരമായി 2020-21 മുതൽ 2023-24 വരെ 33,784 അപേക്ഷകളിൽ 5584.35 ലക്ഷം രൂപ അനുവദിച്ചു. നഷ്ടപരിഹാരത്തുക ഉൾപ്പെടെ 2011 മുതൽ ഇതേവരെ ഉണ്ടായിരുന്ന കുടിശികയുടെ 95% വും കൊടുത്തുതീർത്തു.

- വന്യജീവി അല്ലാതിരുന്നിട്ടും തേനീച്ച/കടന്നൽ കുത്തേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് രണ്ട് മുതൽ 10 ലക്ഷം വരെ നഷ്ടപരിഹാരത്തിന് അനുമതി നൽകിയത് ഈ സർക്കാരാണ്.
- വന്യമൃഗങ്ങൾക്ക് ആവശ്യമായ ജല-ഭക്ഷണലഭ്യത വനത്തിനുള്ളിൽ ഉറപ്പ് വരുത്തുന്നതിനുമായി കുളങ്ങളും മറ്റ് ജലസംഭരണികളും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കി. അധിനിവേശ കളസസ്യങ്ങളെ ഉന്മൂലനം ചെയ്തു ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ പ്രോത്സാഹിപ്പിച്ചും വന്യമൃഗങ്ങളെ വനാന്തരങ്ങളിൽ തന്നെ നിലനിർത്തുക എന്ന ഉദ്ദേശത്തിൽ മിഷൻ ഫുഡ് ഫോഡർ ആൻഡ് വാട്ടർ പദ്ധതി ആരംഭിച്ചു. വിവിധയിടങ്ങളിലായി 1434 കുളങ്ങൾ, ചെക്കുഡാമുകൾ എന്നിവയിലും 574 വയലുകളും 308 മറ്റിതര ജലസ്രോതസ്സുകളിലും അധികമായി അടിഞ്ഞു കൂടിയ ചെളിയും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്തു.

## വയനാട് സമഗ്ര വികസന പാക്കേജ്

- മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി നോർത്ത് വയനാട് ...

- കാട്ടുതീ സംബന്ധിച്ച വിവരങ്ങൾ, മുന്നറിയിപ്പുകൾ എന്നിവ യഥാസമയം അറിയിക്കുന്നതിനായി എട്ട് സർക്കിൾ തല ഫയർ കൺട്രോൾ റൂമുകളും 36 ഡിവിഷൻ തല ഫയർ കൺട്രോൾ റൂമുകളും റെയിഞ്ച്, സ്റ്റേഷൻ തലത്തിൽ ഫയർ കൺട്രോൾ റൂമുകളും സജ്ജമാക്കിയിട്ടുണ്ട്. വനം വകുപ്പ് ആസ്ഥാനത്ത് മുഴുവൻ സമയ കൺട്രോൾ റൂം പ്രവർത്തിക്കുന്നു.
- വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനു ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയായി 9,441 എണ്ണം ജണ്ടകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

## അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി

> അയൽ സംസ്ഥാനങ്ങളുടെ സഹകരണത്തോടെ വന്യജീവി സംഘർഷം ലഘൂകരിക്കുക ലക്ഷ്യം. ഇതിന്റെ ഭാഗമായി കർണാടകയിലെ ബന്ദിപ്പൂരിൽ കേരളവും കർണാടകയും തമിഴ്നാടും അന്തർ സംസ്ഥാന ധാരണപത്രം ഒപ്പിട്ടു. മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതിനു 280 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു.

- സർവേയും ഭൂരേഖയും വകുപ്പ് നടത്തിവരുന്ന 'എന്റെ ഭൂമി" പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വനാതിർത്തി ഡിജിറ്റലൈസേഷനും പൂർത്തിയാകും.
- സ്വാഭാവിക വനപുനഃസ്ഥാപനത്തിന്റെ ഭാഗമായി 1,583.85 ഹെക്ടർ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ ഏകവിള തോട്ടങ്ങൾ നീക്കം ചെയ്ത് വനങ്ങളാക്കി.
- കേരള വനം ഇക്കോട്ടൂറിസം വികസന അതോറിറ്റിയുടെ രൂപീകരണം അന്തിമ ഘട്ടത്തിലാണ്.
- പാരിസ്ഥിതികസംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ)സംബന്ധിച്ച പ്രശ്നങ്ങൾ ജനോപകാരപ്രദമായ രീതിയിൽ പരിഗണിക്കുന്നതിന് വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ തുടങ്ങിയവയ്ക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ നിശ്ചയിക്കുമ്പോൾ ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ഒഴിവാക്കണമെന്ന നിലപാടിൽ സുപ്രീംകോടതിയിൽ നിന്നും അനുകൂല വിധി നേടാൻ കഴിഞ്ഞു.
- വിവിധ ജില്ലകളിൽ സംഘടിപ്പിച്ച വനസൗഹൃദ സദസ്സിൽ ലഭിച്ച 4977 പരാതികളിൽ 431 പരാതികൾക്ക് തീർപ്പായി. വന്യമൃഗ ആക്രമണം, പരിക്ക്, കൃഷിനാശം തുടങ്ങിയ വകയിൽ അപേക്ഷകർക്ക് നഷ്ടപരിഹാരമായി 2.26 കോടി നൽകി.
- മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ഉൾപ്പെടെ ആകെ 2021-22 ൽ 22 കോടിയും 2022-23ൽ 25 കോടിയും 2023-24ൽ 30.85 കോടിയും 2024-25 ൽ 48.85 കോടിയും അനുവദിച്ചിട്ടുണ്ട്. മനുഷ്യ വന്യജീവി സംഘർഷം തടയുന്നതിനുള്ള പ്രത്യേക ഫണ്ടെന്ന ഉള്ള നിലയിൽ 110 കോടി രൂപ അനുവദിച്ചു. സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്ററിന് വേണ്ടി 3.72കോടി രൂപയും വയനാട് ജില്ലയ്ക്ക് മാത്രമായി 50 ലക്ഷം രൂപയും അനുവദിച്ചു.



- വനത്തിന് പുറത്ത് പാമ്പ് കടിയേറ്റും തേനീച്ച/ കടന്നൽകുത്തേറ്റും മരണമടയുന്നവരുടെ അവകാശികൾക്ക് നാല് ലക്ഷം രൂപ വീതം സംസ്ഥാനദുരന്ത നിവാരണഫണ്ടിൽ നിന്നും നൽകാൻ തീരുമാനിച്ചു.
- സാമൂഹ്യ വനവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വനൗഷധസമൃദ്ധി, വിദ്യാവനം പദ്ധതി, നഗരവനം പദ്ധതി, തീരവനം പദ്ധതി, ഇൻസ്റ്റിറ്റ്യൂഷൻ പ്ലാൻ, ഫോറസ്ട്രി ക്ലബ്ബുകൾ നടപ്പിലാക്കി
- സംസ്ഥാനത്തെ ആന - മനുഷ്യ സംഘർഷം എന്ന പ്രശ്നം പരിഹരിക്കുക, നാട്ടാനകളുടെ ക്ഷേമം എന്നിവ ലക്ഷ്യമിട്ട് 105 കോടി രൂപ മുതൽമുടക്കിൽ തിരുവനന്തപുരം കോട്ടൂരിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ആന പുനരധിവാസ കേന്ദ്രം സ്ഥാപിച്ചു.
- തൃശ്ശൂർ മൃഗശാല, പുത്തൂർ വനമേഖലയിലെ സുവോളജിക്കൽ പാർക്കിലേക്ക് മാറ്റുന്നു. 350 കോടി രൂപയാണ് അടങ്കൽത്തുക.
- കൊല്ലം കുളത്തൂപ്പുഴയിൽ നാച്വറൽ ഹിസ്റ്ററി ഫോറസ്റ്റ് മ്യൂസിയം നിർമ്മാണം പൂർത്തിയാക്കി
- കോഴിക്കോട് ടൈഗർ സഫാരി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടരുന്നു.
- 2022-ൽ ഇന്ത്യയിലെ ടൈഗർ റിസർവുകളുടെ പട്ടികയിൽ പെരിയാർ ടൈഗർ റിസർവ് ഒന്നാം സ്ഥാനം നേടി. 2023-ൽ പെരിയാർ ടൈഗർ റിസർവിന് ഗ്ലോബൽ ടൈഗർ ഫോറത്തിന്റെ CATS (Conservation Assured Tiger Standards) അക്രെഡിറ്റേഷൻ ലഭിച്ചു.
- ഇന്ത്യാ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിന്റെ കണക്ക് പ്രകാരം കഴിഞ്ഞ ദശകത്തിൽ വനപ്രദേശത്തിന്റെ പുറത്തെ വനാവരണ വളർച്ച ഏറ്റവും കൂടുതൽ കേരളത്തിലാണ്. ■

**രാമചന്ദ്രൻ കടന്നപ്പള്ളി**
മ്യൂസിയം, പുരാവസ്തു, പുരാരേഖ - രജിസ്ട്രേഷൻ വകുപ്പ് മന്ത്രി



4

ചരിത്രത്തിന്റെ നേർസാക്ഷ്യങ്ങളും ശേഷിപ്പുകളും സംരക്ഷിക്കാൻ പുത്തൻ പദ്ധതികൾ

# ചരിത്രത്തിലേക്ക് വെളിച്ചം വീശി

നാടിന്റെ മഹത്തായ പാരമ്പര്യത്തിന്റെയും പൈതൃകത്തിന്റെയും ശേഷിപ്പുകളും ചരിത്രസ്മാരകങ്ങളും രേഖകളുമെല്ലാം സംരക്ഷിക്കുന്നതിനുള്ള കാര്യക്ഷമവും സമഗ്രവുമായ ഇടപെടലുകളാണ് മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുകൾ നിർവഹിക്കുന്നത്. ചരിത്രസത്യങ്ങൾ സങ്കുചിതമായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വികലമാക്കപ്പെടുന്ന വർത്തമാനകാല സാഹചര്യത്തിൽ ചരിത്രത്തിന്റെ നേർസാക്ഷ്യങ്ങളായ ഇത്തരം ശേഷിപ്പുകൾ സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമായ ദൗത്യമാണ്.

## മ്യൂസിയം വകുപ്പ്

- ആധുനിക മ്യൂസിയം സങ്കൽപങ്ങൾക്കനുസരിച്ച് തീമാറ്റിക്ക് മ്യൂസിയങ്ങൾ അഥവാ കഥ പറയുന്ന മ്യൂസിയങ്ങളായി ഒൻപത് വർഷത്തിനിടയിൽ നിരവധി മ്യൂസിയങ്ങൾ സംസ്ഥാനത്ത് സജ്ജമാക്കി. ദേശീയ തലത്തിൽ ശ്രദ്ധേയമായ തിരുവനന്തപുരത്തെ നാച്വറൽ ഹിസ്റ്ററി മ്യൂസിയവും തിറയുടെയും തറിയുടേയും നാടായ കണ്ണൂരിലെ പയ്യാമ്പലത്ത് കൈത്തറിയുടെ കഥ പറയുന്ന കൈത്തറി മ്യൂസിയവും വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ ഗോത്രവർഗ സംസ്കാരം ആലേഖനം ചെയ്യുന്ന കുങ്കിച്ചിറ പൈതൃക മ്യൂസിയവും നാടിന് സമർപ്പിച്ചു.
- തിരുവനന്തപുരത്തെ മ്യൂസിയം മൃഗശാല വകുപ്പ് ആസ്ഥാനത്ത് രാജാ രവിവർമ്മയുടെ അമൂല്യചിത്രങ്ങൾ പ്രദർശിപ്പിച്ച നവീകരിച്ച രാജാ രവിവർമ്മ ആർട്ട് ഗ്യാലറിയും അനുബന്ധമായ ആമുഖ ഗ്യാലറിയും നാടിന് സമർപ്പിച്ചു.
- എ.കെ.ജിയുടെ സ്മരണ നിലനിർത്തുന്നതിന് കണ്ണൂർ ധർമ്മടം നിയോജക മണ്ഡലത്തിലെ പെരളശ്ശേരിയിൽ നിർമ്മിക്കുന്ന എ.കെ.ജി.സ്മൃതി മ്യൂസിയം ഉദ്ഘാടന സജ്ജമായി.
- തിറയുടെ നാടായ കണ്ണൂരിൽ കല്യാശ്ശേരി മണ്ഡലത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
- കോഴിക്കോട് ആർട്ട് ഗ്യാലറി കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ കെട്ടിടം പുരാവസ്തു വകുപ്പ് മുഖേന പുനരുദ്ധാരണ പ്രവൃത്തികൾ നിർവഹിച്ച് പൂർത്തീകരിച്ചു. രണ്ടാം ഘട്ടമായി ആർട്ട് ഗ്യാലറിയിൽ പ്രദർശന സംവിധാനം സജ്ജീകരിക്കുന്നതിന് 2.85 കോടിയുടെ ഡി.പി.ആർ സമർപ്പിച്ചു.
- തൃശ്ശൂർ മ്യൂസിയം മൃഗശാലയിലെ മൃഗങ്ങളെ പുത്തൂർ മൃഗശാലയിലേക്ക് മാറ്റുന്ന മുറയ്ക്ക് അവിടെ കേരളത്തിന്റെ വിശിഷ്ടമായ വളർച്ചയുടെ പടവുകൾ രേഖപ്പെടുത്തുന്ന കേരള സംസ്ഥാന



**കൈത്തറി മ്യൂസിയം, കണ്ണൂർ**

മ്യൂസിയം സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചു.

- തൃശ്ശൂരിൽ മൾട്ടി പർപ്പസ് മ്യൂസിയം പുനരുദ്ധാരണം നടത്തി.
- തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിൽ സന്ദർശകരുടെ വിജ്ഞാനത്തിനും ആസ്വാദനത്തിനുമായി ആധുനിക സാങ്കേതിക മികവിൽ ഗൈഡഡ് ടൂർ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് തുടക്കം കുറിച്ചു.
- മ്യൂസിയങ്ങളെ അവലോകനം ചെയ്യാനും മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും മ്യൂസിയം കമ്മിഷനെ നിയോഗിക്കണമെന്ന രണ്ടാം പിണറായി സർക്കാരിന്റെ തിരഞ്ഞെടുപ്പ് പത്രികയിലെ വാഗ്ദാനം നിറവേറ്റി.

## പുരാവസ്തു വകുപ്പ്

- ഏഴ് പുതിയ മ്യൂസിയങ്ങൾ സ്ഥാപിച്ചു.
- കേരളത്തിലെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഉജ്ജ്വലമായ പങ്ക് വഹിച്ച പയ്യന്നൂരിലെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടത്തിൽ സജ്ജമാക്കിയ ഗാന്ധി സ്മൃതി മ്യൂസിയത്തിൽ ഗാന്ധിയൻ സമരചരിത്രം, ഗാന്ധിജിയുടെ കേരള സന്ദർശനങ്ങൾ, ഉത്തരകേരളത്തിൽ നടന്ന സ്വാതന്ത്ര്യസമര പ്രവർത്തനങ്ങൾ, കാർഷിക സമരങ്ങൾ എന്നിവ ദൃശ്യവൽക്കരിച്ചു.
- തൃശ്ശൂരിന്റെ സാംസ്കാരിക പെരുമ വരച്ചുകാട്ടുന്ന പൈതൃക മ്യൂസിയത്തിൽ പഴയ കൊച്ചിരാജ്യത്തെ ചുവർചിത്രങ്ങളുടെ പകർപ്പുകൾ പ്രദർശിപ്പിച്ചു.
- പൈനാവിൽ സജ്ജീകരിച്ചിരിക്കുന്ന ഇടുക്കി പൈതൃക മ്യൂസിയം മഹാശിലാ സംസ്കാരകാലം മുതൽ ആധുനിക കാലം വരെയുള്ള കഥ അനാവരണം ചെയ്യുന്നു.
- സംഗീതപാരമ്പര്യത്തെ മുൻനിർത്തി സജ്ജീകരിച്ചിരിക്കുന്ന പാലക്കാട് പൈതൃക മ്യൂസിയത്തിൽ വിവിധ വാദ്യോപകരണങ്ങൾ, സംഗീത സമ്പ്രദായങ്ങൾ എന്നിവ ഒരുക്കി.
- ചരിത്ര പ്രസിദ്ധമായ ഫോർട്ട് കൊച്ചി ബാസ്റ്റിൻ ബംഗ്ലാവിൽ കൊച്ചിയുടെ ചരിത്രവും വൈദേശിക ബന്ധങ്ങളും അനാവൃതമാകുന്ന എറണാകുളം പൈതൃക മ്യൂസിയം സജ്ജീകരിച്ചു.
- തിരൂരങ്ങാടിയിലെ ചരിത്രപ്രസിദ്ധമായ ഹജ്ജൂർ കച്ചേരി മന്ദിരത്തിൽ സജ്ജീകരിച്ച മലപ്പുറം പൈതൃക മ്യൂസിയം മലപ്പുറത്തിന്റെ സംസ്കാരം ചരിത്രം, പ്രകൃതി, രാഷ്ട്രീയമാറ്റങ്ങൾ എന്നിവ അനാവരണം ചെയ്യുന്നു.
- കോയിക്കൽ കൊട്ടാരം മ്യൂസിയം, ഹിൽപാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം, പത്മനാഭപുരം കൊട്ടാരം മ്യൂസിയം, തൃശ്ശൂർ പുരാവസ്തു മ്യൂസിയം എന്നിവയുടെ സമഗ്രമായ പുനഃസജ്ജീകരണം നടത്തി.
- നൂറോളം സ്മാരകങ്ങളുടെ ശാസ്ത്രീയ സംരക്ഷണം ഈ കാലയളവിൽ നടത്തി.
- കണ്ണൂർ ഏഴിമല കോട്ടയിലും വളാഞ്ചേരിയിലെ പറമ്പത്ത്കാവിലും വിശദമായ ശാസ്ത്രീയ പരിശോധന നടത്തി. പുരാതത്വപരമായി പ്രധാന്യമുള്ള മാടായിപ്പാറയിൽ വിപുലമായ ഫീൽഡ് സർവെ നടത്തി.
- പാലക്കാട് അട്ടപ്പാടി പ്രദേശത്ത് സമഗ്ര പുരാതത്വ സർവെ പൂർത്തിയാക്കി.
- കാസർഗോഡ് ചീമേനിക്കടുത്ത് അരിയിട്ടപാറയിലെ അഞ്ചേക്കർ വരുന്ന പ്രദേശത്ത് നടത്തിയ പുരാതത്വപര്യ

**1921 ലെ മലബാർ സമരവുമായി ബന്ധപ്പെട്ട മലപ്പുറം മുടിക്കോടുള്ള ബ്രിട്ടീഷ് ട്രാൻസിറ്റ് ജയിലിന്റെ അവശിഷ്ടങ്ങൾ പര്യവേഷണത്തിലൂടെ വെളിച്ചത്തുകൊണ്ടുവരാനും അവ ഡോക്യുമെന്റ് ചെയ്യാനും സാധിച്ചു.**




വേക്ഷണത്തിൽ ചെങ്കൽപ്പാറകളിലെ കൊത്തുചിത്രങ്ങളും മഹാശിലാ സ്മാരകങ്ങളും കണ്ടെത്തി.

- 1921 ലെ മലബാർ സമരവുമായി ബന്ധപ്പെട്ട മലപ്പുറം മുടിക്കോട്ടുള്ള ബ്രിട്ടീഷ് ട്രാൻസിറ്റ് ജയിലിന്റെ അവശിഷ്ടങ്ങൾ പര്യവേഷണത്തിലൂടെ വെളിച്ചത്തു കൊണ്ടുവരാനും അവ ഡോക്യുമെന്റ് ചെയ്യാനും സാധിച്ചു.
- ഫറോക്ക് കോട്ടയിൽ ശാസ്ത്രീയ ഉത്ഖനനം രണ്ട് ഘട്ടങ്ങളായി നടത്തി. 18 ാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ കേരളത്തിലേക്കുള്ള മൈസൂർ പടയോട്ടങ്ങളുടെ ചരിത്ര സാക്ഷ്യമായ കോഴിക്കോട് ഫറോക്ക് ടിപ്പുസുൽത്താൻ കോട്ടയിൽ കേന്ദ്ര അനുമതിയോടെ നടത്തിയ ഉത്ഖനനത്തിൽ വിവിധതരം സെറാമിക് പാത്രക്കഷണങ്ങൾ, വെടിയുണ്ടകൾ, ആയുധങ്ങളുടെ ഭാഗമെന്ന് കരുതാവുന്ന ഭാഗങ്ങൾ എന്നിവ കണ്ടെത്തി.

## പുരാരേഖ വകുപ്പ്

- സംസ്ഥാന ആർക്കൈവ്സ് വകുപ്പും കേരള സർവകാലാശാലയും സംയുക്തമായി കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ നിർമ്മിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള പുരാരേഖകളുടെ പഠന ഗവേഷണ കേന്ദ്രം ഇന്റർനാഷണൽ ആർക്കൈവ്സ് ആൻഡ് ഹെറിറ്റേജ് സെന്ററിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലാണ്.
- രേഖകളുടെ ശാസ്ത്രീയ സംരക്ഷണത്തിന് തുടർപദ്ധതികൾ ഫലപ്രദമായി നടന്നുവരുന്നു. പുരാരേഖകളുടെ വിഷയസൂചിക തയ്യാറാക്കൽ പദ്ധതി വകുപ്പിന്റെ പ്രധാനപ്പെട്ട തുടർ പദ്ധതികളിൽ ഒന്നാണ്. സെൻട്രൽ ആർക്കൈവ്സിലെ ചരിത്രരേഖകളുടെ റഫറൻസ് മീഡിയ തയ്യാറാക്കൽ പദ്ധതിയുടെ ഭാഗമായി 1018 ചുരണകളും 1400 പേപ്പർ രേഖകളും പട്ടികപ്പെടുത്തി.
- കമ്മ്യൂണിറ്റി ആർക്കൈവ്സ് പദ്ധതിയിലൂടെ പൊതുജനങ്ങൾക്കിടയിൽ രേഖകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സർവേകളിലൂടെ രേഖകൾ കണ്ടെത്തുക, അതത് സ്ഥലത്ത് സംരക്ഷിക്കുക, വകുപ്പിന് കൈമാറാൻ താത്പര്യമുള്ളവരിൽ നിന്ന് രേഖകൾ ഏറ്റെടുക്കുക എന്നിവയാണ് ലക്ഷ്യം.
- പ്രസിദ്ധ എഴുത്തുകാരനായ എൻ എസ് മാധവന്റെ പക്കലുള്ള എം.രാജരാജ വർമ്മയുടെ 1922 മുതലുള്ള 96 ഡയറികൾ ഏറ്റെടുത്തു. അപൂർവ ലൈബ്രറി പുസ്തകങ്ങളുടെ ശാസ്ത്രീയ സംരക്ഷണം പുരോഗമിച്ചു വരുന്നു.
- നവീകരിച്ച കണ്ണൂർ സയൻസ് പാർക്ക് ഉദ്ഘാടനം ചെയ്തു.
- പുരാരേഖകൾ സംരക്ഷിക്കുന്നതിനും നിയമസാധുത വരുത്തുന്നതിനും വേണ്ടി പൊതുരേഖാ ബിൽ നിയമസഭയിൽ അവതരിപ്പിച്ചത് സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്.

## ആധുനികപാതയിൽ രജിസ്ട്രേഷൻ വകുപ്പ്

ഇന്ത്യയിലാദ്യം രൂപീകൃതമായ കേരളത്തിന്റെ രജിസ്ട്രേഷൻ വകുപ്പ് ഇന്ന് ആധുനികവൽക്കരണത്തിന്റെ പാതയിലാണ്. ആധാരങ്ങൾ ഓൺലൈനാക്കാനുള്ള സൗകര്യം നടപ്പിലാക്കി. ആധാര രജിസ്ട്രേഷനായി ഉപയോഗിക്കുന്ന പേൾ (PEARL-Package for Effective Administration of Registration Laws) എന്ന ഡിജിറ്റൽ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ വകുപ്പിന്റെ സേവനങ്ങൾ നൽകി വരുന്നു.

1. ആധാരങ്ങളുടെ ഡിജിറ്റലൈസേഷൻ
2. പൊടിഞ്ഞുപോയ രജിസ്ട്രേഷൻ വാല്യങ്ങൾ പൂർവസ്ഥിതിയിലാക്കുന്നത്

**28 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടം പണികൾക്കായി കിഫ്ബി, പൊതുമരാമത്ത്, എം.എൽ.എ എന്നീ ഫണ്ടുകളുപയോഗിച്ച് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കി.**

# തിരുവനന്തപുരം മ്യൂസിയം

തിരുവനന്തപുരം മ്യൂസിയത്തിലെ ബൊട്ടാണിക്കൽ ഗാർഡന്റെ വികസനപ്രവൃത്തികൾ പൂർത്തീകരിച്ചു. തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിൽ ഭിന്നശേഷി സന്ദർശകർക്കായി ബാരിയർ ഫ്രീ സംവിധാനം, ബൊട്ടാണിക്കൽ ഗാർഡനിൽ ബാരിയർ ഫ്രീ പാർക്ക്, ഭിന്നശേഷിക്കാർക്ക് സ്പെഷ്യൽ ശുചിമുറി, കുടിവെള്ള സൗകര്യം, പാർക്കിങ്ങ് സൗകര്യം എന്നിവ ഏർപ്പെടുത്തി. കേന്ദ്രസർക്കാർ ധനസഹായം ലഭ്യമാക്കി തിരുവനന്തപുരം നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ സമ്പൂർണ്ണമായ പുനരുദ്ധാരണവും പ്രദർശന വസ്തുക്കളുടെ കൺസർവേഷൻ നടപടികളും നിർവഹിക്കുന്നതിന് നടപടിയെടുക്കും.



3. രജിസ്ട്രേഷൻ നടപടിക്രമങ്ങളുടെ ലഘൂകരണം
4. ഇ-സ്റ്റാമ്പിങ്ങ് സമ്പൂർണ്ണമായും നടപ്പാക്കൽ
5. ആധാര രജിസ്ട്രേഷനായി തീയതിയും സമയവും മുൻകൂർ നിശ്ചയിച്ച ടോക്കൺ ബുക്ക് ചെയ്യുന്നതിനുള്ള സൗകര്യം
6. ആധാരം ജില്ലയ്ക്കകത്തുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിലും ചെയ്യുന്നതിനുള്ള 'എനിവേർ രജിസ്ട്രേഷൻ' സൗകര്യം
7. ബാധ്യതസർട്ടിഫിക്കറ്റുകൾ പൂർണ്ണമായും ഓൺലൈനിലൂടെ നൽകൽ
8. സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഓൺലൈനായി നൽകുന്നതിനുള്ള സംവിധാനം
9. വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം
10. ഗഹാനുകൾക്ക് ഓൺലൈൻ ഫയലിംഗ് സംവിധാനം
11. സ്റ്റാമ്പ് പേപ്പറുകൾ വാങ്ങുന്നതിന് ഇ-സ്റ്റാമ്പിംഗ് സൗകര്യം
12. എല്ലാ സേവനങ്ങൾക്കും ഇ-പേയ്മെന്റ്, ഇ-പോസ് സൗകര്യം
13. വിദേശ ഇന്ത്യക്കാർക്ക് പ്രയോജനകരമാകുന്ന എൻആർഐ ചിട്ടി രജിസ്ട്രേഷൻ ഓൺലൈൻ സൗകര്യം
14. പാർട്ട്ണർഷിപ്പ് ഫേം രജിസ്ട്രേഷൻ, സൊസൈറ്റി നിയമപ്രകാരമുള്ള രജിസ്ട്രേഷൻ എന്നീ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം.

ആധുനിക സൗകര്യങ്ങളോടെ രജിസ്ട്രാർ ഓഫീസുകൾ സ്വന്തം കെട്ടിടത്തിലേക്ക് മാറുന്നു. 28 രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിടം പണികൾക്കായി കിഫ്ബി, പൊതുമരാമത്ത്, എം.എൽ.എ എന്നീ ഫണ്ടുകളുപയോഗിച്ച് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കി. എല്ലാ രജിസ്ട്രാർ ഓഫീസിലും കോംപാക്ടർ സൗകര്യം എന്ന ലക്ഷ്യത്തോടടുക്കുന്നു.

തിരുവന്തപുരം, ഇടുക്കി, എറണാകുളം, കാസർഗോഡ് ജില്ലകളിലെ 1968 മുതലുള്ള ആധാരങ്ങളും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കണ്ണൂർ എന്നീ ജില്ലകളിലെ 1988 മുതലുള്ള ആധാരങ്ങളും തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ 1998 മുതലുള്ള ആധാരങ്ങളും ഡിജിറ്റൈസ് ചെയ്ത് സൂക്ഷിച്ചു. 1998 മുൻപുള്ള റിക്കോർഡുകൾ ഡിജിറ്റൈസ് പുരോഗമിക്കുന്നു.

രജിസ്ട്രേഷൻ വകുപ്പിലെ പ്രവർത്തനങ്ങളും സേവനങ്ങളും സുതാര്യമാക്കുന്നതിന് ഓൺലൈനിലൂടെ ക്യാഷ്ലെസ്സ് ഓഫീസ് ആക്കിമാറ്റുകയാണ് ലക്ഷ്യം. അടുത്ത ഒരു വർഷത്തിനകം ആധുനികവൽക്കരണം സമ്പൂർണ്ണമാക്കുന്നതിനുള്ള പദ്ധതിയുമായാണ് വകുപ്പ് മുൻപോട്ടു പോകുന്നത്. ■

കെ ബി ഗണേഷ്കുമാർ
ഗതാഗതവകുപ്പ് മന്ത്രി



4

പൊതുജനങ്ങൾക്കായുള്ള സേവനങ്ങൾ ഡിജിറ്റലാക്കുക, പരാതികൾ വേഗത്തിൽ തീർപ്പാക്കുക, സേവനങ്ങളും സൗകര്യങ്ങളും അടിമുടി നവീകരിക്കുക, റോഡ് സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ ഊർജിതമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകഴിഞ്ഞു

# കാലത്തിനൊപ്പം വേഗത്തിലോടുക ലക്ഷ്യം

കാലത്തിനനുസരിച്ച് വേഗത്തിലോടുന്ന വകുപ്പായി മാറ്റുക എന്ന ലക്ഷ്യവുമായാണ് മോട്ടോർ വാഹന വകുപ്പ് മുന്നോട്ടുപോകുന്നത്. പൊതുജനങ്ങൾക്കായുള്ള സേവനങ്ങൾ ഡിജിറ്റലാക്കുക, പരാതികൾ വേഗത്തിൽ തീർപ്പാക്കുക, സേവനങ്ങളും സൗകര്യങ്ങളും അടിമുടി നവീകരിക്കുക, റോഡ് സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ ഊർജിതമാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകഴിഞ്ഞു.

## ഡ്രൈവിങ് ടെസ്റ്റ് നിലവാരം മെച്ചപ്പെടുത്തൽ

വാഹനം ഓടിക്കാൻ പഠിക്കുക എന്നതിനേക്കാൾ, റോഡും വാഹനവും സുരക്ഷിതമായി കൈകാര്യം ചെയ്യാൻ പഠിക്കുക എന്നതിനാണ് മോട്ടോർ വാഹന വകുപ്പ് പ്രാധാന്യം നൽകുന്നത്. ഇതിനായി പ്രത്യേക തരത്തിലുള്ള ഡ്രൈവിങ് ടെസ്റ്റ് ട്രാക്കുകൾ രൂപകല്പന ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. ഡ്രൈവിങ് പരീക്ഷ കൂടുതൽ കർശനമാക്കി. റോഡ് ടെസ്റ്റിൽ അതീവ പ്രാവണ്യത്തോടെ വാഹനമോടിക്കുന്നു എന്ന് ഉറപ്പാക്കി മാത്രം ലൈസൻസ് നൽകും. ഇതിനായി ഒരു ദിവസം പരീക്ഷിക്കപ്പെടുന്ന അപേക്ഷകരുടെ എണ്ണം നിജപ്പെടുത്തി. നിലവാരം മെച്ചപ്പെടുത്തിയതുമൂലം ഡ്രൈവിങ് ടെസ്റ്റ് സ്ലോട്ട് ലഭിക്കാനുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി വിദേശത്തും അന്യസംസ്ഥാനത്തും ജോലിക്കും പഠനാവശ്യങ്ങൾക്കുമായി പോകുന്ന അപേക്ഷകർക്ക് പ്രത്യേകമായി അഞ്ച് ടെസ്റ്റ് സ്ലോട്ടുകൾ അനുവദിക്കുന്നു. പരാജയപ്പെടുന്ന അപേക്ഷകർക്ക് ടെസ്റ്റ് തീയതി കിട്ടിയാൽ താമസം നേരിടുന്നത് ഒഴിവാക്കാനായി പത്ത് ടെസ്റ്റ് സ്ലോട്ടുകൾ അധികമായി നൽകുവാനുള്ള നടപടി സ്വീകരിച്ചു. ലൈസൻസ് ടെസ്റ്റുകളും ഡ്രൈവിങ് ടെസ്റ്റിനുള്ള കോച്ചിങ്ങും ഉള്ള ലേണേഴ്സ് മൊബൈൽ ആപ്പ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചു.

നിരത്തുകളിൽ സംഭവിക്കാവുന്ന അപകടങ്ങൾ മുൻകൂട്ടികണ്ട് നടപടികൾ സ്വീകരിക്കുന്നതിന്, അപേക്ഷകർ പ്രാപ്തരാണോ എന്ന് പരിശോധിക്കുന്നതിന് ഹസാർഡ് പെർസെപ്ഷൻ സിമുലേറ്റർ ടെസ്റ്റ് കൂടി ഡ്രൈവിങ് ടെസ്റ്റുകളിൽ ഉൾപ്പെടുത്തുവാൻ ശിപാർശ നൽകി.

## സുഗമമായ റോഡ് ഗതാഗതം ഉറപ്പാക്കാൻ

പ്രധാന നഗരങ്ങളിലും മെയിൻ റോഡ് ജംഗ്ഷൻ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകി. പ്രാരംഭഘട്ടമായി തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ അധിക നേരം ട്രാഫിക് ബ്ലോക്കുകൾ ഉണ്ടാകുന്ന പ്രധാനപ്പെട്ട ജംഗ്ഷനുകൾ കേന്ദ്രീകരിച്ച് ട്രാഫിക് സിംക്രണൈസേഷൻ. ട്രാഫിക് സിഗ്നൽ അറ്റകുറ്റപ്പണികളും സിഗ്നൽ കാലിബ്രേഷൻ ജോലികളും റോഡ് സുരക്ഷാ അതോറിറ്റിയുടെ കീഴിൽ

## ഏകീകൃത ആംബുലൻസ് നിരക്ക്

ആംബുലൻസിൽ അമിത ചാർജ് ഈടാക്കുന്നു എന്ന പരാതി പരിഗണിക്കുന്നതിനായി ആംബുലൻസുകൾക്ക് ഇന്ത്യയിൽ തന്നെ ആദ്യമായി നിരക്ക് നിശ്ചയിച്ചു. C & D ലെവൽ ആംബുലൻസ് ചാർജുകളിൽ BPL കാർഡ് ഉടമകൾക്ക് 20% കിഴിവ് ലഭിക്കും. ക്യാൻസർ രോഗികളുടെയും 12 വയസ്സുവരെയുള്ള കുട്ടികളുടെയും ആംബുലൻസ് ചാർജിൽ കിലോമീറ്ററിന് രണ്ട് രൂപ എന്ന നിരക്കിൽ കിഴിവ് നിശ്ചയിച്ചു. റോഡ് അപകടത്തിൽപ്പെട്ടവരെ ആംബുലൻസിൽ സൗജന്യമായി അടുത്തുള്ള ആശുപത്രിയിൽ എത്തിക്കണമെന്ന നിർദേശം ആംബുലൻസ് സംഘടനകൾ അംഗീകരിച്ചു. ആംബുലൻസ് ഡ്രൈവർമാർക്ക് പ്രത്യേകം യൂണിഫോം നിശ്ചയിച്ചു. ആംബുലൻസ് ഡ്രൈവർമാർക്കുള്ള പരിശീലനം എടപ്പാൾ ഐ.ഡി.റ്റി. ആറിൽ ആരംഭിക്കും. പരിശീലനം ലഭിച്ചവർക്ക് ഐഡി കാർഡ് നൽകും. എല്ലാ ആംബുലൻസുകളും ആംബുലൻസ് കോഡ് പ്രകാര കളർ കോഡ് നിർബന്ധമായും പാലിക്കുവാൻ നിർദ്ദേശിച്ചു. ആംബുലൻസുകളുടെയും ആശുപത്രികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കും.

പരിഹാരം കണ്ടെത്താനുള്ള നിർദ്ദേശം നൽകി. എ.ഐ ക്യാമറ അടിസ്ഥാനമാക്കിയുള്ള ട്രാഫിക് സിഗ്നൽ ടൈമിംഗ് സിസ്റ്റം വികസിപ്പിച്ചു. ട്രാഫിക് നിയമലംഘനം നടത്തുന്ന ഡ്രൈവർമാർക്ക് കമ്മ്യൂണിറ്റി സർവീസ് നൽകുന്നതിനായി സിലബസ് രൂപവൽക്കരിച്ചു.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കുള്ള വെഹിക്കിൾ മൗണ്ടഡ് ക്യാമറകൾ ഘടിപ്പിക്കാനുള്ള ഡ്രൈവിങ് ടെസ്റ്റ് നടത്തുന്ന വാഹനങ്ങളിൽ ഡാഷ്ബോർഡ് ക്യാമറകൾ ഫിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻഫോഴ്സ്മെന്റ് വാഹനങ്ങളിൽ ട്രാഫിക് കുറ്റകൃത്യങ്ങൾ മനസ്സിലാക്കുന്നതിനായി ഡിസ്പ്ലേ ബോർഡുകൾ പിൻഭാഗത്തായി ഘടിപ്പിക്കുന്നുണ്ട്.

### ഡ്രൈവർമാർക്ക് പരിശീലനം

ഗുരുതരമായ മോട്ടോർ വാഹന നിയമലംഘനം നടത്തിയ ഡ്രൈവർമാരുടെ ലൈസൻസ് നിശ്ചിതകാലയളവിലേക്ക് അസാധുവാക്കുന്നതോടൊപ്പം നിയമലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന പരിശീലനം നൽകുന്നു. ഈ പരിശീലനത്തിനായി നിലവിലെ ട്രെയിനിങ് സെന്ററായ ഐ.ഡി.റ്റി.ആറിന്റെ മാതൃകയിൽ രണ്ട് ഉപകേന്ദ്രങ്ങൾ എറണാകുളത്തും തിരുവനന്തപുരത്തും ആരംഭിക്കും. ഡ്രൈവർമാരുടെ അമിതജോലിഭാരം തടയുന്നതിനായി Driver fatigue detection ക്യാമറകൾ എല്ലാ പൊതുഗതാഗത ബസുകളിലും ഘടിപ്പിക്കും.

### 503 പുതിയ ബസ് റൂട്ടുകൾ

ജനകീയ സദസ്സിലൂടെ ഓരോ നിയമസ

> **ഗുരുതരമായ മോട്ടോർ വാഹന നിയമലംഘനം നടത്തിയ ഡ്രൈവർമാരുടെ ലൈസൻസ് നിശ്ചിതകാലയളവിലേക്ക് അസാധുവാക്കുന്നതോടൊപ്പം നിയമലംഘനങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന പരിശീലനം നൽകുന്നു.**



ഭാമണ്ഡലത്തിലും ജനപ്രതിനിധികളുടെ അഭിപ്രായങ്ങൾ പരിഗണിച്ച് പുതിയ റൂട്ടുകൾ രൂപീകരിക്കുന്നു. 503 പുതിയ ബസ് റൂട്ടുകൾ കണ്ടെത്തി വിജ്ഞാപനം ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ പരിഗണനയിലാണ്.

## വിദ്യാർഥികൾക്കായി ബസ് കൺസഷൻ ആപ്പ്

കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് വിദ്യാർഥികൾക്കായി ബസ് കൺസഷൻ ആപ്പ് വികസിപ്പിച്ചെടുക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കുട്ടികൾക്കായി റോഡ് സുരക്ഷാ കാർട്ടൂൺ വീഡിയോ

റോഡ് സുരക്ഷാ സന്ദേശങ്ങൾ കുട്ടികളിലേക്ക് എത്തിക്കാൻ ഉതകുന്ന തരത്തിൽ കാർട്ടൂൺ കഥാപാത്രങ്ങളെ ഉൾപ്പെടുത്തി അനിമേഷൻ വീഡിയോകൾ തയ്യാറാക്കി. വീഡിയോകൾ വിദ്യാലയങ്ങളിലും പൊതുവിടങ്ങളിലും റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകളിൽ പ്രദർശിപ്പിക്കും.

## സിറ്റിസൺ സെന്റിനൽ ആപ്പ്

വർധിച്ചുവരുന്ന റോഡ് അപകടങ്ങളും ഗതാഗത നിയമലംഘനങ്ങളും ജനപങ്കാളിത്തത്തോടെ നിയന്ത്രിക്കുന്നതിനുള്ള സിറ്റിസൺ സെന്റിനൽ ആപ്പ് പുറത്തിറക്കി. വിവിധ ഗതാഗത നിയമലംഘനങ്ങളുടെ ദൃശ്യങ്ങൾ മൊബൈൽ ഫോൺ വഴി പകർത്തി സിറ്റിസൺ സെന്റിനൽ ആപ്പ് വഴി നേരിട്ട് വാഹൻ സൈറ്റിൽ അപ്ലോഡ് ചെയ്യാം. വകുപ്പ് ഉദ്യോഗസ്ഥർ ഈ ദൃശ്യങ്ങളുടെ കൃത്യതയും നിയമസാധുതയും ഉറപ്പുവരുത്തി ഇ-ചെല്ലാനുകൾ തയ്യാറാക്കി ബന്ധപ്പെട്ട വ്യക്തികൾക്ക് പിഴ ചുമത്തും. എം-പരിവാഹൻ എന്ന മൊബൈൽ ആപ്ലിക്കേഷന് ഉള്ളിലായി സിറ്റിസൺ പോർട്ടലായാണ് ആപ്പ് ലഭ്യമാക്കിയിരിക്കുന്നത്.

## വൈദ്യുതവാഹന നയം


മോട്ടോർ വാഹന വകുപ്പിൽ വൈദ്യുത വാഹന നയം നടപ്പിലാക്കാനായി പദ്ധതികൾ വിഭാവനം ചെയ്തു. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് (പാസഞ്ചർ) ഓട്ടോറിക്ഷകൾക്ക് 30,000/ രൂപ സബ്സിഡി നൽകുന്നു. നടപ്പുസാമ്പത്തിക വർഷം 1000 ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് സബ്സിഡി നൽകുന്നതിനായി മൂന്നുകോടി രൂപ അനുവദിച്ചു. ഇതുവരെ 300 ലക്ഷം രൂപ നൽകി.

## പുതിയ വാഹനങ്ങൾ

വിവിധ ആർടിഒ സബ്പാർട്ടി ഓഫീസുകളിൽ 20 വാഹനങ്ങളും സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് 25 വാഹനങ്ങളും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു. ബ്രെത്ത് അനലൈസർ, ഇ പോസ്മെഷീൻ, ടോർച്ച് ലൈറ്റ്, റിഫ്ളക്ടർ ജാക്കറ്റ് എന്നിവ വഹിക്കുവാൻ സാധിക്കുന്ന സൈ്ലഡ് ബ്ലോക്കോടു കൂടിയ അത്യാധുനിക സൗകര്യമുള്ള 214 മോട്ടോർ സൈക്കിളുകൾ മോട്ടോർ വാഹന വകുപ്പിന് നൽകും.

## കെ എസ് ആർ ടി സി

- സുഖകരവും നിലവാരത്തിലുള്ളതുമായ യാത്രാനുഭവത്തിനായി ആധുനിക സൗകര്യങ്ങളോടെ എസി പ്രീമിയം സർവീസ് ആരംഭിച്ചു.
- ജീവനക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സൗജന്യസേവനവും ആംബുലൻസ് സർവീസും
- പമ്പയിൽ നിന്നുള്ള ഓൺലൈൻ ടിക്കറ്റുകൾക്ക് 24 മണിക്കൂർ സാധ്യത
- ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഉപയോഗപ്രദമായ രീതിയിൽ വരുമാനവർധനവിന് ഉപയോഗിച്ചുതുടങ്ങി.
- ശുചിത്വ മിഷന്റെ സഹകരണത്തോടെ മുഴുവൻ യൂണിറ്റുകളിലും മെഗാ ക്ലീനിങ് ഡ്രൈവ് ആരംഭിച്ചു
- ബസ് സ്റ്റേഷനുകളിലെ ശുചിത്വം നിലനിർത്തുന്നതിനായി സംസ്ഥാനതലത്തിൽ ഹൗസ് കീപ്പിങ്ങ് കമ്മിറ്റികൾ രൂപീകരിച്ചു.
- ഓഫ് റോഡ് നിരക്ക് കുറയ്ക്കുന്നതിലൂടെ റെക്കോർഡ് നേട്ടം കൈവരിച്ചു.
- ജീവനക്കാർക്ക് ശീതീകരിച്ച വിശ്രമമുറികൾ. തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ ദീർഘദൂര യാത്രക്കാർക്കും ശീതീകരിച്ച വിശ്രമകേന്ദ്രം.
- ബസ് സ്റ്റേഷനുകളിൽ റസ്റ്റോറന്റുകളും മിനി സൂപ്പർമാർക്കറ്റുകളും



## സ്പീഡ് ഗവർണർ പരിശോധനകൾ

സ്പീഡ് ഗവർണറുകൾ വിച്ഛേദിച്ച ശേഷം അമിതവേഗത്തിൽ സർവീസ് നടത്തി റോഡ് അപകടങ്ങളുണ്ടാക്കുന്നു എന്ന് കണ്ടെത്തിയതിനെ തുടർന്ന് ടിപ്പർ ലോറികളിലും ഭാരവാഹനങ്ങളിലും സ്പീഡ് ഗവർണർ പരിശോധന കർശനമാക്കാൻ നിർദേശം നൽകി. അനധികൃത രൂപ മാറ്റവരുത്തിയും അമിതപ്രകാശമുള്ള ലൈറ്റുകളും കളർലൈറ്റുകളും ഫിറ്റ് ചെയ്തും അമിതശബ്ദമുള്ള ഹോണുകൾ ഫിറ്റ് ചെയ്തും ഓടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കും.

- സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം പുരോഗമിക്കുന്നു.
- കെഎസ്ആർടിസി ഉൾപ്പെടുന്ന റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിലേക്കായി ആക്സിഡന്റ് മോണിറ്ററിങ്ങ് കമ്മിറ്റികൾ.
- ബസ് സ്റ്റേഷനുകളിലെ ശൗചാലയങ്ങളുടെ പുനരുദ്ധാരണത്തിനും വൃത്തിയായ പരിപാലനത്തിനും അന്താരാഷ്ട്ര സേവനം ലഭ്യമാക്കി.
- തമിഴ്നാട്ടിലേക്ക് പുതിയ ടൂറിസം പാക്കേജുകൾ ആരംഭിച്ചു.
- എല്ലാ ബസ്സുകളിലും കൊറിയർ ബോക്സ് സംവിധാനം.
- 500 പുതിയ ബസ്സുകൾ ഉടൻ നിരത്തുകളിലേക്ക്.
- വിവിധ യൂണിറ്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന കടമുറികൾ ലളിതമായ നടപടിക്രമങ്ങളോടുകൂടി നൽകുന്ന പദ്ധതി ആരംഭിച്ചു.
- ഒരു ബസ് മാത്രം ഓപ്പറേറ്റ് ചെയ്യുന്ന റൂട്ടുകളും മലയോര -ആദിവാസി-തോട്ടം തൊഴിലാളി-തീരദേശ കോളനിമേഖലകളിലേക്കുള്ള സർവീസുകൾ നിലനിർത്തി മറ്റുള്ള സർവീസുകളിൽ ഡെഡ് കിലോമീറ്റർ ഒഴിവാക്കി റൂട്ട് റാഷണലൈസേഷൻ നടപ്പിലാക്കി.
- നവകേരള യാത്രയ്ക്കായി മുഖ്യമന്ത്രിയും മന്ത്രിമാരും യാത്ര ചെയ്ത വാഹനം യാത്രക്കാർക്കായി സർവീസ് നടത്തുന്നു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പൊതുഗതാഗതം ലഭ്യമാക്കുന്നതിലേക്കായി ഗ്രാമവണ്ടി.
- ഡിജിറ്റൽ പണം ഇടപാട് പ്രോത്സാഹിപ്പിക്കുന്നതിനും ടിക്കറ്റ് വേഗത്തിൽ ലഭിക്കുന്നതിനും ട്രാവൽ കാർഡ് പുറത്തിറക്കി.
- തിരുവനന്തപുരം നഗരപ്രദേശങ്ങളിലെ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് സിറ്റി സർക്കുലർ സർവീസ്
- ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിന് കൊറിയർ & ലോജിസ്റ്റിക്സ് പദ്ധതിക്ക് തുടക്കംകുറിച്ചു
- തീരദേശ യാത്രക്കാരുടെ സൗകര്യാർഥം സൗജന്യ സമുദ്ര സർവീസുകൾക്ക് തുടക്കംകുറിച്ചു.
- ടിക്കറ്റ് ഇതര വരുമാനം വർധിപ്പിക്കുന്നതിനും കെഎസ്ആർടിസി യൂണിറ്റുകളിൽ ഗുണനിലവാരമുള്ള ഇന്ധനം ലഭ്യമാക്കുന്നതിനും കെഎസ്ആർടിസി യാത്ര ഫ്യൂവൽസ് പദ്ധതി.

ലൈൻ ട്രാഫിക് പാലിക്കാതെ പോകുന്ന ചരക്ക് വാഹനങ്ങളെയും വേഗം കുറഞ്ഞ് ഓടുന്ന വാഹനങ്ങളെയും പ്രത്യേകമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കും. സ്കൂൾ ബസ്സുകളിൽ പ്രത്യേക പരിശോധനകൾ നടത്തി യാത്രാക്ഷമത ഉറപ്പുവരുത്തുന്നതിന് സൂപ്പർ ചെക്ക് പരിശോധനകൾ നടത്തുന്നതിനും നിർദേശം നൽകി.

## അഞ്ച് ദിവസ ഫയൽ തീർപ്പാക്കൽ നിയമം

ഇ-ഫയലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് അഞ്ച് ദിവസത്തെ നിയമം നടപ്പിലാക്കി. ഒരു ഉദ്യോഗസ്ഥൻ അഞ്ച് ദിവസത്തിൽ കൂടുതൽ ഫയലുകൾ കൈവശം വയ്ക്കാൻ പാടില്ല.

## ഡിജിറ്റലൈസേഷൻ

ഡിജിറ്റൽ ഡ്രൈവിങ് ലൈസൻസ് സമ്പ്രദായം നടപ്പിലാക്കി. ഡൗൺലോഡ് യുവർ ഡ്രൈവിങ് ലൈസൻസ് (ഡി.വൈ.ഡി.എൽ) എന്ന സംവിധാനത്തിലൂടെ ഡ്രൈവിങ് ലൈസൻസ് ഡിജിറ്റൽ രൂപത്തിൽ സാരഥി സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം എന്ന നിയമം പ്രാബല്യത്തിൽ വന്നു. അതോടൊപ്പം കാർഡ് രൂപത്തിലുള്ള ഡ്രൈവിങ് ലൈസൻസിനായി പൊതുജനങ്ങളെ നിർബന്ധിക്കരുതെന്ന് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. പൊതുജനങ്ങൾക്ക്സ്വന്തംവാഹനത്തിന്റെആർ.സി പരിവാഹനിൽ നിന്ന് സേവനം ലഭ്യമായ ശേഷം സ്വന്തമായി ഡൗൺലോഡ് ചെയ്യുവാനുള്ള സംവിധാനം 2025 മാർച്ച് ഒന്നു മുതൽ ഡിജിലോക്കറിലും എം പരിവാഹനിലും ഏർപ്പെടുത്തി.

## എ.എൻ.പി.ആർ ക്യാമറയുള്ള വെർച്വൽ ചെക്ക് പോസ്റ്റുകൾ

ജി.എസ്.ടി വകുപ്പ് സംസ്ഥാന അതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള എ.എൻ.പി.ആർ ക്യാമറ ഉപയോഗപ്പെടുത്തി വെർച്വൽ ചെക്ക് പോസ്റ്റ് വകുപ്പിൽ നടപ്പാക്കുന്നതിനുള്ള നടപടികൾ 2025 ജൂൺ ഒന്നിന് പൂർത്തീകരിക്കും.

## ഓട്ടോമേറ്റഡ് ടെസ്റ്റിങ്ങ് സ്റ്റേഷനുകൾ

സംസ്ഥാനത്ത്19 ഓട്ടോമേറ്റഡ് ടെസ്റ്റിങ്ങ് സ്റ്റേഷനുകളും അക്രഡിറ്റഡ് ഡ്രൈവിങ് ട്രെയ്നിങ് സെന്ററുകളും ആരംഭിക്കും.

വകുപ്പിൽ യൂണിഫൈഡ് കൗണ്ടർ സിസ്റ്റം 2025 മാർച്ച് 18ന് ആരംഭിച്ചു.




## കെ.എൽ 90 രജിസ്ട്രേഷൻ സീരീസ്

സർക്കാർ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി കെ.എൽ 90 എന്ന പ്രത്യേക രജിസ്ട്രേഷൻ സീരീസ് തുടങ്ങുന്നതിനുള്ള സോഫ്റ്റ് വെയർ പരിഷ്കരണങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്ത് ബി.എച്ച് സീരീസ് രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിനുള്ള സോഫ്റ്റ് വെയർ പരിഷ്കരണങ്ങൾ നടന്നുവരുന്നു.

സെക്കൻഡ് ഹാൻഡ് യൂസ്ഡ് വാഹനം വിൽക്കുന്ന സ്ഥാപനങ്ങൾക്ക് ഓതറൈസേഷൻ സർട്ടിഫിക്കറ്റ് എർപ്പെടുത്തി. 2025 മെയ് ഒന്നുമുതൽ ഓതറൈസേഷൻ എടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കും.■

**വി. അബ്ദുറഹിമാൻ**
കായിക, വഖഫ്, ഹജ്ജ് വകുപ്പ് മന്ത്രി



4

**3500 കോടിയുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ കായികമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വയനാട് ജില്ലാ സ്റ്റേഡിയം പൂർത്തിയായി.**

# കുതിപ്പൂ കായികകേരളം

അടിസ്ഥാന സൗകര്യ വികസനവും ആധുനിക സൗകര്യങ്ങളും ഒരുക്കി കേരളത്തിന്റെ കായികരംഗം കുതിക്കുകയാണ്. എല്ലാവിഭാഗം കായികതാരങ്ങളെയും ചേർത്തുപിടിച്ചും രാജ്യ, രാജ്യാന്തര സഹകരണം ഉറപ്പാക്കിയുമാണ് പ്രവർത്തനം. എല്ലാവർക്കും സ്പോർട്സ്, സ്കൂൾതലം മുതൽ കായികവികസനം, ഉന്നതനിലവാരമുള്ള കായികതാരങ്ങളെ വളർത്തുക, കായിക സമ്പദ്‌വ്യവസ്ഥ വളർത്തുക എന്നീ ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കിയാണ് 2023 ൽ കായികനയം രൂപീകരിച്ചത്.

കായിക ഉച്ചകോടി സംഘടിപ്പിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം മാറി. തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച ആദ്യ അന്തർദേശീയ കായിക ഉച്ചകോടിയിൽ എട്ട് രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്തു. 5050 കോടിയുടെ നിക്ഷേപത്തിന് സമ്മിറ്റിൽ ധാരണയായി. സ്പോട്സ് ഇക്കോണമി മിഷൻ എന്ന പുരോഗമനപരമായ കാഴ്ചപ്പാടും നയം മുന്നോട്ടുവെക്കുന്നു. സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിച്ചു. 2000 ലെ സ്പോർട്സ് ആക്ട് ഭേദഗതി ചെയ്തു.

## അടിസ്ഥാന സൗകര്യ വികസനം

3500 കോടിയുടെ അടിസ്ഥാനസൗകര്യ വികസനപ്രവർത്തനങ്ങൾ കായികമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വയനാട് ജില്ലാ സ്റ്റേഡിയം പൂർത്തിയായി. 10 ജില്ലകളിൽ ജില്ലാ സ്റ്റേഡിയം നിർമ്മാണം പുരോഗമിക്കുന്നു. പൂർത്തീകരിച്ചതും പ്രവൃത്തി പുരോഗമിക്കുന്നതുമായ 354 സ്റ്റേഡിയങ്ങളും ഗ്രൗണ്ടുകളും ഉണ്ട്. 24 കായികസമുച്ചയങ്ങൾ പൂർത്തിയായി. ജി. വി. രാജ സ്പോർട്സ് സ്കൂളിൽ 30 കോടി രൂപയുടെയും കണ്ണൂർ, കുന്നംകുളം സ്പോർട്സ് ഡിവിഷനുകളിൽ 10 കോടിയുടെ വീതവും നിർമ്മാണപ്രവർത്തനങ്ങൾ നടപ്പാക്കി. 10 കോടിചെലവ് വരുന്ന പുതിയ മൂന്ന് ഹോസ്റ്റലുകളുടെ നിർമ്മാണം പുരോഗമിക്കുന്നു . ജി വി രാജയിലും തൃശ്ശൂരും സിന്തറ്റിക് ട്രാക്ക് നിർമ്മിച്ചു. തിരുവനന്തപുരം വാൻറോസ് ജംങ്ഷനിൽ കായികഭവൻ ആസ്ഥാന മന്ദിരം നിർമ്മാണം പുരോഗമിക്കുന്നു.

കായികമേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനും കളിക്കളങ്ങളുടെയും സ്റ്റേഡിയങ്ങളുടെയും പരിപാലനത്തിനുമാണ് സ്പോർട്സ് കേരള ഫൗണ്ടേഷൻ രൂപീകരിച്ചത്.

## ഒരു പഞ്ചായത്ത് ഒരു കളിക്കളം

മുഴുവൻ പഞ്ചായത്തിലും നിലവാരമുള്ള കളിക്കളമാണ് പദ്ധതിലക്ഷ്യം. ആദ്യഘട്ടം 124 പഞ്ചായത്തിലാണ് കളിക്കളം ഒരുക്കുന്നത്. നാല് കളിക്കളങ്ങൾ പൂർത്തിയായി. 65 സ്ഥലങ്ങളിൽ പ്രവൃത്തി തുടങ്ങി. സംസ്ഥാനത്ത് ആദ്യമായി കോർപറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചു.

## നൂതന സങ്കേതങ്ങളുടെ പ്രയോഗം

കായികരംഗത്തെ വ്യാജ സർട്ടിഫിക്കറ്റ് തടയാൻ ഇ-സർട്ടിഫിക്കറ്റ് സംവിധാനം നടപ്പാക്കി.സ്പോർട്സ്സ്കൂൾസെലക്ഷ

## അന്താരാഷ്ട്ര കായിക സഹകരണം

നെതർലൻഡ്സുമായി ചേർന്ന് ഫുട്ബോൾ, ഹോക്കി പരിശീലന പദ്ധതി നടപ്പാക്കി. ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റി സഹകരിച്ചുള്ള പദ്ധതി പുരോഗമിക്കുന്നു.

ലോകത്തെ പ്രമുഖ ക്ലബായ എ സി മിലാനുമായി ചേർന്ന് ജി വി രാജ സ്പോർട്സ് സ്കൂളിൽ ഫുട്ബോൾ അക്കാദമി തുടങ്ങി. ക്യൂബയുമായി ധാരണാപത്രം ഒപ്പുവെച്ചു. അത്‌ലറ്റിക്സ്, ജൂഡോ, വോളിബോൾ, ബോക്സിങ്ങ് ഇനങ്ങൾക്ക് ക്യൂബൻ പരിശീലകരെ കൊണ്ടുവരും. അർജന്റീന ഫുട്ബോൾ അസോസിയേഷൻ, സ്പെയ്നിലെ സ്പോട്സ് കൗൺസിൽ എന്നിവരുമായും സഹകരണത്തിന് ധാരണ. ഫിഫ അണ്ടർ 17 ലോകകപ്പ് ഫുട്ബോൾ മത്സരത്തിൽ കൊച്ചിയിൽ നടന്ന മത്സരങ്ങൾ വിജയകരമായി സംഘടിപ്പിച്ചു. 2018ലും 2019 ലും അന്തർദേശിയ സ്പോർട്സ് എക്സ്പോ സംഘടിപ്പിച്ചു. ക്യൂബയുമായുള്ള കായിക സഹകരണത്തിന്റെ ഭാഗമായി ചെ അന്താരാഷ്ട്ര ചെസ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു.



അന്താരാഷ്ട്ര കായിക ഉച്ചകോടിയുടെ പ്രചാരണത്തിന്റെ ഭാഗമായ 'ടൂർ ഡി കേരള' സൈക്ലത്തോൺ പര്യടനം

ന് ബയോ മെക്കാനിക്സ് അവലംബിച്ച് തുടങ്ങി. കാലിക്കറ്റ് സർവകലാശാലയിൽ സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ പ്രാഥമിക പ്രവൃത്തികൾക്ക് 2 കോടി രൂപ അനുവദിച്ചു. ഇ-സ്പോർട്സ് ഹബ്ബുകളും സംസ്ഥാനത്ത് ആരംഭിക്കുകയാണ്. ജി വി രാജ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്പോർട്സ് സ്കൂളുകൾ കായിക വകുപ്പ് ഏറ്റെടുത്തു.സ്പോർട്സ് സ്കൂൾ പ്രവേശനം 6-ാം ക്ലാസ് മുതലാക്കി.

### കായിക പരിശീലന പദ്ധതികൾ

അഞ്ച്‌വർഷം കൊണ്ട് അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള ഗോൾ പദ്ധതി ആരംഭിച്ചു. ആദ്യഘട്ടം 1000 കേന്ദ്രങ്ങളിലായി ഒരു ലക്ഷം പേർക്ക് പരിശീലനം നൽകി.

> അഞ്ച് വർഷം കൊണ്ട് അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള ഗോൾ പദ്ധതി ആരംഭിച്ചു. ആദ്യഘട്ടം 1000 കേന്ദ്രങ്ങളിലായി ഒരു ലക്ഷം പേർക്ക് പരിശീലനം നൽകി.

അത്‌ലറ്റിക്സ് പരിശീലനത്തിന് സ്പ്രിന്റ് ജൂഡോ പരിശീലനത്തിന് ജൂഡോക്കോ, ബോക്സിങ്ങ് പരിശീലനത്തിന് പഞ്ച്, ബാസ്ക്കറ്റ്ബോൾ പരിശീലനത്തിന് ഹൂപ്സ് പദ്ധതികൾ ആരംഭിച്ചു. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഷൂട്ടിംഗ് അക്കാദമിയും തിരുവനന്തപുരം കുമാരപുരത്ത് ടെന്നീസ് അക്കാദമിയും പ്രവർത്തനം ആരംഭിച്ചു. 7, 8 ക്ലാസുകളിലെ 30 കുട്ടികളെ വീതം ഉൾപ്പെടുത്തി തൃശ്ശൂർ കുന്നംകുളത്ത് സ്പോർട്സ് ഡിവിഷൻ തുടങ്ങി. തിരുവനന്തപുരം, കണ്ണൂർ, എറണാകുളം എന്നിവിടങ്ങളിലായി മൂന്ന് ഫുട്ബോൾ അക്കാദമികൾ ആരംഭിച്ചതിൽ രണ്ടെണ്ണം പെൺകുട്ടികൾക്കു മാത്രമാണ്.

### ഒരു സ്കൂൾ ഒരു ഗെയിം

തിരഞ്ഞെടുത്ത സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒരു കായിക ഇനം നിശ്ചയിച്ച് ആവശ്യമായ കായികോപകരണങ്ങൾ നൽകി വരുന്നു. ആദ്യ ഘട്ടം 80 സ്കൂളുകളിൽ പദ്ധതി നടപ്പാക്കി.

പ്രൈമറി വിദ്യാർഥികളുടെ ശാരീരിക -മാനസിക കഴിവുകൾ വർധിപ്പിക്കാൻ ലക്ഷ്യമിട്ട് ഹെൽത്തി കിഡ്സ് പദ്ധതി 30 സ്കൂളുകളിലേക്ക് കൂടി വ്യാപിപ്പിച്ചു.

### അഭിമാനതാരങ്ങൾക്ക് ആദരം, കൈത്താങ്ങ്

ടോക്യോ ഒളിമ്പിക്സിൽ വെങ്കലം നേടിയ ഹോക്കി താരം ശ്രീജേഷിന് രണ്ട്



കോടി രൂപയും സർക്കാർ ജോലിയിൽ പ്രമോഷനും നൽകി. കോമൺവെൽത്ത് ഗെയിംസ് മെഡൽ ജേതാക്കളായ എൽദോസ് പോൾ, അബ്ദുള്ള അബൂബക്കർ, ശ്രീ ശങ്കർ, ട്രീസ ജോളി എന്നിവർക്ക് ജോലി നൽകാൻ തീരുമാനിച്ചു. ഒളിമ്പിക്സ് മെഡൽ ജേതാവായ മാനുവൽ ഫ്രെഡ്രറികിന് സംസ്ഥാന സർക്കാർ വീട് നിർമ്മിച്ചു നൽകി. സന്തോഷ് ട്രോഫി നേടിയ കേരള ടീമിലെ കെ പി രാഹുലിന് 15 ലക്ഷം രൂപ ചെലവിൽ വീട് നിർമ്മിച്ചു നൽകി. രാഹുലിന് വിദ്യാഭ്യാസ വകുപ്പിൽ ക്ലർക്ക് ജോലിയും നൽകിയിരുന്നു. ഫുട്ബോൾ താരം ആര്യശ്രീക്ക് 10 ലക്ഷം രൂപ അനുവദിച്ച് വീട് നിർമ്മിച്ചു. ദേശീയ ഗെയിംസിൽ ട്രിപ്പിൾജമ്പ് സ്വർണ്ണം നേടിയ വി ഷീനയ്ക്ക് വീട് നിർമ്മിക്കാൻ 18 ലക്ഷം രൂപ അനുവദിച്ചു.

അവശ കായികതാരങ്ങളുടെ പെൻഷൻ 1600 രൂപയായും കുടുംബ വാർഷിക വരുമാനപരിധി ഒരുലക്ഷം രൂപയായും വർധിപ്പിച്ചു. അവശത അനുഭവിക്കുന്ന 26 സർക്കസ് കലാകാരരെ കൂടി 1600 രൂപ നൽകി ഇതിൽ ഉൾപ്പെടുത്തി. കോവിഡ് കാലത്ത് 1750 കുട്ടികൾക്ക് കായികപോഷണ ഭക്ഷ്യകിറ്റ് വീടുകളിൽ എത്തിച്ച് നൽകി.

## സ്പോർട്സ് ക്വാട്ട നിയമനം

കഴിഞ്ഞ ഒൻപത് വർഷത്തിനിടെ സ്പോർട്സ് ക്വാട്ടയിൽ റെക്കോഡ് നിയമനം നടന്നു. ഈ കാലയളവിൽ 960 കായിക താരങ്ങൾക്കാണ് നിയമനം നൽകിയത്.

കഴിഞ്ഞ സർക്കാർ 580 പേർക്ക് നിയമനം നൽകി. ഈ ഗവൺമെന്റ് സ്പോർട്സ് ക്വാട്ട നിയമനത്തിനുള്ള 2010-14 റാങ്ക് ലിസ്റ്റിൽ നിന്ന് 65 പേർക്ക് കൂടി നിയമനം നൽകി. 2017-23 ൽ സ്പോർട്സ് ക്വാട്ടയിൽ പൊലീസിൽ 168 പേർക്കും കെഎസ്ഇബിയിൽ 61 പേർക്കും നിയമനം നൽകി. സന്തോഷ് ട്രോഫിയിൽ കിരീടം നേടിയ ടീമിലെ ജോലിയില്ലാതിരുന്ന 11 പേർക്ക് വിദ്യാഭ്യാസ വകുപ്പിൽ എൽ ഡി ക്ലർക്ക് തസ്തിക സൃഷ്ടിച്ച് നിയമനം നൽകി. കേരളത്തിൽ നടന്ന ദേശീയ ഗെയിംസിൽ ടീമിനത്തിൽ വെള്ളി, വെങ്കലം മെഡൽ നേടിയ 83 കായിക താരങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകുമെന്ന് കഴിഞ്ഞ സർക്കാർ വാഗ്ദാനം നൽകിയിരുന്നു. എൽ ഡി എഫ് സർക്കാർ ഈ കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ എൽ ഡി സി തസ്തികയിൽ നിയമിച്ചു. സംസ്ഥാന പബ്ലിക് സർവീസ് കമ്മിഷൻ നിയമനങ്ങളിൽ ഒരു ശതമാനം കായിക താരങ്ങൾക്ക് സംവരണം ചെയ്യാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചു.



കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച കാസർഗോഡ് ജില്ലാ കായികസമുച്ചയം

# ന്യൂനപക്ഷ ക്ഷേമം

വിദ്യാർഥികൾക്കായി കരിയർ ഗൈഡ ൻസ് പരിശീലന പരിപാടി. വിധവകൾക്ക് ഭവന പുനരുദ്ധാരണ പദ്ധതിയിൽ നടപ്പുവർഷം 710 പുതിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യത്തിന് അനുമതി.

സ്പിൽ ഓവർ വിഭാഗത്തിൽ 515 വീടുകൾ പൂർത്തീകരിച്ചു. Pathway Social Life wellness programme 50 ലക്ഷം രൂപ ചെലവഴിച്ചു

## സ്കോളർഷിപ്പുകൾ 2024-25 സാമ്പത്തികവർഷം

പോളിടെക്നിക്കുകളിൽ മൂന്നു വർഷ ഡിപ്ലോമ വിദ്യാർഥികൾക്കുള്ള എ.പി.ജെ അബ്ദുൾകലാം സ്കോളർഷിപ് - 677 വിദ്യാർഥികൾക്കായി 40.62 ലക്ഷം രൂപ നൽകി.

ബിരുദ, പി.ജി, പ്രൊഫഷണൽ വിദ്യാർഥിനികൾക്കുള്ള സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ് - 9022 വിദ്യാർത്ഥിനികൾക്കായി 7.46 കോടി രൂപ നൽകി

പ്രൈവറ്റ് ഐ.ടി.ഐ / ഐ.ടി.സി ഫീ-റീ ഇംപേഴ്സ്മെന്റ് സ്കീം- 3943 വിദ്യാർഥികൾക്കായി 3.96 കോടി രൂപ ചെലവഴിച്ചു. നൈപുണ്യപരിശീലന പരിപാടിക്ക് 90 ലക്ഷം രൂപ

സി.എ, സി.എം.എ, സി.എസ് സ്കോളർഷിപ 384 കുട്ടികൾക്കായി 57.67 ലക്ഷം രൂപ നൽകി.

യു.ജി.സി, സിഎസ്.ഐ.ആർ, നെറ്റ് - കോച്ചിംഗ് 550 വിദ്യാർത്ഥികൾക്ക് ഒൻപത് ലക്ഷം രൂപ ചിലവഴിച്ചു.

ഐ ഐ ടി, ഐ.ഐ.എം, ഐ.ഐ.എം.സി, ഐ.എം.എസ്.സി വിദ്യാർഥികൾക്ക് പ്രതിവർഷം 50,000 രൂപ നൽകുന്ന സ്കോളർഷിപ് പദ്ധതി. 36 വിദ്യാർഥികൾക്കായി 18 ലക്ഷം രൂപ നൽകി.

നഴ്സിംഗ്, പാരാമെഡിക്കൽ ഡിപ്ലോമ കോഴ്സ് പഠിതാക്കൾക്ക് നൽന്ന മദർ തെരേസ സ്കോളർഷിപ്- 402 പേർക്കായി 60.78 ലക്ഷം രൂപ നല്കി.

എസ്.എസ്.എൽ.സി, പ്ലസ് ടു, വി.എച്ച്.എസ്.ഇ പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടുന്നവർക്കും ബിരുദം 80% മാർക്ക്, പി.ജി 75% മാർക്ക് നേടി വിജയിക്കുന്നവർക്കും നൽകുന്ന പ്രൊഫ : ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ് 4815 വിദ്യാർഥികൾക്കായി 524 ലക്ഷം രൂപ ചിലവഴിച്ചു.

സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന 33 വിദ്യാർത്ഥികൾക്കായി 5.55 ലക്ഷം രൂപ നൽകി.

വിദേശ സർവ്വകലാശാലകളിൽ ബിരുദ, ബിരുദാനന്തര, പി.എച്ച്.ഡി കോഴ്സുകളിൽ പഠിക്കുന്നവർക്കായി 170 ലക്ഷം വകയിരുത്തിയ പദ്ധതി പ്രകാരം 30 കുട്ടികൾക്കായി 144.26 ലക്ഷം രൂപ ഇതുവരെ നൽകി

ഇബ്രാഹിം സുലൈമാൻ സേട്ടു - ഉറുദു സ്കോളർഷിപ്-ഉറുദു ഒന്നാം ഭാഷയായി പഠിച്ച് ഫുൾ എ പ്ലസ്' നേടിയ എസ്.എസ്.എൽ.സി - വിദ്യാർഥികൾക്കും ഉറുദു രണ്ടാം ഭാഷയായി ഫുൾ എ പ്ലസ് നേടിയ ഹയർസെക്കൻഡറി വിദ്യാർഥികൾക്കും നൽകുന്നു. 384 കുട്ടികൾക്ക് 3.84 ലക്ഷം രൂപ നൽകി.

മാർഗദീപം സ്കോളർഷിപ്-20 കോടി രൂപ വകയിരുത്തിയതിൽ 1,21,667 കുട്ടികൾക്കായി 18.25 കോടി രൂപ വിതരണം ചെയ്തു.

ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒരു ലക്ഷം അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് തൊഴിൽ നൽകുന്നതിന് സമന്വയം പദ്ധതി. ഇതിനായി രജിസ്ട്രേഷൻ ഡ്രൈവുകൾ നടന്നുവരുന്നു.

പി എം ജെ വി കെ പദ്ധതിയിൽ 37 പ്രോജക്ടുകൾ ഈ സർക്കാരിന്റെ കാലയളവിൽ 49 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ചു. സർക്കാർ സർവീസിൽ ന്യൂനപക്ഷ യുവജനങ്ങൾക്ക് പ്രാതിനിധ്യം ലഭിക്കുന്നതിന് പരിശീലനം നൽന്നു. ഇപ്പോൾ 24 പരിശീലന കേന്ദ്രങ്ങളും 27 ഉപ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന 15 ലേറെ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നു. സർക്കാർ ഗ്യാരണ്ടി 50 കോടിയിൽ നിന്ന് 100 കോടിയായി ഉയർത്തി. വായ്പാതുക നാല് ഇരട്ടിയായി വർധിപ്പിച്ചു. അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ വീണ്ടെടുത്തു വരുന്നു. പുതുതായി 245 ആസ്തികൾ വീണ്ടെടുത്തു.

## ഹജ്ജ് തീർത്ഥാടനം

കണ്ണൂരിൽ പുതിയ എംബാർക്കേഷൻ പോയിന്റ് അനുവദിച്ചു. കഴിഞ്ഞ രണ്ട് വർഷവും ബജറ്റിൽ ഹജ്ജ് തീർത്ഥാടനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ചു. കോഴിക്കോട് ഹജ്ജ് ഹൗസിനോട് ചേർന്ന് 8.2 കോടി രൂപ ചെലവഴിച്ച് വനിതാ ബ്ലോക്ക് നിർമ്മിച്ചു. കണ്ണൂരിൽ ഹജ് ഹൗസ് നിർമ്മാണം പരിഗണനയിൽ.

മദ്രസാ അധ്യാപക പെൻഷൻ, ക്ഷേമനിധി അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുമ്പോൾ 1500 രൂപ മുതൽ 7500 രൂപ വരെയാണ് ലഭിക്കുന്നത്. അവശത പെൻഷൻ പ്രതിമാസം 1000 രൂപവീതം നൽകുന്നു.

**ജി ആർ അനിൽ**
ഭക്ഷ്യ-പൊതുവിതരണ-ഉപഭോക്തൃകാര്യ
ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി



4 വിശപ്പുരഹിത കേരളം യാഥാർഥ്യമാക്കുന്നതിൽ കേരളം വിജയിച്ചു

# ഭക്ഷ്യഭദ്രതയിൽ നിന്ന് പോഷകഭദ്രതയിലേക്ക്

വിശപ്പുരഹിത കേരളം യാഥാർഥ്യമാക്കുന്നതിൽ കേരളം വിജയിച്ചുകഴിഞ്ഞു. ഇനി പോഷക ഭദ്രതയിലേക്ക് മുന്നേറേണ്ടതുണ്ട്. സുതാര്യവും ആരോഗ്യകരവുമായ വ്യാപാര സമ്പ്രദായങ്ങളുടെ പ്രോത്സാഹനവും ഉപഭോക്തൃശാക്തീകരണവും ലക്ഷ്യം വച്ചുള്ള നടപടികളും വിപുലപ്പെടുത്തേണ്ടതുണ്ട്. നവകേരളത്തിലേക്കുള്ള നവലക്ഷ്യങ്ങൾ ഉറപ്പിച്ച് മുന്നേറുകയാണ് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്.

കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ആഹാരം കഴിക്കാനാവശ്യമായ ഭക്ഷ്യധാന്യം സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നില്ല. ലോകയുദ്ധം പോലുള്ള സന്ദർഭങ്ങളിൽ ഭക്ഷ്യക്ഷാമവും പട്ടിണിയും അനുഭവിച്ച ചരിത്രമുള്ള ജനതയാണ് മലയാളികൾ. ഈ പ്രതികൂലഘടകങ്ങൾക്കിടയിലും ഭക്ഷ്യഭദ്രത നിലനിർത്തുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞു. ഒരാളും പട്ടിണി അനുഭവിക്കാത്ത ഒരു ഭൂപ്രദേശം എന്ന നില കൈവരിക്കാൻ കഴിഞ്ഞത് കേരള മാതൃകയുടെ എടുത്തുപറയത്തക്ക സവിശേഷതകളിൽ ഒന്നാണ്. ഇച്ഛാശക്തിയോടെയും നിശ്ചയദാർഢ്യത്തോടെയും നടത്തിയ പ്രവർത്തനങ്ങളുടെ ഫലമാണത്.

ഭക്ഷ്യകമ്മി സംസ്ഥാനം എന്ന നിലയിലും നാണ്യവിളയുടെ ഉൽപാദനത്തിൽ ഏറെ മുന്നേറിയത് കണക്കിലെടുത്തും 1960 കളിൽ സ്റ്റാറ്റിയൂട്ടറി റേഷനിങ് ഏർപ്പെടുത്തുന്നതിനു പൊതുവായ ആവശ്യം ഉയർന്നു. അത് അംഗീകരിക്കപ്പെടുകയും രാജ്യത്തിന് മാതൃകയായ പൊതുവിതരണ സംവിധാനംകേരളത്തിൽഉരുത്തിരിഞ്ഞുവരികയും ചെയ്തു. ഇതിന്റെ ഭാഗമായി ന്യായവില ഷോപ്പുകൾ വഴി വിതരണം ചെയ്യുന്ന റേഷൻ ഭക്ഷ്യധാന്യം മലയാളിയുടെ ഭക്ഷ്യഭദ്രതയ്ക്ക് അടിത്തറയിട്ടു എന്നത് അനിഷേധ്യമാണ്.. ലക്ഷ്യാധിഷ്ഠിത പൊതുവിതരണം കേന്ദ്രസർക്കാർ നയമായി അംഗീകരിച്ചതോടെ ഏറ്റവും ദരിദ്രരും ദുർബലരും ആയ വിഭാഗങ്ങൾക്കു മാത്രമായി റേഷൻ പരിമിതപ്പെട്ടു. 2013ൽ നിലവിൽ വന്ന എൻ.എഫ്.എസ്.എ ആക്ട് ഈ നയത്തിന് നിയമരൂപം നൽകിയതോടെ സാർവത്രിക റേഷനിങ് ഇല്ലാതായതോടെ 57ശതമാനം മലയാളികൾ പൊതുവിതരണത്തിന് പുറത്തായി. എന്നാൽ ഈ നിയമത്തിന്റെ പരിരക്ഷ കിട്ടാത്ത മുൻഗണനേതര വിഭാഗങ്ങളെയും ചേർത്തുപിടിച്ച സർക്കാർ, സംസ്ഥാനത്തിന് ലഭ്യമായ ഭക്ഷ്യവിഹിതത്തിൽ നിന്നും സാധ്യമായ അളവിൽ ആനുകൂല്യങ്ങൾ നൽകുന്നു.


## എല്ലാ കുടുംബങ്ങൾക്കും റേഷൻകാർഡ്

എല്ലാ കുടുംബങ്ങൾക്കും റേഷൻകാർഡ് എന്ന നയത്തിന്റെ ഭാഗമായി തെരുവോരത്ത് താമസിക്കുന്നവർക്കുൾപ്പെടെ ആധാർകാർഡിന്റെ മാത്രം അടിസ്ഥാനത്തിൽ കാർഡുകൾ നൽകി. ഈ സർക്കാർ ചുമതലയേറ്റതിന് ശേഷം മാത്രം 5,20,563 പുതിയ കാർഡുകൾ വിതരണം ചെയ്തു. ഭിന്നശേഷിക്കാരായ കുട്ടികൾ പഠിക്കുന്നതുൾപ്പെടെയുള്ള ക്ഷേമസ്ഥാപനങ്ങൾക്കായി 7992 കാർഡുകൾ നൽകി. ഇത്തരം സ്ഥാപനങ്ങൾക്ക് മാത്രമായി സംസ്ഥാനത്ത് ആകെ 28666 കാർഡുകൾ ലഭ്യമാക്കി. ട്രാൻസ്ജെൻഡർ വിഭാഗത്തിനും തെരുവോരത്ത് താമസിക്കുന്നവർക്കും താമസരേഖകളൊന്നും

# ആധുനികമായി കെ സ്റ്റോറുകൾ

റേഷൻകടകളുടെ പശ്ചാത്തല സൗകര്യം വിപുലപ്പെടുത്തി സംസ്ഥാനത്തെ 1779 റേഷൻകടകളെ കെ-സ്റ്റോറുകളാക്കി ഉയർത്തി. മിനി ബാങ്കിംഗ്, യൂട്ടിലിറ്റി പേയ്മെന്റ്, ചോട്ടുഗ്യാസ്, പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ, കൃഷി - വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ എന്നിവ ലഭ്യമാക്കുന്നു. ഈ വർഷം 2500 കെ-സ്റ്റോറുകൾ നൽകുന്ന അധിക സേവനങ്ങളിലൂടെ 11.5 കോടി രൂപയുടെ വ്യാപാരം നടക്കുകയുണ്ടായി. ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ 10രൂപ നിരക്കിൽ കുപ്പി കുടിവെള്ളം റേഷൻകടകളിലൂടെ ലഭ്യമാക്കി. ചെറുധാന്യങ്ങളുടെ പോഷക ഗുണത്തെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി റേഷൻകടകളിലൂടെ റാഗിപ്പൊടി വിതരണം ആരംഭിച്ചു.







കൂടാതെ ആധാർ മാത്രം അടിസ്ഥാനമാക്കി കാർഡുകൾ വിതരണംചെയ്തു. തദ്ദേശ സ്വയംഭരണ വകുപ്പ് അതിദരിദ്രരായി കണ്ടെത്തിയ 7316 പേരിൽ അർഹരായ മുഴുവൻ പേർക്കും റേഷൻകാർഡ് നൽകി. ഇതരസംസ്ഥാനക്കാരായ അതിഥി തൊഴിലാളികൾക്ക് സംസ്ഥാനത്ത് നിന്ന് അവരുടെ റേഷൻ വിഹിതം കൈപ്പറ്റാൻ കഴിയുന്ന റേഷൻ റൈറ്റ്സ് കാർഡ് പദ്ധതി നടപ്പിലാക്കി.

വനമേഖലകൾ, ആദിവാസി നഗറുകൾ, ലേബർ സെറ്റിൽമെന്റുകൾ അടക്കം ഗതാഗത പ്രയാസങ്ങൾ നേരിടുന്ന വിദൂരപ്രദേശങ്ങളിൽ റേഷൻ വാസസ്ഥലത്തെത്തിച്ചു നൽകുന്ന സഞ്ചരിക്കുന്ന റേഷൻകടകളുടെ എണ്ണം 137 ആയി വർധിപ്പിച്ചു. റേഷൻകടകളിൽ നേരിട്ടെത്തി സാധനം കൈപ്പറ്റാൻ കഴിയാത്ത കിടപ്പുരോഗികൾക്ക് ഓട്ടോറിക്ഷാ തൊഴിലാളികളുടെ സഹായത്തോടെ റേഷൻ വീട്ടിലെത്തിച്ചുകൊടുക്കുന്ന 'ഒപ്പം' പദ്ധതി നടപ്പിലാക്കി. വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന 50 സുഭിക്ഷാ

> **വനമേഖലകൾ, ആദിവാസി നഗറുകൾ, ലേബർ സെറ്റിൽമെന്റുകൾ അടക്കം ഗതാഗത പ്രയാസങ്ങൾ നേരിടുന്ന വിദൂരപ്രദേശങ്ങളിൽ റേഷൻ വാസസ്ഥലത്തെത്തിച്ചു നൽകുന്ന സഞ്ചരിക്കുന്ന റേഷൻകടകളുടെ എണ്ണം 137 ആയി വർധിപ്പിച്ചു.**

ഹോട്ടലുകൾ പൊതുവിതരണ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

## കേന്ദ്രസർക്കാരിന്റെ അനുമോദനം

100 ശതമാനം റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുവാൻ കഴിഞ്ഞ ആദ്യ സംസ്ഥാനമാണ് കേരളം. വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് മുന്നേറാൻ കഴിഞ്ഞതിൽ കേന്ദ്രസർക്കാർ പരിഗണിച്ച ഒരു ഘടകമാണ് സംസ്ഥാനത്തെ മികച്ച നിലവാരത്തിലുള്ള പൊതുവിതരണ സമ്പ്രദായം. റൂട്ട് ഒപ്റ്റിമൈസേഷൻ ഉൾപ്പെടെയുള്ള പൊതുവിതരണ ശൃംഖലയുടെ മെച്ചപ്പെട്ട പ്രവർത്തനം പരിഗണിച്ച് 2024 ഡിസംബർ 5ന് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്രസർക്കാരിന്റെ പ്രശസ്തിപത്രം കേരള സർക്കാരിന് സമ്മാനിക്കുകയുണ്ടായി. മുൻഗണനാ കാർഡുകളുടെ മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും കേരളം ഒന്നാം സ്ഥാനത്താണ്.

## വിപുലമായ വിപണി ഇടപെടൽ

രാജ്യത്ത് മറ്റെങ്ങും കാണാൻ കഴിയാത്ത വിപുലമായ വിപണി ഇടപെടൽ ശൃംഖല




യാണ് സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്.

### സപ്ലൈകോ

1634 വിൽപനശാലകൾ
915 മാവേലി സ്റ്റോറുകളും
588 സൂപ്പർമാർക്കറ്റുകളും
6 ഹൈപ്പർമാർക്കറ്റുകളും
88 മെഡിക്കൽ സ്റ്റോറുകളും
13 പെട്രോൾ ബങ്കുകളും
മൂന്ന് എൽ.പി.ജി ഔട്ട് ലെറ്റുകളും
21 മൊബൈൽ മാവേലി സ്റ്റോറുകളും

നിത്യോപയോഗ സാധനങ്ങളെല്ലാം തന്നെ പൊതുവിപണിയേക്കാളും കുറഞ്ഞവിലയ്ക്ക് ഈ വിൽപനശാലകളിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. 2016 മെയിലെ സബ്സിഡി വിലയിൽ മാറ്റമില്ലാതെ (പൊതുവിപണിയിൽ ലഭ്യമാകുന്നതിന്റെ ഏകദേശം പകുതി വിലയ്ക്ക്) 13 ഇനം അവശ്യസാധനങ്ങൾ 2024 ഫെബ്രുവരി വരെ സപ്ലൈകോയുടെ ഔട്ട് ലെറ്റുകൾ വഴി നൽകിവന്നു. രാജ്യത്തെങ്ങും വർധിച്ച തോതിലുണ്ടായ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ, വാങ്ങൽ വിലയിലുള്ള വ്യത്യാസംകൂടി പരിഗണിച്ച് അടുത്ത കാലത്ത് ഈ വിലകൾ പരിഷ്ക്കരിച്ചെങ്കിലും ശരാശരി 35 ശതമാനം സബ്സിഡിയിലാണ് ഈ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നത്.

### ഉപഭോക്തൃ സംരക്ഷണം


ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കി ഉപഭോക്താക്കളുടെ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. എല്ലാ ജില്ലകളിലും മീഡിയേഷൻ സെല്ലുകൾ ആരംഭിച്ചു. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് വെബ്സൈറ്റ് ആരംഭിച്ചു. ഇ-ദാഖിൽ സംവിധാനം നടപ്പിലാക്കിയതിലൂടെ ഓൺലൈനായി പരാതി സമർപ്പിക്കുവാനുള്ള സൗകര്യം കേരളത്തിൽ ലഭ്യമാക്കി. ഉപഭോക്തൃ ബോധവൽക്കരണത്തിനായി സഞ്ചരിക്കുന്ന പ്രദർശന സംവിധാനം 'ദർപ്പണം' ആരംഭിച്ചു. ഉപഭോക്തൃ സംരക്ഷണം, ഉപഭോക്തൃ ബോധവൽക്കരണം, സുസ്ഥിര/ഹരിത ഉപഭോക്തൃ സംസ്കാരം എന്നിവയിലൂന്നിയ കേരളത്തിന്റെ തനത് ഉപഭോക്തൃ നയരേഖ പ്രകാശനം ചെയ്തു. ഇടുക്കി, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിലെ സി.ഡി.ആർ.സി കെട്ടിടങ്ങൾ നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു. സ്കൂളുകളിൽ കൺസ്യൂമർ ക്ലബ്ബുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും കോളേജുകൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു.

മൾട്ടി ലെവൽ മാർക്കറ്റിങ്ങ് / ഡയറക്ട് സെല്ലിംഗ് കമ്പനികളെ നിയന്ത്രിക്കുന്നതിന് മോണിറ്ററിങ്ങ് അതോറിറ്റി രൂപീക

> **ഉപഭോക്തൃ സംരക്ഷണം, ഉപഭോക്തൃ ബോധവൽക്കരണം, സുസ്ഥിര/ഹരിത ഉപഭോക്തൃ സംസ്കാരം എന്നിവയിലൂന്നിയ കേരളത്തിന്റെ തനത് ഉപഭോക്തൃ നയരേഖ പ്രകാശനം ചെയ്തു.**

# ഉയർന്ന വിലയിൽ നെല്ല് സംഭരണം

വിപണിയിടപെടലിനു പുറമെ സപ്ലൈകോ ഏറ്റെടുത്ത് നടത്തുന്ന സുപ്രധാനമായ ഒരു പ്രവർത്തനമാണ് നെല്ല് സംഭരണം. നെല്ല് സംഭരണ പദ്ധതിയിലൂടെ കേരളത്തിലെ കർഷകരിൽ നിന്നും ശരാശരി ആറ് ലക്ഷം മെട്രിക് ടൺ നെല്ല് പ്രതിവർഷം സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനം വഴി റേഷൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. നെല്ലിന്റെ താങ്ങുവിലയിനത്തിൽ കേന്ദ്രം നൽകുന്ന തുകയ്ക്ക് പുറമെ സംസ്ഥാന സർക്കാർ ഇൻസെന്റീവ് ബോണസ് കൂടി നൽകി രാജ്യത്തെ ഏറ്റവും ഉയർന്ന വിലയ്ക്കാണ് കർഷകരിൽ നിന്നും കേരളത്തിൽ നെല്ല് എടുക്കുന്നത്.



രിച്ചു. ഡയറക്ട് സെല്ലിങ്ങ് മാർക്കറ്റിങ്ങ് മാർഗരേഖ പ്രകാശനം, ഡയറക്ട് സെല്ലിങ്ങ് കമ്പനികൾക്ക് ഓൺലൈനായി രജിസ്ട്രേഷൻ നടത്താൻ കഴിയുന്ന വെബ് പോർട്ടൽ, ഉപഭോക്തൃ ബോധവൽക്കരണ വീഡിയോ പ്രകാശനം മുഖ്യമന്ത്രി ഫെബ്രുവരി 19ന് നിർവഹിച്ചു.

## ലീഗൽ മെട്രോളജി

എറണാകുളം സെൻട്രൽ ലബോറട്ടറിയിൽ തെർമ്മോമീറ്റർ കാലിബറേഷൻ ലബോറട്ടറി, ഫ്ളോമീറ്റർ കാലിബറേഷൻ ലബോറട്ടറി, സ്പിഗ്മോമാനോമീറ്റർ കാലിബ്രേഷൻ ലബോറട്ടറി, വാട്ടർ മീറ്റർ കാലിബറേഷൻ ലബോറട്ടറി എന്നിവയുടെ പ്രവർത്തനം ആരംഭിച്ചു. എറണാകുളത്ത് ഗോൾഡ് അസ്സെയിങ് ലാബിന് എൻ.എ-.ബി.എൽ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിലേക്കായി 'സുതാര്യം' മൊബൈൽ ആപ്ലിക്കേഷന്റെ നവീകരിച്ച് പുറത്തിറക്കി. വ്യാപാരികളുടെ അളവ് തൂക്ക ഉപകരണങ്ങൾ മുദ്ര ചെയ്യുന്നതിനുള്ള അപേക്ഷയും ഫീസും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സോഫ്റ്റ്വെയർ മോഡ്യൂൾ ആരംഭിച്ചു. വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് ന്യൂനത പരിഹരിക്കുന്നതിനുള്ള ജാഗ്രത പദ്ധതി, പെട്രോൾ / ഡീസൽ ബങ്കുകൾ പരിശോധിച്ച് ന്യൂനത പരിഹരിക്കുന്നതിനുള്ള ക്ഷമത പദ്ധതി എന്നിവ വിജയകരമായി നടപ്പാക്കി. കോട്ടയം, കാസർഗോഡ്, വയനാട് ലീഗൽ മെട്രോളജി ജില്ലാ ഓഫീസുകളുടെ നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. പാലക്കാട് ജില്ലയിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.■

കെ എൻ ബാലഗോപാൽ
ധനകാര്യ വകുപ്പ് മന്ത്രി



4

പ്രതിസന്ധികൾക്കിടയിലും വികസന പ്രവർത്തനങ്ങൾക്കും ക്ഷേമകാര്യങ്ങൾക്കും പണമെത്തിക്കാൻ കേരളത്തിന് കഴിഞ്ഞു

# മുട്ടുമടക്കാതെ കേരളം

2025-26 ലെ ബജറ്റ് പ്രസംഗം ആരംഭിച്ചത് രൂക്ഷമായ ധനഞെരുക്കത്തിന്റെ തീക്ഷ്ണമായ ഘട്ടത്തെ കേരളം അതിജീവിച്ചിരിക്കുന്നു എന്ന് പറഞ്ഞുകൊണ്ടാണ്. കേന്ദ്രം കേരളത്തിനുമേൽ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക ഉപരോധത്തിന്റെ സാഹചര്യത്തിലും വികസനപ്രവർത്തനങ്ങൾക്കും ക്ഷേമകാര്യങ്ങൾക്കും പണമെത്തിക്കാൻ കേരളത്തിന് കഴിഞ്ഞു. കഴിഞ്ഞ നാലു വർഷക്കാലം സാമ്പത്തിക വെല്ലുവിളികളുടെ കാലമായിരുന്നു. സൂക്ഷ്മമായ സാമ്പത്തിക ജാഗ്രതയോടെയും കൃത്യമായ മാനേജ്മെന്റിലൂടെയും നാം മുന്നേറുകയാണുണ്ടായത്. ഇതിനൊപ്പം സംസ്ഥാനത്തിന്റെ മൂലധന നിക്ഷേപം ഇരട്ടിയോളം ആക്കാനുമായി.

## മികവാർന്ന ധനമാനേജ്മെന്റ്

തനത് വരുമാനം വലിയതോതിൽ ഉയർത്തിയാണ് സംസ്ഥാനം പിടിച്ചുനിൽക്കുന്നത്. 2011-12 ൽ തനത് നികുതി വരുമാനം 25,718 കോടി രൂപയായിരുന്നു. 2016-17ൽ ഒന്നാം പിണറായി സർക്കാരിന്റെ ആദ്യവർഷം ഇത് 42,176 കോടിയായി. അവസാനവർഷം 2020-21 ൽ 47,661 കോടി രൂപയായി. ഈ സർക്കാരിന്റെ ആദ്യവർഷം 2021-22ൽ 58,341 കോടി രൂപ, 2022-23ൽ 71,968 കോടി രൂപ, 2023-24ൽ 74,329 കോടി രൂപ, നടപ്പുവർഷം (2024-25) 81,627 കോടി രൂപ എന്നിങ്ങനെ നികുതി വരുമാനം ഉയർത്താനായി. അടുത്ത സാമ്പത്തിക വർഷം ലക്ഷ്യമിടുന്നത് 91,515 കോടി രൂപയാണ്.

നികുതിയേതര വരുമാനവും ഇരട്ടിയോളം വർധിപ്പിക്കാനായി. 2011-12ൽ നികുതിയേതരവരുമാനം 2,592 കോടി രൂപയായിരുന്നു. 2016-17ൽ ഒന്നാം പിണറായി സർക്കാരിന്റെ ആദ്യവർഷം ഇത് 9,699 കോടിയായി. അവസാനവർഷം 2020-21ൽ 7,372 കോടി രൂപയായി. ഈ സർക്കാരിന്റെ ആദ്യവർഷം 2021-22ൽ 10,463 കോടി രൂപ, 2022-23ൽ 15,118 കോടി രൂപ, 2023-24ൽ 16,346 കോടി രൂപ, നടപ്പുവർഷം 2024-25ൽ 17,906 കോടി രൂപ എന്നിങ്ങനെ നികുതിവരുമാനം ഉയർത്താനായി. അടുത്ത സാമ്പത്തികവർഷം 19,145 കോടി രൂപയാണ് ലക്ഷ്യമിട്ടുന്നത്.

## കേന്ദ്രവിഹിതം കുത്തനെ കുറഞ്ഞു

സംസ്ഥാനത്തിന്റെ റവന്യു വരുമാനത്തിൽ കേന്ദ്രവിഹിതം വർഷംതോറും ഗണ്യമായി കുറയുന്നു. 2016-17ൽ റവന്യു വരുമാനമായിരുന്ന 75,612 കോടിയിൽ 23,735 കോടി രൂപ കേന്ദ്രവിഹിതമായിരുന്നു. 32 ശതമാനം. 2020-21ൽ 42,629 കോടി രൂപ (44 ശതമാനം), 2021-22ൽ 47,837 കോടി (41 ശതമാനം), 2022-23ൽ 48,230 കോടി രൂപ (36 ശതമാനം) എന്നിങ്ങനെയായിരുന്നു കേന്ദ്ര വിഹിതം. എന്നാൽ, 2023-24ൽ 33,811 കോടി രൂപ

## ക്ഷേമ പെൻഷൻ കുടിശിക നൽകി

ക്ഷേമ പെൻഷൻ 2024 മാർച്ച് മുതൽ അതതുമാസം വിതരണം ചെയ്തുവരുന്നു. അഞ്ചുഗഡു പെൻഷൻ കുടിശികയിൽ രണ്ടു ഗഡു നൽകിക്കഴിഞ്ഞു. ഏപ്രിലിൽ തുടങ്ങുന്ന അടുത്ത സാമ്പത്തിക വർഷത്തിൽതന്നെ ബാക്കിയും നൽകാനാണ് തീരുമാനം.



(27 ശതമാനം). 2024-25ൽ 33,397 കോടി രൂപ-റവന്യൂ വരുമാനത്തിന്റെ 25 ശതമാനം മാത്രം എന്നിങ്ങനെ കുത്തനെ കുറയുന്നതാണ് സ്ഥിതി. 2020-21നെ അപേക്ഷിച്ച് ഏതാണ്ട് 20 ശതമാനം വരെയാണ് കുറവുണ്ടായത്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ 2025 ജനുവരി വരെ കേന്ദ്രത്തിൽ നിന്നും ലഭ്യമായ റവന്യൂ വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 2942.29 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

> സൂക്ഷ്മമായ സാമ്പത്തിക ജാഗ്രതയോടെയും കൃത്യമായ മാനേജ്മെന്റിലൂടെയും നാം മുന്നേറുകയാണുണ്ടായത്. ഇതിനൊപ്പം സംസ്ഥാനത്തിന്റെ മൂലധന നിക്ഷേപം ഇരട്ടിയോളം ആക്കാനുമായി.

### പൊതുചെലവ്

2011-16ൽ യുഡിഎഫ് സർക്കാരിന്റെ കാലത്ത് ശരാശരി വാർഷിക ചെലവ് 68,169 കോടി രൂപയായിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 2016 മുതൽ 2021 വരെ ശരാശരി പൊതുചെലവ് 1,15,378 കോടി രൂപയായിരുന്നു. ഈ സർക്കാരിന്റെ നാലുവർഷ കാലയളവിലെ ശരാശരി പൊതുചെലവ് 1,65,061 കോടി രൂപയാണ്. അടുത്ത സാമ്പത്തിക വർഷം 2,00,354 കോടി രൂപയാണ് ആകെ ചെലവായി പ്രതീക്ഷിക്കുന്നത്.

### മൂലധന ചെലവ്

സംസ്ഥാനത്തിന്റെ മൂലധന ചെലവ് 2022-23 സാമ്പത്തിക വർഷത്തിൽ 16,787.49 കോടി രൂപയായിരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ 16,880.17 കോടി രൂപയായി വർധിച്ചിട്ടുണ്ട്. മാത്രമല്ല, അക്കൗണ്ടന്റ് ജനറലിന്റെ 2025 ജനുവരി വരെയുള്ള പ്രാഥമികകണക്കുകൾ പ്രകാരം 13,578.92 കോടി രൂപയാണ്. ഇത് മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 731.63 കോടി രൂപയുടെ വർധനവാണ് കാണിക്കുന്നത്. കേന്ദ്രം സംസ്ഥാനത്തിന്റെ കടമെടുപ്പിൽ നിയന്ത്രണം ഏർപ്പെടുത്തുകയും കേന്ദ്രത്തിൽനിന്നും ലഭ്യമാകുന്ന ഗ്രാന്റ് ഇൻ എയ്ഡിൽ കുറവുണ്ടാവുകയും ചെയ്യുമ്പോ



തൃശ്ശൂരിലെ കെഎസ്എഫ്ഇ ആസ്ഥാനം

ഴാണ് സംസ്ഥാനം വികസന ചെലവുകളിൽ വർധന രേഖപ്പെടുത്തിയിട്ടുള്ളത്.

## വെല്ലുവിളികൾ

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്തെ ആകെ റവന്യൂ വരുമാനത്തിന്റെ 62.3% കേന്ദ്രസർക്കാരിന് ലഭിക്കുന്നു. സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നത് 37.7% മാത്രം. എന്നാൽ രാജ്യത്തെ ആകെ റവന്യൂ ചെലവിന്റെ 62.5%വും നിർവഹിക്കേണ്ടിവരുന്നത് സംസ്ഥാനങ്ങളാണ്. അതിൽതന്നെ കേരളംപോലെയുള്ള സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കുന്ന കേന്ദ്രവിഹിതം ഓരോ ധനകാര്യകമ്മിഷൻ കാലയളവിലും ഗണ്യമായി കുറയുകയാണ്.

ഇപ്പോൾ കേരളത്തിന് ഡിവിസിബിൾ പൂളിൽ നിന്ന് ലഭ്യമാകുന്നത് 1.925 ശതമാനം മാത്രമാണ്. ഉത്തർപ്രദേശിന് 17.94%വും ബീഹാറിന് 10.06%വും മധ്യപ്രദേശിന് 7.85%വും പശ്ചിമബംഗാളിന് 7.52%വും മഹാരാഷ്ട്രയ്ക്ക് 6.32%വും ലഭ്യമാകുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ 41% കേന്ദ്ര വിഹിതം സംസ്ഥാനങ്ങൾക്കായി നീക്കിവെക്കാൻ നിർദ്ദേശിച്ചു. ഇത് കേന്ദ്രസർക്കാർ അംഗീകരിച്ചു. എന്നാൽ നടപ്പാക്കിയപ്പോൾ സംസ്ഥാനങ്ങൾക്ക് ഫലത്തിൽ 30%ത്തിലും താഴെ മാത്രമാണ് ലഭിക്കുന്നത്.

രാജ്യത്ത് ചരക്ക് സേവന നികുതി നടപ്പിലായതോടെ സംസ്ഥാനങ്ങളുടെ നികുതി അധികാരം ഏതാണ്ട് പൂർണ്ണമായും ഇല്ലാതായി. ജിഎസ്ടിയുടെ ആവിർഭാവത്തോടെ സംസ്ഥാനങ്ങൾക്കുണ്ടായ വരുമാന നഷ്ടം നികത്തുന്നതിനായി കേന്ദ്രം നൽകിവന്നിരുന്ന ജിഎസ്ടി നഷ്ടപരിഹാരം 2022 ജൂണിൽ നിർത്തലാക്കി. ജിഎസ്ടി വരുമാനത്തിൽ പ്രതീക്ഷിതമായ വർധനവ് കൈവരിക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയാതിരുന്നിട്ടും കോവിഡ് ഏതാണ്ട് രണ്ട് വർഷക്കാലം സാമ്പത്തികമേഖലയെ നിശ്ചലമാക്കിയിട്ടും നഷ്ടപരിഹാര കാലയളവ് ദീർഘിപ്പിച്ചില്ല. പ്രതിവർഷം 12,000 കോടിയുടെ സ്ഥിരവരുമാനമാണ് സംസ്ഥാനത്തിന് മുൻവർഷങ്ങളെ അപേക്ഷിച്ച് ഇതിലൂടെ നഷ്ടമായത്.

മാനത്തിൽ നാലുവർഷത്തിൽ 25,000 കോടി രൂപയുടെ നഷ്ടമുണ്ടായി. കിഫ്ബി, പെൻഷൻ കമ്പനി എന്നിവയ്ക്കായി എടുത്ത കടങ്ങൾ സംസ്ഥാനത്തിന്റെ പൊതുകടമായി കണക്കാക്കിയതിലൂടെ നാലുവർഷത്തിലുണ്ടായ വരുമാനനഷ്ടം 16,433 കോടി രൂപയാണ്. മാത്രവുമല്ല, ട്രഷറി അക്കൗണ്ടിൽ ജീവനക്കാരും പൊതുജനങ്ങളും സൂക്ഷിക്കുന്ന പണം (പബ്ലിക് അക്കൗണ്ട്) സർക്കാരിന്റെ പൊതുകടമായി കണക്കാക്കിയതിലൂടെ സംസ്ഥാനത്തിന്റെ കടപരിധിയിൽ 39,720 കോടി രൂപയുടെ കുറവുണ്ടായി. ബ്രാൻഡിങ്ങിന്റെയും മറ്റും പേരിൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അർഹതപ്പെട്ട വിഹിതവും കാപ്പെക്സ് വായ്പപോലും കേരളത്തിന് നിഷേധിക്കപ്പെട്ടു.

> **ചെലവുകളിൽ കൃത്യമായ മുൻഗണന നിശ്ചയിച്ചും അനാവശ്യചെലവുകൾ കർശനമായി നിയന്ത്രിച്ചും സാമൂഹ്യസുരക്ഷാ-ക്ഷേമ പ്രവർത്തനങ്ങൾക്കെല്ലാം ഊന്നൽ നൽകിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്.**

പത്താം ധനകാര്യ കമ്മിഷനിൽ കേരളത്തിന് ഡിവിസിബിൾ പൂളിൽനിന്ന് കേന്ദ്രം നൽകിയിരുന്ന വിഹിതം 3.8%വും പതിനാലാം ധനകാര്യ കമ്മീഷന്റെ കാലത്ത് 2.5 ശതമാനവുമായിരുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷനിലേക്ക് എത്തുമ്പോൾ അത് 1.92 ശതമാനമായി വെട്ടിക്കുറച്ചു. കേന്ദ്ര നികുതിവിഹിതം 2.5 ശതമാനത്തിൽനിന്നും 1.92 ശതമാനമായി കുറച്ചതിലൂടെ മാത്രം ഈ സർക്കാരിന് മുൻ സർക്കാരിനെ അപേക്ഷിച്ച്, വരു

2024-25ലെ കണക്കുപ്രകാരം കേരളത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 75 ശതമാനവും സംസ്ഥാനം സ്വന്തം നിലയിൽ കണ്ടെത്തുകയാണ്. 25 ശതമാനം മാത്രമാണ് കേന്ദ്രവിഹിതം.




മറ്റു പല സംസ്ഥാനങ്ങളുടെയും വരുമാനത്തിന്റെ 50 മുതൽ 70 ശതമാനം വരെ ഇതേ കേന്ദ്രസർക്കാർ നൽകുന്നുമുണ്ട്. ഇങ്ങനെ രൂപപ്പെട്ട വലിയ ധനഞെരുക്കത്തോട് പടവെട്ടിയാണ് രണ്ടാം പിണറായി സർക്കാർ കഴിഞ്ഞ നാലുവർഷവും മുന്നോട്ടുപോകുന്നത്.

## സാമ്പത്തിക ഉത്തരവാദിത്വം വർധിക്കുന്നു

ചെലവുകളിൽ കൃത്യമായ മുൻഗണന നിശ്ചയിച്ചും അനാവശ്യചെലവുകൾ കർശനമായി നിയന്ത്രിച്ചും സാമൂഹ്യസുരക്ഷാ-ക്ഷേമ പ്രവർത്തനങ്ങൾക്കെല്ലാം ഊന്നൽ നൽകിയുമാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കഴിഞ്ഞ സർക്കാരിന്റെ അവസാനമാസങ്ങളിൽ പ്രഖ്യാപിച്ച ശമ്പളം, പെൻഷൻ പരിഷ്കരണവും സാമൂഹ്യസുരക്ഷാ പെൻഷൻ വർധനവും ഉൾപ്പെടെയുള്ളവയുടെ അധിക സാമ്പത്തിക ഉത്തരവാദിത്വം ഈ സർക്കാരിന് നിർവഹിക്കേണ്ടിവന്നു.

ആശാ വർക്കർമാരുടെ ശമ്പളവർധന രണ്ടു തവണ ഈ സർക്കാർ നടപ്പാക്കി. കെഎസ്ആർടിസിയ്ക്കായി വലിയ ബാധ്യതയാണ് സർക്കാർ ഏറ്റെടുക്കുന്നത്. കെടിഡിഎഫ്സിയുടെ കടബാധ്യത തീർക്കാനും പണം നൽകേണ്ടിവന്നു. കെഎഫ്സി, കെഎസ്എഫ്ഇ, കേരള ഗ്രാമീണ ബാങ്ക്, കൊച്ചി മെട്രോ റെയിൽ, കണ്ണൂർ വിമാനത്താവളം തുടങ്ങിയവയ്ക്കെല്ലാം ബജറ്റിനു പുറത്താണ് വലിയതോതിൽ സാമ്പത്തിക സഹായം നൽകേണ്ടിവന്നത്.

വിഴിഞ്ഞം തുറമുഖ പദ്ധതിക്കും സംസ്ഥാനം മാത്രം പണം നൽകേണ്ട സ്ഥിതിയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികളിലെല്ലാം കേന്ദ്രവിഹിതം വലിയതോതിൽ കുറയുകയോ കേന്ദ്രസർക്കാർ പൂർണ്ണമായും പിൻമാറുകയോ ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇതുമൂലം സ്കീം വർക്കേഴ്സ്, എൻഎച്ച്എം, നെല്ല് സംഭരണം, മാതൃശിശു പോഷകാഹാര പദ്ധതികൾ, ക്ഷേമപെൻഷൻ, പൊതുവിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലൊക്കെ വലിയ സാമ്പത്തിക ബാധ്യതകൾ സംസ്ഥാനത്തിനുണ്ടാകുന്നു. ഇത്തരമൊരു പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നുപോകുമ്പോഴും വിവിധ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്താനും കൂടുതൽ മേഖലകളിൽ മുന്നിലേക്ക് എത്താനും നമുക്ക് കഴിയുന്നുണ്ട്. കേന്ദ്രം പല കാരണങ്ങളാൽ നിഷേധിച്ച അർഹതപ്പെട്ട പണം ലഭിച്ചിരുന്നുവെങ്കിൽ സർക്കാർ ജീവനക്കാർ ഉൾപ്പെടെ എല്ലാ വിഭാഗങ്ങളുടെയും എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായി നൽകാൻ കഴിയുമായിരുന്നു.■



**കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച വലിയഴീക്കൽ പാലം**

ഡോ. ആർ ബിന്ദു
ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി

4

സർവതല സ്പർശിയായ സാമൂഹ്യനീതിയും നവവൈജ്ഞാനിക സമൂഹത്തെ രൂപപ്പെടുത്തുന്ന ഉന്നത വിദ്യാഭ്യാസവുമാണ് ലക്ഷ്യം



# സമഭാവനയിൽ പുലരുന്ന നവവൈജ്ഞാനിക കേരളം

നവകേരളസൃഷ്ടിയുടെ ഭാഗമായി നവവൈജ്ഞാനിക സമൂഹമാക്കി രൂപപ്പെടുത്തുവാനുള്ള പരിശ്രമങ്ങളിൽ മുന്നിലാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ്. അരികുവത്കൃത വിഭാഗങ്ങളായ വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവരുടെ സമ്പൂർണ്ണ പുനരധിവാസവും സംരക്ഷണവും ശാക്തീകരണവും ഉറപ്പാക്കാൻ വൈവിധ്യ പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്നത്. 'ജ്ഞാനകേരളം ക്ഷേമകേരളം' എന്ന ലക്ഷ്യത്തിലേക്ക് കൈപിടിച്ചും നയിച്ചും കേരളജനതയുടെ ഒപ്പം നടന്നതാണ് പിന്നിട്ട നാലു വർഷങ്ങൾ.

## നാലുവർഷ ബിരുദ കോഴ്സുകൾ

അധികാരത്തിൽ വന്നശേഷം ആയിരത്തോളം ബിരുദ പ്രോഗ്രാമുകളും ഇരുന്നൂറിലധികം ബിരുദാനന്തര പ്രോഗ്രാമുകളും അനുവദിച്ചു. 73 കോളേജുകൾ പുതിയതായി അനുവദിച്ചു. 30,000-ൽ അധികം സീറ്റുകൾ പുതുതായി സൃഷ്ടിക്കപ്പെട്ടു. ചരിത്രത്തിലാദ്യമായി ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കായി സമഗ്ര പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കി എല്ലാ സർവകലാശാലകളിലും നാലുവർഷ ബിരുദ പരിപാടി (FYUGP) നടപ്പിലാക്കി. പരീക്ഷയും ഫലപ്രഖ്യാപനവും സമയബന്ധിതമായി നടത്തുന്നതിന് ഏകീകൃത അക്കാദമിക് കലണ്ടറും നടപ്പിലാക്കി.

## കെ-റീപ്പ്

വിദ്യാർഥികളുമായി ബന്ധപ്പെട്ട മുഴുവൻ സേവനങ്ങളും ഡിജിറ്റൽ സാങ്കേതിക വിദ്യയുപയോഗിച്ച് നൽകാൻ കേരള റിസോഴ്സ് ഫോർ എജ്യുക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ്ങ് (കെ-റീപ്പ്) എന്ന പേരിൽ സമഗ്ര വിഭവാസൂത്രണ സോഫ്റ്റ് വെയർ നടപ്പിലാക്കി. കണ്ണൂർ സർവകലാശാലയിൽ എഫ്‌വൈയുജിപി ആദ്യ സെമസ്റ്റർ പരീക്ഷയും ഫലപ്രഖ്യാപനവും കെ-റീപ്പ് വഴിയാക്കിയപ്പോൾ, പരീക്ഷ കഴിഞ്ഞ് ഒരാഴ്ച്ചയ്ക്കുള്ളിൽ ഫലപ്രഖ്യാപനം നടത്തി, മാർക്ക് ലിസ്റ്റ് ന്ൽകാൻ കഴിഞ്ഞു. ഈ മാതൃക മറ്റ സർവകലാശാലകളിലേക്കും വ്യാപിപ്പിക്കുകയാണ്.

## നൈപുണ്യവികസനം

നൈപുണ്യ വികസന കോഴ്സുകൾ ലഭ്യമാക്കാൻ സെന്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് ആൻഡ് കരിയർ പ്ലാനിങ് ആരംഭിക്കാൻ നടപടികളായി. സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ്, കണക്ട് കരിയർ ടു കാമ്പസ് പദ്ധതികൾ നടപ്പാക്കുന്നു. വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾ സ്ഥാപിക്കുന്നതിനും സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം ഉണ്ടാക്കാനും ഓരോ റിസർച്ച് പാർക്ക് സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചു.




## വിദ്യാർഥി പ്രതിഭ പുരസ്കാരം

താഴ്ന്ന വരുമാനക്കാർക്ക് ബിരുദപഠനം ഉയർന്ന റാങ്കോടെ പൂർത്തിയാക്കി ഉന്നതവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകാൻ രണ്ടര ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള പ്രതിഭാധനരായ ആയിരം വിദ്യാർഥികൾക്ക് ഒരു ലക്ഷം രൂപ വീതം നൽകുന്ന മുഖ്യമന്ത്രിയുടെ വിദ്യാർഥി പ്രതിഭ പുരസ്കാരം ആരംഭിച്ചു. ഇതിനായി 20 കോടി രൂപ ചെലവിട്ടു. നിലവിൽ ഒരു സ്കോളർഷിപ്പും ലഭിക്കാത്ത മുഴുവൻ ഗവേഷണ വിദ്യാർഥികൾക്കും പ്രതിമാസം 10,000 രൂപ വീതമുള്ള സ്കോളർഷിപ്പ് പുതിയതായി ഏർപ്പെടുത്താൻ തീരുമാനിച്ചു.

വിദ്യാർഥികളിൽ ആശയങ്ങൾ വളർത്താൻ യംഗ് ഇന്നവേറ്റേഴ്സ് പ്രോഗ്രാം. തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജിന്റെ സഹകരണത്തിൽ പ്രവർത്തിച്ചിരുന്ന ടെസ്റ്റ് പാർക്ക് വിളപ്പിൽശാലയിൽ അമ്പതേക്കർ സ്ഥലം ഏറ്റെടുത്ത് സമ്പൂർണ്ണ റിസർച്ച് പാർക്കായി വികസിപ്പിക്കാനുള്ള നടപടികൾ ആരംഭിച്ചു. വൈദ്യുത വാഹനങ്ങളുമായി ബന്ധപ്പെട്ട ഗവേഷണം, ഉൽപാദനം എന്നിവ ഏറ്റെടുക്കാൻ കഴിയുന്ന വ്യവസായകേന്ദ്രം വികസിപ്പിച്ചു വരുന്നു.

### കേരള നോളജ് കൺസോർഷ്യം

പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഈ അധ്യയനവർഷം മുതൽ കേരള നോളജ് കൺസോർഷ്യം സെന്ററുകൾ സ്ഥാപിക്കാൻ നടപടിയായി. അക്കാദമിക് വിഭാഗങ്ങളും സമൂഹവും ചേർന്ന് ഗവേഷണത്തിലൂടെ സമൂഹത്തിനുവേണ്ട അറിവുകൾ ഉൽപാദിപ്പിച്ച് പ്രശ്നപരിഹാരം കണ്ടെത്തുന്ന രീതിയാണിതിൽ.

### അക്രഡിറ്റേഷൻ / റാങ്കിങ് മികച്ച നേട്ടങ്ങൾ

| | |
|---|---|
| നാക് അക്രഡിറ്റേഷൻ ആകെ സ്ഥാപനങ്ങൾ | 92 |

**എ ഡബിൾ പ്ലസ്**
സർവകലാശാലകൾ
കേരള, മഹാത്മാഗാന്ധി

**എ പ്ലസ്**
കാലിക്കറ്റ്, കുസാറ്റ്,
സംസ്കൃത സർവകലാശാല

| കോളേജുകൾ | എണ്ണം |
|---|---|
| എ ഡബിൾ പ്ലസ് | 28 |
| എ പ്ലസ് | 49 |
| എ | 82 |

**എൻഐആർഎഫ് റാങ്കിങ്**
ആദ്യ നൂറിൽ
സർവകലാശാലകൾ റാങ്ക്

കേരള (21) കുസാറ്റ് (34) എം.ജി. (37) കാലിക്കറ്റ് (89)

**പൊതുപട്ടിക** കേരള (38) കുസാറ്റ് (51) എംജി (67)

| സ്റ്റേറ്റ് പബ്ലിക് സർവകലാശാല | |
|---|---|
| കേരള | 9 |
| കുസാറ്റ് | 10 |
| എം.ജി. | 11 |
| കാലിക്കറ്റ് | 43 |

കോളേജുകളുടെ പട്ടികയിൽ രാജ്യത്തെ ആദ്യ നൂറിൽ 16 കോളേജുകൾ, ആദ്യ ഇരുന്നൂറിൽ 42 കോളേജുകൾ, ആദ്യ മുന്നൂറിൽ 71 കോളേജുകൾ. 16 സർക്കാർ കോളേജുകൾ. 2024 നവംബറിലെ കണക്കനുസരിച്ച് 63 എൻജിനീയറിങ് കോളേജുകളിലെ 248 ബിരുദ പ്രോഗ്രാമുകൾക്കും അഞ്ച് എൻജിനീയറിങ് കോളേജുകളിലെ 21 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കും ആകെ 11 പോളിടെക്നിക് കോളേജുകളിലെ 38 പ്രോഗ്രാമുകൾക്കും എൻബിഎ അംഗീകാരം

നാക് (NAAC) മാതൃകയിൽ സ്റ്റേറ്റ് അസെസ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്ററും (SAAC), എൻഐആർഎഫ് മാതൃകയിൽ കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കും (KIRF) സ്ഥാപിച്ചു. എല്ലാ സ്ഥാപനങ്ങളിലും ഗുണനിലവാര പരിശോധനയ്ക്ക് സംവിധാനം. SLQAC സ്ഥാപിച്ച് അക്രെഡിറ്റേഷനാവശ്യമായ പരിശീലനവും ലഭ്യമാക്കുന്നു.

### അടിസ്ഥാനസൗകര്യ വികസനത്തിൽ മുന്നേറ്റം

സർവകലാശാലകളിലും കോളേജുകളിലും പശ്ചാത്തല സൗകര്യം വികസിപ്പിക്കാൻ കിഫ്ബി വഴി 1847 കോടി രൂപയുടെ പദ്ധതികൾ. റൂസ ഒന്നും രണ്ടും പദ്ധതികളിലായി 433.28 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. പിഎം - ഉഷ (PMUSHA)



പദ്ധതിയിൽ 405 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം. കോളേജ് വിദ്യാഭ്യാസ വകുപ്പ് കഴിഞ്ഞ നാലുവർഷത്തിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 311.44 കോടി രൂപയുടെ പദ്ധതികളും സാങ്കേതികവിദ്യാഭ്യാസ വകുപ്പ് 104.73 കോടി രൂപയുടെ പദ്ധതികളും ഏറ്റെടുത്തു.

എംജി സർവകലാശാലയിൽ മികവിന്റെ കേന്ദ്രം, ട്രാൻസ്ലേഷണൽ ഗവേഷണ കേന്ദ്രം, റിസർച്ച് ഹോസ്റ്റൽ, ഇൻഡോർ സ്റ്റേഡിയം തുടങ്ങിയവയ്ക്കായി 280 കോടി രൂപ അനുവദിച്ചു. കാലിക്കറ്റ് സർവകലാശാലയ്ക്ക് വിവിധ പദ്ധതികൾക്കായി 53.73 കോടി രൂപ പ്ലാൻ ഫണ്ടിനത്തിൽ നൽകി. മലയാളം സർവകലാശാലയുടെ ആസ്ഥാന മന്ദിരം നിർമ്മിക്കാൻ ആദ്യഘട്ടമായി ഇരുപതു കോടി രൂപ അനുവദിച്ചു. ഉന്നതവിദ്യാഭ്യാസ കൗൺസിലിന് ആസ്ഥാനമന്ദിരം നിർമ്മിക്കാൻ 12 കോടി രൂപ അനുവദിച്ചു.

## സ്കോളർഷിപ്പുകൾ / ഗവേഷക പുരസ്കാരങ്ങൾ

സർവകലാശാലകളോട് അഫിലിയേറ്റ് ചെയ്ത സർക്കാർ/എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലും ഐ.എച്ച്.ആർ.ഡി അപ്ലൈഡ് സയൻസ് കോളേജുകളിലും സയൻസ്, സോഷ്യൽസയൻസ്, ഹ്യൂമാനിറ്റീസ്, ബിസിനസ് സ്റ്റഡീസ് ബിരുദപഠനത്തിനും ബിരുദാനന്തര ബിരുദതലത്തിൽ തുടർപഠനത്തിനുമായി അഞ്ചുവർഷത്തേക്കുള്ള ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി ആരംഭിച്ചു. 2021 മുതലുള്ള നാലുവർഷത്തിൽ 20.62 കോടി രൂപ സ്കോളർഷിപ്പായി നൽകി.

ഗവേഷണ മികവിനുള്ള അംഗീകാരവും പ്രോത്സാഹനവുമായി കൈരളി റിസർച്ച് അവാർഡുകൾ ആരംഭിച്ചു.

നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകാൻ പത്ത് ബൃഹദ് വിജ്ഞാന മേഖലകളിൽ ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് നൽകിവരുന്നു. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകളും രണ്ടാംഘട്ടത്തിൽ 68 ഫെല്ലോഷിപ്പുകളും മോഡ് ഒന്ന് പ്രകാരം സർവകലാശാലകളിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് 31 ഫെല്ലോഷിപ്പുകളും പ്രഖ്യാപിച്ചു.നാലു വർഷത്തിനകം 7.38 കോടി രൂപ നൽകി.

> ബോധപൂർണ്ണിമ ക്യാമ്പയിനിന്റെ ഭാഗമായി എൻഎസ്എസ് വോളന്റിയർമാരെയും എൻസിസി കേഡറ്റുമാരെയും ചേർത്ത് ലഹരിവിരുദ്ധ കർമ്മസേന രൂപവൽക്കരിച്ചു.

## മികവിന്റെ കേന്ദ്രങ്ങൾ

1. Centre of excellence for Teaching, Learning and Training
2. Kerala Institute for Science, Technology and Innovation (KISTI)
3. Kerala Institute of Advanced Studies (KIAS)
4. Kerala Network for Research-support in Higher Education (KNRSHE)
5. Centre for Indigenous Peoples Education (CIPE)
6. The Kerala Institute for Gender Equality (KIGE)
7. Kerala Language Network (KLN)

എന്നീ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

മൂന്ന് ഓട്ടോണമസ് ഇന്റർയൂണിവേഴ്സിറ്റി സെന്ററുകൾ കിഫ്ബി ധനസഹായത്തോടെ സ്ഥാപിച്ചുവരുന്നു.

1. കേരള സർവ്വകലാശാലയിൽ താണു പദ്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ ആസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ്
2. കുസാറ്റിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോ ഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത്
3. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി

കഴിഞ്ഞ നാലു വർഷങ്ങളിൽ 2718 കോടി രൂപ സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് ഉന്നത വിദ്യാഭ്യാസത്തിനായി ചെലവിട്ടു. കിഫ്ബി വഴി 65 പദ്ധതികൾക്കായി 1844 കോടി രൂപയും റൂസ വഴി 158 പദ്ധതികൾക്കായി 532 കോടി രൂപയും നീക്കിവച്ചു.

## ട്രാൻസ്ജെൻഡർ സമൂഹത്തിനൊപ്പം

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയ്ക്ക് 4,15,000 രൂപ, ഹോസ്റ്റൽ സൗകര്യത്തിന് 7,44,000 രൂപ, ട്രാൻസ്ജെൻഡർ ദമ്പതികൾക്കായുള്ള വിവാഹ ധനസഹായ പദ്ധതിക്ക് 60,000 രൂപ എന്നിങ്ങനെ ചെലവിട്ടു. ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം, ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള തുടർചികിത്സാ പദ്ധതി എന്നിവയ്ക്ക് 70,27,186 രൂപയും ഷോർട്ട് സ്റ്റേ ഹോം പ്രവർത്തനങ്ങൾക്ക് 30,86,528 രൂപയും ചെലവഴിച്ചു. വിദൂര വിദ്യാഭ്യാസത്തിലൂടെ ഡിഗ്രി/പി.ജി കോഴ്സുകൾ പഠിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഒരുവർഷം 24,000 രൂപവരെ ധനസഹായം നൽകുന്ന വർണ്ണം പദ്ധതി ആവിഷ്കരിച്ചു.

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലനത്തിന് സാമ്പത്തിക സഹായം അനുവദിക്കുന്ന യത്നം പദ്ധതി, തൊഴിൽപരിശീലനം നൽകി സ്വയം പ്രാപ്തരാക്കാൻ സാകല്യം പദ്ധതി, അടിയന്തര ഘട്ടങ്ങളിൽ സഹായം നൽകുന്ന കരുതൽ പദ്ധതി, തുടർവിദ്യാഭ്യാസം സാധ്യമാക്കാൻ സമന്വയ പദ്ധതി, കലാട്രൂപ്പ് രൂപീകരിക്കുന്ന 'അനന്യം പദ്ധതി' എന്നിവ് നടപ്പിലാക്കി. ട്രാൻസ്ജെൻഡർ വ്യക്തികളിലെ ആത്മഹത്യാ പ്രവണത, വിഷാദം, അമിത ഉത്കണ്ഠ എന്നിവ പ്രതിരോധിക്കുന്നതിന് പിയർ കൗൺസിലർമാർക്ക് പ്രത്യേക പരിശീലന പരിപാടി.



## ലഹരിക്കെതിരെ ബോധപൂർണ്ണിമ

ബോധപൂർണ്ണിമ ക്യാമ്പയിനിന്റെ ഭാഗമായി എൻഎസ്എസ് വോളന്റിയർമാരെയും എൻസിസി കേഡറ്റുമാരെയും ചേർത്ത് ലഹരിവിരുദ്ധ കർമ്മസേന രൂപവൽക്കരിച്ചു. വിദ്യാർഥികളിലെ മാനസിക സംഘർഷം കുറയ്ക്കാൻ ജീവനി മാനസികാരോഗ്യ പദ്ധതി ആരംഭിച്ചു.

## വയോജന സൗഹൃദ കേരളം

വയോജനസംരക്ഷണം കൂടുതൽ കാര്യക്ഷമമായി ഏറ്റെടുക്കാൻ കഴിയുന്ന വിധത്തിൽ വയോജന കമ്മിഷൻ രൂപീകരിച്ചു. 27 റവന്യൂ ഡിവിഷനുകളിലും മെയിന്റനൻസ് ട്രിബ്യൂണലുകൾ പ്രവർത്തിച്ചുവരുന്നു.

മുതിർന്ന പൗരർക്ക് ടോൾഫ്രീ ഹെൽപ് സംവിധാനമായി എൽഡർ ലൈൻ, അടിയന്തര സാഹചര്യങ്ങളിൽ പരിചരണവും സംരക്ഷണവും ഉറപ്പാക്കുവാനായി വയോരക്ഷ ക്രൈസിസ് മാനേജ്മെന്റ് പദ്ധതി, വൃദ്ധസദനങ്ങളെ ആധുനികവത്കരിച്ച് എല്ലാ സൗകര്യവുമുള്ള വാസസ്ഥലമാക്കാൻ സെക്കൻഡ് ഇന്നിംഗ്സ് ഹോം പദ്ധതി. ഓൺലൈൻ സേവനങ്ങൾക്ക് വയോജന വെബ് പോർട്ടൽ ആരംഭിക്കുന്നതിന് തുടക്കമായി. 82 സായംപ്രഭ ഹോമുകൾ പകൽ വീടുകളായി പ്രവർത്തിക്കുന്നു. എല്ലാ നഗരസഭകളിലും തിരഞ്ഞെടുത്ത ബ്ലോക്ക് പഞ്ചായത്തുകളിലും വയോമിത്രം പദ്ധതിയിലൂടെ മരുന്നുവിതരണം, ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം, വയോജന ക്ലബ്ബ് പ്രവർത്തനങ്ങൾ. വയോ അമൃതം പദ്ധതി, മന്ദഹാസം പദ്ധതി തുടങ്ങി നിരവധി ആരോഗ്യസേവനങ്ങളും നൽകുന്നു. ഓർമ്മക്കുറവുമായി ബന്ധപ്പെട്ട അവസ്ഥകളുള്ള വയോജനങ്ങൾക്കായി ഓർമ്മത്തോണി പദ്ധതി.

## ഭിന്നശേഷിസൗഹൃദ കേരളത്തിന്

കേരളത്തെ ഏറ്റവും മികച്ച ഭിന്നശേഷി സൗഹൃദസംസ്ഥാനമാക്കാൻ ബാരിയർ ഫ്രീ കേരള പോലുള്ള പദ്ധതികൾ മുന്നേറുന്നു. 1452 തസ്തികകൾ ഭിന്നശേഷി നിയമനത്തിന് അനുയോജ്യമായി കണ്ടെത്തി റിപ്പോർട്ട് ചെയ്തു. കാഴ്ചപരിമിതർക്കുള്ള കാഴ്ച പദ്ധതി, ശ്രവണ സഹായികൾ നൽകുന്ന ശ്രവണ പദ്ധതി, ഇലക്ട്രോണിക് വീൽചെയർ നൽകുന്ന ശുഭയാത്ര പദ്ധതി എന്നിവ മികച്ച രീതിയിൽ മുന്നേറുന്നു.

ഭിന്നശേഷി പുനരധിവാസ ശാക്തീകരണ പ്രവർത്തനങ്ങളിൽ നിഷ്, നിപ്മറും ദേശീയ ശ്രദ്ധ നേടിയ മികവിന്റെ കേന്ദ്രങ്ങളായി. സാമൂഹ്യ പുനരധിവാസ പദ്ധതിയായ അനുയാത്ര പദ്ധതിയുടെ ഭാഗമായി കണ്ണൂർ, വയനാട്, മലപ്പുറം, തൃശ്ശൂർ, കൊല്ലം ജില്ലകളിൽ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു.

ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബലിറ്റീസ് പദ്ധതിയുടെ ഭാഗമായി റിഥം ആർട്ട് രൂപീകരിച്ചു. സ്റ്റേറ്റ് പ്രോഗ്രാം ഫോർ എഡ്യൂക്കേഷൻ ആൻഡ് എംപവർമെന്റ് ഫോർ ദ ഡിസേബിൾഡ് പദ്ധതി ആരംഭിച്ചു. ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിന് സംസ്ഥാനത്ത് മൂന്ന് സംയോജിത പുനരധിവാസ ഗ്രാമങ്ങൾ തയ്യാറാക്കാൻ നടപടികൾ ആരംഭിച്ചു.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി കാസർഗോഡ് മുളിയാർ വില്ലേജിൽ സഹജീവനം സ്നേഹഗ്രാമം ഒന്നാം ഘട്ടം പ്രവർത്തനമാരംഭിച്ചു.■

**ജെ ചിഞ്ചുറാണി**
മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി



ക്ഷീരോൽപാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനും ക്ഷീരകർഷകർക്ക് നിരവധിയായ ക്ഷേമപദ്ധതികൾ നടപ്പാക്കാനും ലക്ഷ്യമിട്ടുള്ള നിരവധി നൂതനമായ പദ്ധതികൾ ഇക്കാലയളവിൽ പ്രഖ്യാപിക്കാനായി

# ക്ഷീരമേഖലയിൽ സ്വയംപര്യാപ്തം

വികസന ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിൽ സമാനതകളില്ലാത്ത മുന്നേറ്റമുണ്ടായ കാലമാണ് കഴിഞ്ഞ ഒൻപത് വർഷം. കേരളത്തിന്റെ സർവതോന്മുഖമായ വികസനം ലക്ഷ്യം വച്ചുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ കാലയളവാണിത്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ക്ഷേമം ഉറപ്പാക്കാൻ കഴിയുന്ന നിരവധി പദ്ധതികൾക്ക് ഇക്കാലയളവിൽ രൂപം നൽകാൻ സർക്കാരിനായി. മൃഗസംരക്ഷണ -ക്ഷീരവികസന വകുപ്പിലും സമാനതകളില്ലാത്ത വികസനപദ്ധതികൾ നടപ്പാക്കിയ കാലഘട്ടമാണിത്. ക്ഷീരോൽപാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനും ക്ഷീരകർഷകർക്ക് നിരവധിയായ ക്ഷേമപദ്ധതികൾ നടപ്പാക്കാനും ലക്ഷ്യമിട്ടുള്ള നിരവധി നൂതനമായ പദ്ധതികൾ ഇക്കാലയളവിൽ പ്രഖ്യാപിക്കാനായി. ഈ പദ്ധതികൾ ക്ഷീരോൽപാദന മേഖലയുടെ സമഗ്രമായ വളർച്ചയ്ക്കും ക്ഷീര കർഷകരുടെ സാമൂഹിക-സാമ്പത്തിക സുരക്ഷയ്ക്കും സഹായകമായി.



## പാലുൽപാദനം ഉയർന്നു

സംസ്ഥാനത്ത് പാലുൽപാദനം 2016-17 വർഷത്തിൽ 25.2 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2023-24 വർഷത്തിൽ 25.8 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. കേരളത്തിലെ സങ്കരയിനം പശുക്കളുടെ പ്രതിദിന പാലുൽപാദനശേഷി 10.77 ലിറ്ററായി ഉയർന്നതോടെ സംസ്ഥാനത്തിന് അഖിലേന്ത്യാതലത്തിൽ രണ്ടാംസ്ഥാനം ലഭിച്ചു. ഇതിന് ശാസ്ത്രീയ പ്രജനനനയങ്ങൾ വലിയതോതിൽ സഹായകമായി.




**മലപ്പുറം മൂർക്കനാട് പാൽ ഫാക്ടറി**

### ചികിത്സാസേവനങ്ങൾ വ്യാപിപ്പിച്ചു

മൃഗങ്ങൾക്ക് സമഗ്രമായ ചികിത്സാസേവനങ്ങൾ നൽകുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കി. സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിച്ചു. അടുത്ത ഘട്ടത്തിൽ 47 ബ്ലോക്കുകളിലേക്കുകൂടി ഈ സേവനം വ്യാപിപ്പിക്കും. 12 കേന്ദ്രങ്ങളിൽ മൊബൈൽ സർജറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. കൊല്ലം, കണ്ണൂർ, എറണാകുളം ജില്ലകളിൽ മൊബൈൽ എക്സ്റേ, അൾട്രാസൗണ്ട് സ്കാനിങ്, സർജറി സൗകര്യങ്ങളോടുകൂടിയ ടെലി വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ചു. 31 കേന്ദ്രങ്ങളിൽ 24 മണിക്കൂർ സേവനം ലഭ്യമാക്കി. വെറ്ററിനറി ബിരുദം നേടിയ പുതുമുഖ ഡോക്ടർമാരെ തിരഞ്ഞെടുക്കപ്പെട്ട 60 മൃഗചികിത്സാകേന്ദ്രങ്ങളിൽ ജൂനിയർ റസിഡന്റ് വെറ്ററിനറി ഡോക്ടർമാരായി നിയോഗിച്ചു

> **സംസ്ഥാനത്ത് ആദ്യമായി SIAD (State Institute for Animal Diseases) പേവിഷ പ്രതിരോധ ആന്റിബോഡി നിർണ്ണയ സംവിധാനം ഏർപ്പെടുത്തി.**

### ജീവനോപാധി സഹായം

റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 77 കോടി രൂപയുടെ ജീവനോപാധി സഹായങ്ങൾ വിതരണം ചെയ്തു. പശു, ആട്, കിടാരി, കോഴി, പന്നി, താറാവ് വളർത്തൽ, ശാസ്ത്രീയ തൊഴുത്ത് വിതരണം, കാലിത്തീറ്റ സബ്സിഡി തുടങ്ങിയ പദ്ധതികൾ നടപ്പാക്കി. 10 ജില്ലകളിൽ ലിംഗനിർണ്ണയം ചെയ്ത ബീജമാത്രകൾ ഉപയോഗിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി. കുര്യോട്ടുമലയിൽ ഹൈടെക് ഡയറി ഫാം, ആയൂർ തോട്ടത്തറയിൽ നവീന ഹാച്ചറി, പാറശ്ശാലയിൽ ആടുവളർത്തൽ മികവിന്റെ കേന്ദ്രം തുടങ്ങിയവ സ്ഥാപിച്ചു. തിരുവനന്തപുരം കുടപ്പനക്കുന്നിൽ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ആശുപത്രി പ്രവർത്തനക്ഷമമാക്കി.

പേവിഷ പ്രതിരോധത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് സമഗ്ര വാക്സിനേഷൻ യജ്ഞം നടപ്പിലാക്കി. സംസ്ഥാനത്ത് ആദ്യമായി SIAD Â (State Institute for Animal Diseases) പേവിഷ പ്രതിരോധ



**ക്ഷീരസംഘങ്ങൾ, കർഷകർ എന്നിവരെ ഏകോപിപ്പിക്കുന്നതിനായി 2021ൽ രൂപവൽക്കരിച്ച ക്ഷീരശ്രീ ഓൺലൈൻ പോർട്ടലിന് സംസ്ഥാന-ഭാരത സർക്കാരുകളുടെ ഇ-ഗവേണൻസ് അവാർഡ് ലഭിച്ചു.**

ആന്റിബോഡി നിർണ്ണയ സംവിധാനം ഏർപ്പെടുത്തി. എറണാകുളം, തിരുവനന്തപുരം, പാലക്കാട് എന്നിവിടങ്ങളിലുള്ള ലബോറട്ടറികൾക്ക് NABL അംഗീകാരം ലഭിച്ചു.


## കന്നുകാലി ഇൻഷുറൻസ് പരിരക്ഷ

2012-ലെ കേരള പഞ്ചായത്തിരാജ് നിയമപ്രകാരമുള്ള ഫാം ലൈസൻസിന്റെ ചട്ടങ്ങൾ കർഷക സൗഹൃദപരമായി പരിഷ്കരിച്ചു. കന്നുകാലി ഇൻഷുറൻസ് പദ്ധതി (ഗോസമൃദ്ധി) 2016 മുതൽ നടപ്പിലാക്കി. 2.5 ലക്ഷം കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നു. 2020-21 പദ്ധതിയിൽ ഉൾപ്പെട്ട കർഷകൻ മരണമടഞ്ഞതിന് 5 ലക്ഷം രൂപ ധനസഹായം നൽകി.

മൃഗസംരക്ഷണ വകുപ്പിൽ സമഗ്ര ഇ-ഹെൽത്ത് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി ആരംഭിച്ചു. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി A-HELP (Accredited Agent for Health and Extension of Livestock Production) എന്ന കർമ്മസേന രൂപീകരിച്ചു.

## പാൽവില നവീകരിച്ചു

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ബജറ്റ് വിഹിതമായി 2021-22 വർഷം 103.71 കോടി രൂപയുടേയും 2022-23 വർഷം 106.81 കോടി രൂപയുടേയും വികസന പ്രവർത്തനങ്ങളാണ് ക്ഷീരമേഖലയിൽ നടപ്പിലാക്കിയത്. 2023-24 സാമ്പത്തിക വർഷം 94.18 കോടി രൂപ ക്ഷീരമേഖലയിലെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു. രാജ്യത്ത് ക്ഷീരസഹകരണ മേഖലയിലെ പാൽ സംഭരണ, വിപണനത്തിലൂടെ ഏറ്റവും കൂടുതൽ പാൽവില ക്ഷീരകർഷകർക്ക് നൽകുന്നതിനും കേരളത്തിന് സാധിക്കുന്നു. ക്ഷീരകർഷകരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി 2022 ഡിസംബറിൽ പാൽവില നവീകരിച്ചു. പാൽ വിൽപനവില വർധിപ്പിച്ചപ്പോൾ, അതിന്റെ 83.75 %, അതായത് 5.08 രൂപ കർഷകർക്ക് പാൽവിലയായി ലഭിക്കുന്ന രീതിയിൽ പാൽവില ചാർജ് ശാസ്ത്രീയമായി നവീകരിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രയോജനപ്പെടുത്തി ക്ഷീരമേഖലയിൽ മികച്ച പദ്ധതികൾ നടപ്പിലാക്കുന്നു. 2021-22 വർഷം 121 കോടി രൂപയുടേയും 2022-23 വർഷം



**ക്ഷീ**ര വികസന വകുപ്പ്, നബാർഡ്, മലബാർ മേഖല യൂണിയൻ എന്നിവയുടെ സഹകരണത്തോടെ 131 കോടി രൂപ ചെലവിട്ട് മലപ്പുറം ജില്ലയിലെ മൂർക്കനാട് പാൽപ്പൊടി ഉണ്ടാക്കുന്ന ഫാക്ടറി പ്രവർത്തനം ആരംഭിച്ചു.

140 കോടി രൂപയുടേയും 2023-24 വർഷം 132 കോടി രൂപയുടേയും ക്ഷീരവികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. ഇത് സർവകാല റെക്കോർഡ് ആണ്.

## പുതിയ ക്ഷീരസംഘങ്ങൾ

2016-17 മുതൽ 2024-25 വരെയുള്ള കാലയളവിൽ 170 ഓളം പുതിയ ക്ഷീരസഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും 121 നിർജീവമായ ക്ഷീര സംഘങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും സഹായം നൽകി. 400 സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി അനുവദിച്ചു. കുട്ടനാട്ടിലെ പ്രളയദുരിതത്തിൽ നിന്നും ശാശ്വത പരിഹാരം നൽകാൻ 'എലവേറ്റഡ് & കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ്' പദ്ധതി നടപ്പാക്കി. ചെമ്പുംപുറം പദ്ധതി 2022-ൽ ഉദ്ഘാടനം ചെയ്തു. ചമ്പക്കുളം പദ്ധതിയുടെ പൂർത്തീകരണം അടുത്ത ഘട്ടത്തിൽ നടക്കും.

സർക്കാർ മുൻകൈയെടുത്ത് 2023 ൽ കേരള കന്നുകാലിത്തീറ്റ, കോഴിവർഗത്തീറ്റ, ധാതുലവണമിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്ട് നിയമം പാസ്സാക്കിയത് ക്ഷീരമേഖലയിലെ നാഴികക്കല്ലാണ്. 2018-19 മുതൽ കിടാരി പാർക്ക് പദ്ധതിയും കന്നുകുട്ടി ദത്തെടുക്കൽ പദ്ധതിയും നടപ്പിലാക്കി. ശാസ്ത്രീയ രീതിയിൽ പരിപാലിച്ച് മികച്ച പശുക്കളായി വളർത്തുന്ന പദ്ധതി വഴി ക്ഷീരകർഷകർക്ക് കൂടുതൽ ഉൽപാദനസാധ്യതയും വരുമാനവും ലഭ്യമാവുന്നു.

പ്രളയദുരിത സമയത്തും കോവിഡ്-19

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ബജറ്റ് വിഹിതമായി 2021-22 വർഷം 103.71 കോടി രൂപയുടേയും 2022-23 വർഷം 106.81 കോടി രൂപയുടേയും വികസന പ്രവർത്തനങ്ങളാണ് ക്ഷീരമേഖലയിൽ നടപ്പിലാക്കിയത്.**

മഹാമാരിയുടെ സമയത്തും കർഷകർക്ക് കാലിത്തീറ്റ ലഭ്യമാകുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തി. 11.83 കോടി രൂപ സംസ്ഥാന സർക്കാർ വിഹിതമായി അനുവദിച്ച് കാലിത്തീറ്റ ധനസഹായ പദ്ധതി നടപ്പിലാക്കി. 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ പ്രതിവർഷം ഏകദേശം രണ്ട് ലക്ഷം കർഷകർക്ക് സബ്സിഡിയുള്ള തീറ്റ ലഭ്യമാക്കാൻ സാധിച്ചു. 2023-24 മുതൽ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക്
പ്രകൃതിദത്ത തീറ്റവസ്തുക്കളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. ക്ഷീരവികസനത്തിന് അനുകൂല സാഹചര്യമുള്ള ബ്ലോക്കുകളിൽ സമഗ്ര ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കി. ഡെയറി സോൺ രൂപീകരണവും ക്ഷീരഗ്രാമ പദ്ധതിയും ശാസ്ത്രീയ മുന്നേറ്റങ്ങൾക്കും കർഷകരുടെ ആത്മവിശ്വാസ വർധനവിനും കാരണമായി.■



**കുടപ്പനക്കുന്ന് LMTC യിലെ സെന്റർ ഓഫ് എക്സലൻസ് മന്ദിരം**

എം ബി രാജേഷ്
എക്സൈസ്-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി



4

കൂടുതൽ സ്മാർട്ടായും ജനകീയമായും മുന്നേറുകയാണ് തദ്ദേശ സ്വയംഭരണ വകുപ്പ്

# വൃത്തിയുള്ള കേരളം വിരൽത്തുമ്പിൽ രേഖകൾ

അഴിമതിമുക്തമായ സിവിൽ സർവീസിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മാറുകയാണ്. പഞ്ചായത്തുകളിൽ ആരംഭിച്ച ഐ.എൽ.ജി.എം.എസ് എന്ന പ്ലാറ്റ്ഫോമിലൂടെ ഓൺലൈൻ ആയി സേവനങ്ങൾ ജനങ്ങൾക്ക് കിട്ടിത്തുടങ്ങി. ഫീസുകൾ അടയ്ക്കാനും ഓൺലൈൻ ആയി സർട്ടിഫിക്കറ്റുകൾ ലഭിക്കാനുള്ള അപേക്ഷ സമർപ്പിക്കാനും അത് ഓൺലൈൻ ആയി കിട്ടാനുമുള്ള സംവിധാനത്തിന്റെ തുടക്കമായിരുന്നു അത്.

## കെ-സ്മാർട്ട്

2024 ജനുവരി ഒന്നിന് എല്ലാ നഗരസഭകളിലും കെ-സ്മാർട്ട് ഓൺലൈൻ സംവിധാനം നിലവിൽ വന്നു. ജനന, മരണ സർട്ടിഫിക്കറ്റുകളും വിവാഹ രജിസ്ട്രേഷനും മിനിറ്റുകൾക്കുള്ളിൽ നടത്താൻ കെ-സ്മാർട്ടിലൂടെ കഴിയുന്നു. ഫീസുകൾ അടയ്ക്കൽ, വിവിധ സർട്ടിഫിക്കറ്റുകൾ നേടൽ എന്നിവയും വളരെ വേഗത്തിൽ സാധ്യമാകും. എല്ലാ രേഖകളും സഹിതം അപേക്ഷിച്ചാൽ ബിൽഡിങ് പെർമിറ്റ് അടക്കമുള്ള അനുമതികൾ നിമിഷനേരം കൊണ്ട് ലഭിക്കും. 13,55,805 പേർ ഇതുവരെ കെ-സ്മാർട്ടിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 33,18,621 ഫയലുകൾ ഇതുവരെ സൃഷ്ടിക്കപ്പെട്ടു. ഇതിൽ 25,02,407 ഫയലുകളിലും (75.4%) തീർപ്പായി.

## മാലിന്യമുക്തം നവകേരളം

2025 മാർച്ച് 30ന് അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിവസം 'മാലിന്യമുക്ത നവകേരള' പ്രഖ്യാപനം നടത്തി. മാലിന്യത്തെ ഉറവിടത്തിൽ പരമാവധി സംസ്കരിക്കൽ, അജൈവ മാലിന്യങ്ങളുടെ ശേഖരണം, സംസ്കരണം എന്നിവയ്ക്കായി വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു. ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 33,378ൽ നിന്നും 37,176 ആയി. എംപാനൽ ചെയ്ത സ്വകാര്യ ഏജൻസികൾ 74ൽ നിന്നും 267 ആയി. വാതിൽപ്പടി ശേഖരണത്തിൽ വലിയ നേട്ടമാണ് ഹരിതകർമ്മസേന കൈവരിച്ചത്. 2023 മാർച്ചുമായി താരതമ്യം ചെയ്താൽ 2025 ജനുവരി വരെ സ്ഥാപനങ്ങളിൽ നിന്നും വീടുകളിൽ നിന്നുമുള്ള വാതിൽപ്പടി ശേഖരണം 47 ശതമാനത്തിൽനിന്നും 89 ശതമാനമായി വർധിച്ചു. യൂസർഫീ ശേഖരിക്കുന്നത് 34.9ശതമാനത്തിൽ നിന്നും 72 ശതമാനമായി ഉയർന്നു. മിനി എംസിഎഫുകൾ 7446ൽ നിന്നും 19602 ആയി വർധിച്ചു. എംസിഎഫുകൾ 1160ൽ നിന്നും 1327 ആയും ആർആർഎഫുകൾ 87ൽ നിന്നും 191 ആയും ഉയർന്നു.

3557 സിസിടിവി ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തി. എൻഫോഴ്സ്മെന്റ് പരിശോധനകൾ 2023 മാർച്ചിൽ 1138 മാത്രമായിരുന്നു. ഈടാക്കിയ പിഴ മൂന്ന് ലക്ഷം രൂപയും. 2025 ജനുവരിയിൽ 50,559 പരിശോധനയിൽ അഞ്ചര കോടി രൂപ ഫൈൻ ഈടാക്കി. ഇതുവരെ 32,410 വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചു.

തിരഞ്ഞെടുത്ത 2774 ടൗണുകളിൽ 1791 എണ്ണം ഇതിനകം മാലിന്യമുക്തമാക്കി. 3118 മാർക്കറ്റ്/പൊതുസ്ഥലങ്ങളിൽ 2408, 30,3872 അയൽക്കൂട്ടങ്ങളിൽ 26,5893, ഹരിതവിദ്യാലയങ്ങളിൽ

## ഡിജി കേരളം

### സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതയിലേക്ക്

**സാ**ധാരണ ജനങ്ങൾക്ക് അവരുടെ നിത്യജീവിതത്തിന് ഒഴിച്ചുകൂടാനാവാത്തതാണ് ഡിജിറ്റൽ സംവിധാനം കൈകാര്യം ചെയ്യാനുള്ള കഴിവ്. സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ, സർട്ടിഫിക്കറ്റുകൾ, മറ്റ് സേവനങ്ങൾ എന്നിവ ലഭിക്കാനും മറ്റ് സാമ്പത്തിക ഇടപാടുകൾ നടത്താനും ഡിജിറ്റൽ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടിവരും. സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടുന്ന ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന് ആരംഭിച്ച 'ഡിജി കേരളം' പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. 14 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കുന്ന പദ്ധതിയാണിത്. കുടുംബത്തിലെ ഒരാൾക്ക് മാത്രം പരിശീലനം നൽകുന്ന പദ്ധതികളിൽനിന്ന് വ്യത്യസ്തമായി എല്ലാവർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കുന്ന പദ്ധതിയാണിത്.

2,57,000 വോളന്റിയർമാർ മുഖേന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് 83,45,879 കുടുംബങ്ങളിലെ 1,50,82,536 വ്യക്തികളെ സർവേ നടത്തി. ഇതിൽ ഡിജിറ്റൽ സാക്ഷരത ആവശ്യമുണ്ടെന്ന് കണ്ടെത്തിയ 21,88,398 പഠിതാക്കൾക്ക് വോളന്റിയർമാർ മുഖേന പരിശീലനം നൽകി. ആവശ്യമുള്ളവർക്ക് തുടർപരിശീലനം നൽകി. ഈ സാഹചര്യത്തിൽ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാനാകും.

14,536ൽ 13,477, ഹരിത കലാലയങ്ങളിൽ 1410 ൽ 1206, ഹരിത സ്ഥാപനങ്ങളിൽ 57,282ൽ 49,402, ഹരിത ടൂറിസം കേന്ദ്രങ്ങളിൽ 410 ൽ 127 എന്നിങ്ങനെ മാലിന്യമുക്തമാക്കി.

ആകെയുള്ള 59 മാലിന്യക്കുനകളിൽ 24 എണ്ണം പൂർണ്ണമായും നീക്കം ചെയ്തു. ബ്രഹ്മപുരം ഉൾപ്പെടെ 10 എണ്ണത്തിലെ പണി അവസാനഘട്ടത്തിലാണ്. ദ്രവമാലിന്യ സംസ്കരണത്തിന് മുട്ടത്തറ, കൊച്ചി, ഗുരുവായൂർ, പടന്ന പാലം, എറണാകുളം മറൈൻ ഡ്രൈവ്, കലൂർ, എറണാകുളം വെല്ലിങ്ടൺ, ബ്രഹ്മപുരം, തൃശ്ശൂർ മാടക്കത്ര, കൽപറ്റ എന്നിവിടങ്ങളിൽ പ്ലാന്റുകൾ സ്ഥാപിച്ചു.

### അമൃത് പദ്ധതി ഒന്ന് (2015 മുതൽ)

കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള നഗരനവീകരണ പദ്ധതിയാണ് അമൃത്. 2358 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഒന്നാം ഘട്ടത്തിലെ 1111 പദ്ധതികളിൽ 1658 കോടി രൂപയുടെ 1004 പദ്ധതികൾ പൂർത്തീകരിച്ചു. 880 കോടി രൂപയുടെ 107 പദ്ധതികൾ അവസാന ഘട്ടത്തിലാണ്. 2358 കോടി രൂപയിൽ 1376.8 കോടി രൂപ സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതമാണ്. ഒന്നാംഘട്ട പദ്ധതി എല്ലാ മുൻസിപ്പൽ കോർപറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ നഗരസഭകളിലുമാണ് നടപ്പിലാക്കുന്നത്.

### അമൃത് 2.0 (2021 മുതൽ)

രണ്ടാംഘട്ടത്തിൽ 3514 കോടി രൂപയുടെ 740 പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്. ഇതിൽ 2140 കോടി രൂപ സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതമാണ്. എല്ലാ നഗരസഭകളിലും നടപ്പാക്കുന്ന ആകെ നിശ്ചയിച്ച 740 പദ്ധതികളിൽ 121 എണ്ണം പൂർത്തിയായി. ജലവിതരണം, മലിനജല സംസ്കരണം, ജലാശയ പുനരുജ്ജീവനം, പാർക്ക് / ഗ്രീൻ പാർക്ക് എന്നീ പദ്ധതികളാണ് പുരോഗമിക്കുന്നത്.

### ദരിദ്രരില്ലാത്ത കേരളം

ദാരിദ്ര്യ നിർമ്മാർജന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലും ദാരിദ്ര്യം ലഘൂകരിക്കുന്നതിലും ഒന്നാം സ്ഥാനമാണ് കേരളം. നീതി-ആയോഗ് പ്രസിദ്ധീകരിച്ച 2023-ലെ ദേശീയ ബഹുമുഖ ദാരിദ്ര്യസൂചിക അനുസരിച്ച്, ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനവും കേരളമാണ്. ജനസംഖ്യയുടെ 0.55% മാത്രമാണ് ദാരിദ്ര്യത്തിന്റെ ബുദ്ധിമുട്ടുകൾ നേരിട്ട് അനുഭവിക്കുന്നത്.

അതിദാരിദ്ര്യം നേരിടുന്ന കുടുംബങ്ങളെ മുക്തരാക്കുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ രണ്ടാം തവണയും അധികാരത്തിൽ വന്ന സർക്കാർ അതിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ 'അതിദാരിദ്ര്യ നിർമ്മാർജന പദ്ധതി' അംഗീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിലും വാർഡ്/ഡിവിഷൻ തലങ്ങളിലും സമഗ്രമായ പങ്കാളിത്ത പ്രക്രിയയിലൂടെ 1,03,099 വ്യക്തികൾ ഉൾപ്പെടുന്ന 64,006 അതിദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി. ഓരോ കുടുംബത്തിന്റെയും ക്ലേശഘടകങ്ങളെ നിർമ്മാർജനം ചെയ്യുന്നതിനായി ഹ്രസ്വകാല, ഇടക്കാല, ദീർഘകാല പരിപാടികളായി തരംതിരിച്ച് മൈക്രോ പ്ലാനുകൾ തയ്യാറാക്കി. ആദ്യഘട്ടത്തിൽ 30,658 കുടുംബങ്ങളെയും (47.89%) 2025 മാർച്ച് 23ന് 49626 കുടുംബങ്ങളെയും (77.53%) അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കി. 2025 നവംബറോടെ സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കാൻ ലക്ഷ്യമിടുന്നു. ഇതോടെ 'ദാരിദ്ര്യ നിർമ്മാർജനം', 'പട്ടിണിയില്ലാതാക്കൽ' എന്നീ രണ്ട് നിർണായക സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്ന ആദ്യ സംസ്ഥാനമായി കേരളം അംഗീകരിക്കപ്പെടും.

### ലൈഫ് ഭവനപദ്ധതി

ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി ഇതുവരെ 5,46,327 കുടുംബങ്ങൾക്ക് ധനസഹായം അനുവദിച്ചതിൽ 4,37,319 കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 1,09,008 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഈ സർക്കാരിന്റെ കാലത്തുതന്നെ ആറര ലക്ഷത്തോളം പേർക്ക് വീടൊരുക്കുകയാണ് ലക്ഷ്യം.

ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ, മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർക്കും അതിദരിദ്രരുടെ സർവേയിലൂടെ കണ്ടെത്തിയ വീട് വേണ്ടവർക്കും ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യതയനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ടവർക്കും ധനസഹായം അനുവദിക്കുന്നതിനും സർക്കാർ നിർദേശം നൽകി. ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനരധിവാ



സത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച ഭവനസമുച്ചയങ്ങളിൽ നാല് ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി. 21 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. പാർട്ട്ണർഷിപ്പിലൂടെ രണ്ട് ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചു. ഒരു ഭവനസമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ പാർട്ട്ണർഷിപ്പ്/ സ്പോൺസർഷിപ്പ് എന്നിവയിലൂടെ നാളിതുവരെ 960 ഫ്ളാറ്റുകൾ ഭൂരഹിത ഭവനരഹിതർക്ക് പൂർത്തീകരിച്ച് കൈമാറി.

ഭൂരഹിത, ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ 31.61 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിൽ 21.76 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്/ ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിക്കഴിഞ്ഞു. ചിറ്റിലപ്പള്ളി ഫൗണ്ടേഷനുമായി ചേർന്ന് ഭൂമി നൽകുന്ന പദ്ധതിയും ലയൺസുമായി ചേർന്ന് 100 വീടുകൾ ഉൾപ്പെടുന്ന വില്ലേജ് നിർമ്മിക്കുന്ന പദ്ധതിയും പുരോഗതിയിലാണ്. പ്രവൃത്തി നിന്നുപോയ വടക്കാഞ്ചേരി ഫ്ളാറ്റിന്റെ തുടർപ്രവൃത്തി, നിയമവശങ്ങൾ പരിശോധിച്ച് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

## തൊഴിലുറപ്പ് പദ്ധതി

രാജ്യത്ത് ഏറ്റവും മാതൃകാപരമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. പട്ടികജാതി പട്ടികവർഗ കുടുംബങ്ങൾക്ക് 100 തൊഴിൽദിനങ്ങൾ നൽകുന്നതിലും സംസ്ഥാനം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. കുടുംബങ്ങൾക്ക് നൽകിയ ശരാശരി തൊഴിൽദിനങ്ങളുടെ കാര്യത്തിൽ കഴിഞ്ഞ വർഷം രണ്ടാം സ്ഥാനത്തും ഈ വർഷം ഒന്നാം സ്ഥാനത്തുമെത്തി. കുടുംബങ്ങൾക്ക് തൊഴിൽ നൽകിയ ദേശീയ ശരാശരി 48.9 ആണ്. സംസ്ഥാനത്തിന് 64.1 ശരാശരി നേടാനായി. 100% സോഷ്യൽ ഓഡിറ്റ് പൂർത്തീകരിച്ച ഏക സംസ്ഥാനമാണ് കേരളം.

> **ഭൂരഹിത, ഭവനരഹിത ഗുണഭോക്താക്കളുടെ പുനരധിവാസത്തിനായി ലൈഫ് മിഷൻ ആരംഭിച്ച 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിന്റെ ഭാഗമായി ഇതുവരെ 31.61 ഏക്കർ ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്.**

നടപ്പ് സാമ്പത്തികവർഷം 39,7684 ലക്ഷം കുടുംബങ്ങൾ 100 തൊഴിൽ ദിനം പൂർത്തീകരിച്ചു. ഇക്കാര്യത്തിൽ ദേശീയ തലത്തിൽ ഒന്നാമതാണ് കേരളം. 100 ദിവസം പൂർത്തീകരിക്കുന്ന കുടുംബങ്ങൾക്ക് ഓണത്തിനോടനുബന്ധിച്ച് 1000 രൂപ ഓണം അലവൻസ് നൽകുന്നു. ഈ വർഷം 56.91 കോടി രൂപ സംസ്ഥാനം ഈയിനത്തിൽ നൽകി.

ട്രൈബൽ പ്ലസ് പദ്ധതി പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കുന്ന പട്ടികവർഗ കുടുംബങ്ങൾക്ക് സംസ്ഥാന വിഹിതമായി 100 അധിക തൊഴിൽദിനങ്ങൾ നൽകുന്നുണ്ട്. ഈ ഇനത്തിൽ 41 കോടി രൂപ കഴിഞ്ഞ സാമ്പത്തികവർഷം അനുവദിച്ച് നൽകി. ഈ വർഷം ഇതുവരെ 18 കോടി രൂപ ട്രൈബൽ പ്ലസ് പദ്ധതിക്കായി സംസ്ഥാനം നൽകി.

രാജ്യത്തിന് ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്കുള്ള ക്ഷേമനിധി ബോർഡ് യാഥാർഥ്യമാക്കി. തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ, ചികിത്സാ ആനുകൂല്യങ്ങൾ, മറ്റ് ധനസഹായങ്ങൾ എന്നിവ ഉറപ്പ് വരുത്താൻ ക്ഷേമനിധി ബോർഡ് മുഖേന കഴിയുന്നു. സുഭിക്ഷ കേരളം പദ്ധതിയിലൂടെ 2024-25 സാമ്പത്തിക വർഷത്തിൽ 2537 കാലിത്തൊഴുത്തുകൾ, 1829 ആട്ടിൻകൂട്ടുകൾ, 2740 കോഴിക്കൂടുകൾ, 951 കാർഷിക കുളങ്ങൾ, 585 അസോള ടാങ്കുകൾ, സ്വയം തൊഴിലിൽ ഏർപ്പെടുന്നവർ/സംരംഭകർക്കായി 71

# സാന്ത്വന പരിചരണം

കമ്യൂണിറ്റി അധിഷ്ഠിത പാലിയേറ്റീവ് കെയർ മാതൃകക്ക് പേരുകേട്ട സംസ്ഥാനമാണ് നമ്മുടേത്. കുറഞ്ഞ ചെലവിൽ വാതിൽപ്പടി സേവനം നൽകുന്നതും വിവേചനമില്ലാതെ ഏവർക്കും സേവനം ലഭിക്കുന്ന സംവിധാനമാണ് നമ്മുടേത്. സർക്കാർ മേഖലയിൽ 1142 പ്രൈമറി പാലിയേറ്റിവ് യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നു. ഇതുവഴി 1,14,439 രോഗികൾക്ക് പരിചരണം ലഭിക്കുന്നു. ഇതിൽ 19816 പേർ സജീവ ചികിത്സ ലഭിക്കുന്നവരാണ്. തുടർച്ചയായ പിന്തുണാ സംവിധാനമാണ് നമ്മുടെ പ്രത്യേകത. നിലവിൽ 30,000 ജനസംഖ്യക്കാണ് ഒരു ഹോം കെയർ യൂണിറ്റ്. അത് 20,000 ജനസംഖ്യക്ക് ഒന്ന് എന്ന നിലയിലാകും. ഗ്രാമ-നഗര, എപിഎൽ-ബിപിഎൽ വ്യത്യാസമില്ലാതെ സേവനം ലഭ്യമാക്കും. സാർവത്രിക പാലിയേറ്റിവ് കെയർ സംവിധാനം ഒരുക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള പാലിയേറ്റിവ് കെയർ സേവനങ്ങളെ ഏകോപിപ്പിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യും. ഇതിനായി ആരോഗ്യ വകുപ്പുമായി ചേർന്ന് പാലിയേറ്റിവ് കെയർ ഗ്രിഡ് സോഫ്റ്റ് വെയർ രൂപകല്പന ചെയ്തു.

വർക്ക് ഷെഡുകൾ മുതലായവ തൊഴിലുറപ്പ് പദ്ധതി മുഖേന നിർമ്മിച്ച് നൽകി. ശുചിത്വകേരളം പദ്ധതിയുടെ ഭാഗമായി 13,795 സോക്പിറ്റ്, 3878 കമ്പോസ്റ്റ് പിറ്റ് എന്നിവ ലഭ്യമാക്കിയതിലൂടെ ഗ്രാമീണമേഖലയിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് സഹായം ഉറപ്പാക്കാനുമായി.

## ആഭ്യന്തര വിജിലൻസ് സംവിധാനം

കാര്യക്ഷമത ഉയർത്തുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ സമയബന്ധിതമായും ഗുണനിലവാരത്തോടു നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ശക്തമായ പിന്തുണാ സംവിധാനമായി ഏകീകൃത ആഭ്യന്തര വിജിലൻസ് സംവിധാനം ഏർപ്പെടുത്തി. ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർക്ക് അവരുടെ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിന് ആവശ്യമായ പിന്തുണ നൽകുക, പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാര നിർദേശങ്ങൾ മുന്നോട്ടുവെക്കുക, നിയമപരമായ അറിവുകൾ നൽകുക, മാതൃകകൾ പരിചയപ്പെടുത്തുക, കാര്യശേഷി വികസനം നടത്തുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങൾ ഈ സംവിധാനം നിർവഹിക്കുന്നു.

## സ്ഥിരം അദാലത്ത് സംവിധാനം

കാര്യക്ഷമവും ജനോപകാരപ്രദവുമാക്കുന്നതിന്റെ ഭാഗമായി പരാതിക്കാരുടെ കൂടി പങ്കാളിത്തം ഉറപ്പുവരുത്തുന്ന തരത്തിൽ വകുപ്പ് രൂപപ്പെടുത്തിയ നൂതന പരാതിപരിഹാര സംവിധാനമാണ് സ്ഥിരം അദാലത്ത് സമിതികൾ.

പരാതി ലഭിച്ച് 30 ദിവസത്തിനുള്ളിൽ വിഷയം നേരിട്ട് പരിശോധിച്ച് പരിഹാര സാധ്യതകൾ കാണുന്നതിനുള്ള ഫെസിലിറ്റേറ്റീവ് പ്ലാറ്റ്ഫോം ആണ് സ്ഥിരം അദാലത്ത് സമിതികൾ. പൊതുജനങ്ങളുടെ നാവായി പ്രവർത്തിക്കുന്നതുകൊണ്ട് തന്നെ സിറ്റിസൺ അസിസ്റ്റന്റ് എന്നാണ് സർക്കാർ ഇതിനെ വിശേഷിപ്പിക്കുന്നത്. പരാതി നൽകാനും തീർപ്പ് ലഭിക്കാനും ഓൺലൈൻ സംവിധാനം ലഭ്യമാണ്.



.തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി കയർ ഭൂവസ്ത്രം വിരിക്കുന്നു

## തദ്ദേശ അദാലത്ത്

സ്ഥിരം അദാലത്ത് സമിതിയുടെ തുടർച്ചയെന്ന നിലയിൽ സമിതികളിൽ പരിഹരിക്കാൻ സാധിക്കാത്ത പരാതികൾ നേരിട്ട് കേൾക്കുന്നതിനായി മന്ത്രി തന്നെ 14 ജില്ലകളിലും മൂന്ന് കോർപറേഷൻ തലങ്ങളിലും തദ്ദേശ അദാലത്ത് നടത്തുകയുണ്ടായി. അദാലത്തുകളിൽ ആകെ ലഭിച്ച 17,288 പരാതികളിൽ 17,171 എണ്ണവും തീർപ്പാക്കി. തീർപ്പാക്കിയ 14,095 പരാതികളിലെ തീരുമാനങ്ങൾ ഇതിനകം നടപ്പിലാക്കി. 92 ശതമാനത്തിലധികം പരാതികളും അപേക്ഷകന് അനുകൂലമായാണ് തീർപ്പാക്കിയത്. തദ്ദേശ അദാലത്തിന്റെ തുടർച്ചയായി ഭേദഗതികൾക്കും സർക്കാർ നിർദേശങ്ങൾക്കുമായി 124 പ്രോപോസലുകൾ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിന് നൽകി. 12 സർക്കാർ ഉത്തരവുകൾ ഇതിനകം തന്നെ പുറപ്പെടുവിച്ചു.

## വിജ്ഞാനകേരളം

2022 മെയ് 8 മുതൽ 15 വരെ കുടുംബശ്രീയുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും നടന്ന സർവേയിലൂടെ 53 ലക്ഷം തൊഴിലന്വേഷകർ കേരളത്തിലുണ്ടെന്ന് കണ്ടെത്തി. 'എന്റെ തൊഴിൽ എന്റെ അഭിമാനം' എന്ന ക്യാമ്പയിനിൽ ആറരലക്ഷം പേർ തൊഴിലിനായി രജിസ്റ്റർ ചെയ്തു. എല്ലാ വാർഡിലും തൊഴിലന്വേഷകരെ പങ്കെടുപ്പിച്ച് നടത്തിയ തൊഴിൽസഭയിലൂടെ 20 ലക്ഷത്തോളം പേരിൽ വിജ്ഞാന തൊഴിൽ എന്ന ആശയമെത്തിച്ചു. 1072 ജനകീയ തൊഴിൽമേളകൾ നടത്തി. 1,29,929 പേർക്ക് തൊഴിൽ ലഭിച്ചു. ■

പി എ മുഹമ്മദ് റിയാസ്
പൊതുമരാമത്ത് - ടൂറിസം വകുപ്പ് മന്ത്രി



4

തൊഴിൽ, വ്യവസായം, കൃഷി, ടൂറിസം തുടങ്ങിയ മേഖലകളുടെ വളർച്ചയ്ക്കും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിലും അടിസ്ഥാന സൗകര്യവികസന പദ്ധതികൾ പ്രധാന പങ്ക് വഹിക്കുകയാണ്

# വിജയപാതകൾ വിനോദസഞ്ചാരത്തിൽ പുതുമകൾ



# പാലങ്ങൾ പ്രകാശപൂർണം

**പഴയതും പുതിയതുമായ പാലങ്ങൾ ലൈറ്റിംഗ് നടത്തി ആകർഷകമാക്കുന്ന പദ്ധതിയും വിജയകരമായി നടപ്പാക്കിവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് ഒഴിഞ്ഞുകിടന്നിരുന്ന സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി 'വീ പാർക്ക്' സജ്ജമാക്കുന്ന പദ്ധതിക്ക് കൊല്ലത്ത് തുടക്കമിട്ടു.**

പശ്ചാത്തല വികസനം സൃഷ്ടിക്കുന്ന പൊതുവികസന മുന്നേറ്റത്തിനാണ് കഴിഞ്ഞ ഒമ്പത് വർഷം കേരളം സാക്ഷിയായത്. തൊഴിൽ, വ്യവസായം, കൃഷി, ടൂറിസം തുടങ്ങിയ മേഖലകളുടെ വളർച്ചയും ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങളിലും അടിസ്ഥാന സൗകര്യവികസന പദ്ധതികൾ പ്രധാന പങ്ക് വഹിക്കുകയാണ്. ഒരിക്കലും നടക്കില്ലെന്ന് കരുതിയ വികസന പ്രവർത്തനങ്ങൾ ആണ് പശ്ചാത്തല വികസന മേഖലയിൽ കേരളം സാധ്യമാക്കുന്നത്. പൊതുമരാമത്ത്, ടൂറിസം വകുപ്പുകളിൽ സർക്കാർ നടത്തിയ ഇടപെടലുകൾ കേരളത്തിന്റെ മുഖഛായ തന്നെ മാറ്റിമറിക്കാൻ കാരണമായിട്ടുണ്ട്.

## ദേശീയപാത


ദേശീയപാതാ വികസന സ്വപ്നങ്ങൾക്ക് വീണ്ടും ചിറകുമുളച്ചത് സർക്കാരിന്റെ നിശ്ചയദാർഢ്യംകൊണ്ടു മാത്രമാണ്. 45 മീറ്ററിൽ വികസിപ്പിക്കാനുള്ള ഭൂമി ഏറ്റെടുക്കലായിരുന്നു പ്രധാന പ്രതിബന്ധം. എന്നാൽ അതിനായി കിഫ്ബി വഴി 5580 കോടി രൂപയാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനു നൽകിയത്. അതോടെയാണ് ദേശീയപാതാ വികസനത്തിന് വഴിതെളിഞ്ഞത്. ഈ വർഷം അവസാനത്തോടെ ദേശീയപാത 66 പൂർണമായും ഗതാഗത യോഗ്യമാക്കുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്.

തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ്, എറണാകുളം ബൈപ്പാസ്, കൊല്ലം ചെങ്കോട്ട ഗ്രീൻ ഫീൽഡ് പാതകളുടെ നിർമാണത്തിനായി 2370.59 കോടി രൂപയുടെ സാമ്പത്തിക ബാധ്യത കേരളം വഹിക്കാൻ തീരുമാനിച്ചു. കേന്ദ്രം ആവശ്യപ്പെട്ടുപ്രകാരം ഈ റോഡുകളുടെ വികസനത്തിനായി ജിഎസ്ടി ഇനത്തിൽ 210.63 കോടി രൂപയും റോയൽറ്റി ഇനത്തിൽ 10.87 കോടി രൂപയുമാണ് സംസ്ഥാനം ഒഴിവാക്കി നൽകിയത്.

ഇഴഞ്ഞുനീങ്ങിയിരുന്ന കുതിരാൻ ടണൽ പ്രവൃത്തി പൂർത്തിയാക്കി. മൂന്നാർ-ബോഡിമെട്ട്, നാട്ടുകൽ - താണാവ് ദേശീയപാതകളുടെ പ്രവൃത്തി പൂർത്തിയാക്കി. വയനാട് താമരശ്ശേരി ചുരം റോഡിലെ മൂന്ന് ഹെയർപിൻ വളവുകൾകൂടി വീതികൂട്ടി നിവർത്തുന്നതിന് നടപടിയായി. രണ്ടു വളവുകളുടെ നവീകരണം പൂർത്തിയാക്കി.

## ലെവൽക്രോസില്ലാത്ത കേരളം

എട്ട് റെയിൽവേ മേൽപ്പാലങ്ങൾ നിർമിച്ചുകഴിഞ്ഞു. എട്ടെണ്ണം അന്തിമഘട്ടത്തിലാണ്. ആകെ 99 റെയിൽവേ മേൽപാലങ്ങളാണ് ലക്ഷ്യമിടുന്നത്. ഇതിനുപുറമേ, അഞ്ചുവർഷത്തിനുള്ളിൽ നൂറു പാലങ്ങൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടത് മൂന്നുവർഷം കൊണ്ടുതന്നെ സാധ്യമാക്കാനായി. പൂർത്തിയായ പാലങ്ങളുടെ എണ്ണം 150 നോട് അടുക്കുകയാണ്.



ഇ എം എസ് പാർക്ക് പാലം, പാളയം, തിരുവനന്തപുരം

## തുരങ്കപാത

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ പ്രവർത്തനങ്ങൾ പരിസ്ഥിതി അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ പ്രക്രിയ പൂർത്തിയാക്കാനാകും. കാർഷിക മേഖലക്കും വ്യാപാര മേഖലക്കും - ടൂറിസം മേഖലയിലും നേട്ടമാകുന്ന പദ്ധതിക്കായി 2043.7 കോടി രൂപയാണ് സംസ്ഥാനം അനുവദിച്ചിരിക്കുന്നത്.

## മലയോര ഹൈവേ

1166 കിലോമീറ്റർ നീളമുള്ള മലയോര ഹൈവേയുടെ 793.68 കിലോ മീറ്റർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുകയാണ്. ബാക്കിയുള്ളത് മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി വികസിപ്പിച്ചു. 735.93 കിലോമീറ്റർ മലയോര ഹൈവേയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. 166.08 കിലോമീറ്റർ മലയോര ഹൈവേ ഇതിനകം യാഥാർത്ഥ്യമായി. 322.53 കിലോമീറ്റർ പ്രവൃത്തി പുരോഗമിക്കുന്നു. 3593 കോടി രൂപയാണ് ഇതുവരെ മലയോര ഹൈവേക്കായി അനുവദിച്ചത്. 2025ഓടെ കൂടുതൽ സ്ട്രെച്ചുകൾ പൂർത്തിയാക്കാൻ കഴിയുന്ന നിലയിലാണ് പദ്ധതിയുടെ മുന്നേറ്റം.

## തീരദേശ പാത

507.865 കിലോമീറ്റർ തീരദേശ പാതയാണ് കിഫ്ബി വഴി വികസിപ്പിക്കു

**അഞ്ചുവർഷത്തിനുള്ളിൽ നൂറു പാലങ്ങൾ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടത് മൂന്നുവർഷം കൊണ്ടുതന്നെ സാധ്യമാക്കാനായി എന്നത് വലിയ നേട്ടമാണ്. പൂർത്തിയായ പാലങ്ങളുടെ എണ്ണം 150 നോട് അടുക്കുകയാണ്**



ന്നത്. ഇതിൽ മൂന്ന് റീച്ചുകൾ പൂർത്തിയാക്കി. അഴീക്കോട് - മുനമ്പം പാലം നിർമ്മാണം പുരോഗമിക്കുകയാണ്. 39 റീച്ചുകളിൽ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുന്നു.

## റോഡ് നവീകരണം

പൊതുമരാമത്ത് റോഡുകളിൽ അമ്പത് ശതമാനം റോഡുകൾ ബി.എം-ബി.സി നിലവാരത്തിലേക്ക് ഉയർത്തുമെന്ന പ്രഖ്യാപനം നടപ്പാക്കി, 60 ശതമാനത്തിന് മുകളിലേക്ക് ഉയർത്തി. ബി.എം-ബി.സി നിലവാരത്തിൽ നിർമിക്കുന്ന റോഡുകളുടെ പരിപാലന ചുമതല നിശ്ചിത കാലത്തേക്ക് അതത് കരാറുകാർക്ക് തന്നെയാണ്. പരിപാലന കാലാവധി കഴിഞ്ഞ റോഡുകളിൽ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനായി റണ്ണിങ് കോൺട്രാക്റ്റ് എന്ന സമ്പ്രദായം ഏർപ്പെടുത്തി. 19500 കിലോമീറ്റർ റോഡ് സംസ്ഥാനത്ത് റണ്ണിങ് കോൺട്രാക്റ്റിലൂടെ പരിപാലിക്കുന്നുണ്ട്.

## പീപ്പിൾസ് റസ്റ്റ് ഹൗസ്

റസ്റ്റ് ഹൗസുകൾ പീപ്പിൾസ് റസ്റ്റ് ഹൗസുകളാക്കി മാറ്റിയത് പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയ ജനകീയ ബദലാണ്. പൊതുജനങ്ങൾക്ക് പ്രാപ്യമല്ലാതിരുന്ന പിഡബ്ല്യുഡി റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ സംവിധാനം ഉപയോഗിച്ച് ആളുകൾക്ക് റൂം ബുക്ക് ചെയ്ത് കുറഞ്ഞ ചെലവിൽ താമസിക്കാൻ സാധിക്കുന്നു. ജനങ്ങൾക്ക് കേരളത്തിലുടനീളം സൗകര്യപ്രദമായ താമസം കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നതിനൊപ്പം നല്ലൊരു തുക സർക്കാരിന് വരുമാനമായും ലഭ്യമായി.

## PWD4U ആപ്പ്

ജനങ്ങൾക്ക് പരാതികളും നിർദേശങ്ങളും വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താനായി PWD4U ആപ്പിന് രൂപം നൽകി. നിർദേശങ്ങൾ സമർപ്പിക്കാൻ ആയി പ്രത്യേക ഹെൽപ് ലൈൻ നമ്പറും തയ്യാറാക്കിയിട്ടുണ്ട്. മിഷൻ ടീം, ഡി.ഐ.സി.സി , സി.എം.ടി തുടങ്ങി പദ്ധതി അവലോകനങ്ങൾക്ക് ത്രിതല സംവിധാനം ഏർപ്പെടുത്തി.

## ടൂറിസം വകുപ്പ്

കോവിഡിനു ശേഷം ടൂറിസം മേഖല കുതിച്ചുചാട്ടത്തിന്റെ പാതയിലാണ്. സഞ്ചാരികളുടെ വരവിൽ സർവകാല റെക്കോഡാണ് ഉണ്ടായത്. 2024 ലെ കണക്കനുസരിച്ച് 2,22,46,989 ആഭ്യന്തര



സഞ്ചാരികളാണ് കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ എത്തിയത്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 1.72 ശതമാനത്തിന്റെ വർധനവാണിത്. കോവിഡിനു മുമ്പുള്ള കാലത്തെ അപേക്ഷിച്ച് 21.01 ശതമാനത്തിന്റെ വർധന. 2023-ൽ 43,647 കോടി രൂപയാണ് ടൂറിസം മേഖലയിലെ നമ്മുടെ വരുമാനം.

## പുതുവഴികളിൽ

ഡിസൈൻ പോളിസിയുടെ ഭാഗമായി പാലങ്ങളുടെ താഴ്ഭാഗം പൊതുഇടമാക്കി മാറ്റുന്ന പദ്ധതിക്ക് കൊല്ലം നഗരത്തിൽ തുടക്കമായി. ഹൗസ് ബോട്ടിനുശേഷം കാരവാൻ ടൂറിസം കൂടുതൽ ലോക ശ്രദ്ധയാകർഷിക്കുകയാണ്. ജർമനി, സ്വിറ്റ്സർലൻഡ് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് 16 കാരവാനുകളിൽ 31 സഞ്ചാരികൾ കേരളത്തിലെത്തിയത് ഒരു ഉദാഹരണം. പ്രധാന ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കിയുള്ള ഹെലി ടൂറിസം പദ്ധതിക്കും രൂപംകൊടുത്തു. തീരങ്ങളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ക്രൂയിസ് ടൂറിസത്തിനും അന്തിമരൂപം നൽകി വരികയാണ്. സീപ്ലെയിനിന്റെ പരീക്ഷണ പറക്കൽ വിജയമായതിനാൽ അണക്കെട്ടുകൾ കേന്ദ്രീകരിച്ച് പദ്ധതി നടപ്പാക്കി വരികയാണ്. ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്, ലിറ്ററി സർക്യൂട്ട് തുടങ്ങിയ നൂതന ആശയങ്ങളും വകുപ്പ് പ്രാവർത്തികമാക്കുന്നു.

## അഡ്വഞ്ചർ ടൂറിസം

സാഹസിക ടൂറിസം പദ്ധതികളുടെ ഹബ്ബാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വാഗമണ്ണിൽ അഡ്വഞ്ചർ പാർക്ക് സജ്ജമാക്കി. ഇവിടുത്തെ ഗ്ലാസ് ബ്രിഡ്ജ് വലിയ രീതിയിൽ സഞ്ചാരികളെ ആകർഷിക്കുന്നുണ്ട്. അന്താരാഷ്ട്ര കയാക്കിംഗ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവൽ അന്തർദ്ദേശീയ ശ്രദ്ധയിലേക്ക് എത്തിക്കഴിഞ്ഞു. തുഷാരഗിരി കയാക്കിംഗ് അക്കാദമിയുടെ ആദ്യഘട്ട നിർമ്മാണം പൂർത്തിയാക്കി. വർക്കലയിൽ നടത്തിയ ഇന്റർനാഷണൽ സർഫിംഗ് ഫെസ്റ്റിവലും വാഗമണ്ണിൽ നടത്തിയ ഇന്റർനാഷണൽ പാരാ ഗ്ലൈഡിംഗ് ഫെസ്റ്റിവലും സാഹസിക ടൂറിസം മേഖലയ്ക്ക് മുതൽക്കൂട്ടായി മാറി. സംസ്ഥാനത്ത് ആദ്യമായി ഗോതീശ്വരം ബീച്ചിൽ സർഫിംഗ് അക്കാദമിക്ക് തുടക്കമിട്ടു. ആക്കുളത്ത് അഡ്വഞ്ചർ ടൂറിസം പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. കേരളത്തിലെ ട്രക്കിങ് -ഹൈക്കിങ് പാതകൾ മാപ്പ് ചെയ്യുന്ന പദ്ധതിക്കും തുടക്കമായി.

## ബീച്ച് ടൂറിസം

ബീച്ച് ടൂറിസം പ്രോൽസാഹിപ്പിക്കാൻ ഫ്ളോട്ടിംഗ് ബ്രിഡ്ജുകൾ ഉൾപ്പെടെ സ്ഥാപിച്ചു. കേരളത്തിലെ സുപ്രധാന ഡ്രൈവ് ഇൻ ബീച്ചായ മുഴപ്പിലങ്ങാട് ബീച്ചിന്റെ മുഖച്ഛായ മാറ്റാൻ കഴിഞ്ഞു. ധർമടം തുരുത്തിനെക്കൂടി ബന്ധിപ്പിച്ച് 80 കോടി രൂപയുടെ വികസന പദ്ധതികളാണ് ഇവിടെ നടപ്പാക്കുന്നത്. തീരദേശപാത സഫലമാകുന്നതോടെ ബീച്ച് ടൂറിസം പുതിയ തലത്തിലേക്കുയരുമെന്നുറപ്പാണ്. ബേപ്പൂരിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ് അന്താരാഷ്ട്ര ശ്രദ്ധ നേടിയ ടൂറിസം ഇവന്റ് ആയി മാറി.



## സിനി ടൂറിസം

സിനിമയിലൂടെ മനസ്സിൽ പതിഞ്ഞ ലൊക്കേഷനുകളെ ടൂറിസം കേന്ദ്രങ്ങളാക്കുന്ന സിനി ടൂറിസം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം വെള്ളായണിയിൽ കിരീടം പാലത്തിന്റെ നവീകരണ പരിപാടികൾ ആരംഭിച്ചുകഴിഞ്ഞു.

## പ്രാദേശിക ടൂറിസം

കേരളത്തിന്റെ വള്ളംകളിക്ക് ലോകപ്രശസ്തി നൽകുന്നതിനും ലോകസഞ്ചാരികളെ ആകർഷിക്കുന്നതിനും വേണ്ടി ചാമ്പ്യൻസ് ബോട്ട് ലീഗ് വിജയകരമായി സംഘടിപ്പിച്ചു. ചാമ്പ്യൻസ് ബോട്ട് ലീഗ് മലബാറിലേക്കും വ്യാപിപ്പിച്ചു. ഭാവിയിൽ ഉണ്ടാകാൻ ഇടയുള്ള ടൂറിസം സാധ്യതകളെ ഫലപ്രദമായി വിനിയോഗിക്കാൻ പ്രാദേശിക ടൂറിസം ഡെസ്റ്റിനേഷനുകളെ വളർത്തിക്കൊണ്ടുവരുന്നതിന് ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി ആരംഭിച്ചത് ഈ സർക്കാരിന്റെ മറ്റൊരു നേട്ടമാണ്. 40 പദ്ധതികൾക്ക് ഇതുവരെ അനുമതി നൽകിയിട്ടുണ്ട്. ലോക വ്യാപകമായി വികസിച്ചുവരുന്ന ഡെസ്റ്റിനേഷൻ വെഡിംഗിനും കേരളത്തിൽ വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. ട്രാവൽ ആൻഡ് ലിഷർ മാഗസിൻ ഏറ്റവും മികച്ച വെഡിംഗ് ഡെസ്റ്റിനേഷനായി തെരഞ്ഞെടുത്തത് കേരളത്തെയാണ്.

## ഉത്തരവാദിത്ത ടൂറിസം

ഉത്തരവാദിത്ത ടൂറിസം മേഖലയിൽ വലിയ കുതിപ്പാണ് കേരളം നേടിയത്. വില്ലേജ് ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം തുടങ്ങിയവയുടെ സാധ്യതകളെയാണ് ഉത്തരവാദിത്ത ടൂറിസം ശക്തിപ്പെടുത്തുന്നത്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഏറ്റവും വലിയ നേട്ടം അതിലെ സ്ത്രീപങ്കാളിത്തം ആണ്. ടൂറിസത്തിലൂടെ പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ വളർച്ച മാത്രമല്ല, സ്ത്രീ ശാക്തീകരണത്തിന്റെ വേദി കൂടിയായി അത് മാറുകയാണ്. ■

> **ഉത്തരവാദിത്ത ടൂറിസത്തിന്റെ ഏറ്റവും വലിയ നേട്ടം അതിലെ സ്ത്രീപങ്കാളിത്തം ആണ്. ടൂറിസത്തിലൂടെ പ്രാദേശിക സമ്പദ് വ്യവസ്ഥയുടെ വളർച്ച മാത്രമല്ല, സ്ത്രീ ശാക്തീകരണത്തിന്റെ വേദി കൂടിയായി അത് മാറുകയാണ്**

പി. പ്രസാദ്
കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി



4

ആധുനിക വത്കരണത്തിലും വൈവിധ്യ വത്കരണത്തിലുമൂന്നി മുന്നേറുകയാണ് കാർഷിക കേരളം

# ഹരിതപാതയിൽ കേരളം






## കേരള ഗ്രോ ബ്രാൻഡിങ്ങ്

കേരള ഗ്രോ, കേരള ഗ്രോ ഓർഗാനിക്, കേരള ഗ്രോ ജൈവ്, കേരള ഗ്രോ ഗ്രീൻ എന്നീ ബ്രാൻഡുകളിലൂടെ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നു. കേരള ഗ്രോ ബ്രാൻഡ് ഉൽപന്നങ്ങളുടെ ഓൺലൈൻ വിൽപന ആരംഭിച്ചു. 619 ഉൽപന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡ് നല്കിയിട്ടുണ്ട്. കേരഫെഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ, വെയർഹൗസ് കൈയ്കോ, ഓയിൽപാം എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനലാഭം വർധിച്ചു.

കാർഷിക മേഖലയ്ക്ക് സമഗ്ര ഉണർവ് നൽകുന്ന പ്രവർത്തനങ്ങളാണ് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടത്തുന്നത്. കാർഷിക വിളകളുടെ ഉൽപാദനം കൂട്ടിയും കൃഷിഭൂമിയുടെ വിസ്തൃതി വർധിപ്പിച്ചും കർഷകർക്ക് സബ്സിഡി ഉൾപ്പെടെ സഹായങ്ങളും പ്രോത്സാഹനങ്ങളും നൽകിയും എല്ലാ വിഭാഗം ജനങ്ങളെയും കൃഷിയിലേക്ക് ആകർഷിച്ചുമാണ് പദ്ധതികൾ ആവിഷ്കരിച്ചത്.

കാർഷിക സ്ഥിതി വിവരക്കണക്ക് പ്രകാരം കഴിഞ്ഞ പത്ത് വർഷത്തെ കാർഷികമേഖലയുടെ വളർച്ചയിൽ ഏറ്റവും കൂടുതൽ പുരോഗതി കൈവരിച്ചത് 2023-24 ലാണ്. 4.65% വളർച്ചയാണ് കൈവരിച്ചത്. 2020-21ൽ നെല്ലിന്റെ ഉൽപാദന ക്ഷമത (അരി) 3091 കിലോഗ്രാം/ഹെക്ടർ ആയിരുന്നത് 2022-23ൽ 3108 കിലോഗ്രാം/ഹെക്ടർ ആയി ഉയർത്തുവാൻ കഴിഞ്ഞു. തെങ്ങിന്റെ ഉൽപാദന ക്ഷമത 2020-21 ൽ 6228 നാളികേരം/ഹെക്ടർ ആയിരുന്നത് 2022-23 ൽ 7419 നാളികേരം/ഹെക്ടർ ആയി ഉയർന്നു. കേരളത്തിലെ കർഷക കുടുംബങ്ങളുടെ വരുമാനം കണക്കാക്കുന്നതിന് ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് വഴി ഡേറ്റാ ശേഖരിച്ചു വരുന്നു. നദീതട പദ്ധതികളും നീർത്തടാധിഷ്ഠിത പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കുന്നു. വിളകലണ്ടർ തയ്യാറാക്കി കാർഷികവൃത്തികൾ പ്ലാൻ ചെയ്യുന്ന . കുട്ടനാട് പ്രദേശത്തെ നെൽക്കൃഷിക്കായി വിളകലണ്ടർ കൃഷി വകുപ്പ് തയ്യാറാക്കി. ഉത്തമ കാർഷിക മുറകൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഞങ്ങളും കൃഷിയിലേക്ക്, ജൈവകാർഷിക മിഷൻ, ആത്മ വഴിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

### സാങ്കേതികവിദ്യയിലൂടെ മുന്നേറ്റം

കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) രൂപീകരിച്ചു. കർഷക ഉൽപാദക സംഘടന, കർഷക ഉൽപാദക കമ്പനി, കാർഷിക ബിസിനസ്സ്, അഗ്രിടെക് സ്റ്റാർട്ടപ്, അഗ്രോ പാർക്ക് തുടങ്ങിയവയുടെ ശാക്തീകരണത്തിന് കേരള

**ഉത്തമ കാർഷിക മുറകൾ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി ഞങ്ങളും കൃഷിയിലേക്ക്, ജൈവകാർഷിക മിഷൻ, ആത്മ വഴിയുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു**



ക്ലൈമറ്റ് റിസിലീയന്റ് വാല്യൂ ചെയിൻ മോഡണൈസേഷൻ (കേര) പ്രോജക്ട് നടപ്പിലാക്കി വരുന്നു.

കർഷക ക്ഷേമനിധി ബോർഡിന്റെ ഓൺലൈൻ പോർട്ടലിൽ 11, 879 കർഷകർ അംഗങ്ങളായിട്ടുണ്ട്. എല്ലാ കൃഷിഭവനുകളും ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കി വരുന്നു. കർഷക സേവനം വേഗതയിലാക്കുവാൻ കതിർ ആപ്പ്, ഇ-ഓഫീസ് സംവിധാനം നടപ്പാക്കി. തരിശ് ഭൂമിയിൽ വിവിധവിളകൾ കൃഷി ചെയ്യുകയും തരിശ് ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് നവോത്ഥാൻ എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചു. തരിശുൾപ്പടെയുള്ള ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യുവാൻ കർഷകന് സാധിക്കുന്ന ക്രോപ്പ് കൾട്ടിവേറ്റ്സ് കാർഡ് നടപ്പാക്കുന്നത് അന്തിമ ഘട്ടത്തിലാണ്.

പച്ചക്കറികളിലെ വിഷാംശം ശാസ്ത്രീയമായി നിരീക്ഷിക്കുന്നതിന് കേരളകാർഷിക സർവകലാശാലയുടെ കീഴിൽ വെള്ളായണി, കുമരകം, വെള്ളാനിക്കര, പടന്നക്കാട് എന്നിവിടങ്ങളിലായി നാല് പെസ്റ്റിസൈഡ് റസിഡ്യൂ ടെസ്റ്റിങ്ങ് ലബോറട്ടറികൾ പ്രവർത്തിച്ചുവരുന്നു. കോൾ നിലങ്ങളിലെ ശാസ്ത്രീയ നെൽകൃഷിക്കായി പ്രോട്ടോകോൾ തയ്യാറാക്കി. സംരംഭകത്വം പ്രത്സാഹിപ്പിക്കുന്നതിനായി വെള്ളായണി കാർഷിക കോളേജിൽ അഗ്രിബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. 4500 സ്റ്റാർട്ടപ്പുകൾക്ക് പരിശീലനം നൽകി. പുതിയതായി 50 ആഗ്രോ സർവീസ് സെന്ററുകൾ (കൃഷിശ്രീ സെന്ററുകൾ) ആരംഭിച്ചു. ഇതിന്റെ ഭാഗമായി കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. കതിർ ആപ്പ് വഴി നല്കുന്ന സാങ്കേതിക സേവനവും കർഷകർ പ്രയോജനപ്പെടുത്തുന്നു. കേരള സംസ്ഥാന മെക്കനൈസേഷൻ മിഷന്റെ ആഭിമുഖ്യത്തിൽ 6252 സേവനദാതാക്കൾ നിലവിൽ പ്രവർത്തിച്ചു വരുന്നു. കേരള കാർഷിക സർവകലാശാലയിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിന് 23.49 കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചു.

## പച്ചക്കറിക്കൃഷി വ്യാപനം

വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന മേഖലകളിൽ നിന്ന് സംഭരിക്കുന്നതിന് വിഎഫ്പിസികെയ്ക്ക് 2021-22 സാമ്പത്തിക വർഷം 725 ലക്ഷം രൂപയും 2022-23ൽ 975 ലക്ഷം രൂപയും 2023-24 വർഷം 20.05 കോടി രൂപയും 2024-25 വർഷം 18 കോടി രൂപയും ധനസഹായമായി നൽകി. ജൈവകൃഷി വ്യാപനം, മൂല്യവർധനവ്, ഓർഗാനിക് ബ്രാൻഡിങ്ങ് എന്നിവ വിപുലപ്പെടുത്തുന്നതിനു ജൈവകാർഷിക മിഷൻ രൂപീകരിച്ചു. പച്ചക്കറി കൃഷി 2020-21ൽ 1.02 ലക്ഷം ഹെക്ടറിലും ഉൽപാദനം 15.7 ലക്ഷം മെട്രിക് ടണ്ണുമായിരുന്നത് 2023-24 ൽ യഥാക്രമം1.15 ലക്ഷം ഹെക്ടറായും 17.2 ലക്ഷം മെട്രിക് ടണ്ണുമായി ഉയർത്തി. സമഗ്ര പച്ചക്കറി ഉൽപാദന

> **റിമോട്ട് സെൻസിങ് പ്രയോജനപ്പെടുത്തി നെൽക്കൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതിയും തരിശു ഭൂമിയുടെ വിസ്തൃതിയും കൃത്യമായി കണക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു**

യജ്ഞം ജനകീയ പങ്കാളിത്തത്തോടെ 2025-26 സാമ്പത്തിക വർഷം ആരംഭിക്കും.

പ്രധാന നഗരങ്ങളിൽ പഴം-പച്ചക്കറികളുടെ സംയോജിത വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് 23.33 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. തൃശ്ശൂർ, എറണാകുളം ജില്ലകളിൽ പ്രൈമറി പ്രോസസ്സിങ്ങ് യൂണിറ്റുകളുടെയും അഞ്ച് മൂല്യവർധിത യൂണിറ്റുകളുടെയും നിർമ്മാണം പൂർത്തീകരിച്ചു. ആനയറ, കാക്കനാട്, കണ്ണാറ, മൂന്നാർ എന്നിവിടങ്ങളിൽ പാക്ക് ഹൗസും മീഡിയം ചില്ലർ സ്റ്റോറേജ് യൂണിറ്റുകളും നിർമ്മിച്ചു വരുന്നു. പച്ചക്കറികളുടെ സംഭരണ, വിതരണത്തിനായി 19 റീഫർ വാനുകളും ലഭ്യമാക്കി. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ 70 റീറ്റെയിൽ ഔട്ട്ലെറ്റുകൾ ശാക്തീകരിക്കുന്നു. കണ്ണൂർ വിമാനത്താവളത്തിൽ 8.56 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്ന സെന്റർ ഫോർ പെരിഷബിൾ കാർഗോയുടെ നിർമ്മാണം പുരോഗമിക്കുന്നു.

## ഞങ്ങളും കൃഷിയിലേക്ക്

പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉൽപാദന സേവന, വിപണന, മൂല്യവർധന മേഖലകളിലായി 23568 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചു. കാർഷിക കർമ്മസേന, കൃഷിശ്രീ സെന്ററുകൾ എന്നിവയുടെ പ്രവർത്തനം നടന്നുവരുന്നു. വീടുകൾ/ കുടുംബങ്ങൾ കേന്ദ്രീകരിച്ചുള്ള കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. കൃത്യത കൃഷി, അർക്ക വെർട്ടിക്കൽ ഗാർഡൻ എന്നിങ്ങനെയുള്ള ഹൈ-ടെക് കൃഷി രീതികൾക്ക് സാമ്പത്തിക സഹായവും നൽകുന്നു. ഒരു കോടി ഫലവൃക്ഷതൈകൾ നടുന്ന പദ്ധതി പ്രകാരം നാളിതുവരെ 1,87,34,513 എണ്ണം ഫലവർഗ തൈകൾ 35427.72 ഹെക്ടർ വിസ്തൃതിയിൽ നട്ടുപിടിപ്പിച്ചു. 2024-25 വർഷം 704.12 ഹെക്ടർ സ്ഥലത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിവിധയിനം പഴവർഗങ്ങളുടെ കൃഷി ആരംഭിച്ചു. 1595 ഹെക്ടറിൽ വിദേശ ഫലവർഗ കൃഷിയും നടത്തിയിട്ടുണ്ട്.

## നെൽക്കൃഷി പ്രോത്സാഹനം

കൃഷിസമൃദ്ധി പരിപാടിയുടെ ഭാഗമായി 107 പഞ്ചായത്തുകളിലെ തരിശുസ്ഥലങ്ങളിൽ നെല്ല്, വാഴ, പച്ചക്കറി തുടങ്ങിയവ കൃഷി ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. കേരളത്തിൽ ഡേറ്റാ ബാങ്ക് ആവശ്യമായ എല്ലാ പഞ്ചായത്തിലും ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റിമോട്ട് സെൻസിങ് പ്രയോജനപ്പെടുത്തി നെൽക്കൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതിയും തരിശു ഭൂമിയുടെ വിസ്തൃതിയും കൃത്യമായി കണക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. നെല്ലിന്റെ സംഭരണവില കാലതാമസമില്ലാതെ കൃഷിക്കാർക്കു ലഭ്യമാക്കുന്നതിന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.


നെൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള വയലുകൾ സംരക്ഷിക്കുന്നതിനും ഉടമകൾക്ക് ഹെക്ടർ ഒന്നിന് 3,000 രൂപ റോയൽറ്റി അനുവദിച്ചുവരുന്നു. നെൽക്കൃഷിയിൽ ഗ്രൂപ്പ് ഫാമിങ്ങ് പ്രോത്സാഹിപ്പിക്കുന്നതിന് പാടശേഖര സമിതികൾ രൂപവൽക്കരിച്ച് കൃഷി നടത്തുന്നു. 23,569 കൃഷിക്കൂട്ടങ്ങൾ വന്നുകഴിഞ്ഞു.

## കേരഗ്രാമം

കേരള നാളികേര കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും തെങ്ങിൻ തൈകൾ വിതരണം നടത്തി വരുന്നു. 2021-22 മുതൽ നാളിതുവരെ 49.75 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്തു. ബ്ലോക്ക്തലത്തിൽ രൂപീകരിച്ചിട്ടുള്ള അഗ്രോസർവീസ് സെന്ററുകൾ/ കൃഷിശ്രീ സെന്ററുകൾ/കാർഷിക കർമ്മസേന/ സേവനമേഖലയിലെ കൃഷിക്കൂട്ടങ്ങൾ എന്നിവയിലെ അംഗങ്ങൾക്ക് തെങ്ങുകയറ്റത്തിൽ പരിശീലനം നൽകുന്നു. സബ്സിഡി നിരക്കിൽ തെങ്ങുകയറ്റയന്ത്രങ്ങൾ വാങ്ങുന്നത് കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്മോൾ ഫാർമേഴ്സ് അഗ്രിബിസിനസ്സ് കൺസോർഷ്യം മുഖേന 10 നാളികേര അധിഷ്ഠിത ഫാർമർ പ്രൊഡ്യൂസർ കമ്പനികൾക്കും എട്ട് നാളികേര അധിഷ്ഠിത എം.എസ്.എം.ഇ കൾക്കും സാങ്കേതിക സാമ്പത്തിക സഹായം നൽകി വരുന്നു. കേരഗ്രാമം പദ്ധതിയിൽ കേരസമിതികൾ രൂപീകരിച്ച് മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നു. ■

## റബ്ബറിന്റെ താങ്ങുവില വർധിപ്പിച്ചു

റബ്ബറിന്റെ താങ്ങുവില 2024 ഏപ്രിൽ 1 മുതൽ 180 രൂപയായി സംസ്ഥാന സർക്കാർ വർധിപ്പിച്ചിട്ടുണ്ട്. കോട്ടയം ആസ്ഥാനമാക്കി റബ്ബർ ഉൽപാദന സൗകര്യം സൃഷ്ടിക്കാനുള്ള കമ്പനി രൂപവൽക്കരിച്ചു. ന്യൂസ് പ്രിന്റ് ഫാക്ടറിയുടെ ഭൂമിയിൽ നിന്നും 143 ഏക്കർ ഏറ്റെടുത്ത് നൽകുവാനുള്ള നടപടി സ്വീകരിച്ചു. കാപ്പിക്കുരുവിന് കമ്പോളവിലയെക്കാൾ കിലോയ്ക്ക് 10 രൂപ അധികം നൽകി കർഷകരിൽ നിന്നും സംഭരിച്ച് അംഗീകൃത സൊസൈറ്റികൾക്ക് നൽകുന്നു.



ഒ. ആർ. കേളു
പട്ടികജാതി-പട്ടികവർഗ-പിന്നാക്കവികസന വകുപ്പ് മന്ത്രി



വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്ക് മുൻഗണന നൽകി നടപ്പാക്കിയ പദ്ധതികളിലൂടെ ഈ ജനവിഭാഗങ്ങളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്

# ഉന്നതിയുടെ വർഷങ്ങൾ

പട്ടികജാതി, പട്ടികവർഗ-പിന്നാക്ക ജനവിഭാഗങ്ങളുടെ സമഗ്രമായ പുരോഗതി ലക്ഷ്യമിട്ട് നിരവധി ക്ഷേമ, വികസനപ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, അടിസ്ഥാനസൗകര്യവികസനം എന്നിവയ്ക്ക് മുൻഗണന നൽകി നടപ്പാക്കിയ പദ്ധതികളിലൂടെ ഈ ജനവിഭാഗങ്ങളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## എല്ലാവർക്കും ഭൂമിയും വീടും

ഭൂരഹിതരായ പട്ടികവിഭാഗങ്ങൾക്ക് ഭൂമിയും വീടും ഉറപ്പാക്കി. ഭവനനിർമ്മാണത്തിനായി ഒൻപത് വർഷത്തിനുള്ളിൽ 33,058 പട്ടികജാതിക്കാർക്ക് 1653 ഏക്കർ ഭൂമിയാണ് നൽകിയത്. ഭൂരഹിത ഭവന പുനരധിവാസ പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 55ൽ നിന്നും 70 ആക്കി. വരുമാനപരിധി 1,00,000 രൂപയായും ഉയർത്തി.



## ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏരിയാസ്

വയനാട് ജില്ലയിലെ സാമൂഹ്യപഠനമുറികൾ കേന്ദ്രീകരിച്ച് പട്ടികവർഗ വകുപ്പ്, C-DAC, RCC എന്നീ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. നഴ്സ്, എഞ്ചിനീയർ, സപ്പോർട്ടിങ്ങ് സ്റ്റാഫ് തസ്തികകളിലായി പട്ടികവർഗ വിഭാഗക്കാരായ 19 പേർക്ക് ജോലി നൽകി. അസിസ്റ്റീവ് ടെക്നോളജി ഉപയോഗിച്ച് സാംക്രമികേതര രോഗങ്ങളും മാനസികാരോഗ്യ അവസ്ഥകളും തടയുന്നതിനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമിട്ടുള്ള ഈ പ്രവർത്തനങ്ങൾക്ക് 2024 സെപ്റ്റംബറിൽ യു.എൻ. അന്തർദേശീയ അവാർഡ് ലഭിച്ചു.



വയനാട് എൻ ഊര്

എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിയുള്ള രാജ്യത്തെ ആദ്യ ജില്ലയാണ് തിരുവനന്തപുരം. പട്ടികവർഗക്കാർക്ക് ഭൂമി നൽകാനായി ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, വനാവകാശ നിയമം തുടങ്ങിയവ നടപ്പാക്കിവരുന്നു. കഴിഞ്ഞ 9 വർഷം കൊണ്ട് 8919 പട്ടികവർഗ കുടുംബങ്ങൾക്ക് 8573.54 ഏക്കർ ഭൂമി വിതരണം ചെയ്തു.

പാവപ്പെട്ടവരുടെ ഭവനസ്വപ്നങ്ങൾ സാക്ഷാൽക്കരിക്കുന്ന ലൈഫ് പദ്ധതിയിൽ 1,14,610 പട്ടികജാതി ഗുണഭോക്താക്കൾക്കായി 1561.3 കോടി രൂപ അനുവദിച്ചു. 43,629 പട്ടിക വർഗ ഗുണഭോക്താക്കൾക്കായി 802 കോടി രൂപയും നൽകി.

2021 ൽ ആരംഭിച്ച അപൂർണ ഭവനങ്ങളുടെ പൂർത്തീകരണ - പുനരുദ്ധാരണ പദ്ധതിയായ സേഫ് വഴി 2 ലക്ഷം രൂപ വീതം 20,829 കുടുംബങ്ങൾക്ക് ധനസഹായം നൽകി. 2025-26 വർഷത്തിൽ 10000 കുടുംബങ്ങൾക്കും സേഫിൽ ധനഹായം അനുവദിക്കും. പട്ടികവർഗത്തിൽ നാല് വർഷം കൊണ്ട് 8401 കുടുംബങ്ങൾക്ക് 2.5 ലക്ഷം രൂപ വീതം നൽകി.

2016 മുതൽ 2025 വരെ 1062 ഉന്നതികളിൽ അംബേദ്കർ ഗ്രാമവികസന പദ്ധതികൾ ഏറ്റെടുത്തു. ഉന്നതികളിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി കഴിഞ്ഞ ഒൻപത് വർഷങ്ങളിലായി 1037.89 കോടി രൂപ കോർപ്പസ് ഫണ്ട് ഇനത്തിലും നൽകി.

**എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിയുള്ള രാജ്യത്തെ ആദ്യ ജില്ലയാണ് തിരുവനന്തപുരം**

### പുതിയ കാലത്തിനൊപ്പം പഠനവും തൊഴിലും

പ്രീ പ്രൈമറി മുതൽ പിഎച്ച്ഡിയും പൈലറ്റ് പരിശീലനവും പഠിക്കാൻ സർക്കാരിന്റെ തുണയുണ്ട്. ഐ.ഐ.ടി, ഐ.ഐ.എം തുടങ്ങിയ സ്വയംഭരണ സ്ഥാപനങ്ങളിലും സി.എ, സി.എസ്, ഐ.സി.ഡബ്ല്യു.എ തുടങ്ങിയ കോഴ്സുകൾക്കും സംസ്ഥാനത്തിന് പുറത്ത് മെറിറ്റിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പുകൾ ലഭിക്കും വിധം വിദ്യാഭ്യാസ പദ്ധതികൾ സമഗ്രമായി പരിഷ്ക്കരിച്ചു. 842 പേർ ഇപ്പോൾ ലോകോത്തര സർവകലാശാലകളിൽ പഠിക്കുകയാണ്. 14 ലക്ഷം വിദ്യാർഥികൾക്കാണ് നിലവിൽ വിവിധ സ്കോളർഷിപ്പുകൾ നൽകി വരുന്നത്.



ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് പദ്ധതി വഴി 842 വിദ്യാർഥികൾ വിദേശ സർവകലാശാലകളിൽ പഠിക്കുന്നു. 731 പട്ടികജാതി വിദ്യാർഥികൾക്കും 54 പട്ടികവർഗ വിദ്യാർഥികൾക്കും 57 പിന്നാക്ക വിഭാഗ വിദ്യാർഥികൾക്കുമാണ് വിദേശപഠന സ്കോളർഷിപ്പ് ലഭ്യമാക്കിയത്.

8 മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് മാത്രം നൽകി വന്നിരുന്ന പഠനമുറി പദ്ധതിയിൽ 2022 മുതൽ 5 മുതൽ 7-ാം ക്ലാസ് വരെയുള്ള വിദ്യാർഥികളെയും, കേന്ദ്രീയ വിദ്യാലയങ്ങളിലെ വിദ്യാർഥികളെയും കൂടി ഉൾപ്പെടുത്തി. ഒൻപത് വർഷത്തിനുള്ളിൽ രണ്ട് ലക്ഷം രൂപവീതം 40,236 പഠനമുറികൾക്കായി 80.47 കോടി രൂപ ധനസഹായം അനുവദിച്ചു. പട്ടികവർഗ ഉന്നതികളിൽ 364 സാമൂഹ്യ പഠനമുറികളും പൂർത്തീകരിച്ചു.

കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് മൂന്ന് എസ്.സി, രണ്ട് എസ്.ടി, ഒന്ന് ഒ.ഇ.സി എന്നിങ്ങനെ ആറ് പേർക്ക് പ്രതിവർഷം 35 ലക്ഷം രൂപ വരെ സ്കോളർഷിപ്പ് നൽകുന്നു. എയർലൈൻ- എയർപോർട്ട് മാനേജ്മെന്റ് കോഴ്സുകളിലും പരിശീലനം നൽകുന്നു. സിവിൽ സർവീസ് പരിശീലനത്തിനും പട്ടികവിഭാഗക്കാർക്ക് സഹായം നൽകി വരുന്നു.

2022 ൽ ആരംഭിച്ച ട്രേസ് (ട്രെയിനിങ്ങ് ഫോർ കരിയർ എക്സലൻസ്) പദ്ധതിയിലൂടെ ഇതുവരെ 5000 പ്രഫഷണലുകൾ തൊഴിൽ പരിശീലനം നേടി. എഞ്ചിനീയറിംഗ്/ഡിപ്ലോമ/ഐ.ടി.ഐ, നഴ്സിംഗ്, പാരമെഡിക്കൽ, നിയമം, ജേണലിസം, സോഷ്യോളജി, മാനേജ്മെന്റ് മേഖലകളിൽ യോഗ്യതയുള്ളവർക്കാണ് ഓണറേറിയത്തോടെ തൊഴിൽ പരിശീലനം നൽകുന്നത്. ജെഡിസി, എച്ച്ഡിസി യോഗ്യതയുള്ളവരെയും കൂടി ഉൾപ്പെടുത്തി ട്രേസ് പദ്ധതി വിപുലീകരിക്കും.

കേന്ദ്രസർക്കാർ തൊഴിലുറപ്പിന്റെ ദിനങ്ങൾ വെട്ടിക്കുറയ്ക്കുമ്പോഴും പട്ടികവർഗക്കാർക്ക് ട്രൈബൽ പ്ലസിലൂടെ അധിക തൊഴിൽദിനം കേരളം നൽകുന്നുണ്ട്. 139.46 കോടി രൂപയാണ് ട്രൈബൽ പ്ലസിൽ ചെലവഴിച്ചത്.

പട്ടികവർഗ വിഭാഗത്തിലെ വനാശ്രിതരിൽ നിന്നും 88 വനിതകൾ ഉൾപ്പെടെ 500 പേർക്ക് പി.എസ്.സി വഴി ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി സ്ഥിരനിയമനം നൽകി. സംവരണ തോത് അനുസരിച്ച് 25 വർഷം കൊണ്ട് ലഭിക്കേണ്ട ജോലിയാണ് പ്രത്യേക തിരഞ്ഞെടുപ്പിലൂടെ പട്ടികവർഗക്കാർക്ക് ഈ സർക്കാർ



നൽകിയത്.

വനാശ്രിതരായ പട്ടികവർഗസമൂഹത്തിന്റെ തൊഴിലുകളെ നവീകരിച്ച് വരുമാനം ഉറപ്പിക്കുന്ന പദ്ധതിയും നടപ്പാക്കുന്നു. പശ്ചിമഘട്ട വനമേഖലയിലെ കുറുമ്പ വിഭാഗക്കാർ ശേഖരിക്കുന്ന കാട്ടുതേൻ സംസ്കരിച്ച് 'സഹ്യ ഡ്യൂ - ഡിലൈറ്റ്ഫുൾ എസൻസ് ഫ്രം വൈൽഡ്' എന്ന പേരിൽ വിപണിയിലിറക്കിയത് ശ്രദ്ധേയമായിരുന്നു. ശർക്കര നിർമ്മാണത്തിന് പേരുകേട്ട മറയൂരിലെ ആദിവാസി കർഷകരെ ചേർത്ത് രൂപീകരിച്ച കമ്പനി 'മറയൂർ മധുരം' എന്ന പേരിൽ വിപണിയിലിറക്കി.

സേഷൻ) - ആധികാരിക രേഖകൾ ഇല്ലാത്തതിനാൽ പട്ടികവർഗ വിഭാഗക്കാർക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് രേഖകൾ ലഭ്യമാക്കി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുന്ന പദ്ധതിയാണിത്. വയനാട്, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ പൂർത്തീകരിച്ചു.

കാറ്റാടി (KATTADI- Kerala Accelerated Tribal Ability Development & Inclusion Initiative)- - പട്ടികവർഗവിഭാഗ ഭിന്നശേഷിക്കാർക്ക് ചലനസഹായികളും ശ്രവണസഹായികളുമുൾപ്പെടെ ആധുനിക ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു.

തദ്ദേശീയ ജനതയുടെ കലയും സാഹിത്യവും വിനോദസഞ്ചാരവുമായി കൂട്ടിയിണക്കിയ പദ്ധതിയാണ് വയനാട്ടിലെ എൻ ഊര്. ദിനംപ്രതി ആയിരക്കണക്കിന് വിനോദസഞ്ചാരികൾ എൻ ഊര് കാണാൻ എത്തുന്നുണ്ട്.

## പിന്നാക്കവിഭാഗ ക്ഷേമം

പതിറ്റാണ്ടുകളായി ദുസ്സൂചനകളോടെ വിളിച്ചിരുന്ന 'കോളനി' എന്ന പേര് തന്നെ രേഖകളിൽ നിന്ന് ഒഴിവാക്കി താമസിക്കുന്ന ഇടങ്ങൾക്ക് ഉന്നതി/നഗർ തുടങ്ങിയ പേരുകൾ നൽകി സർക്കാർ ചേർത്തുപിടിച്ചു.



സ്ഥിരമായ തൊഴിലും വരുമാനവും ഇവർക്ക് ഉറപ്പിക്കാൻ ഈ പദ്ധതികളിലൂടെ സാധിക്കുന്നു.

സംസ്ഥാന പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഒൻപത് വർഷത്തിനുള്ളിൽ 733.22 രൂപ ചെലവഴിച്ചു. ഓരോ വർഷവും 100 വിദ്യാർഥികൾ പ്രവേശനം നേടുന്നതിൽ 72 പട്ടികവിഭാഗം വിദ്യാർഥികൾക്ക് മെഡിക്കൽ പ്രവേശനം ഉറപ്പാക്കി.

പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹസഹായം 1,25,000 രൂപയായി വർധിപ്പിച്ചു. പട്ടികവർഗ പെൺകുട്ടികൾക്ക് 1.5 ലക്ഷമാണ് സഹായം.

എ.ബി.സി.ഡി. (അക്ഷയ ബിഗ് കാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈ

**സംസ്ഥാന പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഒൻപത് വർഷത്തിനുള്ളിൽ 733.22 രൂപ ചെലവഴിച്ചു**

പരമ്പരാഗത കളിമൺപാത്ര തൊഴിലാളികൾക്ക് ധനസഹായം 108.93 കോടി രൂപ വിതരണം ചെയ്തു. കുംഭാരകോളനികളുടെ വികസനത്തിനും നാളിതുവരെ 57.26 കോടി രൂപ വിതരണം ചെയ്തു.

വിശ്വകർമ്മ പെൻഷൻ തുക 1600 രൂപയാക്കി വർധിപ്പിച്ചു. നാളിതുവരെ ഈയിനത്തിൽ 1.99 കോടി രൂപ വിതരണം ചെയ്തു.

ഒന്ന് മുതൽ എട്ട് വരെ ക്ലാസിൽ പഠിക്കുന്ന ഒബിസി വിദ്യാർഥികളുടെ സ്കോളർഷിപ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയിരുന്നു. ഇത് നൽകാനായി ബജറ്റിൽ പണം വകയിരുത്തി ആവിഷ്കരിച്ച പദ്ധതിയാണ് കെടാവിളക്ക്. നാളിതുവരെ ഈയിനത്തിൽ 32.88 കോടി രൂപ വിതരണം ചെയ്തു. ■

പി. രാജീവ്
വ്യവസായ വകുപ്പ് മന്ത്രി



4

കേരളം ആവിഷ്കരിച്ച് നടപ്പിലാക്കിയ സംരംഭക വർഷം പദ്ധതിയ്ക്ക് ചരിത്രത്തിലാദ്യമായി ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു

# മാറുന്ന കേരളത്തിന്റെ വ്യവസായ സാക്ഷ്യം

വ്യവസായവുമായി ബന്ധപ്പെട്ട് കേരളം ആവിഷ്കരിച്ച് നടപ്പിലാക്കിയ ഒരു പദ്ധതിക്ക് ചരിത്രത്തിലാദ്യമായി ദേശീയതലത്തിൽ അംഗീകാരം ലഭിച്ചു. സംരംഭക വർഷം പദ്ധതിയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുത്ത യോഗത്തിൽ എം.എസ്.എം.ഇ മേഖലയിലെ ബെസ്റ്റ് പ്രാക്ടീസ് ആയി തെരഞ്ഞെടുക്കപ്പെട്ടത്. പദ്ധതിയിലൂടെ 3,40,605 സംരംഭങ്ങൾ ആരംഭിച്ചു. 21859.13 കോടി രൂപയുടെ നിക്ഷേപവും 7,22,444 തൊഴിലും കേരളത്തിലുണ്ടായി. 1,08,480 വനിതാ സംരംഭകർ പദ്ധതിയുടെ ഭാഗമായി കേരളത്തിലുണ്ടായി എന്നത് ശ്രദ്ധേയമാണ്.

സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് പുതിയ ലാൻഡ് അലോട്ട്മെന്റ് റൂൾ കൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലെ ഭൂമി കൈമാറ്റം, ഘടനാ മാറ്റം, ആക്ടിവിറ്റി മാറ്റം, പട്ടയം എന്നിയുടെ നടപടിക്രമം ലളിതമാക്കി.

വ്യവസായ സൗഹൃദ റാങ്കിങ്ങിൽ 28ൽ നിന്ന് 15-ാം സ്ഥാനത്തേക്കും ഇപ്പോൾ ഒന്നാം സ്ഥാനത്തേക്കും കേരളം കുതിച്ചു. ലോകത്തിന് മുന്നിൽ കേരളം ഒരു ബ്രാൻഡായി മാറിയ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 5000 പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ചു. 1.75 ലക്ഷം കോടി രൂപയുടെ നിക്ഷേപവാഗ്ദാ






നം ലഭിച്ചു. ലോകോത്തര കമ്പനികൾ പങ്കെടുത്തു. വേൾഡ് എക്കണോമിക് ഫോറം വാർഷിക സമ്മിറ്റിലും ഇത്തവണ കേരളം പങ്കെടുത്തു. ഇന്ത്യയിലെ ആദ്യ ഇന്റർനാഷണൽ ജെൻ എ.ഐ കോൺക്ലേവ് സംഘടിപ്പിച്ചു. കേരളത്തിലെ ആദ്യ ഇന്റർനാഷണൽ റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ് സംഘടിപ്പിച്ചു വ്യവസായനയം 2023 കൊണ്ടുവന്നു. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക് അനുമതി നേടിയെടുത്തു.

ടാസ്ക്ഫോഴ്സ് രൂപവൽക്കരിച്ച് നിർമ്മാണം അതിവേഗത്തിലാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. 10,000 കോടിയിലധികം രൂപയുടെ നിക്ഷേപവും ലക്ഷത്തിലധികം തൊഴിലും ഇതുവഴി സൃഷ്ടിക്കപ്പെടും. സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സംഭാവനകളെ അംഗീകരിക്കുന്നതിനും വ്യവസായ പുരസ്കാരങ്ങൾ സംഘടിപ്പിച്ചു.

## പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ

ഇക്കാലയളവിൽ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി. കേന്ദ്രസർക്കാരിൽനിന്ന് സംസ്ഥാന സർക്കാർ ഏറ്റെടുത്ത കേരള പേപ്പർ പ്രൊഡക്ട്സ് ലിമിറ്റഡ്(കെ പി പി എൽ) കേരളത്തിന്റെ അഭിമാനമായി മാറി. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളുടെ ഹബ്ബായി കേരളത്തെ മാറ്റുന്നതിന് 1050 കോടിയുടെ കേരള റബ്ബർ ലിമിറ്റഡ് എന്ന പുതിയ സ്ഥാപനം ആരംഭിച്ചു. കയറുൽപന്നങ്ങളുടെ വിപണനത്തിന് വാൾമാർട്ടുമായി കേരള കയർ കോർപ്പറേഷൻ ധാരണയിലെത്തി. ഇന്ത്യയിൽ ഒരു പൊതുമേഖലാ സ്ഥാപനം വാൾമാർട്ടുമായി കരാറിലെത്തുന്നത് ആദ്യമായാണ്. ആദ്യമായി മധ്യേഷ്യൻ രാജ്യങ്ങളിലേക്ക് കയറ്റുമതി ആരംഭിച്ചു. കയർഫെഡ് അമൃത്സർ സുവർണക്ഷേത്രത്തിലേക്ക് നൂൽ കയറ്റി അയച്ചു. കേരള സ്റ്റേറ്റ് പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് (KPESRB) രൂപവൽക്കരിച്ച് പ്രവർത്തനമാരംഭിച്ചു.

കെ.സി.സി.പി ലിമിറ്റഡ് : 2015-16 മുതൽ നഷ്ടത്തിലായിരുന്ന സ്ഥാപനം ഈ സർക്കാർ വന്നതിന് ശേഷം വൈവിധ്യവൽക്കരണ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ തുടർച്ചയായി പ്രവർത്തന ലാഭത്തിലാണ്.

സിഡ്കോ 15 വർഷങ്ങൾക്ക് ശേഷം തുടർച്ചയായ രണ്ട് വർഷവും 200 കോടി രൂപ വിറ്റുവരവും പ്രവർത്തനലാഭവും കൈവരിച്ചു.

ചരിത്രത്തിൽ തന്നെ കേരളത്തിലെ ഒരു പൊതുമേഖലാ സ്ഥാപനം കൈവരിച്ച ഏറ്റവും മികച്ച ലാഭം കെ.എം.എം.എൽ കൈവരിച്ചത് ഈ സർക്കാരിന്റെ കാലത്താണ്. ഒരു സാമ്പത്തിക വർഷം 1000 കോടിയിലധികം രൂപയുടെ വിറ്റുവരവെന്ന നേട്ടവും കെഎംഎംഎൽ നേടിയെടുത്തു. സ്വന്തമായി കണ്ടെത്തിയ സാങ്കേതിക വിദ്യയിലൂടെ അയൺ ഓക്സൈഡിൽ നിന്ന് ഇരുമ്പ് വേർതിരിച്ചെടുക്കാൻ ഈ സാമ്പത്തികവർഷം കെ.എം.എം.എലിന് സാധിച്ചു.

18 വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഫോം മാറ്റിംഗ്സ് ലിമിറ്റഡ് കമ്പനി ലാഭം രേഖപെടുത്തി.

കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് പഠിക്കുന്നതിനായി മിസോറാമിൽ നിന്നെത്തിയ എം എൽ എമാരുടെ സംഘം ഒക്ടോബർ 23ന് വ്യവസായ മന്ത്രിയുടെ ഓഫീസ് സന്ദർശിച്ചു.

## തരംഗമായി വ്യവസായ പാർക്കുകൾ

സംസ്ഥാന സർക്കാരിന്റെ മറ്റൊരു ഫ്ളാഗ്ഷിപ്പ് പദ്ധതിയായ സ്വകാര്യ വ്യവസായ പാർക്കുകൾ കേരളത്തിൽ പുതിയ തരംഗം സൃഷ്ടിക്കുന്നു. 31 പാർക്കുകൾക്ക് നിർമ്മാണ അനുമതി ലഭിച്ചു. രണ്ട്

**സംസ്ഥാന സർക്കാരിന്റെ മറ്റൊരു ഫ്ളാഗ്ഷിപ്പ് പദ്ധതിയായ സ്വകാര്യ വ്യവസായ പാർക്കുകൾ കേരളത്തിൽ പുതിയ തരംഗം സൃഷ്ടിക്കുന്നു. 31 പാർക്കുകൾക്ക് നിർമ്മാണ അനുമതി ലഭിച്ചു. രണ്ട് പാർക്കുകൾ പ്രവർത്തനമാരംഭിച്ചു**



പാർക്കുകൾ പ്രവർത്തനമാരംഭിച്ചു. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ചേർന്നുള്ള ക്യാമ്പസ് വ്യവസായ പാർക്കുകൾ പദ്ധതിയിൽ 80ലധികം കോളേജുകൾ താൽപര്യം പ്രകടിപ്പിച്ചു.

ആലപ്പുഴ പുന്നപ്ര, തൃശ്ശൂർ പുഴയ്ക്കൽപാടം ഫേസ് - 2 എന്നീ ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ ഉദ്ഘാടനം നടത്തി. തൃശ്ശൂർ വരവൂർ വ്യവസായ വികസന പ്ലോട്ടിൽ 28 സംരംഭകർക്ക് അലോട്ട്മെന്റ് നടത്തി. രാമനാട്ടുകര അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിൽ 1.2 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള ഒരു റെഡി-ടു മൂവ് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി പൂർത്തീകരിച്ച് ഐടി/ഐടിഇഎസ് വ്യവസായങ്ങൾക്കായി ഉദ്ഘാടനം ചെയ്തു. അലോട്ട്മെന്റിന്റെ 90% പൂർത്തിയായി. കിൻഫ്ര സ്പൈസസ് പാർക്ക് ഒന്നാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി, 2023 ഒക്ടോബർ 14-ന് പാർക്ക് ഉദ്ഘാടനം ചെയ്തു. കാക്കനാട് ഇന്റർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെന്ററിന്റെ ആദ്യഘട്ട നിർമ്മാണം പൂർത്തിയായി. ഐടി/ഐടിഇഎസ് വ്യവസായത്തിനായി തിരുവനന്തപുരത്ത് സ്റ്റാന്റേർഡ് ഡിസൈൻ ഫാക്ടറി നിർമ്മിക്കുന്നു. 600 കോടി നിക്ഷേപം പ്രതീക്ഷിക്കുന്ന പദ്ധതി അടുത്ത വർഷം പൂർത്തിയാകും.

## കിൻഫ്ര

ഗ്രഫീൻ പാർക്കിനായി 10 ഏക്കറോളം സ്ഥലവും 60,000 ചതുരശ്ര അടി ബിൽറ്റ് അപ്പ് സ്ഥലവും ഒറ്റപ്പാലം കിൻഫ്ര ഡിഫൻസ് പാർക്കിൽ നീക്കിവച്ചു. അലോട്ട്മെന്റിനുള്ള നിർദ്ദേശവും അപേക്ഷയും സമർപ്പിച്ചു. 94.85 കോടി രൂപയുടെ ഗ്രഫീൻ അറോറ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകി. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖേന ഗ്രഫീൻ ഉൾപ്പെടെയുള്ള അഡ്വാൻസ്ഡ് മെറ്റീരിയൽ സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി. ഗ്രഫീൻ പ്രൊഡക്ഷൻ ഫെസിലിറ്റി സെന്റർ പ്രഖ്യാപിച്ച് ഒരു വർഷത്തിനുള്ളിൽ, നാല് നിലകളിലായി 60,000 ചതുരശ്ര അടി വിസ്തീർണത്തിൽ നിർമ്മിച്ച അത്യാധുനിക കെട്ടിടം പദ്ധതി നിർവഹണ ഏജൻസിയായ ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് കൈമാറി.

481 ഏക്കറിൽ 1200 ഓളം കോടി മുതൽമുടക്കിൽ കിൻഫ്ര പെട്രോകെമിക്കൽ പാർക്ക് പദ്ധതി ഏറ്റെടുത്തു. 230 ഓളം ഏക്കർ ഭൂമി ഇതിനോടകം തന്നെ 35 കമ്പനികൾ നിക്ഷേപകർക്ക് നൽകി. ഉദ്ഘാടനത്തിന് മുൻപ് തന്നെ പ്രവർത്തനം ആരംഭിച്ചു. 10,000 കോടി രൂപയുടെ നിക്ഷേപം പ്രതീക്ഷിക്കുന്നതാണ് പദ്ധതി. ബിപിസിഎലിന്റെ നിർദിഷ്ട പോളിപ്രൊപ്പിലീൻ യൂണിറ്റും ഉടൻ ആരംഭിക്കും. കണ്ണൂരിൽ ലാൻഡ് ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ 1054 ഏക്കർ ഭൂമി കണ്ടെത്തി, അവ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മട്ടന്നൂരിലെ കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കീഴല്ലൂർ വില്ലേജുകളിൽ 45.96 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തു. പട്ടാന്നൂർ, കിഴല്ലൂർ-വെള്ളാപറമ്പ് വില്ലേജുകളിലായി 500 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. അഞ്ചരക്കണ്ടി-പനയത്താംപറമ്പ്, പട്ടുവിലായി, കീഴല്ലൂർ വില്ലേജുകളിലായി 500 ഏക്കർ

> **2023-24 സാമ്പത്തിക വർഷത്തിൽ കെൽട്രോൺ റെക്കോർഡ് വിറ്റുവരവായ 643.66 കോടി രൂപയും 42.52 കോടി രൂപയുടെ പ്രവർത്തന ലാഭവും നേടി.**

## കേരളത്തിൽ വന്ന നിക്ഷേപങ്ങളിൽ ചിലത്

- ഓട്ടോമേഷൻ രംഗത്തെ പ്രധാനികളായ ജർമ്മൻ കമ്പനി ഡി സ്പേസ് പ്രവർത്തനം ആരംഭിച്ചു.
- മാരിടൈം മേഖലയിൽ ലോകോത്തര കമ്പനിയായ കോങ്സ്ബെർഗ് കേരളത്തിൽ ഓഫീസ് തുറന്നു.
- 300 കോടി രൂപ മുതൽമുടക്കിൽ കേരളത്തിലെ ആദ്യ ക്രെയിൻ നിർമ്മാണ യൂണിറ്റ് ലീവേജ് ഗ്രൂപ്പ് തൃശ്ശൂരിൽ ആരംഭിച്ചു.
- ഐബിഎം കേരളത്തിൽ പ്രവർത്തനമാരംഭിച്ചു. ഒരു വർഷത്തിനുള്ളിൽ 2000 പേർക്ക് തൊഴിൽ നൽകുന്ന വലിയ സ്ഥാപനമായി വളർന്നു.
- ലോകത്തിലെ മുൻനിര വാഹന സോഫ്റ്റ്‌വെയർ നിർമ്മാണ കമ്പനിയായ ആക്സിയ ടെക്നോളജീസ് തിരുവനന്തപുരത്ത് ആഗോള ഹെഡ്ക്വാർട്ടേഴ്സും R&D കേന്ദ്രവും ആരംഭിച്ചു.
- രാജ്യത്തെ ടെലികോം, നെറ്റ് വർക്കിങ് ഉത്പന്ന മേഖലയിലെ പ്രമുഖ നിർമ്മാതാക്കളായ സിസ്ട്രോം ടെക്നോളജീസ് 100 കോടിയിലധികം രൂപയുടെ നിക്ഷേപവുമായി അവരുടെ ഇലക്ട്രോണിക്സ് ഇക്വിപ്മെന്റ്സ് നിർമ്മാണ കേന്ദ്രം തിരുവനന്തപുരത്ത് തുറന്നു
- ലോകത്തിലെ തന്നെ എയറോസ്പേസ്/ഡിഫൻസ് മേഖലയിലെ പ്രധാനികളായ സഫ്രാൻ കേരളത്തിൽ അവരുടെ ആദ്യ യൂണിറ്റ് ആരംഭിച്ചു.
- 200 കോടി രൂപയുടെ നിക്ഷേപമുള്ള ക്രേസ് ബിസ്കറ്റ്സ് മാനുഫാക്ചറിങ് യൂണിറ്റ് ആരംഭിച്ചു.
- പ്രമുഖ വ്യവസായി കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി 145 കോടി രൂപയുടെ വെൽനെസ് പദ്ധതി കേരളത്തിൽ ആരംഭിച്ചു.
- അമേരിക്ക ആസ്ഥാനമായി പേറോൾ, ഫിനാൻഷ്യൽ മാനേജ്മെന്റ് രംഗത്ത് പ്രവർത്തിക്കുന്ന ആഗോള കമ്പനിയായ സ്ട്രാഡ ഗ്ലോബൽ കേരളത്തിൽ അവരുടെ പ്രവർത്തനം വിപുലീകരിച്ചു.
- ലോകപ്രശസ്ത കമ്പനിയായ HCLTech കേരളത്തിൽ അവരുടെ ആദ്യ യൂണിറ്റ് ആരംഭിച്ചു. രണ്ടാമത്തെ യൂണിറ്റ് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു.
- വന്ദേഭാരത് കോച്ചുകളിലെ തറ, ബെർത്ത്, ഉള്ളിലെ ഡോറുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്ലൈവുഡ് ബോർഡുകൾ നിർമ്മിക്കുന്ന മാഗ്നസ് പ്ലൈവുഡ്സ് കമ്പനി കാസർഗോഡ് ആരംഭിച്ചു.
- അഡ്വാൻസ്ഡ് സെമികണ്ടക്ടർ, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് മേഖലയിൽ പ്രവർത്തിക്കുന്ന അയർലൻഡ് ആസ്ഥാനമായുള്ള ടാസ്സ സൊല്യൂഷൻസ് ടെക്നോളജി ലിമിറ്റഡ് കേരളത്തിൽ പ്രവർത്തനം ആരംഭിച്ചു.
- ആഗോളതലത്തിൽ തന്നെ ഏറ്റവും പ്രമുഖ അക്കൗണ്ടിങ്ങ് ആന്റ് പേറോൾ ഗ്രൂപ്പുകളിലൊന്നായ ബേക്കർ ടില്ലിയും ഇന്ത്യയിലെ പിയേറിയൻ സർവീസസും സംയുക്തമായി ആരംഭിച്ചിരിക്കുന്ന BT പിയേറിയൻ കേരളത്തിലെ ആദ്യ ഓഫീസ് തുറന്നു.
- പ്രഖ്യാപിച്ച് ആറ് മാസത്തിനുള്ളിൽ കേരളത്തിൽ ഐബിഎം അവരുടെ ഏറ്റവും വലിയ ജെനറേറ്റീവ് എ.ഐ ഇന്നൊവേഷൻ സെന്റർ ആരംഭിച്ചു. രണ്ട് വർഷത്തിനുള്ളിൽ രണ്ട് സെന്ററുകൾ ഐബിഎം തുറന്ന ലോകത്തിലെ ഏക സ്ഥലമായി കേരളം മാറി.
- അമേരിക്ക ആസ്ഥാനമായി ഓയിൽ ആൻഡ് ഗ്യാസ് മേഖലയിൽ പ്രവർത്തിക്കുന്ന ഏറ്റവും വലിയ ടെക്നോളജി ദാതാക്കളായ NOV Inc (നാഷണൽ ഓയിൽ വെൽ) കമ്പനി ഇന്ത്യയിലെ ആദ്യത്തെ ഗ്ലോബൽ ക്യാപബിലിറ്റി സെന്റർ കേരളത്തിൽ ആരംഭിച്ചു.
- കൊച്ചി ഇൻഫോപാർക്കിൽ വലിയ ഓഫീസുമായി ആഗോള ഐടി സർവീസ് പ്രൊവൈഡറായ ജർമ്മൻ കമ്പനി അഡെസ്സോ പ്രവർത്തനം വിപുലീകരിച്ചു.
- ഫ്രാൻസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന കൺസൽട്ടൻസി രംഗത്തെ ബഹുരാഷ്ട്ര കമ്പനിയായ ടി എൻ പി കൺസൽട്ടന്റ്സ് കേരളത്തിൽ തന്നെ പുതുതായി മറ്റൊരു ഓഫീസ് കൂടി ആരംഭിച്ചു
- ലോകോത്തര കമ്പനിയായ ഏൺസ്റ്റ് ആൻഡ് യങ് കേരളത്തിൽ പുതിയ ഓഫീസ് കൂടി ആരംഭിച്ചു.
- പദ്ധതി ആരംഭിച്ച് ഒന്നര വർഷത്തിനുള്ളിൽ മീറ്റ് ദി ഇൻവെസ്റ്റർ വഴി 11,000 കോടിയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ച നാടായി കേരളം മാറി.

ഏറ്റെടുക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

66 ഏക്കറിൽ കാക്കനാട് ഇലക്ട്രോണിക്സ് മാനുഫാക്ചറിങ് ക്ലസ്റ്റർ നിർമ്മിക്കുന്നു. ഇതിനോടകംതന്നെ ഏഴ് യൂണിറ്റുകൾക്ക് സ്ഥലം അനുവദിച്ചു. 11230 ഓളം തൊഴിലവസരങ്ങളും 820 കോടി രൂപയുടെ നിക്ഷേപവും പ്രതീക്ഷിക്കുന്നു. കേരളത്തിലെ ആദ്യത്തെ ആധുനിക സ്പൈസസ് പാർക്കായ കിൻഫ്ര സ്പൈസസ് പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചു.

### കെൽട്രോൺ

2023-24 സാമ്പത്തിക വർഷത്തിൽ കെൽട്രോൺ റെക്കോർഡ് വിറ്റുവരവായ 643.66 കോടി രൂപയും 42.52 കോടി രൂപയുടെ പ്രവർത്തന ലാഭവും നേടി. ചന്ദ്രയാൻ 3 ദൗത്യത്തിൽ KMML, TCC, SIFL, KELTRON, SIDCO എന്നീ സ്ഥാപനങ്ങൾ പങ്കാളികളായി. ആദിത്യ L1 മിഷനിലും ഭാഗമായി. പുതിയ മൂന്ന് ഓർഡറുകൾ കൂടി കെൽട്രോണിന് ലഭിച്ചു. വിശാഖപട്ടണം നേവൽ സയൻസ് & ടെക്നോളജിക്കൽ ലബോറട്ടറിയിൽ നിന്നും ഫ്ളൈറ്റ് ഇൻ എയർ മെക്കാനിസം മൊഡ്യൂൾ നിർമ്മിക്കുന്നതിനും ഇന്ത്യയിൽ ആദ്യമായി തദ്ദേശീയമായി വികസിപ്പിക്കുന്ന, NPOL രൂപകൽപന നിർവഹിച്ച ടോർപിഡോ പവർ ആംപ്ലിഫയർ നിർമ്മിക്കുന്നതിനും ഇന്ത്യയിൽ Autonomous Underwater Vessel നിർമ്മിക്കുന്നതിൽ പങ്കാളിയാകുന്നതിനായി റെക്സി മറൈൻ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും, ബോ ആൻഡ് ഫ്ളാങ്ക് അറേ നിർമ്മിക്കുന്നതിനും ഉള്ള ഓർഡറുകളാണ് ലഭിച്ചത്. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ഇന്ത്യയിലെആദ്യത്തെസൂപ്പർ കപ്പാസിറ്റർ നിർമ്മാണ ഫാക്ടറി ആരംഭിച്ചു. നോർവെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇലക്ട്രോണിക്സ് ആൻഡ് ഇലക്ട്രിക്കൽ മേഖലയിലെ പ്രമുഖ സ്ഥാപനമായ എൽടോർക്ക് ഇലക്ട്രിക്, ഹൈഡ്രോളിക്, ആക്ച്വേറ്ററുകളുടെ രൂപകൽപനയ്ക്കും ഇലക്ട്രോ-ഹൈഡ്രോളിക് നിർമ്മാണത്തിനുമായി സംയുക്തമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് കെൽട്രോണുമായി കരാർ ഒപ്പിട്ടു. L&Tയെ മത്സരാധിഷ്ഠിത ടെൻഡറിൽ പരാജയപ്പെടുത്തി നാഗ്പൂർ കോർപ്പറേഷന്റെ 197 കോടി രൂപയുടെ ഓർഡർ കെൽട്രോൺ നേടിയെടുത്തു.

ഇന്ത്യയിലുടനീളം എഫ്.സി.ഐ ഉടമസ്ഥതയിലുള്ള 561 ഡിപ്പോകളിലും സി.സി.ടി.വി ക്യാമറകളുടെ സപ്ലൈ, ഇൻസ്റ്റലേഷൻ, ടെസ്റ്റിങ്ങ്, കമ്മീഷനിങ്ങ്& ഓപ്പറേഷൻസ് എന്നീ പ്രവർത്തനങ്ങൾക്കായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നുള്ള 168 കോടി രൂപയുടെ ഓർഡർ കെൽട്രോൺ കരസ്ഥമാക്കി. ■

**സജി ചെറിയാൻ**
മത്സ്യബന്ധന-സാംസ്കാരിക-യുവജനക്ഷേമ വകുപ്പ് മന്ത്രി



4

**മത്സ്യത്തൊഴിലാളി വിഭാഗത്തെ സംരക്ഷിക്കുന്ന കാര്യത്തിലും സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്ന കാര്യത്തിലും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അവരുടെ ജീവനും സ്വത്തിനും തൊഴിലിനും വിദ്യാഭ്യാസത്തിനും സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതികളുമായാണ് മുന്നോട്ട് പോകുന്നത്**

# കടലോരജനതയ്ക്ക് കരുതൽ സാംസ്കാരികലോകത്തിന് കരുത്ത്

കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക, തൊഴിൽമേഖലകളിൽ ഏറ്റവുമധികം സംഭാവന നൽകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും സാമൂഹികോന്നമനത്തിനും സഹായകമാകുന്ന പദ്ധതികളാണ് കേരളസർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളി വിഭാഗത്തെ സംരക്ഷിക്കുന്ന കാര്യത്തിലും സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്ന കാര്യത്തിലും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അവരുടെ ജീവനും സ്വത്തിനും തൊഴിലിനും വിദ്യാഭ്യാസത്തിനും സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതികളുമായാണ് മുന്നോട്ട് പോകുന്നത്. മത്സ്യത്തൊഴി ലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' മുതൽ പ്രത്യേക പരിശീലനം നൽകി ആഴക്ക



## ഇൻഷ്വറൻസ് വർധിപ്പിച്ചു

> മത്സ്യത്തൊഴിലാളികളുടേയും അനുബന്ധത്തൊഴിലാളികളുടേയും ഇൻഷ്വറൻസ് പരിരക്ഷ അഞ്ച് ലക്ഷം രൂപയിൽനിന്നും 10 ലക്ഷമായി ഉയർത്തി. സമ്പാദ്യ സമാശ്വാസ സഹായ പദ്ധതി 2700 രൂപയിൽ നിന്നും 4500 രൂപയായി വർദ്ധിപ്പിച്ചു. പ്രതിവർഷം 180,000 മത്സ്യത്തൊഴിലാളികൾക്ക് സഹായം ലഭിച്ചു. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് അഭയം പദ്ധതി പ്രകാരം 10 ലക്ഷം രൂപ ധനസഹായം അനുവദിച്ച് പുനരധിവസിപ്പിച്ചു.



ടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്ന പദ്ധതികൾ വരെ ഇതിലുണ്ട്.

മത്സ്യമേഖലയുടെ ആഭ്യന്തര ഉൽപാദന വളർച്ചയ്ക്കൊപ്പം വർധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുമായി കഴിഞ്ഞ ഒൻപത് വർഷ കാലയളവിലായി 3935.41 കോടി രൂപ ബജറ്റിൽ വകയിരുത്തി. 3494.22 കോടി രൂപ മത്സ്യമേഖലയിൽ ചെലവഴിച്ചു. കിഫ്ബി, ഓഖി പാക്കേജ്, ലൈഫ് മിഷൻ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, ജലസേചന വകുപ്പ്, ആർ.കെ.ഐ. തൊഴിൽ വകുപ്പ് എന്നിവയെല്ലാം കൂടി തീരസംരക്ഷണമടക്കമുള്ള മത്സ്യമേഖലയിലെ വികസനത്തിനായി 12,000 കോടിയിലധികം രൂപ ചെലവഴിച്ചുവരുന്നു.

കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് എന്നിവ മൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളിലായി ആകെ 180 കോടി രൂപയുടെ ധനസഹായം നൽകി. ഗുരുതരരോഗങ്ങൾക്ക് അഞ്ചുവർഷത്തേക്ക് തുടർചികിത്സാ ധനസഹായം നൽകുന്ന സാന്ത്വനതീരം പദ്ധതി നടപ്പിലാക്കി.

57 തീരദേശ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് 66.35 കോടി കിഫ്ബിയിൽ ഉൾപ്പെടുത്തി അനുവദിച്ചു. 51 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് കിഫ്ബിയിൽ നിന്നും 137.82 കോടി രൂപ നീക്കിവച്ചു. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പാടാക്കി. പ്രീമിയം തുകയുടെ 90% സർക്കാർ സഹായമാണ്. മത്സ്യബന്ധന ഹാർബറുകളുടെ നടത്തിപ്പിനും പരിപാലനത്തിനുമായി സംസ്ഥാനത്തെ പ്രധാന ഹാർബറുകളിൽ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ രൂപീകരിച്ചു.

മണ്ണെണ്ണയുടെ ലഭ്യതക്കുറവും വിലവർധനയും പരിഗണിച്ച് കൂടുതൽ സുലഭവും ആദായകരവുമായ പെട്രോൾ, ഡീസൽ, എൽപിജി ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള എൻജിനുകളിലേക്ക് മാറുന്നതിന് സർക്കാർ ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചു.

### പുനർഗേഹം

ഇക്കാലയളവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ 2450 കോടിരൂപയുടെ പുനർഗേഹം പദ്ധതി നടപ്പിലാക്കി. 5338 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു. മുട്ടത്തറ, കാരോട്, ബീമാപ്പള്ളി, പൊന്നാനി എന്നിവിടങ്ങളിലായി 56 കോടി രൂപ ചെലവിൽ 468 ഫ്ളാറ്റുകൾ നിർമ്മിച്ചുനൽകി. 3561 ഭവനങ്ങൾക്ക് വകുപ്പ് വഴിയും 3547 ഭവനങ്ങൾക്ക് ലൈഫ് മിഷൻ വഴിയും ധനസഹായവും നൽകി.

### തീരസദസ്സ്

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തീരമേഖലയിലെ ജനങ്ങളുമായി സംവദിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിൽ മനസ്സിലാക്കുന്ന



പുനർഗേഹം പാർപ്പിട സമുച്ചയം

തിനും പരിഹാരനടപടികൾ എല്ലാ തീരദേശ നിയോജക മണ്ഡലങ്ങളിലുമായി 47 കേന്ദ്രങ്ങളിൽ 'തീരസദസ്സ്' എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു.

## വിദ്യാതീരം

വിദ്യാതീരം പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ/ സിവിൽ സർവീസ്/ബാങ്ക് ടെസ്റ്റ് പരീക്ഷാ പരിശീലനം നൽകി വരുന്നു.

പദ്ധതിയിലൂടെ തീരമേഖലയിൽ ഇതിനകം 85 ഡോക്ടർമാരെ സൃഷ്ടിച്ചു. പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സാമ്പത്തികാനുകൂല്യം നൽകി വരുന്നു. മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് അവരുടെ വിദ്യാഭ്യാസച്ചെലവ് പൂർണ്ണമായും സർക്കാർ ഏറ്റെടുത്തു.

## സാംസ്കാരിക കേരളത്തിന് പരിരക്ഷ

സാംസ്കാരിക രംഗത്ത് തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും മറ്റ് കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും കലാകാരരെ സംരക്ഷിക്കുന്നതിനും കല ജീവനോപാധിയാക്കി മാറ്റുന്നതിനും ആവശ്യമായ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. കലാപ്രവർത്തനങ്ങളെയും സാംസ്കാരിക സംഘടനകളെയും പ്രോത്സാഹിപ്പിക്കുകയും വിവിധ വിഭാഗത്തിൽപെടുന്ന പാവപ്പെട്ട കലാകാരരെ സംരക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ മുന്നോട്ടുനീങ്ങുന്നത്.

## വജ്രജൂബിലി ഫെലോഷിപ്പ്

സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്ന കലാപരിശീലന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ്. ക്ലാസിക്കൽ കല, അഭിനയ കല, ചിത്രകല, ശില്പകല, ഫോക് ലോർ കലാരൂപങ്ങൾ തുടങ്ങിയ കലകളിലാണ് സൗജന്യ പരിശീലനം. 2021-22-ൽ വജ്രജൂബിലി പദ്ധതിക്ക് ബജറ്റ് വിഹിതം 12 കോടി ആയിരുന്നത് 2022-23 വർഷം മുതൽ 13 കോടി രൂപയാക്കി വർധിപ്പിച്ചു. ആയിരത്തോളം കലാകാരരാണ് നിലവിൽ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ളത്.

## ചലച്ചിത്രരംഗത്ത് പ്രോത്സാഹനം

സിനിമാരംഗത്ത് വനിതകളെയും പട്ടികജാതി, പട്ടിക വർഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകരെയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാംസ്കാരിക വകുപ്പ് ധനസഹായ പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി പ്രകാരം സിനിമ നിർമ്മിക്കുന്നതിനായി 1.5 കോടി രൂപ വീതം 4 സിനിമകൾക്ക് എല്ലാ വർഷവും ധനസഹായം നൽകിവരുന്നു. രാജ്യത്ത് തന്നെ സമാനതകളില്ലാത്ത പദ്ധതിയാണിത്. ഈ കാലയളവിൽ അഞ്ച് ചിത്രങ്ങൾ റിലീസ് ചെയ്തു. 3 ചിത്രങ്ങൾ റിലീസിനായി തയ്യാറായിട്ടുണ്ട്. 2 ചിത്രങ്ങൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. മറ്റ് 4 ചിത്രങ്ങൾ പദ്ധതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

> **സാംസ്കാരിക രംഗത്ത് തനത് കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും മറ്റ് കലകളെ പ്രോത്സാഹിപ്പിക്കുന്നതിനും കലാകാരരെ സംരക്ഷിക്കുന്നതിനും കല ജീവനോപാധിയാക്കി മാറ്റുന്നതിനും ആവശ്യമായ ഇടപെടലുകളാണ് സർക്കാർ നടത്തി വരുന്നത്**




## റൂറൽ ആർട്ട് ഹബ്

നാട്ടിൻപുറങ്ങളിലെ കലാകാരരുടെയും കരകൗശല തൊഴിലാളികളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി റൂറൽ ആർട്ട് ഹബ് എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നു. നാടൻ കലാകാരരുടെയും കൈത്തൊഴിലുകാരുടെയും കഴിവുകളിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണി സൗകര്യം (ഓൺലൈൻ, ഓഫ്‌ലൈൻ) ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

## ബാലകേരളം

നാലിനും 18നും ഇടയിൽ പ്രായമുള്ള കുട്ടികളിൽ പാഠ്യേതര കലാ, സാംസ്കാരിക, ശാസ്ത്ര, സാമൂഹ്യമേഖലകളിൽ താൽപര്യം വളർത്തുന്നതിന് ബാലകേരളം പദ്ധതി നടപ്പാക്കുന്നതിന്റെ അവസാനഘട്ടത്തിലാണ് സാംസ്കാരിക വകുപ്പ്. കുട്ടികളിൽ പൗരബോധം വളർത്തിയെടുക്കുന്നതിനും യുവതലമുറയിൽ വർധിച്ചുവരുന്ന ലഹരിക്കെതിരെ ബോധവൽക്കരണവും പദ്ധതി ലക്ഷ്യമിടുന്നു.

## ഡിജിറ്റലൈസേഷൻ

പരമ്പരാഗത കലാരൂപങ്ങളെ ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതിയുമായി സാംസ്കാരിക വകുപ്പ് മുന്നോട്ട് പോകുകയാണ്. മഴമിഴി, സമം തുടങ്ങിയ പരിപാടികൾ വലിയ സ്വീകാര്യത നേടി. വൈക്കം സത്യഗ്രഹം, സർവമത സമ്മേളനം എന്നിവയുടെ ശതാബ്ദിയാഘോഷങ്ങൾ വിപുലമായി സംഘടിപ്പിച്ചു. രാജ്യത്ത് ആദ്യമായി സർക്കാർ നേതൃത്വത്തിൽ ഒ.ടി.ടി പ്ലാറ്റ്ഫോം പുറത്തിറക്കി. തിയേറ്ററുകൾ എല്ലാം നവീകരിച്ചു. ജില്ലകൾതോറും സാംസ്കാരിക സമുച്ചയങ്ങൾ പദ്ധതി പ്രകാരം കൊല്ലത്ത് ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം ഉദ്ഘാടനം ചെയ്തു. പാലക്കാടും കാസർഗോഡും സമുച്ചയങ്ങൾ പൂർത്തിയായി.

## യുവജനക്ഷേമം

യുവജനകാര്യ വകുപ്പും അതിനുകീഴിലെ സ്ഥാപനങ്ങളായ യുവജനക്ഷേമ ബോർഡും യുവജന കമ്മിഷനും വളരുന്ന തലമുറയുടെയും മാറുന്ന കാലഘട്ടത്തിന്റെയും ആവശ്യങ്ങളും കാഴ്ചപ്പാടുകളും ഉൾക്കൊണ്ടാണ് വലിയ രീതിയിലുള്ള ഇടപെടലുകൾ നടത്തുന്നത്. യുവതീയുവാക്കൾക്കിടയിൽ വൈവിധ്യമാർന്ന മത്സര പരിപാടികളും സന്നദ്ധപ്രവർത്തനങ്ങളും പരിശീലന പരിപാടികളുമായി സജീവ ഇടപെടലുകൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. ദുരന്തം നേരിടാൻ യുവജനക്ഷേമ ബോർഡിന്റെ മേൽനോട്ടത്തിൽ പഞ്ചായത്ത് തലത്തിലുള്ള സന്നദ്ധസേനയാണ് ടീം കേരള - കേരള യൂത്ത് ഫോഴ്സ്. സംസ്ഥാനത്തെ 17,500 ലധികം യുവതീയുവാക്കൾ ഇതിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

അവളിടം എന്ന പേരിൽ എല്ലാ തദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമായി 1040 യുവതി ക്ലബ്ബുകൾ രൂപീകരിച്ചു. കതിർ എന്ന പേരിൽ 140 കാർഷിക ക്ലബ്ബുകളും ഭിന്നശേഷി വിഭാഗത്തിൽ ഉള്ളവർക്കായി യെസ് എന്ന പേരിൽ 14 ക്ലബ്ബുകളും ട്രാൻസ്ജെൻഡർ വിഭാഗത്തിനായി മാരിവില്ല് എന്ന പേരിൽ 14 ക്ലബ്ബുകളും രൂപീകരിച്ചു.

ഇടുക്കി ദേവികുളത്ത് യുവജനക്ഷേമ ബോർഡിനു കീഴിൽ ദേശീയ സാഹസിക അക്കാദമി പ്രവർത്തിക്കുന്നു. അക്കാദമിയുടെ നേതൃത്വത്തിൽ ട്രക്കിങ്ങ് പരിപാടികൾ, പരിശീലന പദ്ധതികൾ, അഡ്വഞ്ചർ കാർണിവലുകൾ മുതലായവ സംഘടിപ്പിക്കുന്നു. അക്കാദമിക്ക് വേണ്ടിയുള്ള പുതിയ കെട്ടിടനിർമ്മാണത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരികയാണ്. മദ്യം, മയക്കുമരുന്ന്, റാഗിങ്ങ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും കോളേജുകളിലും പട്ടികജാതി, പട്ടികവർഗ നഗറുകളിലും ബോധവൽക്കരണ ക്യാമ്പയിനുകൾ യുവജന കമ്മിഷൻ നടത്തുന്നുണ്ട്. യുവജനങ്ങൾക്കായുള്ള സൗജന്യ നിയമസഹായം, യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി ഗ്രീൻ യൂത്ത് പദ്ധതി, വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പ്രഗൽഭരായ യുവതീയുവാക്കളെ ആദരിക്കുന്നതിനായുള്ള യൂത്ത് ഐക്കൺ പദ്ധതി എന്നിവയും നടത്തിവരുന്നു. ■

**വി. ശിവൻകുട്ടി**
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി



**4** പൊതുവിദ്യാഭ്യാസ രംഗത്തും തൊഴിൽ മേഖലയിലും കേരളം കടന്നുപോവുന്നത് മികവിന്റെ കാലഘട്ടത്തിലൂടെ

# ഉയരെ പൊതുവിദ്യാഭ്യാസം ഉയർന്നു തൊഴിൽസംസ്കാരം

കേരളം പൊതുവിദ്യാഭ്യാസവും തൊഴിലും മേഖലകളിൽ രാജ്യത്തിനും ലോകത്തിനും മാതൃകയാവുന്ന നേട്ടങ്ങളാണ് കൈവരിച്ചിരിക്കുന്നത്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി 2017-18 അക്കാദമിക വർഷത്തിൽ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം സർക്കാർ-എയ്ഡഡ് സ്കൂളുകൾക്ക് പുതിയ ഭാവി സൃഷ്ടിച്ചു. അതിന്റെ തുടർച്ചയായ വിദ്യാകിരണം പദ്ധതി, പൊതുവിദ്യാഭ്യാസ രംഗത്തെ പുരോഗതിയെ കൂടുതൽ ശക്തിപ്പെടുത്തി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, വിദ്യാകിരണം പദ്ധതി, ഹൈടെക്ക് ക്ലാസ്സ്റൂമുകൾ, സബ്ജക്റ്റ് മിനിമം പദ്ധതി, പാഠ്യപദ്ധതി പരിഷ്കരണം എന്നിവ നമ്മുടെ പൊതുവിദ്യാഭ്യാസരംഗത്തിന്റെ ഗുണനിലവാരം ഉയർത്താൻ ഏറെ സഹായകമായി.

അതേസമയം, തൊഴിൽ മേഖലയിൽ സുസ്ഥിര തൊഴിൽ സംസ്കാരവും തൊഴിലാളി അവകാശ സംരക്ഷണവും ഉറപ്പാക്കാൻ കേരള സർക്കാർ നടപ്പാക്കിയ നിർണ്ണായക നടപടികൾ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു.

## പൊതുവിദ്യാഭ്യാസത്തിന്റെ പുനരുജ്ജീവനം

അടിത്തറയുടെ ശക്തിപ്പെടുത്തൽ അടിസ്ഥാനസൗകര്യ വികസനം പൊതുവിദ്യാഭ്യാസ മേഖലയിൽ അയ്യായിരത്തിൽപരം കോടി രൂപ നിക്ഷേപിച്ച് അടിസ്ഥാനസൗകര്യങ്ങൾ ശക്തിപ്പെടുത്തി. കിഫ്ബി വഴി 973 പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് 2565 കോടി രൂപ അനുവദിച്ചതിൽ 513 എണ്ണം പൂർത്തിയാക്കി. സർക്കാർ-എയ്ഡഡ് മേഖലകളിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിദ്യാർഥികൾക്ക് മികച്ച പഠനപരിസ്ഥിതി ഒരുക്കി.



# ഹൈടെക്ക് ക്ലാസ്സ്റൂമുകളും ഡിജിറ്റൽ പഠനവും

50,000 ൽ പരം ക്ലാസ്സ്റൂമുകൾ ഹൈടെക്കാക്കി, ഓരോ വിദ്യാർഥിക്കും ഉന്നതനിലവാരത്തിലുള്ള പഠനസൗകര്യം ഒരുക്കി.

റോബോട്ടിക്സ്, ട്വിങ്കറിംഗ് ലാബുകൾ, എഐ പരിശീലനം, മുതലായവയെ പൊതുവിദ്യാഭ്യാസ മേഖലയിലേക്കു കൊണ്ടുവന്നു.

കൈറ്റ് വിക്ടേഴ്സ് മുഖേന ഡിജിറ്റൽ പഠന സംവിധാനങ്ങൾ വിപുലപ്പെടുത്തി, യൂണിസെഫും അംഗീകരിച്ച ഒരു മാതൃകയായി കേരളം മാറി.




## പാഠ്യപദ്ധതി പരിഷ്കരണം ഭാവിതലമുറയ്ക്ക് വഴികാട്ടി

- 2014-ന് ശേഷം ആദ്യമായാണ് പാഠ്യപദ്ധതി പുതുക്കിയത്. 2024-25 മുതൽ പുതിയ പാഠപുസ്തകങ്ങൾ പ്രയോഗത്തിലായി. അടുത്ത ഘട്ടം പുതുക്കിയ പാഠപുസ്തകങ്ങൾ അടുത്ത അധ്യയന വർഷം ആരംഭിക്കും മുമ്പേ വിതരണം ചെയ്യും.
- ഹയർ സെക്കൻഡറി പാഠ്യപദ്ധതിയുടെയും പാഠപുസ്തകങ്ങളുടെയും പരിഷ്കരണം ആരംഭിച്ചു.
- എല്ലാ പാഠപുസ്തകങ്ങളിലും ഭരണഘടനയുടെ ആമുഖം ഉൾപ്പെടുത്തിയതും രാജ്യത്തിന് മാതൃകയായി.

## പഠന നിലവാരം ഉറപ്പാക്കി സബ്ജക്റ്റ് മിനിമം പദ്ധതി

- 2024-25 മുതൽ എട്ടാം ക്ലാസിലും 2025-26 മുതൽ ഒമ്പതാം ക്ലാസിലും 2026-27 മുതൽ 10-ാം ക്ലാസിലും സബ്ജക്റ്റ് മിനിമം പദ്ധതി നടപ്പിലാക്കും.
- പ്രൊഫ. എം.എ. ഖാദർ കമ്മിറ്റിയുടെ ശിപാർശ പ്രകാരം 'മികവിനായുള്ള വിദ്യാഭ്യാസം' റിപ്പോർട്ട് നടപ്പിലാക്കി.

## കുട്ടികളുടെ സംരക്ഷണവും ആനുകൂല്യങ്ങളും

- പാഠപുസ്തകങ്ങളും യൂണിഫോമും അധ്യയനവർഷം ആരംഭിക്കുന്നതിന് മുൻപായി വിതരണം ചെയ്യും.
- കേരളത്തിന്റെ ഉച്ചഭക്ഷണ പദ്ധതി ദേശീയതലത്തിൽ മാതൃകയായി നടത്തപ്പെടുന്നു.
- സ്കൂൾ ഹെൽത്ത് കാർഡ് പദ്ധതി അന്തിമഘട്ടത്തിലാണ്. വിദ്യാർഥികളുടെ ആരോഗ്യപരിപാലനം കൂടുതൽ മെച്ചപ്പെടുത്താൻ അതിവിശിഷ്ടമായ പദ്ധതിയാണ് നടപ്പിലാക്കുന്നത്.

## സ്കൂൾ കായിക-കലാമേളകളിലെ മാറ്റങ്ങൾ

- ലോകത്തിലെ ഏറ്റവും വലിയ സ്കൂൾ കായികമേള സംഘടിപ്പിച്ച ഏക സംസ്ഥാനമായിരിക്കുകയാണ് കേരളം.
- സ്കൂൾ കലോത്സവ മാന്വൽ പുതുക്കി, തദ്ദേശീയ കലാരൂപങ്ങൾ ഉൾപ്പെടുത്തി, ഇക്കാര്യത്തിൽ ചരിത്രപരമായ മുന്നേറ്റമാണ് നാം നടത്തിയത്.

- **തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്ന വൊക്കേഷണൽ വിദ്യാഭ്യാസം**

- 714 വൊക്കേഷണൽ ഹയർ സെക്കണ്ടറി ലാബുകൾ ആധുനികവൽക്കരിച്ചു.
- വി.എച്ച്.എസ്.ഇ പാസായ 4891 വിദ്യാർഥികൾക്ക് തൊഴിൽ ഉറപ്പാക്കി.

## സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പരിപാടി

പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന

**സ്കൂൾ കലോത്സവ മാന്വൽ പുതുക്കി, തദ്ദേശീയ കലാരൂപങ്ങൾ ഉൾപ്പെടുത്തി, ഇക്കാര്യത്തിൽ ചരിത്രപരമായ മുന്നേറ്റമാണ് നാം നടത്തിയത്.**



**സൗജന്യ കൈത്തറി സ്കൂൾ യൂണിഫോമിന്റെ സംസ്ഥാനതല വിതരണോദ്ഘാടനത്തിനുശേഷം കുട്ടികൾ**

സൗകര്യ വികസന മേഖലയിൽ വിപ്ലവക രമായ മാറ്റത്തിന് അനുസൃതമായി അക്കാ ദമിക മികവും ഗുണനിലവാരവും മെച്ച പ്പെടുത്തേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ആരംഭിച്ച പുതിയ സംരംഭമാണ് സമഗ്ര ഗു ണമേന്മാ വിദ്യാഭ്യാസപദ്ധതി. ഇതിനായി സംസ്ഥാന ബജറ്റിൽ 37.80 കോടി രൂപ നീക്കി വെച്ചിട്ടുണ്ട്.

## അധ്യാപക പരിശീലനം

പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾ ക്ക് അനുസൃതമായി അധ്യാപകരെയും പരിവർത്തിപ്പിക്കേണ്ടതുണ്ട്. ഇതിനായി റസിഡൻഷ്യൽ അധ്യാപക പരിശീലന പരിപാടികൾ അടക്കം നടപ്പിലാക്കി വരുന്നു. പുതുതായി ജോലിയിൽ പ്രവേശി ക്കുന്നവർക്ക് നവാധ്യാപക പരിശീലനവും ആരംഭിച്ചിട്ടുണ്ട്.

## ഗോത്രവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തൽ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെയും പട്ടികവർഗ വകുപ്പിന്റെയും സഹകരണത്തോടെ ജനറൽ സ്കൂളിൽ പഠിക്കുന്ന ഗോത്രവർഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ നിലവാരവും പരീക്ഷാ ഫല ങ്ങളും മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പരിപാടി ആരംഭിച്ചിട്ടുണ്ട്.

## ഭിന്നശേഷി കുട്ടികളുടെ ഉന്നമനം

ഭിന്നശേഷി കുട്ടികൾക്ക് പരിചരണം നൽ കുന്ന സ്ഥാപനങ്ങൾക്ക് ബജറ്റിൽ 62 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുൻവർ ഷത്തെക്കാൾ പന്ത്രണ്ട് കോടി രൂപ കൂടുത ലാണ് ഈ പദ്ധതിക്കായി വകയിരുത്തി യിരിക്കുന്നത്. വ്യക്തിഗത പരിചരണം, പ്രായത്തിന് അനുസരിച്ചുള്ള പിന്തുണ, പ്രത്യേക അധ്യാപകരെ സജ്ജരാക്കാനും ശാക്തീകരിക്കാനുമുള്ള ആവശ്യമായ വി ഭവങ്ങൾ നൽകുക എന്നിവയാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

## മാതൃകാ വിദ്യാലയങ്ങൾ

പഠിതാക്കളുടെ സമഗ്രമായ ക്ഷേമം, അധ്യാപകരുടെ പ്രൊഫഷണലിസം വികസിപ്പിക്കൽ, സ്കൂളുകളുടെ ഗുണനി ലവാരം മെച്ചപ്പെടുത്തൽ, പഠനത്തിന് അനുകൂലമായ പിന്തുണാസംവിധാനം വികസിപ്പിക്കൽ തുടങ്ങിയവ മുൻനിർത്തി യാണ് മോഡൽ സ്കൂൾ പദ്ധതി ആരംഭി ക്കുന്നത്. ഓരോ ജില്ലയിലും ഓരോ സ്കൂൾ എന്ന തരത്തിലാണ് ആദ്യ ഘട്ടത്തിൽ പദ്ധതി നടപ്പിലാക്കുന്നത്.

## വിദ്യാഭ്യാസ ഏജൻസികളെ ശക്തിപ്പെടുത്തൽ

പത്തോളം ഏജൻസികൾ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി വിദ്യാകിര ണം മിഷനും പ്രവൃത്തിക്കുന്നുണ്ട്. ഇവയെ ശക്തിപ്പെടുത്തി പൊതുവിദ്യാഭ്യാസ മേഖലയെ കൂടുതൽ ശാക്തീകരിക്കുന്നതി നുള്ള പദ്ധതികൾ നടപ്പിലാക്കാൻ സമഗ്ര പദ്ധതി നടപ്പിലാക്കും.

## തൊഴിൽ മേഖലയിലെ ഉന്നതനിലവാരം

കേരളം തൊഴിൽ സംരക്ഷണത്തിലും തൊഴിലാളി അവകാശ സംരക്ഷണത്തി ലും രാജ്യത്തിനും ലോകത്തിനും മാതൃക യാണ്. തൊഴിലവസരങ്ങൾ വർധിപ്പിച്ചും തൊഴിലാളി സംരക്ഷണം ഉറപ്പാക്കിയുമു ള്ള നയങ്ങൾ സംസ്ഥാനത്തെ ഉന്നത തൊഴിൽ സംസ്കാരമുള്ള സംസ്ഥാനമാ യി മാറ്റിയിരിക്കുന്നു.

## തൊഴിലവസരങ്ങൾ വർധിപ്പിക്കൽ

2016 മുതൽ തൊഴിൽസാധ്യതയിൽ കുതി ച്ചുചാട്ടം പീരിയോഡിക് ലേബർ ഫോഴ്സ് സർവെ (PLFS) റിപ്പോർട്ട് പ്രകാരം




വനിതാ തൊഴിൽ പങ്കാളിത്തം 36.4% ആയി ഉയർന്നു.

തൊഴിലില്ലായ്മ നിരക്ക് 11.4%ൽ നിന്ന് 7.2% ആയി കുറഞ്ഞു.

## ഉന്നത വേതനനിരക്ക് ഉറപ്പാക്കൽ

85 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചു. 70 ലക്ഷത്തിലധികം തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡുകൾ മുഖേന ആനുകൂല്യങ്ങൾ നൽകി.

## തൊഴിൽ തർക്കപരിഹാര സംവിധാനങ്ങൾ

തൊഴിൽ സേവാ ആപ് വഴി തൊഴിലാളികൾക്കും പൊതുജനങ്ങൾക്കും നേരിട്ട് പരാതിപ്പെടാനുള്ള സംവിധാനം ഒരുക്കി. 28,000 തൊഴിൽ തർക്കങ്ങളിൽ 25,000 എണ്ണം പരിഹരിച്ചു. ബാക്കിയുള്ളവ പരിഹരിച്ചു വരുന്നു.

## നൈപുണ്യവികസനം തൊഴിൽപരിചയം വർധിപ്പിക്കൽ

കർമ്മചാരി, നവശക്തി പദ്ധതികൾ വഴി തൊഴിൽ പരിശീലനം നൽകി. കർമ്മചാരി പദ്ധതി വഴി പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയം വിദ്യാർഥികൾക്കിടയിൽ നടപ്പാക്കി. കയറ്റിറക്ക് ജോലിക്കായുള്ള പരമ്പരാഗത ചുമട്ടുതൊഴിലാളികൾക്ക് ആധുനികരീതിയിൽ ചരക്കുകൾ കൈകാര്യം ചെയ്യാനുള്ള പരിശീലന പദ്ധതിയാണ് നവശക്തി.

- മികച്ച ശമ്പളത്തോടെ തൊഴിൽ മേഖലയിൽ പുതിയ അവസരങ്ങൾ സൃഷ്ടിച്ചു.
- അതിഥി തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ
- ആവാസയോഗ്യമായ പാർപ്പിടങ്ങൾ, ഇൻഷുറൻസ്, അപകടമരണ ധനസഹായം എന്നിവ നടപ്പിലാക്കി.
- ശ്രമിക് ബന്ധു ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചു, അതിഥി തൊഴിലാളികളുടെ സംരക്ഷണം ശക്തിപ്പെടുത്തി.

**കേരളം തൊഴിൽ സംരക്ഷണത്തിലും തൊഴിലാളി അവകാശ സംരക്ഷണത്തിലും രാജ്യത്തിനും ലോകത്തിനും മാതൃകയാണ്.**

## ഐ.ടി.ഐ.കളുടെ വിപുലീകരണം

- 27 പുതിയ സർക്കാർ ഐ.ടി.ഐ കൾ.
- 12 അന്താരാഷ്ട്ര നിലവാരത്തിൽ ഐ.ടി.ഐ കൾ.
- 19 പ്രൊഡക്ഷൻ സെന്ററുകൾ.
- 32,000 ട്രെയിനികൾക്ക് ഇൻഷ്വറൻസ് പദ്ധതി തുടങ്ങിയവ നടപ്പാക്കി.

രണ്ടുമേഖലകളിലും കേരളം സൃഷ്ടിച്ച മാതൃകയും വിവിധങ്ങളായ നേട്ടങ്ങളും, പൊതുവിദ്യാഭ്യാസരംഗത്ത് സർക്കാരിനൊപ്പം അധ്യാപകരും രക്ഷിതാക്കളും വിദ്യാർഥികളും ചേർന്നുള്ള കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണെന്ന് ഉറപ്പാണ്. തൊഴിൽമേഖലയിലാകട്ടെ നയങ്ങൾ നടപ്പിലാക്കുമ്പോൾ തൊഴിലുടമകളെയും തൊഴിലാളികളെയും ഒരുപോലെ സർക്കാരിനൊപ്പം നിർത്താനാകുന്നു. ഈ കൂട്ടായ്മയാണ് കേരളത്തിന്റെ ശക്തിയും. ■

വി. എൻ. വാസവൻ
തുറമുഖം, സഹകരണം, ദേവസ്വം വകുപ്പ് മന്ത്രി



4

ആധുനിക സാങ്കേതികവിദ്യകൾ നടപ്പിലാക്കാനും പുതിയ യുവത്വം നൽകാനും അനഭിലഷണീയമായ പ്രവണതകൾക്കെതിരേ കൂടുതൽ ജാഗ്രത ഉറപ്പുവരുത്താനും സഹകരണ വകുപ്പിന്റെ സമീപകാല പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടിട്ടുണ്ട്

# ബദൽശക്തിയായി ആധുനികമായി സഹകരണമേഖല



# സമാശ്വാസനിധി

സഹകാരികൾക്കായി അംഗ സമാശ്വാസനിധിയുടെ ആറു ഘട്ടങ്ങളിലായി 45,210 അപേക്ഷകർക്ക് 95,01,50,000 രൂപയുടെ ധനസഹായം അനുവദിച്ചു. സഹകാരി സാന്ത്വനം, റിസ്ക് ഫണ്ട്, കുടുംബത്തിന് ഒരു കരുതൽധനം അടക്കമുള്ള ധനസഹായ പദ്ധതികൾ സഹകാരികൾക്ക് സഹായകരമാണ്. നവകേരളീയം ഒറ്റത്തവണ തീർപ്പാക്കൽ' ക്യാമ്പയിനിലൂടെ ആശ്വാസം ലഭിച്ചത് 10.69 ലക്ഷം കുടുംബങ്ങൾക്കാണ്. കുടിശികയിനത്തിൽ സഹകരണ ബാങ്കുകൾ ഒഴിവാക്കി നൽകിയത് 1960.15 കോടി രൂപയോളമാണ്.



സഹകരണപ്രസ്ഥാനത്തെ കൂടുതൽ ജനകീയമാക്കി മാറ്റിയെടുക്കുകയാണ് സർക്കാർ. പുതിയ കാലത്തിനനുസരിച്ച് കേരളത്തിന്റെ അടിസ്ഥാന സൗകര്യവികസന മേഖലയിൽ ബദൽശക്തിയായി നിലകൊള്ളാനും സഹകരണമേഖലയെ പ്രാപ്തമാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകൾ നടപ്പിലാക്കാനും പുതിയ യുവത്വം നൽകാനും അനഭിലഷണീയമായ പ്രവണതകൾക്കെതിരേ കൂടുതൽ ജാഗ്രത ഉറപ്പുവരുത്താനും സഹകരണ വകുപ്പിന്റെ സമീപകാല പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടിട്ടുണ്ട്.

## ആധുനികവത്കരണം

പരിശോധനകൾ പൂർണ്ണമായി ഡിജിറ്റലാക്കുന്നതിന്റെ ഭാഗമായി മൊബൈൽ ആപ്ലിക്കേഷനും വെബ് ആപ്ലിക്കേഷനും അടങ്ങുന്ന Co-operative Inspection Management Application (CIMA) സംവിധാനം നടപ്പിലാക്കി. രജിസ്ട്രേഷൻ, ബൈലോ ഭേദഗതി, ഫണ്ട് മാനേജ്മെന്റ്, തിരഞ്ഞെടുപ്പിനുള്ള അപേക്ഷ സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ഓൺലൈൻ ആക്കി. പ്രാഥമിക കാർഷിക വായ്പാസംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ, ഓഡിറ്റ് മോണിറ്ററിങ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം, വകുപ്പിലാകെ നടപ്പിലാക്കിയ ഇ-ഓഫിസ് സംവിധാനം എന്നിങ്ങനെ കഴിഞ്ഞ നാലുവർഷം ഡിജിറ്റലൈസേഷന്റെ കാലഘട്ടമാണ്.

## സമഗ്ര നിയമ ഭേദഗതി

സമഗ്ര നിയമഭേദഗതി യാഥാർഥ്യമായി. കാതലായ പരിഷ്കാരം സഹകരണ നിയമത്തിലെ സമഗ്ര ഭേദഗതിയാണ്. കാലതാമസം കൂടാതെ അതിന് അനുസൃതമായ ചട്ടഭേദഗതിയും നിലവിൽ വന്നു. സഹകരണ പുനരുദ്ധാരണ നിധി ഇക്കഴിഞ്ഞ വർഷം യാഥാർഥ്യമായി.

പ്രളയത്തിലും പ്രകൃതി ദുരന്തത്തിലും വീട് നഷ്ടപ്പെട്ടവരെ പുനഃരധിവസിപ്പിക്കുന്നതിനു വേണ്ടിയുള്ള കെയർഹോം പദ്ധതി, ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ള ടീം ഓഡിറ്റ്, ഉൽപന്നങ്ങളെയും സേവനങ്ങളെയും വിപണിയിൽ കൂടുതൽ പരിചയപ്പെടുത്തുക, ഓൺലൈൻ, വിദേശ വിപണികളിൽ ഇടം നേടുക, സഹകരണ എക്സ്പോ, നിർമ്മാണ സാമഗ്രികളുടെ വിപണിലേക്കുള്ള

> വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ, യുവ, വനിതാസംഘങ്ങൾ, പട്ടികജാതി-പട്ടികവർഗ യുവസംഘങ്ങൾ, യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി കേരള ബാങ്ക് മുഖേന യുവമിത്ര വായ്പ പദ്ധതി




ഇടപെടലിന്റെ ഭാഗമായുള്ള മെറ്റീരിയൽ ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ ആലപ്പുഴയിൽ ആരംഭിച്ച നഴ്സിങ് കോളേജ്, തൃശ്ശൂർ മറ്റത്തൂർ ലേബർ കോൺട്രാക്ട്സ് സൊസൈറ്റി ആരംഭിച്ച ഔഷധസസ്യ സംസ്കരണ കേന്ദ്രം, ഇന്ത്യയിലെ ആദ്യത്തെ ഭാഷാ മ്യൂസിയമായ അക്ഷരം ഭാഷാസാഹിത്യ സാംസ്കാരിക മ്യൂസിയം, നെല്ല് സംഭരണത്തിനും അരിയുടെ ഉൽപാദനത്തിനും വേണ്ടിയുള്ള കാപ്കോസ്, പാപ്കോസ് പദ്ധതികൾ, ഗിഗ് വർക്കേഴ്സിനു വേണ്ടിയുള്ള സഹകരണ സംഘങ്ങൾ, വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ, യുവ, വനിതാസംഘങ്ങൾ, പട്ടികജാതി-പട്ടികവർഗ യുവസംഘങ്ങൾ, യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കാനായി കേരള ബാങ്ക് മുഖേന യുവമിത്ര വായ്പ പദ്ധതി, വനിതാ സഹകരണ സംഘങ്ങളെ ഉൽപാദക യൂണിറ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ എന്നിങ്ങനെ വൈവിധ്യമാർന്ന പദ്ധതികൾ കഴിഞ്ഞ നാലുവർഷത്തിനിടെ നടപ്പിലാക്കി.

## തൊഴിൽസൃഷ്ടി

കഴിഞ്ഞ നാല് വർഷത്തിനിടെ സഹകരണ വകുപ്പിലും സഹകരണ സംഘങ്ങളിലും കേരള ബാങ്കിലുമായി 16,390 നിയമനങ്ങളാണ് നടന്നത്. സ്റ്റാർട്ടപ്പ്/ എം എസ് എം ഇ സംരംഭങ്ങളിലൂടെ അഞ്ച് ലക്ഷത്തോളം തൊഴിലവസരങ്ങൾ ഇക്കാലയളവിൽ സൃഷ്ടിക്കാൻ സാധിച്ചു.

## തുറമുഖങ്ങൾ വികസനത്തിന്റെ കപ്പൽച്ചാലുകൾ

വിഴിഞ്ഞം തുറമുഖം പ്രവർത്തനസജ്ജമായതോടെ ലോകസമുദ്രവ്യാപാര മേഖലയുടെ ശ്രദ്ധ കേരളത്തിന്റെ തീരമേഖലയിലേക്ക് ആയിക്കഴിഞ്ഞു. അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രതിവർഷം ഒരു ദശലക്ഷം TEU സ്ഥാപിത ശേഷിയുള്ള ഒന്നാം ഘട്ടം 2024 ഡിസംബർ മൂന്നിന് പ്രവർത്തനക്ഷമമായി. ഇന്ന് ഇന്ത്യയിലെ ഒന്നാംനിര തുറമുഖമായി ഇത് മാറി. 2028 ഡിസംബറിന് മുമ്പുതന്നെ തുറമുഖത്തിന്റെ തുടർഘട്ടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതുണ്ട്. തുടർഘട്ടങ്ങൾ പൂർത്തിയാകുമ്പോൾ ആകെ 2000 മീറ്റർ നീളത്തിൽ ബെർത്തും പ്രവർത്തനക്ഷമമാക്കുന്നതിന് ആവശ്യമായ പുലിമുട്ടിന്റെ നീളവും റിക്ലമേഷൻ പ്രവൃത്തികളും ആവശ്യമായ യന്ത്രോപകരണങ്ങളുടെ സ്ഥാപിക്കലും പൂർത്തീകരിക്കും. ഇതോടെ തുറമുഖത്തിന്റെ ശേഷി പ്രതിവർഷം മൂന്ന് ദശലക്ഷമായി ഉയരും.

വിഴിഞ്ഞം റെയിൽവേ പാത നിർമ്മാണം ആരംഭിക്കാൻ അനുമതി ലഭിച്ചു. തിരുവനന്തപുരം ജില്ലയിൽ ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിങ് റോഡ്, വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാത്രികോണം മുതലായവ യുദ്ധകാലാടിസ്ഥാനത്തിൽ യാഥാർഥ്യമാക്കി തുറമുഖ നിർമ്മാണം മൂലമുള്ള നേട്ടങ്ങൾ ഈ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ സർക്കാർ ലക്ഷ്യമിടുന്നു

വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയാണ് NHAI യുമായി ചേർന്ന് ഔട്ടർ റിങ് റോഡ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ റോഡുകൾക്കിരുവശങ്ങളിലുമായി 2.5 കിലോമീറ്റർ പ്രദേശം വിവിധങ്ങളായ വ്യവസായ വാണിജ്യശാലകൾ സ്ഥാപിക്കപ്പെടുന്നതോടെ തിരുവനന്തപുരത്തിന്റെ മുഖഛായ തന്നെ മാറുന്ന ബൃഹത് പദ്ധതിയാണിത്.

യന്ത്രവൽക്കൃത യാനങ്ങളുടെ രജിസ്ട്രേഷൻ, സർവേ നടപടികൾ വേഗത്തിലും സുതാര്യവുമാക്കുന്നതിനും ഹൗസ് ബോട്ട് അടക്കമുള്ള യന്ത്രവൽക്കൃത യാനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ഇൻലാന്റ് വെസ്സൽ ആക്ട് പ്രകാരമുള്ള പ്രവർത്തനം ഉറപ്പാക്കുന്നതിനായുള്ള എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തുന്നതിനും മോട്ടോർ വാഹനവകുപ്പിന്റെ മാതൃകയിൽ ഇലക്ട്രോണിക് പോർട്ടൽ വികസിപ്പിച്ചു.

മാരിടൈം ബോർഡിനു കീഴിൽ കൊടുങ്ങല്ലൂരും, നീണ്ടകരയിലുമുള്ള പ്രവർത്തന രഹിതമായി കിടന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഇൻലാന്റ് വെസ്സൽ ആക്ട് പ്രകാരമുള്ള വിവിധ കോഴ്സുകൾ ആരംഭിച്ചു. കേരള മാരിടൈം എഡ്യൂക്കേഷണൽ കോൺഫറൻസ് കൊച്ചിയിൽ സംഘടിപ്പിച്ചു.

ഹൈഡ്രോഗ്രാഫിക് സർവേ വിഭാഗത്തിന്റെ 12 ഓളം വരുന്ന സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനായി ജലനേത്ര എന്ന വെബ് പോർട്ടൽ വികസിപ്പിച്ചു.

ഹൈഡ്രോഗ്രാഫിക് സർവേയർമാർക്ക് ഉപയോഗിക്കാവുന്ന തീരം മൊബൈൽ ആപ്ലിക്കേഷനും, ഹൈഡ്രോഗ്രാഫിക് അനുബന്ധ സേവനങ്ങൾ പൊതുജനങ്ങൾക്ക മനസ്സിലാക്കാനും 'ജലബിന്ദു' പോർട്ടൽ തയ്യാറാക്കി. സമ്പൂർണ്ണമായി ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കി. പരിപൂർണ്ണമായി ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഹൈഡ്രോഗ്രാഫിക് സർവേ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നു.

## മികവോടെ ശബരിമല തീർഥാടനം

സംസ്ഥാനത്തെ ദേവസ്വം സ്ഥാപനങ്ങളുടെ ആധുനീകരണത്തിനും വികസനത്തിനും വേണ്ട നടപടികൾ സമയബന്ധിതവും കാര്യക്ഷമവുമായി നടപ്പിലാക്കി. 2016-17 കാലയളവ് മുതൽ നാളിതുവരെ കേരളത്തിലെ ദേവസ്വം ബോർഡുകൾക്കായി 600.70 കോടി രൂപയാണ് നൽകിയത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് 144.96 കോടി, കൊച്ചിൻ ദേവസ്വം ബോർഡ് 26.38 കോടി, മലബാർ ദേവസ്വത്തിന് 250.77 കോടി, കൂടൽമാണിക്യം ദേവസ്വത്തിന് 15 ലക്ഷം രൂപ, കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് 17.41 കോടി, ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന് 3.38 കോടി, ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിക്ക് 83.95 കോടി, ശബരിമല സാനിട്ടേഷൻ സൊസൈറ്റിക്ക് 20.42 കോടി, ശബരിമല ഇടത്താവളം പദ്ധതികൾക്കായി 116.41 കോടി എന്നിങ്ങനെയാണ് തുക അനുവദിച്ചത്. മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പളത്തിനായി നടപ്പുവർഷം 25.38 കോടി രൂപ ബജറ്റിൽ വകയിരുത്തി. 18.27 കോടി രൂപ നാല് ഗഡുക്കളായി അനുവദിച്ചുകഴിഞ്ഞു. മലബാർ ദേവസ്വം ബോർഡിന് (202425) നോൺ സാലറി ഇനത്തിൽ 11.38 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്കും കോലധാരികൾക്കുമുള്ള പ്രതിമാസ ധനസഹായ പദ്ധതി പ്രകാരം നിലവിൽ 1544 ആചാരസ്ഥാനികർക്കും 368 കോലധാരികൾക്കും ധനസഹായം നൽകിവരുന്നു. പ്രതിമാസ ധനസഹായം 1400/ രൂപയിൽ നിന്നും 1600 രൂപയായി വർധിപ്പിച്ചു. 2024 - 2025 സാമ്പത്തിക വർഷം ഇതിനായി 5.30 കോടി രൂപ അനുവദിച്ചു. കുടിശിക ധനസഹായം അനുവദിക്കുന്നതിനായി 1.70 കോടി രൂപയുടെ പ്രൊപ്പോസൽ ധനവകുപ്പിന്റെ അംഗീകാരത്തിന് നൽകി.

ഇന്ത്യയിലെ വലിയ തീർഥാടനങ്ങളിൽ ഒന്നായ ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനം വെർച്വൽ ക്യൂ സംവിധാനമടക്കം നവീകരിച്ച് മികവോടെ നടത്തിയത് കഴിഞ്ഞ വർഷമാണ്. തിരുവിതാംകൂർ ദേവസ്വംബോർഡിൽ ഓൺലൈൻ പേയ്മെന്റ് സംവിധാനം, ദേവസ്വം ബോർഡിൽ ഡിജിറ്റലൈസേഷൻ നടപടികൾ, ശബരിമല മാസ്റ്റർപ്ലാൻ പദ്ധതികൾ വേഗതയിലാക്കി. ശബരിമല വികസന അതോറിറ്റി രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചു. ശബരിമല റോപ് വേ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു. വനഭൂമി ഏറ്റെടുക്കുന്നതിന് പകരം ഭൂമി അനുവദിച്ചു.

ഗുരുവായൂർ ഗോശാല ആധുനിക സൗകര്യങ്ങളോടെ പുതുക്കിപ്പണിതു. മഞ്ജുളാൽ കെ.എസ്.ആർ.ടി.സി റോഡ് നവീകരിച്ചു. പാഞ്ചജന്യം ഗസ്റ്റ് ഹൗസ് നവീകരിച്ചു. ഗുരുവായൂരിൽ പുതിയ ആനപ്പുരകളുടെ നിർമ്മാണം ആരംഭിച്ചു. കൊച്ചിൻ ദേവസ്വം ബോർഡിൽ ഇ-ഫയലിങ്ങും ബയോമെട്രിക്ക് പഞ്ചിങ്ങ് സംവിധാനവും ഏർപ്പെടുത്തി. ഓൺലൈൻ വഴിയും മൊബൈൽ ആപ്പ് വഴിയും വഴിപാട് ബുക്കിങ്ങ് സംവിധാനം ഏർപ്പെടുത്തി. മലബാർ ദേവസ്വം ബോർഡിലും ഇ-കാണിക്ക സംവിധാനം നടപ്പിലാക്കി. ■

## ചെറുകിട തുറമുഖങ്ങളിൽ ടൂറിസം പദ്ധതികൾ



കേരളത്തിന്റെ ചെറുകിട തുറമുഖങ്ങളിലെ സാധ്യതകൾ ഉപയോഗപ്പെടുത്തി വികസന കുതിപ്പ് കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന തുറമുഖ വകുപ്പും കേരള മാരിടൈം ബോർഡും സംയുക്തമായി വിവിധ പദ്ധതികൾ തയ്യാറാക്കി. കേരളത്തിന്റെ ചെറുകിട തുറമുഖമേഖലയിലെ നിക്ഷേപസാധ്യത വർധിപ്പിക്കുന്നതിനൊപ്പം, തുറമുഖങ്ങളിൽ നിഷ്ക്രിയമായി കിടക്കുന്ന ആസ്തികളും കെട്ടിടങ്ങളും ഉപയോഗിച്ച് പി.പി.പി. മാതൃകയിൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

വീണാ ജോർജ്
ആരോഗ്യ, വനിത-ശിശുവികസന വകുപ്പ് മന്ത്രി



4

വെല്ലുവിളികളെ സുശക്തമായി നേരിട്ട് മികച്ച മുന്നേറ്റം നടത്താൻ സംസ്ഥാന ആരോഗ്യ വകുപ്പിന് കഴിഞ്ഞു

# മുന്നേറുന്ന കേരളമാതൃക

കോവിഡിന്റെ രണ്ടാം തരംഗത്തിന്റെ തുടക്കത്തിലാണ് രണ്ടാം പിണറായി വിജയൻ സർക്കാർ ചുമതലയേൽക്കുന്നത്. കോവിഡ് പ്രതിരോധത്തിനായി നാം ഒരുക്കിയ സംവിധാനങ്ങളും പ്രവർത്തനങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്. കോവിഡിനോടൊപ്പം നിപ, മങ്കിപോക്സ്, സിക തുടങ്ങിയ പകർച്ചവ്യാധികളും പകർച്ചേതരവ്യാധികളുടെ ആധിക്യവും കൂടി സമാനതകളില്ലാത്ത വെല്ലുവിളികളാണ് ഈ കാലയളവിൽ പൊതുജനാരോഗ്യ രംഗത്ത് സൃഷ്ടിച്ചത്. ആ വെല്ലുവിളികളെ സുശക്തമായി നേരിട്ട് മികച്ച മുന്നേറ്റം നടത്താൻ സംസ്ഥാന ആരോഗ്യ വകുപ്പിന് കഴിഞ്ഞു. ആരോഗ്യ രംഗത്ത് കാലോചിതമായ സമൂല മാറ്റങ്ങൾ എല്ലാ രംഗത്തും വരുത്താൻ സർക്കാരിനായി. വിവിധ ആശുപത്രികളിൽ കിഫ്ബിയുടെ ധനസഹായത്തോടെ പതിനായിരം കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. മികവിന്റെ അംഗീകാരമെന്നോണം ഈ കാലഘട്ടത്തിൽ ആരോഗ്യ വനിതാ ശിശുവികസന വകുപ്പിന് ദേശീയ തലത്തിൽ 28ലധികം ദേശീയവും അന്തർദേശീയങ്ങളുമായ പുരസ്കാരങ്ങളും ബഹുമതികളുമാണ് ലഭിച്ചത്.

രാജ്യത്ത് ഏറ്റവും അധികം സൗജന്യ ചികിത്സ നൽകുന്ന സംസ്ഥാനം കേരളമാണ്. കഴിഞ്ഞ നാല് വർഷം കൊണ്ട് 30 ലക്ഷത്തോളം പേർക്ക് ആകെ 7,000 കോടിയുടെ സൗജന്യ ചികിത്സ ലഭ്യമാക്കി. ഇതിനായി നൽകപ്പെടുന്ന ആരോഗ്യ മന്ഥൻ പുരസ്കാരം ഇക്കഴിഞ്ഞ തുടർച്ചയായ മൂന്ന് വർഷങ്ങളിൽ നമുക്കായിരുന്നു. നീതി ആയോഗിന്റെ കണക്കനുസരിച്ച് ആരോഗ്യത്തിന്റെ സുസ്ഥിരലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ രാജ്യത്ത് ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം മാത്രമല്ല, ഒന്നാം സ്ഥാനത്ത്, മുന്നേറിക്കൊണ്ടേയിരിക്കുന്ന സംസ്ഥാനവും കേരളം തന്നെയാണ്.

## ചെലവേറിയ ശസ്ത്രക്രിയകൾ സർക്കാർ മേഖലയിലും

സ്വകാര്യ മേഖലയിൽ 40 ലക്ഷത്തിലധികം ചെലവ് വരുന്ന കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ






കോളേജിൽ ആരംഭിക്കാൻ കഴിഞ്ഞു. സൗജന്യമായോ മിതമായ നിരക്കിലോ ആണ് ചെയ്യുന്നത്. 2022 ഫെബ്രുവരിയിൽ കോട്ടയം മെഡിക്കൽ കോളേജിലാണ് കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആദ്യമായി വിജയകരമായി നടന്നത്. തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലും നടന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിക്കും. സർക്കാർ മേഖലയിൽ ആദ്യമായി റോബോട്ടിക് സർജറി ആർസിസിയിലും എംസിസിയിലും ആരംഭിച്ചു. എറണാകുളം ജനറൽ ആശുപത്രിയിൽ രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഹൃദയ ശസ്ത്രക്രിയയും ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയും ആരംഭിച്ചു. രാജ്യത്ത് ആദ്യമായി ഹൃദയം മാറ്റിവയ്ക്കുന്ന ജില്ലാതല ആശുപത്രിയായി മാറാൻ എറണാകുളം ജനറൽ ആശുപത്രിയെ സജ്ജമാക്കി. സ്ട്രോക്ക്, പക്ഷാഘാതം തുടങ്ങിയ നിരവധി കാരണങ്ങൾ മൂലം ചലനശേഷി നഷ്ടമായവരെ വീണ്ടും നടത്താൻ പഠിപ്പിക്കുന്ന എഐ സാങ്കേതികവിദ്യയോടെയുള്ള ജിഗെയ്റ്റർ രാജ്യത്ത് ആദ്യമായി തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചു.

കാൻസർ മരുന്നുകൾ ഏറ്റവും കുറഞ്ഞ നിരക്കിൽ നൽകുന്ന കാരുണ്യ സ്പർശം സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ് കൗണ്ടറുകൾ ആരംഭിച്ചു. ഇതുവരെ മൂന്ന് കോടിയോളം രൂപയുടെ മരുന്ന് വിതരണം നടത്തി. അപൂർവ രോഗ ചികിത്സാ രംഗത്തെ നിർണായക ചുവട് വയ്പ്പ് 'കേരള യുണൈറ്റഡ് എഗൈൻസ്റ്റ് റെയർ ഡിസീസസ്' കെയർ പദ്ധതി നടപ്പിലാക്കി. സംസ്ഥാനത്ത് ആദ്യമായി ലൈസോസോമൽ സ്റ്റോറേജ് രോഗങ്ങൾക്ക് മരുന്ന് നൽകുന്ന പദ്ധതി ആരംഭിച്ചു.

## ആരോഗ്യസ്ഥാപനങ്ങൾ അത്യാധുനികം, ദേശീയാംഗീകാരം

തിരുവനന്തപുരം മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസായി കേന്ദ്രം ഉയർത്തി. എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയും ഉയർത്തി. ആദ്യമായി കേരളത്തിലെ മെഡിക്കൽ കോളേജും ദന്തൽ കോളേജും ദേശീയ റാങ്കിങ്ങിൽ ഉൾപ്പെട്ടു. ചികിത്സാപരമായും അക്കാദമിക് തലത്തിലും മെഡിക്കൽ കോളേജുകളിൽ ഈ കാലഘട്ടത്തിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. അതിലൊന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ന്യൂറോ ഇന്റർവെൻഷൻ സെന്ററാണ്. ഹൃദയാഘാതം ഉടനടി ചികിൽസിച്ച് ഭേദമാക്കാൻ ഉതകുന്ന കാത്ത് ലാബ് സൗകര്യം സംസ്ഥാനത്ത് ഉടനീളം ഏർപ്പെടുത്തിയിട്ടുണ്ട്. രാജ്യത്ത് ആദ്യമായി സർക്കാർ മേഖലയിലെ ആദ്യത്തെ ന്യൂറോ കാത്ത് ലാബ് ഉൾപ്പെട്ട 14.3 കോടിയുടെ സമഗ്ര സ്ട്രോക്ക് സെന്റർ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സജ്ജമാക്കി. ന്യൂറോ ഇന്റർവെൻഷനിൽ ഫെലോഷിപ്പ് പ്രോഗ്രാം ആരംഭിച്ചു. രാജ്യത്ത് ഏറ്റവും മികച്ച ഇന്റർവെൻഷൻ സെന്ററായി അതിനെ മാറ്റാൻ കഴിഞ്ഞു.

ഇന്ത്യയിൽ ആദ്യമായി 'വൺ ഹെൽത്ത്' പദ്ധതി നടപ്പിലാക്കി. കേരള വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു. രാജ്യത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ന്യൂറോ കാത്ത്ലാബ് ഉൾപ്പെട്ട സമഗ്ര സ്ട്രോക്ക് യൂണിറ്റ് സജ്ജമാക്കി. സംസ്ഥാനത്ത് ആദ്യമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്കിൻ ബാങ്ക് സജ്ജമാക്കി. നിർണയ ഹബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക് ഉടൻ യാഥാർഥ്യമാകും. പകർച്ചവ്യാധി-പകർച്ചേതരവ്യാധി പ്രതിരോധത്തിനും കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ അഥവാ കേരള സിഡിസി യാഥാർത്ഥ്യമാകുന്നു. സംസ്ഥാനത്ത് അത്യാധുനിക ബ്ലഡ് ബാഗ് ട്രേസബിലിറ്റി സംവിധാനം നടപ്പിലാക്കി.

**തിരുവനന്തപുരം മെഡിക്കൽ കോളേജ് എമർജൻസി മെഡിസിൻ വിഭാഗത്തെ സെന്റർ ഓഫ് എക്സലൻസായി കേന്ദ്രം ഉയർത്തി. എസ്.എ.ടി. ആശുപത്രിയെ അപൂർവ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസ് ആയും ഉയർത്തി**

തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി. ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടു കൂടിയ ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു. സർക്കാർ മേഖലയിൽ ആദ്യമായി എസ്.എം.എ.

(സ്പൈനൽ മസ്കലാർ അട്രോഫി) ക്ലിനിക് തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ആരംഭിച്ചു. കരൾ രോഗം നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നതിന് ഫാറ്റി ലിവർ ക്ലിനിക് ആരംഭിച്ചു. സംസ്ഥാനത്ത് ആദ്യമായി ക്രിറ്റിക്കൽ കെയർ, ജനറ്റിക്സ്, ജെറിയാട്രിക്, ഇന്റർവെൻഷണൽ റേഡിയോളജി, റുമറ്റോളജി, പീഡിയാട്രിക് ഗ്യാസ്ട്രോ, ഫീറ്റൽ മെഡിസിൻ വിഭാഗങ്ങൾ ആരംഭിച്ചു. കോന്നി, ഇടുക്കി എന്നീ രണ്ട് മെഡിക്കൽ കോളേജുകൾ യാഥാർഥ്യമാക്കി. ചരിത്രത്തിലാദ്യമായി സർക്കാർ മേഖലയിൽ 1020 പുതിയ ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ അനുവദിച്ചു.

ഇതുവരെ 202 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ എൻക്യുഎഎസ് ലഭിച്ചു. 12 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചു.

## ഇ ഹെൽത്ത് പദ്ധതി വ്യാപിപ്പിച്ചു

ഇ-ഹെൽത്ത് പദ്ധതി നാളിതുവരെ 684 ആശുപത്രികളിൽ നടപ്പിലാക്കി. 5415 ആരോഗ്യ ഉപകേന്ദ്രങ്ങളെയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി പരിവർത്തനം ചെയ്തത് ഈ സർക്കാരിന്റെ കാലത്താണ്. 711 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. താലൂക്ക് ആശുപത്രികളേയും ജില്ലാ ജനറൽ ആശുപത്രികളേയും ആർദ്രം മിഷന്റെ ഭാഗമായി ശാക്തീകരിച്ചു കൊണ്ടുവരികയാണ്. ഈ താലൂക്ക് ആശുപത്രികളിൽ മെച്ചപ്പെട്ട ഒപി സേവനങ്ങളോടൊപ്പം സ്പെഷ്യാലിറ്റി സേവനങ്ങളും ലേബർ റൂമും ഡയാലിസിസ് യൂണിറ്റും സജ്ജമാക്കി വരുന്നു.

ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ലേബർ റൂമും ഡയാലിസിസ് യൂണിറ്റും ട്രോമ കെയർ സംവിധാനവും കാത്ത് ലാബും കാൻസർ യൂണിറ്റുകളും സജ്ജമാക്കി വരുന്നു. മെഡിക്കൽ കോളേജുകളിലെ ഒ.പി സംവിധാനം ജനസൗഹൃദമാക്കാനും ശാക്തീകരിക്കാനുമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കോവിഡ് പോലുള്ള മഹാമാരികളും പകർച്ചവ്യാധികളും നേരിടാൻ ലക്ഷ്യമിട്ട് ഓരോ നിയോജക മണ്ഡലത്തിലും പത്ത് കിടക്കകൾ വീതമുള്ള ഐസോലേഷൻ വാർഡുകൾ സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുന്നു. നിലവിൽ 55 ഐസോലേഷൻ വാർഡുകൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചു.

## അർബുദ ചികിത്സാരംഗത്ത് മാതൃകയാവുന്നു

കാൻസർ ചികിത്സാ രംഗത്ത് സംസ്ഥാനത്ത് നിർണായക ചുവടുവെയ്പ് നടത്തി. ഇന്ത്യയിൽ സർക്കാർ മേഖലയിൽ ആദ്യമായി സർഫസ് ഗൈഡഡ് റേഡിയേഷൻ തെറാപ്പി (എസ്.ജി.ആർ.ടി.) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ആരംഭിച്ചു. ഗർഭാശയഗള കാൻസർ കണ്ടെത്തുന്നതിനുള്ള 'സെർവി സ്കാൻ' വികസിപ്പിച്ചു. സ്തനാർബുദം പ്രാരംഭഘട്ടത്തിൽ കണ്ടെത്തുന്നതിന് എല്ലാ ജില്ലകളിലും ഒരു ജില്ലാ, താലൂക്ക് തല ആശുപത്രിയിലെങ്കിലും മാമോഗ്രാം, ബയോപ്സി, പാപ്സ്മിയർ സംവിധാനം. മലബാർ കാൻസർ സെന്ററിൽ മജ്ജമാറ്റിവയ്ക്കൽ ചികിത്സയ്ക്കായി ബോൺമാരോ ഡോണർ രജിസ്ട്രി ആരംഭിച്ചു.

കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലും പ്രാരംഭ ഘട്ടത്തിൽ തന്നെ കാൻസർ രോഗം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കി. ഈ പ്രവർത്തനങ്ങളെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തുന്നതിന് കാൻസർ കെയർ ഗ്രിഡ് ഒരുക്കി. ലോകത്തിന് തന്നെ മാതൃകയായി 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ ആരംഭിച്ചു.

കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത് നടത്തുന്ന സുപ്രധാന ഇടപെടലുകളുടെ ഭാഗമായി പാലിയേറ്റീവ് കെയർ ഗ്രിഡ് സ്ഥാപിച്ചു. നമ്മുടെ പാലിയേറ്റീവ് പരിചരണത്തെ ലോകാരോഗ്യ സംഘടന അഭിനന്ദിച്ചു.

രോഗികൾക്ക് വീട്ടിൽ തന്നെ സൗജന്യമായി ഡയാലിസ് ചെയ്യാൻ കഴിയുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി 14 ജില്ലകളിലും ആരംഭിച്ചു.

സൗജന്യ സ്ട്രോക്ക് ചികിത്സ ലഭ്യമാകുന്ന സംവിധാനം 12 ജില്ലകളിൽ യാഥാർഥ്യമാക്കി. എല്ലാ ജില്ലകളിലും കാത്ത് ലാബ് ചികിത്സ ഉടൻ യാഥാർത്ഥ്യമാകും.

ആരോഗ്യമേഖലയെ ഹെൽത്ത് ഹബ്ബായി മാറ്റാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

ആർദ്രം ആരോഗ്യം ജീവിതശൈലി രോഗനിർണയ സ്ക്രീനിങ്ങിന്റെ രണ്ടാം ഘട്ടത്തിൽ 1.20 കോടിയോളം പേരുടെ സ്ക്രീനിങ് നടത്തി ആവശ്യമായവർക്ക് തുടർപരിചരണം ഉറപ്പാക്കി.

എ.എം.ആർ. പ്രതിരോധത്തിൽ രാജ്യത്തിന് മാതൃകയായ പ്രവർത്തനം നടത്തി.

ആന്റി ബയോഗ്രാം പുറത്തിറക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം 30 ശതമാനം വരെ തടയാനായി.

സർക്കാർ മേഖലയിൽ പുതുതായി എട്ട് നഴ്സിങ് കോളേജുകളും സിമെറ്റിന്റെ കീഴിൽ ഏഴ് നഴ്സിങ് കോളേജുകളും ആരംഭിച്ചു.

ആരോഗ്യ പ്രവർത്തകരുടെ സുരക്ഷയ്ക്കായുള്ള കോഡ് ഗ്രേ പ്രോട്ടോകോൾ യാഥാർഥ്യമാക്കി.

ആയുഷ് മേഖലയിലെ കേരളത്തിന്റെ മുന്നേറ്റത്തെ നീതി ആയോഗ് അഭിനന്ദിച്ചു. 150 സർക്കാർ ആയുഷ് സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചു.

ആയുർവേദ ചികിത്സാരംഗം ശക്തിപ്പെട്ടു



ധീര പദ്ധതി



> **തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പരാതി ഓൺലൈനായി നൽകാൻ ആദ്യ പോഷ് കംപ്ലയൻസ് പോർട്ടൽ.**

ത്തുന്നതിലേക്കായി പുതുതായി 116 തസ്തികകൾ സൃഷ്ടിച്ചു.

കണ്ണൂരിലെ അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ആദ്യഘട്ടമായ ഗവേഷണ ആശുപത്രി, മാനുസ്ക്രിപ്റ്റ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

ആയുർവേദ സാന്ത്വന ചികിത്സാ പദ്ധതിയായ സ്നേഹധാര മുഴുവൻ ജില്ലകളിലേക്കും വ്യാപിപ്പിച്ചു.

പൂജപ്പുര സർക്കാർ പഞ്ചകർമ്മ ആശുപത്രി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി.

വർക്കല ഗവ. പ്രകൃതി ചികിത്സാ ആശുപത്രിയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് 16.65 കോടി രൂപയുടെ പദ്ധതി.

ഗവേഷണ പഠനവുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി വകുപ്പ് ആദ്യമായി ഹോമിയോപ്പതിയിലെ സെൻട്രൽ കൗൺസിൽ ഓഫ് റിസർച്ചുമായി കരാറിൽ ഒപ്പിട്ടു

രോഗികളുടെ നിരവധി കാലത്തെ ആവശ്യമായ കിഡ്നി കെയർ പ്രോജക്ട് കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ പ്രവർത്തനമാരംഭിച്ചു.

## സ്ത്രീപക്ഷം ശിശുസൗഹൃദം

ലിംഗസമത്വത്തിനും സ്ത്രീ ശാക്തീകരണത്തിനുമായുള്ള ഐക്യരാഷ്ട്ര സ്ഥാപനമായ യു.എൻ വിമൺ കേരളത്തിലെ സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. വനിതാ-ശിശു വികസന വകുപ്പിന്റെ ജെൻഡർ പാർക്കിനു സാങ്കേതിക സഹായം നൽകുന്നതിന് ധാരണാപത്രം ഒപ്പിട്ടു.

സംസ്ഥാന വനിത വികസന കോർപറേഷൻ വഴി മൂന്ന് വർഷ കാലയളവിനുള്ളിൽ 1,42,450 പേർക്ക് തൊഴിൽ നൽകി. വനിതകളെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ പ്രാപ്തരാക്കാൻ ഡിജിറ്റൽ പാഠശാല പദ്ധതി.

സ്ത്രീകൾക്ക് വേണ്ടിയിട്ടുള്ള റീ സ്കില്ലിങ് പ്രോഗ്രാം നടപ്പിലാക്കി. വിദേശത്ത് പോകുന്ന നഴ്സുമാർക്ക് വേണ്ടി പ്രത്യേക പരിശീലന പരിപാടി. വനിതാ വികസന കോർപ്പറേഷൻ വായ്പാ വിതരണത്തിൽ റെക്കോർഡിട്ടു.

സ്ത്രീ സുരക്ഷയ്ക്കായി കനൽ ക്യാമ്പയിൻ ആവിഷ്ക്കരിച്ചു. പുതിയ നിർഭയ പോളിസി കൊണ്ടുവന്നു. തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള പരാതി ഓൺലൈനായി നൽകാൻ ആദ്യ പോഷ് കംപ്ലയൻസ് പോർട്ടൽ.

ബാല്യത്തിൽതന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്താൻ ധീര പദ്ധതി നടപ്പിലാക്കി. ബാലസുരക്ഷയുമായി ബന്ധപ്പെട്ടുള്ള എല്ലാ ട്രെയിനിങ് മോഡ്യൂളുകളും അടങ്ങുന്ന ഇ-ലേണിങ് പോർട്ടൽ ആരംഭിച്ചു.

നിയമവുമായി പൊരുത്തപ്പെടാൻ സാധിക്കാത്ത കുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹികവുമായ സുസ്ഥിതി ഉറപ്പാക്കുന്നതിനും കുട്ടികളെ സാമൂഹിക ക്രമവുമായി പുനഃസംയോജിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കാവൽ, കാവൽ പ്ലസ് പദ്ധതികളെ സുപ്രീം കോടതി അഭിനന്ദിച്ചു.

സംസ്ഥാനത്തെ അങ്കണവാടി പുസ്തകങ്ങളുടെ ജെൻഡർ ഓഡിറ്റ് നടത്തി.

അങ്കണവാടികൾ സമ്പൂർണ വൈദ്യുതിവത്ക്കരണത്തിന് നടപടിയെടുത്തു.

204 സ്മാർട്ട് അങ്കണവാടികൾക്ക് അനുമതി നൽകി. ■

License to Post without Prepayment
WPP License Number: KL/TV(N)WPP/216/2022/24

Date of Publication: **01.04.2025**
KERMAL2014/58028 Price: **12.00**




VISIT **www.donation.cmdrf.kerala.gov.in** | **TOGETHER WE REBUILD** Every Donation Counts

## Chief Minister's Distress Relief Fund Account

| No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | State Bank of India | **39251566695** | SBIN0070028 |
| 2. | South Indian Bank | **0721053000003020** | SIBL0000721 |
| 3. | Federal Bank | **10210100422271** | FDRL0001021 |
| 4. | HDFC Bank Ltd | **50100350210557** | HDFC0002485 |
| 5. | ICICI Bank | **626201089884** | ICIC0006262 |
| 6. | CSB Bank Ltd | **00 9603981212190001** | CSBK0000096 |
| 7. | Axis Bank | **920010023834712** | UTIB0000784 |
| 8. | Dhanalakshmi Bank | **003700100156782** | DLXB0000037 |
| 9. | IDBI Bank Ltd | **0889104000111454** | IBKL0000889 |
| 10. | Indian Overseas Bank | **009901000002020** | IOBA0000099 |
| 11. | Union Bank of India | **502902010900782** | UBIN0550299 |
| 12. | Canara Bank | **5842132000007** | CNRB0005842 |
| 13. | Kotak Mahindra Bank | **1815162037** | KKBK0009206 |
| 14. | Bank Of Baroda | **29860100006714** | BARB0PEROOR |
| 15. | Standard Chartered Bank | **43710072419** | SCBL0036099 |
| 16. | Kerala Gramin Bank | **40341101051311** | KLGB0040341 |
| 17. | IndusInd Bank | **159900002020** | INDB0001599 |
| 18. | Bank Of India | **853810110007599** | BKID0008538 |
| 19. | Punjab National Bank | **3301000104118534** | PUNB0330100 |
| 20. | Kerala Bank | **110110801000339** | KSBK0000101 |
| 21. | Central Bank of India | **5652206185** | CBIN0280937 |
| 22. | UCO Bank | **02880110077641** | UCBA0000288 |
| 23. | Indian Bank | **7839343398** | IDIB000P030 |
| 24. | Covid-TSB A/c (1475) | **799010100191475** | |
| 25. | Special Treasury Savings Bank | **799010100193172** | |

**This contribution is eligible for deduction under Section 80G of the Income Tax Act.**

**ജീവിതം
വീണ്ടെടുക്കാൻ
തകർന്നതെല്ലാം
പടുത്തുയർത്താൻ
നമുക്കും
പങ്കുചേരാം**

നിങ്ങളുടെ സഹായം അർഹരായവരിലേയ്ക്ക് എത്താൻ തീർത്തും സുതാര്യവും ഓഡിറ്റിംഗിന് വിധേയവുമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകൂ.

https://www.facebook.com/CMOKerala #StandWithWayanad https://x.com/cmokerala

Printed and Published by T V Subhash IAS, Director, Information Public Relations Department of behalf of Government of Kerala and Printed at Akshra Offset, Thiruvananthapuram, Kerala. Published from Information Public Relations Department, Govt. of Kerala Government Secretariat, Thiruvananthapuram 695001. Editor: TV Subhash IAS